യോഗക്ഷേമസഭ
കോഴിക്കോട് ജില്ലാകമ്മറ്റി
പ്രസിദ്ധീകരണം.

2018 ജൂലായ്

# സ്വസ്തി

ത്രൈമാസിക

## ഓണപ്പതിപ്പ്



ഈ ഓണത്തിന് കൂടെ ഞങ്ങളും

## മറുനാട്ടിലെ നമ്പൂതിരിമാർ എഴുതുന്നു

# അത്തച്ചമയവും പാണൻപാട്ടും ഓണത്താറും

മാടമ്പിലെ പ്രണയമരം • തൃക്കാക്കരപ്പന്റെ തന്ത്രി • ഒളപ്പമണ്ണയിലെ ഓണത്തരങ്ങൾ
• ബോട്സ്വാനിയൻ കറുപ്പും ചില വെളുപ്പടയാളങ്ങളും • ഇല്ലപ്പെരുമ : കൊറ്റിവട്ടം • ഓണത്താർ നാട് വാഴുന്നോർ
• സാവിത്രി രാജീവന്റെ കവിത : വിളക്കുകൊളുത്തൂ വിളക്കുകൊളുത്തൂ


ഗൃഹോപകരണങ്ങളുടെയും ഫർണ്ണിച്ചറുകളുടെയും
വിസ്മയലോകത്തേക്ക് സ്വാഗതം !
BAJAJ FINSERV
EMI FINANCE
SINCE 1984
Debit & Credit Cards Accepted
VISA
നമ്പൂതിരീസ്
ഹോം അപ്ലയൻസസ്
ആറ്റുത്യക്കോവിൽ കോംപ്ലക്സ്, മേലാറ്റൂർ.
Phone : 04933 278843
Service Helpline : 8592 099 921/71
വിശ്വസ്തത | വിലക്കുറവ് | ഗുണനിലവാരം | മികച്ച വിൽപനാനന്തര സേവനം
SONY
LG
SAMSUNG
Godrej
PHILIPS
BAJAJ
Panasonic
ideas for life
Whirlpool
KENSTAR
impex
Prestige
Butterfly
cello
VINOD
LaOPALA
Pigeon
BOROSIL
HAVELLS

സ്വസ്തി

**പുസ്തകം 2 | ലക്കം 3**

**Email: swasthitrimonthly@gmail.com**

യോഗക്ഷേമസഭ
കോഴിക്കോട് ജില്ലാ കമ്മിറ്റി
പ്രസിദ്ധീകരണം

യുഗാബ്ദം 5120 ആഷാഢം
കൊല്ലവർഷം1193 കർക്കിടകം

ശ്വേതവരാഹകല്പം-
വൈവസ്വത മന്വന്തരം 7
ഗ്രീഷ്മ ഋതു
2018 ജൂലൈ



**ടീം സ്വസ്തി**

ചീഫ് എഡിറ്റർ: കൊയ്ത്തൊടി ചെറുമുക്കു പരമേശ്വരൻ 8089441634

അസോസിയേറ്റ് എഡിറ്റർ: പാനാട് പദ്മനാഭൻ നമ്പൂതിരി

മാനേജിംഗ് എഡിറ്റർ: ഉമശ്രീ കിഴക്കുമ്പാട്, 9496164912

അംഗങ്ങൾ: വി.ഇ. നാരായണൻ നമ്പൂതിരി, വിനോദ് മങ്ങത്തായ, രവി മങ്ങത്തായ

മാനേജിംഗ് കമ്മിറ്റി

പ്രിന്റർ ആന്റ് പബ്ലിഷർ
പാലാഞ്ചേരി നാരായണൻ നമ്പൂതിരി

**സർക്കുലേഷൻ മാനേജർ**
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337

അംഗങ്ങൾ:
നാറണിയാട് ദാമോദരൻ നമ്പൂതിരി
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്

മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി
ജില്ലാ പ്രസിഡന്റ്
കോരമ്പറ്റ ശങ്കരൻ നമ്പൂതിരി
ജില്ലാ സെക്രട്ടറി

ഡിസൈനിംഗ്
റീഡിഫൈൻ ഗ്രാഫിക്സ്
കോയൻകോ ബസാർ
കോഴിക്കോട് -673001
9847941277, 9847907630

മുഖചിത്രം രൂപകൽപ്പന: കൃഷ്ണൻ പാതിരിശ്ശേരി
വര: ചുഴലിപ്പുറം വാസുദേവൻ നമ്പൂതിരി, കൃഷ്ണൻ പാതിരിശ്ശേരി, സതീഷ് തായാട്ട്


# നിങ്ങളില്ലാതെ എന്താഘോഷം

**എ**ല്ലാവരും ഒന്നുചേർന്ന് ആഘോഷിക്കുന്ന ഓണം ഇന്ന് ഒരുപാട് മാറി. ഓരോ നിമിഷവും പുതിയതാണ്. മാറിയാലും കാലം സജീവവും. ഓരോ ഓണവും കാലത്തെ ഉയിർത്തെഴുന്നേൽപ്പിക്കുന്നു. അതാണ് പഴയതൊന്നും നമുക്ക് മറക്കാനാവാത്തത്.

സൗഹൃദത്തിനും ആഘോഷത്തിനും ആശംസയ്ക്കും ഷോപ്പിംഗിനും എല്ലാം നമുക്കിന്ന് മൊബൈൽഫോണുണ്ട്. കാലം എന്നും ഈ മാറ്റങ്ങളെ ഏറ്റുവാങ്ങുന്നു. ആർക്കും മാറിനിൽക്കാനാവില്ല. എന്നാലും ഒരു പരിധി വേണം. കോടിയുടുത്ത്, സെൽഫി ഫേസ്ബുക്കിൽ ഇടുന്നതോടെ തീരുന്നില്ല; ഓണം ഒരിക്കലും അങ്ങനെ ആയിക്കൂടാ

പ്രകൃതിയില്ലാതെ മനുഷ്യനില്ല എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഓണം. മനുഷ്യനെ മനുഷ്യനോടടുപ്പിക്കുന്ന സന്തോഷം. അത് 'എനിക്കൊ'റ്റയ്ക്കില്ല, 'നിങ്ങളി'ല്ലാതെ. 'ഞാൻ', 'എന്റെ', 'എനിക്ക്' എന്നാവുമ്പോൾ അവിടെ മറ്റൊന്നുമില്ലല്ലോ. 'നമ്മൾ' ആവുമ്പൊഴേ എല്ലാം ഉള്ളൂ. ഒരുമിച്ചാവണം ആഘോഷങ്ങളൊക്കെ. ഓണം മനുഷ്യൻ മനുഷ്യനുവേണ്ടി എന്ന സങ്കല്പത്തിന്റെ ഉദാത്തമായ ആവിഷ്കാരമാണ്. ഒരുമയുടെ ഈ സംസ്കാരം പടർന്നു പന്തലിക്കട്ടെ.


ഈശ്വരന്റെ അനുഗ്രഹവും തന്റെ ആഗ്രഹവും ഒന്നായിരിക്കട്ടെ എന്നതിന്റെ പ്രതീകം കൂടിയാണ് സ്വസ്തി. ഏറ്റവും മംഗളകരമായത്. ഇത് ഓരോതവണയും കൂടുതൽ മിഴിവുറ്റതാക്കുന്നത് പ്രിയവായനക്കാരുടെ നിരന്തര പ്രചോദനമാണ്. ഈ സ്നേഹം തന്നെയാണ് എന്നും സ്വസ്തിയുടെ ശക്തിയും. സ്വസ്തി ഒരുക്കുന്ന ഓണവിഭവങ്ങളും എല്ലാവർക്കും ആസ്വാദ്യകരമാവുമെന്ന് പ്രത്യാശിക്കുന്നു.

ഓണാശംസകൾ.

-എഡിറ്റർ


Swasthi Trimonthly | C/o K.M. Parameswaran | "Aryasree" | Arakkinar P.O | Kozhikode -673028 | Mob: 8089441634
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only

Contact: City 8089441634 | Perumanna 9495892653 | Kakkodi 9447484904 | Narikkuni 9446160817 | Uchakkavu 0495 2208095 | Chathamangalam 9447337337 | Mukkom 9447468956 | Kanniparamba 9495611629 | Thamarasseri 9747950225 | Koyilandy 9846698489 | Vatakara 9446779191 | Balusseri 8281984397 | Feroke 9447332611 | Areacode 9539926654 | Chevayur 7293751990 | Ramallur 9847564517 |


SEAMLESS BANKING...
Since 1937
MANJERI Co-operative
URBAN BANK LTD.
www.mcubank.com
Regd.Office: Court Road, Manjeri.PO, Malappuram Dist, kerala St, Pin-676 121
HO. tel.0483 2762551, 2766882, Fax:0483 2767066 email: ho@mcubank.com
64250

# വരുംതാളുകളിൽ..


അത്തച്ചമയത്തിന്റെയും തൃക്കാക്കരയിലെയും പുലിയന്നൂരിലെയും വിശേഷങ്ങൾ പറയുന്ന
**തൃക്കാക്കരപ്പന്റെ തന്ത്രി** 16
രചന: ജയൻ പഴങ്ങോട്ടുപൊറ്റ

കവിത
• ബി.കെ.ഹരിനാരായണൻ
രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ 5

• സാവിത്രി രാജീവൻ
വിളക്കുകൊളുത്തൂ വിളക്കുകൊളുത്തൂ 15

• അത്തിപ്പറ്റ രവി
പൂവിളി പൂവിളി 47

• പാനാട് പദ്മനാഭൻ നമ്പൂതിരി
പത്രമോഫീസിലെ ഭിക്ഷ 50

**ഇല്ലപ്പെരുമ**
കൊറ്റിവട്ടം

**വിശ്വാസം**
**അതല്ലെ എല്ലാം** 36

കത്തുകൾ, അനുമോദനം, സഭാവാർത്തകൾ
ആദരാഞ്ജലികൾ

വള്ളുവനാടിന്റെ പടിപ്പുരയിൽ ഗതകാല സ്മരണകളുടെ പാണൻപാട്ടീണമായി
**ഒളപ്പമണ്ണയിലെ ഓണത്തരങ്ങൾ** 20
രചന: വിദ്യ പി.എം.

കഥ
• അനൂപ് ടി.പി.
ഉള്ളിത്തീയൽ 23

• ഡോ. യമുനാ സജിത്
ഓണപ്പുടവ 53

ലേഖനം
• രഘുനാഥ് പി.കെ.
മാടമ്പിലെ പ്രണയമരം 9

• കെ.എം.പരമേശ്വരൻ
ഈ ഭട്ടാചാര്യ ബംഗാളിയല്ല; അസ്സൽ ഭട്ടതിരിപ്പാട് 32

• വയപ്പുറം നാരായണൻ നമ്പൂതിരി
ചൗളം വേണം പെണ്ണായാലും 51

• മുകുന്ദൻ മാങ്ങോട്ട്രി
ഊത്താലേ ഊക്കുണ്ടാവൂ 57

വേറിട്ട ഓണവിഭവം 33
പത്മിനി അന്തർജ്ജനം

ഓണത്തിന്റെ മുഖബിംബമായ ഓണത്താറും ദേവതുല്യനായ ആചാര്യൻ ദിലീപ് വാഴുന്നോരും..
**ഓണത്താർനാട് വാഴുന്നോർ** 30
രചന: ഡോ. ടി. ഗീത

• സനത്കുമാർ മാത്തൂർ
ബോട്സ്വാനിയൻ കറുപ്പും ചില വെളുപ്പടയാളങ്ങളും 26

• വി.കെ.രഘുനാരായണൻ 34
ഷാർജയിലെ ആന എഴുന്നള്ളത്ത്

• സിജി ജയന്തൻ
Texas: A Great place to live 46

• ശബ്ന രാജീവ് കൃഷ്ണൻ 48
ഒരുമച്ചിത്രങ്ങളുടെ ഓസ്ട്രേലിയൻ കൊളാഷ്

• നിഷാ ദിലീപ്
ബീറ്റിൽസിന്റെ നാട്ടിൽ 55

**കുറുന്നെഴുത്തുകൾ** 62
കഥ: സൃഷ്ടിയൊന്നും നിഷ്ഫലമല്ല
വിഷ്ണുപ്രിയ കെ.
കവിത: ഓർമ്മകൾ: കെ.ടി. ഹരിശങ്കർ




# കാലത്തിന് മുൻപേ നടക്കുക !!!
# കാലാനുസൃത അംഗീകാരം കരഗതമാക്കുക !!!

ബഹുഃബ്രഹ്മതേജസേ!

പാരമ്പര്യമായോ ഗുരുകുല സമ്പ്രദായത്തിലോ പൂജപഠിച്ച ഏതൊരു ബ്രാഹ്മണ സമുദായ അംഗത്തിനും കേരളാ ദേവസ്വം റിക്രൂട്ട്മെന്റ് ബോഡിന്റെ ( KDRB. ) അംഗീകാരമുള്ള തന്ത്രിമണ്ഡല വിദ്യാപീഠത്തിന്റെ സർട്ടിഫിക്കറ്റ് നേടുവാൻ ഒരു സുവർണ്ണ അവസരം.!!!

## "പൂജാവിശാരദ്"

കേരളത്തിലെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ശാന്തി നിയമനത്തിന് അപേക്ഷിക്കാൻ തദ്വിഷയത്തിൽ ഇനി മുതൽ അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് അനിവാര്യം. കേരളത്തിലെ പല പ്രമുഖ പ്രൈവറ്റ് ക്ഷേത്രങ്ങളിലും ഈ സ്ഥിതി ഉണ്ടാകുന്ന കാലം അതിവിദൂരമല്ല.

പൂജാദികാര്യങ്ങളിൽ ആവശ്യത്തിലധികം പാണ്ഡിത്യം ഉണ്ട് എങ്കിലും ഒരു ഇൻസ്റ്റിറ്റ്യൂഷന്റെ സർട്ടിഫിക്കറ്റ് ഇല്ലാ എന്ന കാരണത്താൽ നമ്മുടെ സമുദായ അംഗങ്ങളെ മാറ്റി നിർത്താൻ പാടില്ല എന്ന ഒരു മഹത് ലക്ഷ്യത്തിന്റെ സാദ്ധ്യകരണമാണ് തന്ത്രിമണ്ഡലവിദ്യാപീഠം ഈ പരീക്ഷയിലൂടെ നേടിത്തരാൻ പോകുന്നത്.

ഈ പ്രത്യേക സാഹചര്യം മനസ്സിലാക്കി തന്ത്രിമണ്ഡലവിദ്യാപീഠം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (KDRB) അംഗീകരിച്ച കരിക്കുലം മാനദണ്ഡമാക്കി പരീക്ഷ നടത്തി വിജയിക്കുന്നവർക്ക് പൂജാവിശാരദ് സർട്ടിഫിക്കറ്റ് നൽകുന്നു.

ഗുരുകുല പാരമ്പര്യസമ്പ്രദായത്തിലൂടെ പൂജാപഠനം നടത്തിയിട്ടുള്ളവർക്ക് കരിക്കുലത്തിലെ ഇതരവിഷയങ്ങൾ കൂടി ഓറിയന്റേഷൻ ക്ലാസിലൂടെ ആവശ്യമായ പരിജ്ഞാനം നൽകി പരീക്ഷയിൽ പങ്കെടുപ്പിച്ച് ഉന്നതവിജയം നേടിത്തരുന്നു. പാരമ്പര്യ- ഗുരുകുല സമ്പ്രദായത്തിലൂടെ പൂജാപഠനം പൂർത്തിയാക്കിയവർക്ക് അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയോ പ്രായം സംബന്ധിച്ച നിബന്ധനകളൊ ബാധകമല്ലാത്തതാകുന്നു.

ഇനി നടക്കാൻ പോകുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലേക്കും, കേരളത്തിലെ മറ്റ് പ്രമുഖ പ്രൈവറ്റ് ക്ഷേത്രങ്ങളിലെ ശാന്തി നിയമത്തിനും കേരളാദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച ഈ സർട്ടിഫിക്കറ്റ് ഒരു അടിസ്ഥാനയോഗ്യതയായി പരിഗണിക്കുന്നതായിരിക്കും.

പരീക്ഷക്ക് അപേക്ഷിക്കാനുള്ള നിബന്ധനകൾ അടങ്ങിയ പ്രോസ്പക്ടസും ആപ്ലിക്കേഷൻ ഫോമുകളും തന്ത്രിമണ്ഡല വിദ്യാപീഠം ഭാരവാഹികളിൽ നിന്നും യോഗക്ഷേമ സഭയുടെ എല്ലാ ഉപസഭകളിൽ നിന്നും ജില്ലാ സഭകളിൽ നിന്നും 250 രൂപ അടച്ച് നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

**താഴെപ്പറയുന്ന തന്ത്രിമണ്ഡല വിദ്യാപീഠം ഭാരവാഹികളിൽ നിന്നും പ്രോസ്പക്ടസും ആപ്ലിക്കേഷൻ ഫോമുകളും ലഭിക്കുന്നതാണ്.**



1. കൊല്ലം - മുഖത്തല,ദ്വാരക, പ്രൊഫ. നീലമന വി.ആർ. നമ്പൂതിരി - 9447682745
   ഓയൂർ, ഹോരക്കാട്ടില്ലം, കേശവൻ നമ്പൂതിരി, - 9447312278, 9961261418
   ഭൂതക്കുളം, മരങ്ങാട്ടില്ലം, സന്തോഷ് നമ്പൂതിരി - 9447363805
2. തിരുവനന്തപുരം - ചിറയിൻകീഴ്, വാഴയിൽമഠം, വിഷ്ണുനമ്പൂതിരി, - 9447008599
   പാൽക്കുളങ്ങര,ഗണഗീത്, എസ്.ഗണപതിപോറ്റി - 9847022273
   കാട്ടക്കട, മുളിയൂർകിഴക്കേമഠം, എൻ. മഹാദേവൻപോറ്റി - 9446173121
   ഒറ്റൂർ, കൈപ്പള്ളി ഇല്ലം, കെ. പുരുഷോത്തമൻ നമ്പൂതിരി - 9846779595
   കിളിമാനൂർ, തുറവല്ലൂർമഠം, ജയ്മോൻ ഭട്ടതിരി - 9447387256,7012124840
   നെടുമങ്ങാട്, മരങ്ങാട്ടില്ലം, പി.എം. വിഷ്ണുനമ്പൂതിരി - 9447229159
   വെഞ്ഞാറമൂട് ,മുരിങ്ങൂർമഠം, വി.എസ്.ഉണ്ണികൃഷ്ണൻ - 9447968154, 9048284454
3. ആലപ്പുഴ - മാന്നാർ, കുടൽമന, കെ.പി.വിഷ്ണുനമ്പൂതിരി - 9447595310
   തലവടി, പട്ടമന ഇല്ലം, ആനന്ദൻ നമ്പൂതിരി - 965148025, 9447464460
   മാവേലിക്കര, വെങ്ങാട്ടൂർ ഇല്ലം, ഈശ്വരൻനമ്പൂതിരി - 9809269278
4. പത്തനംതിട്ട - തിരുവല്ല, വാളവക്കോട്ട് ഇല്ലം, ദിലീപ് നാരായണൻനമ്പൂതിരി - 9447358797
   കോഴഞ്ചേരി, ബ്രാഹ്മണ്യത്ത് മഠം, ലാൽപ്രസാദ് ഭട്ടതിരി - 9495068566, 9745433205

- അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി 2018 ജൂലൈ 31.
- ഓറിയന്റേഷൻ ക്ലാസ് നടത്തുന്ന തിയതി 2018 സെപ്റ്റംബർ 15.
- പരീക്ഷ നടത്തുന്ന തിയതി 2018 സെപ്റ്റംബർ 30





ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.

# തന്ത്രിമണ്ഡല വിദ്യാപീഠം

രജി:നമ്പർ. Q 700/2010

## താന്ത്രിക് & വേദിക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

(owned by Akhila Kerala Thanthri Mandalam)

**APPROVED BY KERALA DEVASWOM RECRUITMENT BOARD**



# രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ

ബി.കെ. ഹരിനാരായണൻ



രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ...
ഉച്ചവെയിൽ കാവൽക്കാരനെപ്പോലെ
ദൂരെ മാറിനിന്നു.
''സമയം'' അവരിരിക്കുന്ന സിമന്റ്
ബഞ്ചിനെക്കാൾ നിശ്ചലവും തിരശ്ചീനവുമായി
മഹാഗണിമരമെന്ന ഏക കേൾവിക്കാരി
വേരുകൾ പിണച്ച്, ചില്ലകൾ മാറിൽ കെട്ടി
ഇല കൂർപ്പിച്ച് നിന്നു.

രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ...
ഒന്നാമൻ കയ്യിൽ പറ്റിപ്പിടിച്ച ചായം
ഉരച്ചുകളഞ്ഞുകൊണ്ടിരുന്നു

രണ്ടാമൻ ഹെൽമെറ്റ് പോലുള്ള
കിരീടഭാരം അരികെ ഇറക്കിവച്ച്
മുടി വകഞ്ഞ് ശരിയാക്കിക്കൊണ്ടിരുന്നു.

സംസാരത്തിന്റെ പേജ് മറിച്ച്
ഇന്നലെ നിർത്തിയടത്തു നിന്ന്
അവർ തുടർന്നു

രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ...
ഒന്നാമന്റെ കുഞ്ഞിന്റെ അസുഖത്തെകുറിച്ചോ,

രണ്ടാമൻ തൊഴിൽ കേന്ദ്രത്തിൽ
നേരിടുന്ന കഷ്ടപ്പാടിനെക്കുറിച്ചോ
അവർ മിണ്ടിയില്ല.

മുൻവിധിയോ ഉപാധിയോ
അനുമാനമോ ഉന്നമോ ഇല്ലാതെ
ഒരു ക്യാൻവാസ് അപ്രവചിത
ചിത്രമായി മാറുന്നതിനെ
കുറിച്ചായിരുന്നു സംസാരം.

രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ...
പച്ച വച്ചുപിടിപ്പിച്ച മൈതാനമോ,
ഭയന്നോടുന്ന തെരുവുനായ് കണ്ണുകളോ,
ചരലിൽ കാഷ്ഠിച്ച് പറന്ന അമ്പലപ്രാവുകളോ,
ഉറക്കച്ചടവുള്ള ഐസ്ക്രീംകാരനോ
സമ്പാദ്യമെണ്ണിനോക്കുന്ന
ഭിക്ഷക്കാരിയോ അവരെ കണ്ടില്ല.

രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ...
ഒന്നാമൻ വാങ്ങിച്ച സിഗററ്റ് ആണ്
അവർ പങ്കിട്ട് വലിച്ചിരുന്നത്.

ഇരിക്കുന്ന സിമന്റ് തറയും ചുറ്റിടവും
ഒന്നാമന്റെ ആയിരുന്നു.

ഒന്നാമൻ വരച്ചുതീർക്കാൻ പോകുന്ന
ചിത്രത്തെക്കുറിച്ചുള്ള ആകാംക്ഷയായിരുന്നു
രണ്ടാമന്റെ വാക്കുകളിൽ മുഴുവൻ

രണ്ടുപേർ കണ്ടുമുട്ടിയപ്പോൾ...
ഒന്നാമൻ വരച്ചുതീർക്കാൻ പോകുന്ന
ചിത്രത്തിൽ
തനിക്കുകൂടി ഒളിച്ചിരിക്കണമെന്ന
അപേക്ഷ രണ്ടാമൻ മുന്നോട്ട് വച്ചു

മെട്രോക്കുള്ളിൽ പച്ചയും നീലയും
വള്ളികളിൽ പിടിച്ച്
നിൽക്കുകയായിരുന്നു രണ്ടാളും.

പതിവുപോലെ സിമന്റ് തറയിൽ
ഇന്നവർക്ക് ഇരിക്കാൻ കഴിഞ്ഞില്ല
അതിന്മേൽ കിടത്തിയിരിക്കുന്ന
ഒന്നാമന്റെ ജഡത്തോട് യുദ്ധം
ചെയ്യുകയായിരുന്നു
രണ്ടാമനെ പടച്ചുണ്ടാക്കിയവർ. ❐

# വൈദിക വിജ്ഞാനകേന്ദ്രം
## ചാരിറ്റബിൾ ട്രസ്റ്റ്

**പെരുമൺപുറ, പെരുമണ്ണ, കോഴിക്കോട് – 19**

**കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച മലബാറിലെ ഏക താന്ത്രിക വിദ്യാപഠന കേന്ദ്രം**

**പ്രത്യേകതകൾ:**

1. വേദ-തന്ത്ര- പഠന ക്ലാസ്സുകൾ (കോഴ്സ്)
2. പുരാണ- ഇതിഹാസ പഠനക്ലാസ്സുകൾ
3. സംസ്കൃത- യോഗ പഠന ക്ലാസ്സുകൾ
4. വേദിക് ലൈബ്രറി
5. എല്ലാ ഷോഡശ ക്രിയകളും മറ്റു ചടങ്ങുകളും നടത്താനുള്ള എല്ലാ സൗകര്യങ്ങളും

സെക്രട്ടറി
**ഒഴയാടി എടക്കാട് രാമൻ നമ്പൂതിരി**
**9961569034**

മാനേജിംഗ് ട്രസ്റ്റി
**വയപ്പുറം നാരായണൻ നമ്പൂതിരി**
**9447960761**

**Attupuram Enterprises**
Pharmaceutical Distributors

**Attupuram Drugs**
Pharmaceutical Distributors

**Attupuram Engg. Co. (P) Ltd.**

**Attupuram Plantations**

**APN Foundation**

ATTUPURAM

# APN ATRIUM
**new business facility for**

*Attupuram Establishments*

15/89 G & H, Udaya Nagar, Kozhikode Road,
Manjeri- 676 121, Malappuram Dist., Kerala, Ph: 9495915636
Ph: +91-483-2766806, Fax: +91-483-2769626
E-mail: attupuram.enterprises@gmail.com

*Wish you a happy married life*



**ഹരിഗോവിന്ദൻ**

**S/o (Late) മാധവൻ നമ്പൂതിരി & പങ്കജം**
**കക്കാട് ഇല്ലം, പൊറ്റമ്മൽ**
**കോഴിക്കോട്**

**ഗോപിക**

**S/o അനിയൻ നമ്പൂതിരി & പ്രഭാ അനിയൻ**
**എളമന ഇല്ലം, ഓമശ്ശേരി**
**മുണ്ടുപാറ, കോഴിക്കോട്**

*Wish you a happy married life*




**അനഘ**

D/o കൃഷ്ണൻ നമ്പൂതിരി & ഗിരിജ അന്തർജനം
വെള്ളൂർ ഇല്ലം, കൊളത്തറ പി.ഒ,
കോഴിക്കോട്– 673655

**ശരത്**

S/o വിഷ്ണു ഭട്ടതിരിപ്പാട് & രമ അന്തർജ്ജനം
ആര്യമ്പിള്ളി മന, അങ്കമാലി,
എറണാകുളം ജില്ല



# മാടമ്പിലെ പ്രണയമരം

രഘുനാഥ് പി.കെ.

**"ദേശാടനം ഏതാണ്ട് കഥ കേട്ടിട്ട് രണ്ടാഴ്ച കൊണ്ട് തീർക്കാ ചെയ്തേന്നാ ഓർമ്മ. ജയരാജ് ഇവിടെ ഇല്ലത്തു താമസിച്ചു അത്രേം ദിവസം.. നല്ല അടുപ്പണ്ടാർന്നു അയാളായിട്ട്.. ജയരാജനായിട്ട്. അന്നും പകല് എഴുതിയിരുന്നില്ല. ഞങ്ങള് രണ്ടുമൂന്നാള് എന്തെങ്കിലും സംസാരിച്ചും, വായിച്ചും, ഒക്കെ ഇരിക്കും."**



തൃശൂർ നഗരത്തിന്റെ വടക്കു പടിഞ്ഞാറ് ഭാഗത്താണ് കിരാലൂർ ഗ്രാമം. കുന്നംകുളം റോഡിൽ നിന്ന് ഏതാണ്ട് രണ്ട് രണ്ടര കിലോമീറ്റർ. വളവും തിരിവും ഒക്കെ ഉള്ള ടാറിട്ട റോഡ്. ഒരിറക്കം കഴിയുമ്പോൾ കാണാം മരച്ചില്ലകൾക്കിടയിലൂടെ വെട്ടുകല്ലിൽ പണിത മനയുടെ ഓടിട്ട മുകൾഭാഗം. റോഡിൽ നിന്ന് കുറച്ചകലെ കാണാവുന്ന പടിപ്പുരയിലേക്കു ഒരു നീണ്ട ഇടവഴിയാണ്... ഒരാനയ്ക്ക് നടക്കാവുന്നത്ര വീതിയുണ്ടാകും കഷ്ടിച്ച്.

പടിപ്പുര കഴിഞ്ഞ് മുറ്റത്തെത്തുമ്പോൾ ആണ് അതിന്റെ ഒരു ഭാഗം തൊഴുത്തു കൂടി ആണ് എന്ന് മനസ്സിലാവുക. ചാണകത്തിന്റെ ഗന്ധം മുറ്റത്ത്. നീളമുള്ള വരാന്തയിലേക്കുള്ള ചവിട്ടുപടിയുടെ അരികിലെ തൂണിൽ 'മാടമ്പ് കുഞ്ഞികുട്ടൻ' എന്ന് മരത്തിൽ കൊത്തിയ ഒരു ഫലകം. വാതിലുകൾ തുറന്നു കിടന്നിരുന്നെങ്കിലും അവിടെയൊന്നും ആരെയും കണ്ടില്ല.

പൂമുഖത്തിനും തൊഴുത്തിനും ഇടയിൽ ഒരല്പ നേരം പരുങ്ങി നിന്നു. തിരിഞ്ഞുനോക്കിയപ്പോൾ പൂക്കൾ വിരിഞ്ഞുനിൽക്കുന്ന ജമന്തി ചെടിക്കൾക്കിടയിലൂടെ പശു എന്നെത്തന്നെ നോക്കുന്നു. ഇല്ലവും, ചുറ്റുമുള്ള വലിയ വൃക്ഷങ്ങളും മൊബൈൽ കാമറയിൽ പകർത്തിയാലോ എന്ന ചിന്തയെ ചെവി വട്ടം പിടിച്ചുനിൽക്കുന്ന ആ പശുവിന്റെ നോട്ടം വിലക്കി.

ഏതു ഭാഗത്താണാവോ കുളം? കുഞ്ഞുക്കുട്ടന്റെ പ്രണയിനി 'ചക്കരക്കുട്ടി പാറു' ഇവിടെ എവിടെയോ മറഞ്ഞുനിന്ന് എന്നെ നോക്കുന്നുണ്ടാവും.


പൂമുഖത്തു കയറി ആദ്യം കണ്ട വാതിലിന്റെ അരികെ ചെന്ന് ചെറുതായൊന്നു ചുമച്ചു.

''ആരാത്''

''അവിടെ ഇരുന്നോളൂ അങ്ട് വരാം''

ഉമ്മറത്ത് ഒരു കസേരയുണ്ട്. അത്

അദ്ദേഹം ഇരിക്കാറുള്ളതാവും. പിന്നെ ഉള്ള സെറ്റിയിൽ പുസ്തകങ്ങൾ വാരിവലിച്ചിട്ടപോലെ... കൂട്ടത്തിൽ ഒരു ബുക്ക് മാത്രം പാതി വായിച്ചു കമിഴ്ത്തി വച്ചിരിക്കുന്നു. തിണ്ണ വക്കിൽ നെയ്യുറുമ്പിന്റെ നീണ്ടനിര.മാടമ്പ് കടന്നുവന്നു. ചുവന്ന നിറമുള്ള മുണ്ടും ഇളം നീല നിറത്തിലുള്ള റൗണ്ട് നെക്ക് ബനിയനും. വെട്ടി ഒതുങ്ങാത്ത നരച്ചതാടി നെഞ്ചിലേക്ക് വീണു തുടങ്ങിയിരിക്കുന്നു. എഴുത്തിലും, കൈ വെച്ച മറ്റു മേഖലകളിലും എന്നപോലെ കാഴ്ചയിലും വേറിട്ട ഒരാൾ!മകളും സഹോദരൻ ചിത്രൻ നമ്പൂതിരിപ്പാടും കടന്നുവന്നു. ഔപചാരിക പരിചയപ്പെടൽ. ഇത് മോളാണ് 'ഹസീന' ഒരാളുംകൂടി ഉണ്ട് 'ജസീന'. ഇയാളെ പിന്നെ അറിയുണ്ടാവൂലോ.. ചിത്രൻ നമ്പൂതിരിയെ ചൂണ്ടി ആണ് അത് പറഞ്ഞത്.



തസ്ലീമ നസ്റീന്റെ കൂടെ

മാടമ്പിന്റെ മുൻപിൽ തിണ്ണയിൽ അല്പം മുന്നോട്ടു കയറി ഞാനിരുന്നു. തിണ്ണ വക്കിലൂടെ ഉറുമ്പുകൾ അപ്പോഴും എങ്ങോട്ടോ പൊയ്ക്കൊണ്ടിരുന്നു.

''ഏത് മാസികക്ക് വേണ്ടീട്ടാ ന്നാ പറഞ്ഞെ''?

സ്വസ്തി... ത്രൈമാസിക ആണ് ഒരു വർഷം ആയിട്ടേ ഉള്ളൂ. കയ്യിലുണ്ടായിരുന്ന രണ്ടു ലക്കങ്ങൾ ഞാൻ അദ്ദേഹത്തിന് നീട്ടി. മാടമ്പ് ശ്രദ്ധയോടെ മറിച്ചുനോക്കി കൊണ്ടിരുന്നപ്പോൾ വെറുതെ ചുറ്റും കണ്ണോടിച്ചു ഞാനിരുന്നു. മേൽക്കൂര മാത്രമുള്ള കാർ ഷെഡിൽ ഓടാൻ കൊതിച്ചു വെളുത്ത ടാറ്റ സുമോ. പറമ്പിൽ മുറ്റം തീരുന്നതിനു തോട്ടടുത്തായി പച്ച പനമ്പട്ട കണ്ടു... ആനപിണ്ടവും.

''എവിടെ ആന?''

മറുപടി ചിത്രൻ നമ്പൂതിരിയാണ് പറഞ്ഞത്.

''ഇന്നാ കൊണ്ടുപോയത്, കേട്ടിട്ടുണ്ടാവും തൃശൂർ ഉള്ള ബിൽഡർ ഭരതൻ. അയാള്ടെ ആണ് ആന. മിക്കപ്പോഴും ഇവിടെ ണ്ടാവും. ഞങ്ങളായിട്ടു നല്ല ചട്ടാ. പൊതുവെ മനുഷ്യരെ കണ്ടു പേടി മാറിയിട്ടില്ല പത്തൊൻപത് വയസ്സേ ആയിട്ടുള്ളൂ''

മുൻപ് ഇതുപോലെ ഒരാളെ കുത്തിക്കൊന്നു. ഇടഞ്ഞ ആനയെ ഇവിടെ കൊണ്ട് കെട്ടിയിരുന്നു. ആനക്കാരെ അടുക്കാൻ സമ്മതിക്കില്ല. രണ്ടാഴ്ച കൊണ്ട് ചട്ടം ആക്കി തലേക്കെട്ട് കെട്ട് കെട്ടിച്ചു എഴുന്നള്ളിച്ചു. ഞാൻ ഇവിടെ അടുത്തൊരു അമ്പലത്തില് ഇരുത്തിയും കിടത്തിയും കാണിച്ചു. ഫിറ്റ്നസ് ഇവ്ട്ന്നാ കൊടുക്കല് ഉണ്ടായത്. (ആനക്കമ്പം കൂടുതൽ കുഞ്ഞുകുട്ടനോ അതോ ചിത്രൻ നമ്പൂതിരിക്കോ)

''വിചാരിച്ച പോലെ അല്ല സ്വസ്തി.. ഇത് കേമായി ണ്ടേ''

മാടമ്പിന്റെ ആത്മഗതം!

ഇപ്പോൾ ഞാനും മുമ്പിൽ ആരെയും കൂസാത്ത ഒറ്റയാനെപ്പോലെ മാടമ്പും മാത്രം!

''എന്താച്ചാ ചോയ്ച്ചോളാ''

(എന്തെങ്കിലും ചോദ്യങ്ങൾ, അതിന് ഒരു ഉത്തരം, അതിലുപരി ചില ചോദ്യങ്ങളിലൂടെ മാടമ്പിനെ ഭൂതകാലത്തിൽ മേയാൻ വിടാൻ ഞാൻ ആഗ്രഹിച്ചു).

കഥാകൃത്ത്, അഭിനേതാവ്, അധ്യാപകൻ, ആന ചികിത്സകൻ, വേദം, തർക്കം, തിരക്കഥ അങ്ങനെ വ്യത്യസ്ത മേഖലകളിൽ അറിവുള്ള ആളാണ്. ഒരു പരുക്കൻ എന്ന മുൻവിധിയോടെ തുടങ്ങി.

''വെളുപ്പിന് മൂന്ന് മണിക്കൊക്കെ എഴുന്നേൽക്കും എന്നിട്ടാണ് എഴുത്ത് എന്നൊക്കെ കേട്ടിട്ടുണ്ട്. ഇപ്പോഴത്തെ ചിട്ട എങ്ങനെ ആണ്?''

''ഇപ്പൊ അത്ര നേരത്തെ എണീക്കാറില്ല്യാ. രണ്ടു കൊല്ലായിട്ടു കൊളത്തിലല്ല കുളി. രാവിലെ 8 മണിക്ക് ശേ


ആർട്ടിസ്റ്റ് നമ്പൂതിരിക്കൊപ്പം

## രചനകൾ

### നോവൽ

അശ്വത്ഥാമാവ്, മഹാപ്രസ്ഥാനം, അവിഘ്നമസ്തു, ഭ്രഷ്ട്, എന്തൊരോ മഹാനുഭാവലു, നിഷാദം, പാതാളം

### തിരക്കഥ

2008 – ശലഭം (തിരക്കഥയും സംഭാഷണവും)

2005 – മകൾക്ക് (തിരക്കഥയും സംഭാഷണവും)

2003 – ഗൗരീശങ്കരം, സഫലം (തിരക്കഥയും സംഭാഷണവും)

2000 – കരുണം (മികച്ച തിരക്കഥാകൃത്തിനുള്ള ദേശീയ പുരസ്കാരം), 1997 – ദേശാടനം

## അഭിനയിച്ച ചലച്ചിത്രങ്ങൾ

2006 – പോത്തൻ വാവ, വടക്കുന്നാഥൻ, 2004 – അഗ്നിനക്ഷത്രം, 2001 – കാറ്റു വന്നു വിളിച്ചപ്പോൾ, 2000 – കരുണം

1999 – അഗ്നിസാക്ഷി, 1998 – ചിത്രശലഭം

1997 – ദേശാടനം, ആറാം തമ്പുരാൻ

1978 – അശ്വത്ഥാമാവ്

---

ഷം എഴുതാറില്ല പണ്ടും. കുളി കഴിഞ്ഞാ ശ്രീലകത്തു ഒന്ന് പോവും. കുറീടും.. അതൊരു മാറാത്ത ശീലം''

ചുളിവ് വീണ നെറ്റിയിൽ മാഞ്ഞുപോയ കുറിയുടെ ഇത്തിരി ബാക്കി അപ്പോഴാണ് കണ്ണിൽ പെട്ടത്.

തേവാരം, ജപം, പ്രാർത്ഥന അതൊക്കെ ഉണ്ടാവുലോല്ലേ?

''ഇല്ല, അതൊന്നും ശീലത്തിൽ പെടില്ല്യ. മുഖത്ത് തികഞ്ഞ നിസ്സംഗത. ശ്രീലകത്ത് നേദിക്കല് ഉണ്ട്. അതിന് ആരുല്യന്നു വന്നാൽ നേദിക്കാറുണ്ട്. മുടങ്ങണ്ട ന്നു വിചാരിച്ചിട്ട്, ഇപ്പോൾ വേണ്ടി വരാറില്ല്യ. പത്രം നോക്കും, ഏഴരക്ക് മുമ്പ് പ്രാതല് കഴിയും. സർജറി കഴിഞ്ഞേ പിന്നെ ലിമിറ്റ് ചെയ്ത ഭക്ഷണം. മാക്സിമം രണ്ടു ദോശ. ഈയിടെ യാത്രേം കുറവാ''

എന്തു സർജറി എന്നു ചോദിക്കേണ്ടെന്ന് തോന്നി.

ബ്രേക്ക്ഫാസ്റ്റ് കഴിഞ്ഞാൽ?

''വല്ലതും വായിക്കും, ആരെങ്കിലും ഇടക്കിതുപോലെ കാണാൻ വന്നൂന്ന് വരും, പതിനൊന്നരയ്ക്ക് ഉണ്ണും. ചെറിയൊരു മയക്കം. അത് രണ്ടു മണി ആവുമ്പോഴേക്കും കഴിയും. പിന്നേം എന്തെങ്കിലുമൊക്കെ വായിക്കും. വൈകുന്നേരം ഏഴരക്ക് അത്താഴം, കെടപ്പ് നേരത്തെ ആണ് ഇപ്പൊ''

ഒന്നു ചോദിക്കാൻ മറന്നു. പെൺകുട്ടികൾക്ക് എന്താ ഇങ്ങനെ പേരിട്ടത്.. ഹസീന, ജസീന? ''പേര് കേട്ട് മതം അറിയണ്ട എന്ന് അന്ന് തോന്നി''

അങ്ങേക്ക് കോവിലൻ ഗുരുസ്ഥാനീയനാണ് എന്ന് കേട്ടിട്ടുണ്ട്. എഴുത്തും കവിതയുമൊക്കെ സർഗ്ഗവാസന ആണല്ലോ. അതിനൊക്കെ ഒരു ഗുരുവിന്റെ ആവശ്യമുണ്ടോ?

''ഏയ് അത് വേണ്ട.. പക്ഷെ ചിത്ര രചനക്ക് ഗുരു ഉള്ളതാവും നന്നാവാ. ഞാൻ കോവിലനെ കാണുന്നതും പരിചയപ്പെടുന്നതും അശ്വത്ഥാമാവ് എഴുതിയ ശേഷമാണ്. മാതൃഭൂമില് അത് പ്രസിദ്ധീകരിക്കാൻ അദ്ദേഹം പ്രചോദനമായി എന്നു പറയേണ്ടിവരും. അശ്വത്ഥാമാവ് പുസ്തകമായി പ്രസിദ്ധീകരിക്കും മുമ്പ് ആരെയെങ്കിലും കാണിക്കണ്ടേച്ചിട്ട് ആണ് കോവിലന്റെ അടുത്തു പോവല് ണ്ടായത്. എഴുതീതു കാണിക്കാൻ ഇവടെ അടുത്ത് വേറെ ആരും ഉണ്ട് ന്ന് തോന്നിയുമില്ല്യാ. പുതൂർ ഉണ്ണിക്കൃഷ്ണനൊക്കെ ണ്ടാവും... ന്നാലും ഇവിടുന്നു ഗുരുവാർക്കൂ പോണ വഴി ആണല്ലോ കണ്ടാണശ്ശേരി, അവിടെ ആണല്ലോ കോവിലൻ. അതാ എളുപ്പം തോന്നി. ആ ഭാഗത്തു വേറെ ണ്ടാർന്നു ചില പരിചയങ്ങള്. വാഴാവ് ന്ന് പറഞ്ഞിട്ടൊരമ്പലം ണ്ട് അവിടക്ക് ഇവിടുത്തെ ആനയെ എഴുന്നള്ളിപ്പിന് കൊണ്ടുപോവാറുണ്ട്. മുൻപ്. കോവിലന്റെ ഏട്ടൻ ഉണ്ട് ഒരാള്, അയാളാണ് ആനയെ ഏൽപ്പിക്കാൻ വരാറ്.

ആഗ്രഹിച്ചതുപോലെ മാടമ്പിന്റെ മനസ്സ് പഴയ ഏതോ കാലത്തിൽ അലഞ്ഞു തിരിയുകയാണ്.

അങ്ങേക്ക് അത്യപൂർവ്വമായ ഒരു പ്രണയം ഉണ്ടായിരുന്നൂ എന്ന് കേട്ടിട്ടുണ്ട്... 'ചക്കരക്കുട്ടി പാറു'

അതേതൊ കഥയില് പരാമർശിച്ചിട്ടുമുണ്ട്.

''അതെന്റെ വേറൊരു പ്രാന്ത്''ന്നു പറഞ്ഞു പിടിതരാതെ മാടമ്പ് ഒഴിഞ്ഞുമാറി.

പുനർജ്ജന്മം... അതിൽ വിശ്വാസമുണ്ടോ.. മറുപടിക്ക് ഒട്ടും വൈകിയില്ല.

''ഇല്ല്യ''

അങ്ങനെ ആണെങ്കിൽ നമ്മുടെ കാരണവന്മാർ 'മുജ്ജന്മ സുകൃതം' എന്ന് പറഞ്ഞിരുന്നല്ലോ അതെന്താവും?

ഇത്തവണ ചെറുതായി ഒന്ന് ആലോചിച്ചു. അത് ആ പറഞ്ഞ കാർന്നോന്മാരുടെ സുകൃതം ന്ന് കൂട്ടാവും ഭേദം. ജീവൻ ന്നു പറേണത് ഒരു എനർജി ആണ്. അത് നശിക്കില്ല.അത് പുനർജനിക്കാന്നൊക്കെ ള്ളത് ശുദ്ധ വിഡ്ഢിത്താ. എന്റെ ഒരനുഭവം ണ്ട്. ഒരിക്കൽ മൂകാംബിയിൽ പോവെണ്ടായി. അവിടെ താമസിച്ച മുറിയിൽ മരിച്ചു പോയ വൈഫ് ന്റെ സാന്നിധ്യം അനുഭവിച്ചേർന്നു. പിറ്റേന്ന് രാവിലെ ലോഡ്ജിലെ ഒരാൾ കട്ടൻ കാപ്പിയും പരിപ്പുവടയും ആയി മുറിയിൽ വന്നു. ഇതാര് പറഞ്ഞിട്ടാ ന്നു ചോയ്ച്ചപ്പോ ഒരു അന്തർജ്ജനം പോലെ തോന്നുന്ന ഒരു സ്ത്രീ വന്നിട്ട് പറഞ്ഞതാണ് ഈ മുറിയിൽ കൊണ്ടുവന്നു തരാൻ. എനിക്കിഷ്ടായിരുന്നു പരിപ്പുവടയും കട്ടൻ കാപ്പിയും. ആത്തേമാർക്കു അതറിയേം ചെയ്തേർന്നു. ഇതിനിപ്പോ എന്താ പറയാ? ശാസ്ത്രീയമായി ഇതൊക്കെ അപഗ്രഥിക്കാൻ വെഷമാ.

ഞാൻ വിട്ടില്ല. നാല് വയസ്സുള്ളൊരു കുട്ടി 12000 ചിത്രങ്ങൾ വരച്ചു. പിന്നെ 12 വയസ്സിൽ പുല്ലാങ്കുഴൽ കച്ചേരി നടത്തി വിസ്മയിപ്പിച്ച വേറൊരു മിടുക്കൻ ഇതൊക്കെ അസാമാന്യ പ്രതിഭയല്ലേ. മുജ്ജന്മത്തിൽ ഉണ്ടായിരുന്ന കഴിവുകളുടെ ആവർത്തനമായിരിക്കും എന്നു തോന്നുന്നതു തെറ്റാണെന്ന് പറയാൻ പറ്റോ?

ശ്രീ ശ്രീ രവിശങ്കറിനു വളരെ ചെറുപ്പത്തിൽ ഭഗവത് ഗീത കാണാപ്പാഠം ആയിരുന്നു..

''പഴേ കാലത്തു അഞ്ചു വയസ്സിൽ ഉപനയനം കഴിയും. പത്തു വയസ്സിൽ ഓത്തും കഴിയും. പത്തു പതിനെണ്ണായിരം ഗ്രന്ഥം ഒക്കെ ണ്ട് അതില്. അതൊക്കെ ഹൃദിസ്ഥ മാക്കീര് ന്നില്യേ? എന്റെ തലമുറേല് എനിക്ക് മുൻപുള്ളോർക്കൊക്കെ നിശ്ചണ്ടാർന്നു. ഇപ്പൊന്നും ഈ തലമുറേല് ഇവിടാരും പഠിക്കാനൊന്നും ഇല്ല്യേനും. എനിക്കിപ്പൊ പെങ്കുട്ട്യോളാണല്ലോ. ന്നാലും അവരും കുറച്ചൊക്കെ ഓത്തു പഠിക്കലുംണ്ടായി. ചില വേളിക്ക് ഓത്തു ചൊല്ലലൊക്കെ ണ്ടായി. കൊറച്ചു വശാക്കി ന്നെള്ളൂ. ശ്ശി അറിയും ന്നല്ല.

കർമ്മഫലം എന്നൊന്നുണ്ടോ?

അതുണ്ടാവും. പക്ഷെ ചെയ്യുന്ന കർമ്മത്തിനു അടുത്ത ജന്മത്തിൽ അല്ല ഫലം ഉണ്ടാവാ. ആണെങ്കിൽ ഫലം പിന്നീടുള്ള ജന്മത്തിൽ കിട്ടുന്നവരെ അതെവിടെയാ സൂക്ഷിക്കാന്നൊരു ചോദ്യം ണ്ടല്ലോ. കർമ്മഫലം.. അത് വേദാന്തത്തിൽ ഒക്കെ ഉള്ള ചോദ്യാ... ചെയ്ത കർമ്മത്തിന്റെ ഫലം അടുത്ത



*കെ. ജയകുമാറിനോടൊപ്പം*

ജന്മത്തിൽ അല്ല എന്നുള്ളത് വേദാന്തത്തിൽ വ്യക്തമായി പറയുന്നുണ്ട്. 'അപൂർവ്വം' എന്ന വാക്കാണ് അതിനു പറയുന്നത്. മുൻപ് ഇല്ല്യാത്തത് എന്ന അർത്ഥത്തിൽ തന്നെയാണ് അത്. പിന്നെ മീമാംസയിലൊക്കെ പാരമ്പര്യത്തിനെ പറ്റിയൊക്കെ വ്യക്തമായി പറയുന്നുണ്ട്. പിന്ന തർക്ക ശാസ്ത്രം ണ്ട്. വല്യ ഹോമാദികളൊക്കെ കഴിഞ്ഞാൽ അപൂർവ്വം എന്നൊരു ഋക്കു ചൊല്ലല് തന്നെ ഉണ്ട് പണ്ടൊക്കെ.

പുണ്യം, പാപം അതിനെപറ്റി ചോദിച്ചാൽ അങ്ങു എന്താ പറയുക?

വേദാന്തത്തിൽ പാപം ന്നു പറഞ്ഞിട്ട് ഒരു സംഗത്യന്നെ ഇല്ല്യ. 'അദീരം' ന്നൊക്കെ പറയാ. ഇടയ്ക്കു ചിന്തയിൽ വീണുപോകുന്നപോലെ മാടമ്പിന്റെ മുഖം ഗൗരവം പൂണ്ടു.

തലമുടിയിഴകളിൽ കൈവിരലോടിച്ചുകൊണ്ട് മാടമ്പ് തുടർന്നു.

എല്ലാത്തിനും ഒരു മെത്തേഡ് ഉണ്ട്. തർക്കം ആയിട്ടും. യുക്തി ആയിട്ടും. ലോജിക്കില് ആദ്യ പാഠം തന്നെ പുക ഉണ്ടെങ്കിൽ അവിടെ തീയും ഉണ്ട് ന്നൊക്കെ ആണ്.

ലോജിക്കിലൂടെ താൻ ചോയ്ചേന് ഉത്തരത്തിലിക്കൊക്കെ എത്താൻ പറ്റും. ലോജിക് ആയി മാത്രം പറഞ്ഞാൽ ചിലപ്പൊ അബദ്ധത്തിൽ ചെന്നു ചാടീന്നു വരേം ചെയ്യും. വാതില് പകുതി അടച്ചിട്ടുണ്ട് ന്നു പറഞ്ഞാൽ പകുതി തുറന്നിട്ടാണ് ന്നൊരു അർത്ഥണ്ട്. എന്നാ വാതില് അടച്ചിട്ടുണ്ട് ന്നു പറഞ്ഞാൽ തുറന്നിട്ടുണ്ട് ന്നു ഇല്യല്ലോ അർത്ഥം?

ഇന്നത്തെ പോലെ അല്ല പണ്ടത്തെ വിദ്യ അഭ്യസിക്കല്. അന്ന് ജ്യോതിഷാ ചാ അത്, തർക്കാ ചാ അത്, വേദാ ചാ അങ്ങനെ. ഇന്നിപ്പോ ബി.ടെക് കഴിഞ്ഞാ എംബിഎ പഠിക്കും എന്നിട്ടോ ബാങ്കില് ഗുമസ്തനാവും ല്ലേ്യ അങ്ങനെ?

മാടമ്പ് ശരിക്ക് പൂർവികരായിട്ടു കൊടുങ്ങല്ലൂർ ആണ് അല്ലേ?

അല്ലല്ല.. പെരുവനം. അവിടുന്നു 300 കൊല്ലം ന്നൊക്കെ പറയുന്നുണ്ട്... കിരാലൂർ ക്കു വന്നതാ. എന്തിനാ അവിടുന്നു വിട്ടു പോന്നേ ചോയ്ച്ചാൽ.. അതറിഞ്ഞൂടാ.

തെക്ക്. ചെങ്ങന്നൂർ ഭാഗത്തൊക്കെ ക്ഷേത്രങ്ങളിൽ വൈദിക വൃത്തി മാടമ്പ് മന ആയിരുന്നു. ശബരിമല തന്ത്രി താഴമൺ കുടുംബത്തിന്റെ വൈദികരായിട്ടും ഞങ്ങളായിരുന്നു.

സിനിമയുമായി ബന്ധപ്പെടുത്തി പറയുമ്പോ ദേശാടനം മുതൽ ശാന്തം, കരുണം, മകൾക്ക്, ശലഭം അങ്ങനെ കുറെ കഥകളും തിരക്കഥകളും.. ജയരാജ് ആയിട്ടല്ലേ ഒരുമിച്ചു കൂടുതൽ ഉണ്ടായിട്ടുള്ളത്? എന്തോ ആലോചിച്ചു മൗനിയായ മാടമ്പിനെ ഞാൻ തിരിച്ചുവിളിച്ചു..

''അതേ... ജയരാജ് ആയിട്ടാണ്''

എങ്ങനെ ആയിരുന്നു ജയരാജുമായി സൗഹൃദം?

''അയാള് ഒരു ദിവസം ഇങ്കട് വരാ ണ്ടായത്. കുടുംബസമേതം എന്ന സിനിമക്ക് വേണ്ടി ലോക്കേഷൻ നോക്കാൻ തൃശ്ശൂർ എവിടെയോ വന്നപ്പോ ഉണ്ണി ന്നു പറഞ്ഞിട്ടു ഒരാളുടെ കൂടെ. അവരുടെ സംസാരത്തിന്റെ എടേല് എന്നെക്കുറിച്ചു പറയെ അങ്ങനെ വര്യറ്റാണ് ണ്ടായീത്. ഈ ഉണ്ണീടെ അടുത്തേക്ക് എങ്ങന്യാ എത്തിപ്പെട്ടെ ചോയ്ച്ചാൽ നിശ്ശല്യ. പിന്നെ എടക്കെടക്കു വരലും ഇവിടെ കൊറേ താമസിക്കലും...''

ദേശാടനം കഥ എഴുതിയ ശേഷം തിരക്കഥ ആക്കുകയാണോ ചെയ്തത്?

''ഞാൻ അങ്ങിനെ പതിവില്ല. കഥ ഡിസ്കസ് ചെയ്തു കഴിഞ്ഞാൽ രണ്ടാഴ്ചയോ ഒരു മാസോ കഴിഞ്ഞു വന്നോളൂ ന്നു പറയാ പതിവ്. ദേശാടനം ഏതാണ്ട് കഥ കേട്ടിട്ട് രണ്ടാഴ്ച കൊണ്ട് തീർക്കാ ചെയ്തേ ന്നാ ഓർമ്മ. ജയരാജ് ഇവിടെ ഇല്ലത്തു തമസിച്ചു അത്രേം ദിവസം.. നല്ല അടുപ്പണ്ടാർന്നു അയാളായിട്ട്.. ജയരാജനായിട്ട്. അന്നും പകല് എഴുതിയിരുന്നില്ല. ഞങ്ങള് രണ്ടുമൂന്നാള് എന്തെങ്കിലും സംസാരിച്ചും, വായിച്ചും, ഒക്കെ ഇരിക്കും. സാധാരണ തിരക്കഥ എഴുതി തീർന്നാൽ കൊടുക്കും. അതിൽ മാറ്റം വരുത്തണം ന്നൊക്കെ പറയണത് എനിക്കിഷ്ടല്ല. ഇന്നിപ്പോ ഡിസ്കഷൻ ആണ് പ്രധാനം. കുറച്ചു എഴുതിക്കഴിഞ്ഞാൽ വീണ്ടും ചർച്ച. ഷൂട്ടിംഗ് തുടങ്ങീട്ടും എഴുതും. ഒരുതരം മാനിപുലേഷൻ. എനിക്കാ രീതി പറ്റില്ല. ഇപ്പൊ സിനിമ ആയിട്ടൊന്നും ഒരു ബന്ധോം ഇല്യേനും വർഷങ്ങളായിട്ട്''

കഥയോ തിരക്കഥയോ കൂടുതൽ ശ്രമകരമായിട്ടു തോന്നീട്ടുള്ളത്?

''രണ്ടും രണ്ടാ...

കഥ ആണെങ്കിൽ ഒരു ഫ്ളോ ആയിട്ടു എഴുതാം. സ്ക്രിപ്റ്റ് ആവുമ്പോ ഒരു സീൻ വിഷ്വൽ ആയി കാണുമ്പൊ എന്തൊക്കെ ഉൾപ്പെടും അതൊക്കെ കൃത്യമായി പരാമർശിക്കണം. ഇപ്പൊ ഞാൻ ആ ഇരുന്ന് എഴുതാണ് ന്നുണ്ടെങ്കിൽ

വേഷം, ഇരുപ്പിന്റെ ഒരു മട്ട്, കാലുമ്മേ കാലു വെച്ചിട്ടാണ് ചാൽ അതുംകൂടി എഴുതണം. ഈ ഫാൻ, ഈ സെറ്റി, അതിൽ കിടക്കുന്ന പുസ്തകം, ചുമരിൽ ഉള്ള ആ ആനെടെ ഫോട്ടോ അങ്ങനെ എല്ലാം ഓരോ സീനിലും വരുന്നത് നോട്ട് ചെയ്തു എഴുതി വച്ചാൽ നന്ന്''

അശ്വത്ഥാമാവിൽ കുഞ്ഞുണ്ണി എന്ന കേന്ദ്രകഥാപാത്രം ആയി അഭിനയിക്കലും ഉണ്ടായി. അതിനുള്ള സാഹചര്യം എന്തായിരുന്നു?

''അതു അങ്ങനെ സംഭവിച്ചു ന്നു പറയെ പറ്റുള്ളൂ. അഭിനയം എനിക്ക് പറ്റണതല്ല. സുകുമാരൻ ആയിരുന്നു ചെയ്തു തുടങ്ങിയത്. എംടി ടെ ബന്ധനം ആണ് തോന്നുണ്ട്. അതിലിക്കു ക്ഷണം വന്നപ്പോ ഇതു വേണ്ടാച്ചിട്ടു അയാള്

പോയി. രണ്ടു മൂവായിരം അടി ഷൂട്ടിംഗ് തീർന്നേർന്നു അപ്പൊ. എല്ലാരും കൂടി നിർബന്ധിക്കേം. വേറെ വഴി ഇല്ലാണ്ടായിട്ടു സിനിമ മുടങ്ങും ന്നു വന്നപ്പൊ എനിക്കും ഒരു വാശ്യായി തൊടങ്ങീന്നും പറയാം വേണംച്ചാ. എഴുതീത് ഞാൻ ആയോണ്ട് സിറ്റുവേഷൻസ് അറിയേം ചെയ്യാലോ''

അശ്വത്ഥാമാവ് ലെ കുഞ്ഞുണ്ണി അങ്ങ് ആയിരുന്നില്ലേ?അതിനു മറുപടി പറഞ്ഞില്ല. ചില ചോദ്യങ്ങൾക്ക് മൗനം ചിലതിന് ഒരു വാചകത്തിൽ ഉത്തരവും, പ്രതീക്ഷിക്കാതെ ചിലപ്പോൾ വളരെ പരത്തി പറയലും.

അശ്വത്ഥമാവ് ആയിരുന്നോ എഴുതിയതിൽ വെച്ചു ആദ്യം സിനിമ ആയത്?

''അതെ...''

ശരിക്കു പറഞ്ഞാൽ ഭ്രഷ്ട് സിനിമയാക്കാൻ വേണ്ടീട്ട് ഒരാള് വരലൊക്കെ ഉണ്ടായി. അതുപിന്നെ നേര്യായില്ല്യ. അയാള് സിനിമ ന്നൊക്കെ പറഞ്ഞു പുറപ്പെട്വാ.. കുറച്ചൊക്കെ എന്തോ വരലും.. എന്റേതായ ഒരു കോൺട്രിബ്യൂഷൻ ണ്ടായില്ല്യ പിന്നെ.

ഗിരീഷ് പുത്തഞ്ചേരിയുമായി വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നോ? അദ്ദേഹത്തിന്റെ വടക്കുന്നാഥൻ സിനിമയിലെ ഭാരത പിഷാരടി ക്കു മാടമ്പിനോട് എന്തോ ഒരു സാമ്യം തോന്നിയിരുന്നു.

''ഹരിദ്വാറ്ല് ഒരുമിച്ച് ഉണ്ടായിട്ടുണ്ട് കുറച്ച് ദിവസം. ഗംഗേല് ഫ്ളഡ് ഒക്കെ ഉണ്ടായപ്പൊ ഞാൻ അവിടെ ഒരു ആശ്രമത്തിൽ തങ്ങല് ഉണ്ടായി. എങ്ങോട്ടും പോവാനോ, ഒന്നും ചെയ്യാനോ പറ്റാതെ 10 ദിവസം. ഗിരീഷ് ഉണ്ടായിരുന്നു അപ്പൊ അവിടെ. കുറച്ച് അടുപ്പം ഉണ്ടായത് ആ ദിവസങ്ങളിലാ. ഭാഷ നന്നായിട്ട് വഴങ്ങും.. മിടുക്കനാ... അത്യാവശ്യം സംസ്കൃതം അറിയാം. അതിന്റെ ഒരു ഗുണോം ണ്ട്. ഉണ്ണികൃഷ്ണ പണിക്കർ ല്ലേ്യ. പരപ്പനങ്ങാടി. പേരുകേട്ട ആളാണല്ലോ. അദ്ദേഹത്തിന്റെ ബന്ധു ആണ് ഗിരീഷ്. പാരമ്പര്യായിട്ടു ജോത്സ്യം ഉള്ള പണിക്കന്മാർക്ക് സ്വതവേ കുറച്ചൊക്കെ സംസ്കൃതോം വശം. ഒടുക്കത്തെ മൂന്നാല് കൊല്ലം ഭാഗ്യവാനായിരുന്നു. ആയുസ്സുണ്ടായില്ല്യ.''

എഴുത്തല്ലാതെ വേറെ ഏതെങ്കിലും കലകളിൽ താൽപ്പര്യം?

''കഥകളി കൊറച്ചു ഭ്രാന്തുണ്ടായിരുന്നു. തൃശ്ശൂരും കുന്നംകുളത്തും ഒക്കെ കഥകളി ക്ലബ്ബ് ല് ആജീവനാന്തം മെമ്പർഷിപ്പ് ഉണ്ട്. തൃശ്ശൂർ ക്ലബ്ബ് പ്രസിഡണ്ട് ഒക്കെ ആയീണ്ട്. എടക്കളത്തൂർ ഇവിടുത്തെ ഊരായ്മ ഉള്ള അമ്പലപരിസരത്തു ആശാന്മാരെ വരുത്തി കഥകളി പഠിപ്പിക്കാൻ ഒരു ശ്രമം ഉണ്ടായി. ആറേഴു വർഷം. വടക്കേടത്തിന്റെ ഇല്ലത്തു വെച്ചായിരുന്നു. പദ്മനാഭൻ, വാസു, പിഷാരോടി എന്നിവരൊക്കെ പഠിപ്പിക്കാൻ വരല് ഒക്കെ ണ്ടായിട്ടുണ്ട്. പഠിപ്പിക്കല് കഴിഞ്ഞാൽ ആശാന്മാരുമായി കൂടും. കളിയെ കുറിച്ചുള്ള സംവാദോം മുദ്ര, ഭാവം അതൊക്കെ കാണിച്ചു വി

''ഹരിദ്വാറ് ല് ഒരുമിച്ച് ഉണ്ടായിട്ടുണ്ട് കുറച്ച് ദിവസം. ഗംഗേല് ഫ്ളഡ് ഒക്കെ ഉണ്ടായപ്പൊ ഞാൻ അവിടെ ഒരു ആശ്രമത്തിൽ തങ്ങല് ഉണ്ടായി. എങ്ങോട്ടും പോവാനോ, ഒന്നും ചെയ്യാനോ പറ്റാതെ 10 ദിവസം. ഗിരീഷ് ഉണ്ടായിരുന്നു അപ്പൊ അവിടെ. കുറച്ച് അടുപ്പം ഉണ്ടായത് ആ ദിവസങ്ങളിലാ. ഭാഷ നന്നായിട്ട് വഴങ്ങും.. മിടുക്കനാ... അത്യാവശ്യം സംസ്കൃതം അറിയാം അതിന്റെ ഒരു ഗുണോം ണ്ട്. ഒടുക്കത്തെ മൂന്നാല് കൊല്ലം ഭാഗ്യവാനായിരുന്നു. ആയുസ്സുണ്ടായില്ല്യ!

വരിച്ചു തരലും.

എന്നോട് അവർക്കൊക്കെ അറിയാംചാലും നളചരിതത്തിനെ കുറിച്ചൊക്കെ ചോയ്ക്കലും രസമായിരുന്നു. പിന്നീട് ഹൈദരാലി ആയിട്ടൊക്കെ നല്ല അടുപ്പം ഉണ്ടായി. അയാളുടെ വാപ്പ ഓട്ടുപാറ കന്നാലി ചന്തേല് കണക്കെഴുത്തോ അങ്ങനെ ന്തോ ണ്ടാർന്നു. എന്റെ ഒരു അഫൻ അന്ന് അവിടെ അടുത്തായിരുന്നു. വടക്കാഞ്ചേരി (അഫൻ.. ഇപ്പോ ഇല്ല്യാ..) ഹൈദരാലിയുടെ വാപ്പയും അഫനും നല്ല സൗഹൃദോം. ഹൈദരാലി മരിക്കുന്നതിന് മുൻപുള്ള അവസാനത്തെ ഓണം ഇവിടെ ഇല്ലത്തായിരുന്നു. കാളനും ഓലനും അവിയലും ഒക്കെ ആയി ഊണ് കഴിക്കണം ന്നു പറഞ്ഞിട്ടേയ്... തിരുവോണത്തിന് വരലും താമസിക്കലും... നമ്പൂരിമാരുടെയും കഥകളികാരുടെയും ഒക്കെ കൂടെയല്ലേ വളർന്നേക്കണെ. നല്ലൊരു കൾച്ചർ ഉണ്ടായിരുന്നു മുസ്‌ലിം ആണ്ച്ചാലും. വളരെ അടുപ്പം ആയിരുന്നു ഹൈദരാലി ആയിട്ട്..

ഗിരീഷിനെ കുറിച്ചും ഹൈദരാലിയെ കുറിച്ചും പറഞ്ഞു. ഇനി അതുപോലെ എഴുത്തുകാരോ കവികളോ സംവിധായകരോ അസാധാരണ പ്രതിഭ എന്നു തോന്നിയ ആരെങ്കിലും?പൂമുള്ളി ആറാം തമ്പുരാൻ. അദ്ദേഹത്തിന്റെ അടുത്തു പോയി നിന്നിട്ടാണ് മാതംഗലീല വശാക്കിയത്. അറിവിന്റെ തമ്പുരാൻ തന്നെ.

''അവിചാരിതമായി കണ്ടുമുട്ടുകയോ ഒരടുപ്പം തോന്നുകയോ ചെയ്തു ചിലരായിട്ട്. പറഞ്ഞു വന്നപ്പൊ അങ്ങനെ ചിലത് പറഞ്ഞൂന്നല്ലാതെ എല്ലാവരുടെയും കഥകളോ നോവലോ കവിതയോ വായിക്കലൊന്നും കാര്യമായിട്ട് ഉണ്ടായിട്ടില്ല. ടി. പത്മനാഭന്റെ കുറെയൊക്കെ വായിച്ചിട്ടുണ്ട്. എംടി ടേം മുകുന്ദന്റേം അധികം ഒന്നും വായിച്ചിട്ടുണ്ട് ന്നു പറഞ്ഞൂടാ. പിന്നെ വി.കെ.എൻ അതുപോലൊരാള് ഇനി ഉണ്ടാവില്യ. ഗംഭീരനാണ്. അദ്ദേഹം ആയിട്ടും നല്ല അടുപ്പം ഉണ്ടായിട്ടുണ്ട്.

ഞാൻ തിരുവില്വാമലക്കു അദ്ദേഹത്തിന്റെ വീട്ടിലേക്കു പോയിട്ടുണ്ട് പല പ്രാവശ്യം. വളരെ അടുപ്പം ആയിരുന്നു. പ്രത്യേക ശൈലിയിൽ തമാശ രൂപേണ ആയിരുന്നെങ്കിലും കറന്റ് പൊളിറ്റിക്സ് ആണ് പറഞ്ഞിരുന്നത്. ''

ബാബുരാജ്, ദേവരാജൻ കാലത്തുള്ള സിനിമ ഗാനം കേൾക്കാൻ ഇഷ്ടം അങ്ങനെ വല്ലതും?

''ഇല്ല്യാ... ക്ലാസിക്കൽ കച്ചേരിക്കു പോവല് ഉണ്ടായിട്ടുണ്ട്. ധാരാളം ന്നന്നെ പറയാം. പയ്യന്നൂർ സ്വാമി കൃഷ്ണാനന്ദ ഭാരതിയുടെ കൊല്ലംതോറുമുള്ള തുരീയം സംഗീതോത്സവം അതിനു പോവാറുണ്ട്. ഹരിപ്രസാദ് ചൗരസ്യ, അംജദ് അലിഖാൻ, ശിവകുമാർ ശർമ തുടങ്ങിയ പ്രമുഖരുടെ പ്രോഗ്രാമും സൗത്ത് ഇന്ത്യൻ കർണാടിക് ലജന്റ്സ് അവരുടെ കച്ചേരി അതൊക്കെ കേൾക്കെണ്ടായിട്ടുണ്ട്. ഇക്കൊല്ലം പയ്യന്നൂർ തുടർച്ചയായി 61 ദിവസം ഒക്കെ ഉണ്ട് ന്നൊക്കെ ഇന്നത്തെ മാതൃഭൂമിയിൽ കണ്ടു. മുൻപ് യാത്രകളും ഉണ്ടായിട്ടുണ്ട് ധാരാളം. ഇപ്പൊ ആരോഗ്യം സമ്മതിക്കുന്നില്ല.

മാടമ്പ് കുഞ്ഞുകുട്ടൻ ഒരു നിരീശ്വരവാദി ആണോ?

''ശരിക്കു പറഞ്ഞാൽ അറിയില്ല..''

ജനനം ഒരു വൈദിക കുടുംബത്തിൽ ആണല്ലോ. എന്നിട്ടെന്താ അറിയില്ല ന്നു പറയണെ?

''ഞാൻ വേദത്തിനെ വിചാരിക്കുന്നത് എങ്ങനെയാ ചാൽ... ഈ പ്രപഞ്ചത്തിൽ മുഴുവൻ നിരന്തരം ഉണ്ടാവേം, ഇല്ല്യാണ്ടാവേം ചെയ്യുന്ന പ്രോസസിൽ



കൂടി കടന്നു പോകുന്ന ഒരു ശക്തി ഉണ്ട്. അത് ഈശ്വരൻ ന്ന് പറയ വയ്യ. ഓരോരുത്തർക്കും ഇഷ്ടത്തിന് അനുസരിച്ച് ഉപാസിക്കാം... അവനവനു പറ്റുന്നപോലെ അത് എങ്ങനെ വേണമെങ്കിലും ആവാം. മൂർത്തി സങ്കല്പത്തിൽ ആവാം അല്ലാതേം ആവാം. പക്ഷെ നാമരൂപമല്ലാത്ത ഒന്നിനെ മനുഷ്യന് ഉപാസിക്കാൻ ബുദ്ധിമുട്ടാ..എളുപ്പല്ല. അതുകൊണ്ട് ഈശ്വരസങ്കല്പം എളുപ്പത്തിനു വേണ്ടി നാമരൂപ സങ്കല്പത്തിൽ വിചാരിക്കുന്നു.

അത്രേള്ളൂ.ഓർമ്മയിൽ എങ്ങനെ ആണ് ഓണക്കാലം?

''അങ്ങനെ ഓർമ്മിച്ചു വെക്കാൻ ഉള്ളതൊന്നും ഇല്ല. എനിക്ക് കുട്ടിക്കാലത്തും കൂട്ടുകാർ കുറവായിരുന്നു. ഇല്ലത്തു ഉത്രാടം മുതൽ ചിലരൊക്കെ വരും. അവിട്ടത്തിന്റെ ന്ന് പോവേം ചെയ്യും. നേന്ത്രപ്പഴം അന്നൊക്കെ ഓണക്കാലത്താ കിട്ട്വാ. ഇപ്പൊ എന്നും ഉണ്ടല്ലോ. ചാണകം മെഴുകി മുക്കുറ്റി മാത്രേ പൂക്കളായിട്ടു ഉണ്ടാവൂള്ളു. ഇന്നത്തെപോലെ മത്സരം ഒന്നും ഇല്ല... പൂക്കളത്തിനും. കുടവയറനും കൊമ്പൻ മീശയും ഒന്നും ഉള്ള ആളല്ല മഹാബലി. അദ്ദേഹത്തിനെ ചവിട്ടി താഴ്ത്തി ന്നൊക്കെ പറയണത് തന്നെ തെറ്റാ. പാതാള ലോകത്ത് മഹാബലിയെ രാജാവായി വാഴിച്ചിട്ടു മഹാവിഷ്ണു അവിടെ കാവൽക്കാരനായി നിന്നു ന്നൊക്കെ കഥേണ്ട്.''

ഇത്രയും കാലത്തിനിടയിൽ വളരെ വേദനിപ്പിച്ച ഏതെങ്കിലും ഒരു സംഭവം ഓർമ്മയിൽ ഉണ്ടോ?

''വല്ലാതെ സന്തോഷിക്കലോ, സങ്കടപ്പെടലോ ഉള്ള ആളല്ല ഞാൻ. എന്തു കാര്യവും വളരെ ലാഘവത്തോടെ എനിക്ക് കാണാൻ പറ്റും ന്നാണ് പറയണത്. ഒന്നിനെക്കുറിച്ചും അമിതമായ ഉത്കണഠയോ ഭയമോ ആശങ്കയോ എന്നെ അലട്ടാറുമില്ല.''

കഴിഞ്ഞകാലം ഒന്നു തിരിഞ്ഞു നോക്കുമ്പോൾ... ചോദ്യം പൂർണ്ണമാവും മുൻപ് തന്നെ മറുപടി: ''പൂർണ്ണ സംതൃപ്തൻ... എവിടെ പോയാലും അത്യാവശ്യം നാലു പേര് അറിയും. എഴുത്തിലൂടെ മോശമല്ലാത്ത വരുമാനം ഉണ്ടായിട്ടുണ്ട്''

പ്രസിദ്ധീകരണത്തിൽ നിന്നു റോയൽറ്റിയും ഉണ്ടാവൂലോ?ഇത്തവണ കുഞ്ഞുകുട്ടേട്ടൻ ചിരിച്ചു; ഒരു ഫലിതം കേട്ടപോലെ.''താൻ വിചാരിക്കുന്ന പോലെ എന്റെ പുസ്തകമൊന്നും അത്ര വിറ്റു പോവൊന്നും ഇല്യാ. ഒന്നും കിട്ടില്ല എന്നല്ല. ഒരുമിച്ചു കുറെ കാശ് കിട്ടലൊക്കെ ഉണ്ടായിട്ടുള്ളത് സിനിമക്ക് വേണ്ടി എഴുതിയപ്പോൾ ആണ്. പുഴയുടെ തീരത്ത് ഞാനൊരു നാലുകെട്ട് പണിയിപ്പിച്ചു. ചെറുതാണെങ്കിലും ഇവിടുന്ന് 32 കിലോമീറ്റർ ദൂരത്തായിരുന്നു. അങ്ങോട്ട് പോവല് പറ്റാണ്ടായപ്പൊ 2 കൊല്ലം മുമ്പ് വിറ്റു. ഒരു മേനോൻ ആണ് വാങ്ങിയത്. ബിസിനസ്സ് കാരനാ.. ലാഭം കിട്ടുമ്പോ അത് മറിച്ച് വിൽക്കും. ഇപ്പൊ ആരുടെ കയ്യിലാണാവോ?മാടമ്പിൽ നിന്ന് ഒരു ദീർഘനിശ്വാസം!

ഒരിക്കൽ ചോദിച്ച ഒരു കാര്യം ഒരിക്കൽ കൂടി: അത്യപൂർവ്വമായ അങ്ങയുടെ പ്രണയം. ചക്കരക്കുട്ടി പാറു'വിനെ പറ്റി എന്തെങ്കിലും?

'ഉവ്വ്... അങ്ങനെ ഉണ്ടായി. കുളത്തിലേക്കു 2 നേരം പോവുമായിരുന്നു. കാണാറുമുണ്ട്. അവൾ വളർന്നു വലുതായി തുടങ്ങിയപ്പോൾ ആണ് ശ്രദ്ധിക്കാൻ തുടങ്ങിയത്. ആ വഴി പോവുമ്പോൾ എല്ലാം എന്റെ തലയിലേക്ക് ഇല കൊഴിച്ചിടും. എന്നോട് ഒരിഷ്ടം ഉണ്ട് എന്ന് മനസ്സിലായപ്പോൾ മുതൽ ചുവപ്പും മഞ്ഞയും പട്ടുപാവാട വാങ്ങി ഉടുപ്പിക്കാറുണ്ട്.''

'കണ്ഠഷി എഴുതിക്കലോ, പൊട്ടു തൊടുവിക്കലോ ഒക്കെ ഉണ്ടായിരുന്നില്ലേ?ആദ്യം മൗനം പിന്നെ വാചാലനായി.

''ജപിച്ച ചരട് കെട്ടിക്കാറുണ്ട്.. വേറെ ആർക്കും അതിനെ ഒന്നു ചാരി ഇരിക്കാൻ പോലും പറ്റില്ല.. ഒരു ജന്തുവും മേത്തു കേറാനും ശ്രമിക്കില്ല.. അത്രക്ക് മുള്ളാണ്.

മുരുക്കു മരം ആണോ ചക്കരക്കുട്ടി പാറു?

''മുരുക്കല്ല ആ ഗണത്തിൽ പെടുമായിരിക്കും. 'മുള്ളൻ അയിനി'

മുള്ളൻ അയിനിക്ക് എന്താ ഇത്ര പ്രത്യേകത. കാണാൻ ഭംഗിയോ, സുഗന്ധമുള്ള പൂക്കളോ മറ്റോ ഉണ്ടോ?

''പൂക്കളോ...അസ്സലായി മറ്റുള്ളവരുടെ കണ്ണിൽ മുള്ളുകൾ മാത്രമുള്ള ഒരു വിരൂപ.. ബലമുള്ള തടിയാ. ആർക്കും അവളെ ഇഷ്ടാവില്യ. എനിക്കിഷ്ടായി.. അവൾക്കെന്നെയും!

മനുഷ്യൻ പ്രകൃതിയെ സ്നേഹിക്കണം, മണ്ണിനെയും മരങ്ങളെയും പ്രണയിക്കണം എന്ന നിശ്ശബ്ദമായ ആഹ്വാനം.

ഈശാന കോണിൽ ഒരു ഇടി മുഴങ്ങി... എന്റെ മനസ്സിൽ ഒരു മിന്നലും...

മനസ്സിലാക്കാൻ പറ്റാത്ത വ്യക്തിത്വത്തിന് മുന്നിൽ എനിക്ക് ഇനി ചോദിക്കാൻ ഒന്നുമില്ലാത്ത പോലെ. ''ഇനി താൻ പോയ്ക്കോളൂ.. മഴക്കോളുണ്ട്..''

നനയണ്ട ന്നു വിചാരിച്ചിട്ടാ അങ്ങനെ പറഞ്ഞത്. ചിലപ്പൊ നമുക്ക് തോന്നും ഈ മനുഷ്യൻ പരുക്കനാണെന്ന്. പക്ഷെ അല്ല. ഇറങ്ങും മുൻപ് അദ്ദേഹത്തിന്റെ പാദം തൊട്ടു ഒന്നു വന്ദിച്ചു. നിറുകയിൽ മാടമ്പിന്റെ തണുത്ത വിരൽ സ്പർശം.

മുറ്റത്തേക്കിറങ്ങുമ്പോൾ പശു എന്നെ നോക്കിയില്ല. മഴ ചാറി തുടങ്ങിയിരുന്നു. കുളക്കരയിൽ നിന്നു മാടമ്പിന്റെ ചക്കരക്കുട്ടി എന്നെ അസൂയയോടെ നോക്കുന്നുണ്ട്. മുള്ളുള്ള കണ്ണുകളോടെ.

രണ്ടു വർഷത്തോളമായി കുളക്കരയിലേക്കു വരാത്ത തന്റെ പ്രിയനെ ഒന്നടുത്ത് കാണാൻ പോലും കഴിയാത്ത പാറുവിന്റെ സങ്കടം എനിക്കൂഹിക്കാം.

ചാറ്റൽ മഴ നനഞ്ഞു ഞാൻ വീട്ടിലെത്തിയിട്ടും എന്റെ മനസ്സ് ഒരു കുഞ്ഞു നെയ്യുറുമ്പായി മാടമ്പിന്റെ ചുറ്റും അരിച്ചുനടന്നു.

❐

കവിത

# വിളക്കു കൊളുത്തൂ വിളക്കു കൊളുത്തൂ



സാവിത്രി രാജീവൻ

പനിയുടെ മെലിഞ്ഞ ചരടിൽ പിടിച്ച്
പതുക്കെ നടന്നു വരികയായിരുന്നു അത്
മേൽപ്പുതപ്പോ മറക്കുടയോ
കാൽച്ചിലമ്പൊച്ചയോ ഇല്ലാതെ

പുലർകാലത്ത്
ഉദിച്ചുനിന്ന ചന്ദ്രനും
മരക്കൊമ്പിലിരുന്നു
തനിയെ മൂളുന്ന കൂമനും
ആ വരവു കണ്ടു.

ചന്ദ്രൻ തന്റെ തിളങ്ങുന്ന കൈ
ജനൽക്കമ്പികൾക്കിടയിലൂടെ നീട്ടി
ഉറങ്ങാതിരുന്ന അമ്മയെ തൊട്ടു
അപ്പോൾ
ഇന്ന് വെളുത്ത വാവല്ലേ എന്നും
നിലാവെളിച്ചം വല്ലാതെ
തണുത്തിരിക്കുന്നല്ലോ എന്നും
അമ്മ എന്റെ നേരെ ഉള്ളംകൈ
വിടർത്തി...

പനിയുടെ മഞ്ഞച്ച ചരടിൽ തെരുപ്പിടിച്ച്
വാതിൽക്കൽ നിൽക്കുകയായിരുന്നു
അപ്പോളത്
അഴിച്ചിട്ട പിംഗളകേശമോ
രൂപമോ മണമോ നിറമോ ഇല്ലാതെ

അമ്പലത്തിൽ നിന്നുള്ള
സുപ്രഭാതഭേരിയും
പള്ളിയിൽ നിന്നുള്ള വാങ്കുവിളിയും
തുടങ്ങുതിനു മുൻപേ
അമ്മയെ ഉണർത്താനായി
ജനലരികിൽ രാപ്പക്ഷികൾ വന്നു,
എന്നുമെന്നപോലെ

വിളക്കു കൊളുത്തൂ... വിളക്കു കൊളുത്തൂ
എന്ന് തിടുക്കം കൂട്ടി ഈണത്തിൽ പറഞ്ഞു

ഈശ്വരന്മാർ പള്ളിയറയിൽ ഇരുട്ടത്തു നിന്നു
ആ തക്കത്തിലാണ്
നിഴൽപോലുമില്ലാത്ത കാറ്റായി
പനിക്കൊപ്പം അതകത്തേക്ക് കടന്നത്
ആ നേരമാണ്
തിരി തെളിക്കാനായി
അമ്മയെത്തുന്നതും കാത്തുനിന്ന
ദൈവങ്ങളും



മണ്ണും വെള്ളവും കാറ്റും
മരങ്ങളും കിളികളും മനുഷ്യരും
വർഷവും തിഥിയും ഋതുക്കളുമായുള്ള
അമ്മയുടെ പൊക്കിൾക്കൊടിക്കെട്ട്
പെറ്റുവീണ കുഞ്ഞിന്റേയെന്നവണ്ണം
ക്ഷണത്തിൽ അതറുത്തത്,
ഒരൊച്ചയും കേൾപ്പിക്കാതെ.

അക്ഷണം തന്നെയാണ്
വിളക്കു കൊളുത്തൂ... വിളക്കു കൊളുത്തൂ എന്ന്
ജനൽപ്പടിയിൽ വന്നുപോയ
ചെറുകിളിയെപ്പോലെ
അമ്മ എന്നോടു ചൊല്ലിയതും

❐

# തൃക്കാക്കരപ്പന്റെ തന്ത്രി



പ്രശാന്ത് നമ്പൂതിരിപ്പാടും കുടുംബവും



**ജയൻ പഴങ്ങോട്ടുപൊറ്റ**

എപ്രകാരമാണോ ഓണം ഐതിഹ്യങ്ങളാലും ചരിത്രപെരുമകളാലും പഴമകളാലും ഇഴ പിരിഞ്ഞ് കിടക്കുന്നത്, അതേപോലെ തന്നെയാണ് ഈ ഇല്ലത്തിനെക്കുറിച്ചുള്ള ഐതിഹ്യവും പെരുമകളും. തിരുവോണത്തിൻനാൾ മഹാബലി പാതാളത്തിൽ നിന്ന് വെറുതെയങ്ങ് വരിയകയല്ല. ഈ മനയിലെ പുരുഷ പ്രജകൾക്കാണ് മാവേലിയെ എഴുന്നള്ളിച്ച് കൊണ്ടുവരാനുള്ള ഭാഗ്യം സിദ്ധിച്ചത്.

വാമനന്റെ കാൽപ്പാദം പതിഞ്ഞ മണ്ണ് എന്ന നിലയിലാണ് തൃക്കാൽക്കരയെന്ന പേര് വന്നത്

തിരുവോണത്തിൻനാൾ മഹാബലിയെ എഴുന്നള്ളിക്കാനുള്ള അവകാശവും ഈ മനക്കാർക്ക്

തിരുവോണത്തിന് ഇവിടെ വാമനമൂർത്തിയെ മാത്രമല്ല മഹാബലിയെയും ആദരിച്ചു പൂജിക്കുന്നു .

സോപാനത്തിൽ നിന്ന് ഏകദേശം മുപ്പത് അടിയോളം ദൂരം വിഗ്രഹത്തിലേക്കുണ്ട്

പൂർണത്രയീശന്റെ ദിവസത്തിലെ ആദ്യ പൂജ ചെയ്യേണ്ടതും പുലിയന്നൂർ മനക്കാർ

പുലിയന്നൂരിലെ നമ്പൂതിരിമാർക്ക് വേളി കഴിക്കണമെങ്കിൽ പൂർണത്രയീശന്റെ അനുവാദം കൂടി വേണം.

കുട്ടികൾ ചുടുന്ന മണ്ണപ്പം പോലെ ഒരു ദേവൻ! അതേ , തൃക്കാക്കരപ്പൻ. ഓണത്തിന്റെ ഉപാസനാമൂർത്തി. സ്വന്തം കൈ കൊണ്ട് ഉണ്ടാക്കാം. ശില്പി വേണ്ട. പലകയിലോ നാക്കിലയിലോ കുടിയിരുത്താം. തന്ത്രി വേണ്ട. ശ്രീലകത്തോ പള്ളിയറയിലോ അല്ല ഇല്ലത്തിന്റെ നടുമുറ്റത്താണ് സ്ഥാനം. വല്ലാത്തൊരു ദേവൻ.

ഏതൊരു കുട്ടിക്കും കൗതുകം തോന്നുന്ന ഒരു ദേവനാണ് തൃക്കാക്കരപ്പൻ. ആ ദേവന്റെ ആസ്ഥാനം തൃക്കാക്കരയാണെന്നറിയാം. എന്നാൽ ഇന്നു വരെ അവിടെ പോയിട്ടില്ല. എന്താവും തൃക്കാക്കരപ്പന്റെ മന്ത്രം? എന്തൊക്കെയാവും അവിടത്തെ പൂജയുടെ പ്രത്യേകതകൾ. അവിടെയും മണ്ണിൽ തന്നെയാണോ വിഗ്രഹം?

തൃക്കാക്കരപ്പന്റെ തന്ത്രിയെക്കാണാൻ പുലിയന്നൂരിലേക്ക് പോവുമ്പോൾ മനസ്സ് ഇമ്മാതിരി കൗതുകങ്ങൾ കൊണ്ട് നിറഞ്ഞു. ഭഗവാൻ വിഷ്ണു വാമനമൂർത്തിയായി അവതരിച്ചത് തൃക്കാക്കരയിലാണ്. അവിടത്തെ തേവരുടെ തന്ത്രിമാർ ആണ് പുലിയന്നൂർ മനക്കാർ. ദേവനെയും തൊഴാം . തന്ത്രിമാരെയും കാണാം. ഇതായിരുന്നു ലക്ഷ്യം.

തൃപ്പൂണിത്തുറയിലാണ് പുലിയന്നൂർ മന.

തൃക്കാക്കരതേവരുമായി നാഭിനാളബന്ധമുള്ള ഒരില്ലം.

എപ്രകാരമാണോ ഓണം ഐതിഹ്യങ്ങളാലും ചരിത്രപെരുമകളാലും പഴമകളാലും ഇഴ പിരിഞ്ഞ് കിടക്കുന്നത്, അതേപോലെ തന്നെയാണ് ഈ ഇല്ലത്തിനെക്കുറിച്ചുള്ള ഐതിഹ്യവും പെരുമകളും. തിരുവോണത്തിൻനാൾ മഹാബലി പാതാളത്തിൽ നിന്ന് വെറുതെയങ്ങ് വരിയകയല്ല. ഈ മനയിലെ പുരുഷ പ്രജകൾക്കാണ് മാവേലിയെ എഴുന്നള്ളിച്ച് കൊണ്ടുവരാനുള്ള ഭാഗ്യം സിദ്ധിച്ചത്.

മഹാബലിക്കു ശേഷമുള്ള രാജഭരണ കാലത്തും അതിനുശേഷം ജനാധിപത്യ വ്യവസ്ഥയിലും തൃക്കാക്കര ക്ഷേത്രവും



തൃപ്പൂണിത്തുറ അത്തച്ചമയാഘോഷവും ഒന്നിനൊന്ന് ബന്ധപ്പെട്ടു കിടക്കുന്നു.

ഒരേസമയം വാമന മൂർത്തയെയും മഹാബലിയെയും ആദരിച്ചു പൂജിക്കുന്ന അപൂർവ്വ സുദിനം കൂടിയാണ് ചിങ്ങമാസത്തിലെ തിരുവോണം. തൃക്കാക്കര ക്ഷേത്രത്തിൽ അത്തം തൊട്ട് കൊടിയേറുന്ന പത്തു ദിവസത്തെ ഉത്സവത്തിന് ആചാര്യ സ്ഥാനം വഹിക്കുന്നതാകട്ടെ പുലിയന്നൂർ മനക്കാരും.

നൂറ്റാണ്ടുകൾ പഴക്കമുള്ള നാലുകെട്ട്. നാലുകെട്ടിനകത്ത് മനയുടെ ഐശ്വര്യമായ നടുമുറ്റത്തമ്മ. ഭദ്രകാളി സ്വരൂപത്തിലുള്ള ദേവി ചൈതന്യമാണിത്. നിത്യവും ഉപാസിക്കുന്ന ഹരി നമ്പൂതിരിപ്പാട് അത്യധിക സന്തോഷത്തോടെ തൃക്കാക്കര തേവരെയും ഇല്ലത്തെയും കുറിച്ച് പറയുന്നതിങ്ങനെ:

''പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ട സന്താനഗോപാല കഥയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു ഈ മന. സന്താനഗോപാല കഥയിലെ ബ്രാഹ്മണനോട് പത്താമത്തെ ഉണ്ണിയെ താൻ രക്ഷിച്ചുകൊള്ളാമെന്ന് വാക്ക് കൊടുത്തു. അതിനായില്ലെങ്കിൽ താൻ ആത്മഹത്യ ചെയ്യുമെന്നു കൂടി അർജ്ജുനൻ പ്രതിജ്ഞയെടുത്തു. സർവ്വസുരക്ഷയുമൊരുക്കി, പക്ഷേ ഉണ്ണിയുടെ ശരീരം തന്നെ കാണാതായി. പ്രതിജ്ഞ പാലിക്കാനായി അഗ്നികുണ്ഡം ഒരുക്കി. ആത്മഹത്യക്കൊരുങ്ങിയ അർജ്ജുനനെ കൃഷ്ണൻ പിന്തിരിപ്പിക്കുകയും വൈകുണ്ഠത്തിൽ നിന്ന് ഉണ്ണികളെ തിരിച്ചേൽപ്പിക്കുകയും ചെയ്തു. ജയവിജയൻമാർ വൈകുണ്ഠത്തിൽ നിന്ന് കൊണ്ടുവന്ന രണ്ട് വിഗ്രഹങ്ങളിൽ ഒന്ന് ഈ കഥയിലെ ബ്രാഹ്മണ ഗൃഹമായ പുലിയന്നൂർ മനയുടെ സമീപത്തും (മുതുകുളങ്ങര സന്താനഗോപാലക്ഷേത്രം) രണ്ടാമത്തേ

*കാവുങ്ങൽ മംഗലശ്ശേരി മനയിലെ ശ്രീദേവി - തൃപ്പൂണിത്തുറ പുലിയന്നൂർ മനയിലെ ഉദയൻ നമ്പൂതിരിപ്പാടിന്റെയും പുത്രൻ തന്ത്രരത്നം പ്രസാദ് നമ്പൂതിരിപ്പാടിന്റെ ഉണ്ണി ബ്രഹ്മശ്രീ ഉദയ് നാരായണൻ നമ്പൂതിരിപ്പാട് താന്ത്രിക പൂജാ രംഗത്തേക്ക് പ്രവേശിക്കുന്നു.. ഏഴാം ക്ലാസിലാണ് ഇപ്പോൾ പഠിക്കുന്നത്. അവിടെത്തെ പാരമ്പര്യമനുസരിച്ച് എത്രയോ തലമുറകൾക്കപ്പുറം കോട്ടയം മനയത്താറ്റ് എന്ന ഗൃഹത്തിൽ നിന്നും പുലിയന്നൂരിൽ വേളി കഴിച്ച് എത്തിയവരുടെ പിന്മുറക്കാരാണ് നിലവിലെ പുലിയന്നൂർ ഈ രണ്ട് ഇല്ലക്കാരും പത്ത് പുലക്കാരും ആണ്. അതിനാൽ തന്നെ മനയത്തറ്റ പരദേവതയായ വെച്ചൂരപ്പനെ പൂജിച്ചേ പുലിയന്നൂർ ഇല്ലക്കാർ മറ്റു പൂജ പതിവുള്ളൂ. ആ സുവർണ്ണനിമിഷങ്ങൾ...*





*തൃക്കാക്കര ഉത്സവം*



*അത്തച്ചമയം*

ത് തൃപ്പൂണിത്തുറയിലും പ്രതിഷ്ഠിച്ചു എന്നാണ് ഐതിഹ്യം. രണ്ടിടത്തും അർജ്ജുന പ്രതിഷ്ഠയായാണ് സങ്കല്പം. തൃപ്പൂണിത്തറ ശ്രീ പൂർണത്രയീശന്റെ ദിവസത്തിലെ ആദ്യ പൂജ പുലിയന്നൂർ മനയിലെ ഗൃഹസ്ഥരിൽ ഒരാൾ തന്നെ ചെയ്യണമെന്ന പ്രത്യേകത ഇന്നും പാലിക്കുന്നു.''

വേറെയുമുണ്ട് ചില പ്രത്യേകതകൾ. മനയിലെ നമ്പൂതിരിമാർക്ക് വേളി കഴിക്കണമെങ്കിൽ ജാതകചേർച്ച മാത്രം പോരാ. പിന്നെയോ

പൂർണത്രയീശന്റെ അനുവാദം വേണം. തനിക്ക് മാത്രം ഇഷ്ടമായാൽപ്പോരാ ദേവനും ഇഷ്ടമാവണമെന്നർത്ഥം. ഇതുപോലുള്ള അപൂർവതകളുണ്ട് ഇവിടെ.

ഐതിഹ്യപ്പെരുമയിലെ മറ്റൊന്ന് ഇങ്ങനെ.

''കേരളത്തിനു വടക്ക് കണ്ണൂരിലെ ചീമേനിയിൽ നിന്ന് ജേഷ്ഠാനുജൻമാരായ രണ്ട് ബ്രാഹ്മണരെ പറവൂർ രാജാവ് ക്ഷണിച്ചു വരുത്തി. ഇവരിൽ ഒരാളെ തൃപ്പൂണിത്തുറയിലേക്ക് എത്തിച്ചു. ഇതാണ് പുലിയന്നൂർ എന്ന പേരിന്റെ തുടക്കം. അദ്ദേഹത്തിന്റെ വംശപരമ്പരയാണ് പുലിയന്നൂർ മന. കാല പ്രവാഹത്തിൽ ഈ തറവാട്ടിൽ സന്തതികളില്ലാതെ വരികയും പിന്നീട് കോട്ടയത്തെ പ്രസിദ്ധമായ തന്ത്രി ഗൃഹമായ മനയത്താറ്റ് നിന്നും ഒരാൾ ഈ മനയിലേക്ക് വിവാഹം കഴിക്കുകയും അങ്ങനെ ഈ ഇല്ലത്തിലേക്ക് ലയിക്കുകയും ചെയ്തു, പക്ഷെ ഇല്ലപ്പേര് മാറുകയുണ്ടായില്ല. പത്തു പുലക്കാരായ മനയത്താറ്റെ പരമ്പരയായതിനാൽ സമവാർത്തനം കഴിഞ്ഞ് പൂജ പഠിച്ചാൽ ആദ്യം മനയത്താറ്റെ പരദേവതയായ വെച്ചൂരപ്പനെ പൂജിക്കണം.'' ഇതിനായുള്ള ഒരുക്കത്തിലാണ് ബ്രഹ്മശ്രീ പ്രസാദ് നമ്പൂതിരിപ്പാട് ആര്യ ദമ്പതികളുടെ പുത്രൻ ഉദയ് നാരായണൻ. ഏഴാം ക്ലാസിലാണ് ഈ ഉണ്ണി.

ഇവിടുത്തെ പൂജാദികാര്യങ്ങൾക്കും ഒട്ടേറെ പ്രത്യേകതയുണ്ടെന്ന് കോഴിക്കോട് വാഴാമ്പറ്റ ഇല്ലത്തെ മഹളും ഹരിനമ്പൂതിരിപ്പാടിന്റെ സഹധർമ്മിണിയുമായ ഷീജ അന്തർജ്ജനം പറയുന്നത്.

''എന്നും രാവിലെ അന്തർജ്ജനങ്ങൾ നിവേദിച്ചതിന് ശേഷമേ നമ്പൂതിരിമാർ ഇവിടെ ഭഗവതിക്ക് പൂജ പതിവുള്ളൂ, അതിന്നും തുടരുന്നു. പിറന്നാൾ, തിരുവാതിര, ഓണക്കാലം, തിരുവോണം തുടങ്ങി വിശേഷ ദിനങ്ങളിൽ ചെയ്ത് വരാറുള്ള എല്ലാ പൂജാദി കാര്യങ്ങളും ഇന്നും അതിന്റെ തനിമ ചോരാതെ തന്നെ തുടർന്ന് വരുന്നു. ''

നിത്യേനയുള്ളതിനാലും വിശേഷദിനങ്ങൾക്ക് ആയാലും എന്തിനും ഇവിടെ ഒരു ചിട്ട ഉണ്ടായിരുന്നു. ഏതൊക്കെ, എത്രയൊക്കെ എടുക്കണം എന്നതിന് ഒരു കൃത്യതയുണ്ടായിരുന്നു. അക്കാലങ്ങളിൽ ദിവസവും ഒരുപറ അരിയുടെ ചോറ് വയ്ക്കാത്ത ദിനങ്ങൾ കുറവായിരുന്നു.

മലപ്പുറം ജില്ലയിലെ രണ്ട് പ്രസിദ്ധ ഇല്ലങ്ങളായ പുല്ലൂർ മന, കാവുങ്ങൽ മംഗലശ്ശേരി മന എന്നിവിടങ്ങളിൽ നിന്നാണ് പുലിയന്നൂർ മനയിലെ ജ്യേഷ്ഠാനുജന്മാർ വേളി കഴിച്ചത്.

1960കളിൽ പുല്ലൂർ മനയിൽ നിന്നും ഇവിടെ എത്തിയ ശ്രീദേവി അന്തർജ്ജനം പറയുന്നു:

''കുട്ടിക്കാലത്ത് കർക്കിടകത്തിലെ തിരുവോണത്തിന് തുടങ്ങി നീണ്ടുനിൽക്കുന്ന ഓണാഘോഷം അവസാനിക്കുന്നത് കന്നിയിലെ ആയില്യം മകത്തോടെയാണ്. അത്തം തുടങ്ങി മുറ്റത്ത് അണിയാൻ തുടങ്ങുന്നു. അന്നും ഇന്നും പതിവുതെറ്റാതെ തിരുവോണപ്പുലരിയിൽ അതിരാവിലെ കുളിച്ചുവന്ന് നടുമുറ്റത്തോ മുറ്റത്തോ അരിപ്പൊടി കൊണ്ട് കമനീയമായി അണിഞ്ഞ് മണ്ണ് കൊണ്ടുണ്ടാക്കിയ തൃക്കാക്കരയപ്പനെ പീഠത്തിലേക്ക് അവരോധിക്കുന്നു. മറ്റ് പൂജകൾക്കെന്നപോലെ പൂവും ചന്ദനവും ചാർത്തി ശൈവസങ്കല്പത്തിൽ പൂജിച്ച് ഇരുത്തി പൂവട, അവിൽ, മലർ,

തൃക്കാക്കരയിലെ പ്രധാന പ്രതിഷ്ഠ മഹാവിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമായ വാമന മൂർത്തിയാണ്. മഹാബലി മൂന്ന് അടി മണ്ണ് ദാനം ചെയ്തതിന് അദ്ദേഹത്തെ അനുഗ്രഹിക്കുന്ന ഭാവമാണ് ഭഗവാന്. വൃത്താകൃതിയിൽ ചെമ്പ് പൊതിഞ്ഞ മേൽക്കൂരയിൽ സ്വർണ്ണതാഴികക്കുടങ്ങളുണ്ട്. ശ്രീകോവിലിനകത്ത് അഞ്ചോളം മുറികളുള്ളതിനാൽ സോപാനത്തുനിന്നും ഏകദേശം മുപ്പത് അടിയോളം ദൂരം വിഗ്രഹത്തിലേക്കുണ്ട്. ഇത്രയും ദൂരത്തുള്ള പ്രതിഷ്ഠയും അപൂർവ്വമാണ്.



*ഉമാദേവി അന്തർജ്ജനം*



*ഹരി നമ്പൂതിരിപ്പാട്*

ശർക്കര, പഴം എന്നിവ നിവേദിക്കുന്നു. ഇതിന് തുമ്പപ്പൂവ് അതി വിശേഷമാണ്. മുത്തശ്ശിമാരാണ് ഇതെല്ലാം ചെയ്യുന്നതെന്ന പ്രത്യേകത കൂടിയുണ്ട്. തിരുവോണം കഴിഞ്ഞ് നല്ല ശുഭനക്ഷത്രം ഉള്ള ദിവസം മാത്രമേ ഇത് എടുത്ത് മാറ്റാറുള്ളൂ. മണ്ണ് കൊണ്ട് ഉണ്ടാക്കിയ തൃക്കാരക്കരയപ്പനെ പൂജിച്ചിരുന്നിടത്ത് നിന്ന് തൃക്കാക്കരതേവരുടെ തന്ത്രി ഗൃഹത്തിലേക്കുള്ള കുടിവെപ്പ് അപൂർവ്വ സൗഭാഗ്യമായി ഈ റിട്ടയേഡ് അധ്യാപിക കരുതുന്നു. ഓണക്കാലത്ത് മച്ചിനകത്ത് കെട്ടിത്തൂക്കിയിരിക്കുന്ന വെള്ളരി, കമ്പളം, മത്തൻ എന്നിവയിൽ നിന്നും ഓരോന്നിനെ നോക്കിനോക്കിയെടുക്കാൻ നിഷ്കർഷിച്ചിരുന്ന മുത്തശ്ശിയേയും ടീച്ചർ ഓർത്തു. ഓരോ കുലത്തൊഴിൽ ചെയ്തിരുന്നവർ അവരുടെ ഉല്പന്നങ്ങളായ ഓണക്കാഴ്ചകളുമായി എത്തിയിരുന്നതും അവർക്കെല്ലാം മുത്തശ്ശനും മറ്റും ഓണക്കോടികളും അരി തുടങ്ങിയവയും നൽകിയിരുന്നത് ഓർക്കുമ്പോൾ ടീച്ചറുടെ കണ്ണിൽ വിരിയുന്നത് അത്രയേറെ ആനന്ദമാണ്. ഗ്രാമീണാന്തരീക്ഷത്തിൽ നിന്നും നഗരത്തിലേക്കുള്ള പ്രയാണത്തിൽ ചിലമാറ്റങ്ങൾ ഒഴിച്ചാൽ മറ്റെല്ലാ ഓണത്തനിമകളും ഇവിടെയും ഉണ്ടായിരുന്നു.''

മനയിലെ മുതിർന്ന അംഗവും തൃക്കാക്കര ക്ഷേത്രത്തിലെ തന്ത്രിയുമായ വാസുദേവൻ നമ്പൂതിരിപ്പാട് :

''ഇവിടെ പ്രധാന പ്രതിഷ്ഠ മഹാവിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമായ വാമന മൂർത്തിയാണ്. മഹാബലി മൂന്ന് അടി മണ്ണ് ദാനം ചെയ്തതിന് അദ്ദേഹത്തെ അനുഗ്രഹിക്കുന്ന ഭാവമാണ് ഭഗവാന്. വൃത്താകൃതിയിൽ ചെമ്പ് പൊതിഞ്ഞ മേൽക്കൂരയിൽ സ്വർണ്ണതാഴികക്കുടങ്ങളുണ്ട്. ശ്രീകോവിലിനകത്ത് അഞ്ചോളം മുറികളുള്ളതിനാൽ സോപാനത്തുനിന്നും ഏകദേശം മുപ്പത് അടിയോളം ദൂരം വിഗ്രഹത്തിലേക്കുണ്ട്. ഇത്രയും ദൂരത്തുള്ള പ്രതിഷ്ഠയും അപൂർവ്വമാണ്. ഇതാണ് ഇവിടത്തെ ഏറ്റവും പ്രകടമായ വ്യത്യാസം. ''

ശ്രീകോവിലിന്റെ പുറം ചുമരുകൾ ചുമർച്ചിത്രങ്ങളാൽ സമ്പന്നം. നാലടിയോളം ഉയരമുള്ള അഞ്ജനശ്ശിലാ വിഗ്രഹം. കിഴക്കോട്ട് ദർശനമായാണ് തൃക്കാക്കരയപ്പന്റ പ്രതിഷ്ഠ. വാമനമൂർത്തി ഭാവമാണെങ്കിലും വിഗ്രഹം ശംഖ് ചക്രം ഗദ പത്മ ധാരിയായ ചതുർബാഹു വിഷ്ണു ഭഗവാന്റേതാണ്. ചിങ്ങത്തിൽ അത്തം തൊട്ട് പത്ത് ദിവസത്തെ ഉത്സവം കൊടിയേറി തിരുവോണത്തിന്റെ അന്ന് വൈകിട്ട് ആറാട്ടോടെ സമാപിക്കുന്നു. നിത്യേന അഞ്ച് പൂജയും മൂന്ന് ശീവേലികളും . എല്ലാമാസവും തിരുവോണ ദിവസം തന്ത്രി പൂജയും പ്രസാദ ഊട്ടും.

പാൽപ്പായസം, ഉദയാസ്തമനപൂജ, കളകാഭിഷേകം, തുളസീമാല എന്നിവയാണ് പ്രധാന വഴിപാട്. ക്ഷേത്രത്തിലെ പ്രധാന ഉത്സവം പണ്ട്കാലത്ത് കർക്കിടകത്തിലെ തിരുവോണം തുടങ്ങി 28 ദിവസം നീണ്ടുനിൽക്കുന്ന അതിവിശേഷ ചടങ്ങായിരുന്നു. എന്നാൽ കാലക്രമേണ ഇത് ചുരുങ്ങി പത്ത് ദിവസമായി. എന്നാലും ആചാരാനുഷ്ഠാനങ്ങൾക്ക് ഒരുമാറ്റവും വരുത്തിയിട്ടില്ല. കൊടിയേറ്റത്തിന് തൊട്ടുമുൻപുള്ള ദിവസങ്ങളിൽ വിവിധ ശുദ്ധിക്രിയകൾ നടത്തുന്നു. അത്തനാളിലെ ശുഭമുഹൂർത്തത്തിൽ ഗരുഡാങ്കിതമായ ചെമ്പ് കൊടിമരത്തിൽ കൊടിയുയർത്തുന്നതോടെ ഉത്സവം തുടങ്ങുന്നു. തൃപ്പൂണിത്തറയിൽ ഇതിനോടനുബന്ധിച്ച് നടത്തപ്പെടുന്ന പരിപാടിയാണ് അത്തച്ചമയം. ഇതിനുള്ള കൊടി കൊണ്ടുവരുന്നതും തൃക്കാക്കരയിൽ നിന്നാണ്. പണ്ടുകാലത്ത് കൊച്ചിമഹാരാജാവ് തൃപ്പൂണിത്തറയിൽ നിന്ന് എല്ലാ അലങ്കാരങ്ങളോടും കൂടി എഴുന്നള്ളി വന്ന് തൃക്കാക്കര തേവരെ വണങ്ങി കൊടി വാങ്ങിക്കൊണ്ട് പോകുന്ന ചടങ്ങുകൾ നടന്നിരുന്നു. ഇന്നും ചെറിയ ചെറിയ മാറ്റങ്ങളോടെ വിവിധ പരിപാടികളോടെ സർക്കാറിന്റെ നേതൃത്വത്തിൽ തൃപ്പൂണിത്തറ അത്തച്ചമയ ഘോഷയാത്ര ജനകീയ പങ്കാളിത്തത്തോടെ സമുചിതമായി ആഘോഷിക്കുന്നു.

കൊടിയേറ്റം കഴിഞ്ഞാൽ തൃക്കാക്കര ഭൂലോകവൈകുണ്ഠം തന്നെയാണ്. വിശേഷാൽ ശീവേലി ശ്രീഭൂതബലി ദശാവതാരം കളഭച്ചാർത്ത് തുടങ്ങി പ്രത്യേക ചടങ്ങുകൾ പതിവുണ്ട്. പത്ത് ദിവസങ്ങളിൽ വിഗ്രഹത്തിൽ ഭഗവാൻ പത്ത് അവതാരങ്ങളുടെ രൂപത്തിൽ ചന്ദനചർച്ചിത രൂപത്തിൽ പ്രശോഭിക്കുന്നു. അഞ്ചാം നാളിലെ വാമനമൂർത്തി ദർശനം അതിവിശേഷമാണ്. എട്ടാം നാളിൽ ക്ഷേത്രത്തിൽ ഉത്സവബലിയും വടന്നുവരുന്നു. ഒൻപതാം ദിനം ഉത്രാടം നാളിൽ ഒൻപത് കരിവീരൻമാർ അണിനിരന്നുള്ള പകൽപ്പൂരവും തൃക്കാക്കര തിരുമുൽക്കാഴ്ച സമർപ്പണവും ലോകപ്രസിദ്ധമാണ്. അന്ന് രാത്രിയാണ് പള്ളിവേട്ട. പത്താംനാളിൽ വാമനമൂർത്തിയുടെ തിരുന്നാൾ കൂടിയായ തിരുവോണം. അന്ന് രാവിലെ എല്ലാ താന്ത്രികചടങ്ങുകൾക്കും ശേഷം മഹാബലി തിരുമനസ്സിന്റെ ആസ്ഥാനമണ്പമെന്ന് കരുതുന്നിടത്ത് നിന്ന് സർവ്വാദരങ്ങളോടെ വാദ്യഘോഷങ്ങളോടെ ആനയിക്കുന്ന ചടങ്ങ് ഇന്നും പ്രൗഢിയോടെ പരമ്പരാഗത രീതിയിൽ കൊണ്ടാടുന്നു. രണ്ടാമത്തെ പ്രധാന പ്രതിഷ്ഠയായ ശിവക്ഷേത്രത്തിന് തൊട്ടുമുമ്പിലാണ് മഹാബലിയുടെ സിംഹാസന തറയുള്ളത്. ശിവക്ഷേത്രത്തിൽ തൊഴുതിട്ടുവേണം വാമനക്ഷേത്രത്തിലേക്ക് വരാനെന്നാണ് ഇവിടുത്തെ ആചാരം. മഹാബലി വലിയൊരു ശിവഭക്തനായിരുന്നു എന്നാണ് വിശ്വാസം. ഈ വിഗ്രഹം അദ്ദേഹം പൂജിച്ചിരുന്നതാണെന്നും വിശ്വസിക്കുന്നു. ഉച്ചക്ക് പ്രസാദ ഊട്ടിനായി വിദൂരസ്ഥലങ്ങളിൽ നിന്നുപോലും പതിനായിരങ്ങൾ എത്തിച്ചേരുന്നു. വൈകിട്ട് ആറാട്ടോടെ ചടങ്ങ് അവസാനിക്കുന്നു.

വാമനന്റെ കാൽപ്പാദം പതിഞ്ഞ മണ്ണ് എന്ന നിലയിലാണ് തൃക്കാൽക്കര ഉണ്ടായതെന്നും പിന്നീട് അത് തൃക്കാക്കരയായി ലോപിച്ചുവെന്നും പറയുന്നു. അത്തരത്തിൽ നോക്കുമ്പോൾ മഹാബലിയുടെ ആസ്ഥാനം ഇവിടെ ഉണ്ടായിരുന്നെന്ന് ഉറപ്പിക്കാം. അതായത് ഒരേസമയം വാമനമൂർത്തിയെയും മഹാബലിയെയും ഒരേപോലെ പൂജിക്കുന്ന അതി വിശേഷസ്ഥാനം കൂടിയാണ് ഇവിടെ. മറ്റെങ്ങും കാണാത്തൊരു പ്രത്യേകത ബ്രഹ്മരക്ഷസ്സിന് ശ്രീകോവിലോടുകൂടിയ സ്ഥാനമുണ്ടെന്നാണ്.

കൊച്ചി ദേവസ്വം ബോർഡിൽ എഞ്ചിനീയറായ പ്രശാന്ത് നമ്പൂതിരിപ്പാട് അറിയപ്പെടുന്നത് ഇവിടത്തെ തന്ത്രിയെന്ന നിലക്കാണ്. അധ്യാപകനായിരുന്നാലും പ്രസാദ് നമ്പൂതിരിപ്പാട് തന്ത്രരത്നമാണ്. ഇങ്ങേ അറ്റത്ത് വെച്ചൂരപ്പനെ പൂജിച്ച് ഈ വംശപരമ്പരയിലേക്ക് കടന്നുവരുന്ന ഉദയ് നാരായണൻ നമ്പൂതിരിപ്പാടും ഇവിടുത്തെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നു. ❐



# ഒളപ്പമണ്ണയിലെ ഓണത്തരങ്ങൾ

വിദ്യ പി.എം.

**ഓണക്കാലത്ത് മാത്രമേ നേന്ത്രപ്പഴം കിട്ടുമായിരുന്നുള്ളൂ. പഴം ചുവക്കും വരെ വേവിച്ച് പപ്പടവും, വറുത്തപ്പേരിയും കൂട്ടി കഴിക്കാൻ നമ്പൂതിരിമാർ തമ്മിൽ തന്നെ മത്സരമായിരുന്നു. ഋഗ്വേദ പരിഭാഷകനായ ഒ.എം.സി.യുടെ കാലത്ത് പഴക്കൊതി മൂത്തകുട്ടികളെ, കലവറക്കാരൻ കൊതി തീർന്നിട്ട് പുറത്തിറങ്ങിയാൽ മതി എന്ന് പറഞ്ഞ് കലവറയിൽ അടച്ചിടുന്ന പതിവുണ്ടായിരുന്നു.**

''കുട്ടികളെത്തിയ കുറ്റിക്കാട്ടിൽ
പൊട്ടി വിടർന്നു പൊന്നോണം
നടുമുറ്റത്തുള്ളോണത്തപ്പ
ന്നട നേദിച്ചു മുത്തശ്ശി...''

മഹാകവി ഒളപ്പമണ്ണയുടെ വരികളിലൂടെ വള്ളുവനാടൻ ഇല്ലങ്ങളിലെ കഴിഞ്ഞകാല ഓണത്തെ തിരഞ്ഞു ചെന്നെത്തിയത്, കുട്ടൻ നമ്പൂതിരി എന്നറിയപ്പെടുന്ന, കോഴിക്കോട്ടെ പ്രശസ്ത മനോരോഗ വിദഗ്ദ്ധനായിരുന്ന, പരേതനായ ഒളപ്പമണ്ണ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ, ചാലപ്പുറത്തുള്ള ഗൃഹത്തിൽ. അദ്ദേഹത്തിന്റെ പത്നി ശ്രീദേവി അന്തർജ്ജനവും മകൻ ഡോ. ഒ.വി വാസുദേവനും കുടുംബവും, ഇവരെക്കൂടാതെ വെള്ളിനേഴിയിൽ നിന്നെത്തിയ ചെറിയമ്മ ശ്രീദേവി അന്തർജ്ജനം, ചെറിയമ്മയുടെ സഹോദരിയും വടക്കിനിയേടത്തെ (ഇ.എം.എസിന്റെ അമ്മാത്ത്) ലീല അന്തർജ്ജനവും അവിടെ ഉണ്ടായിരുന്നതുകൊണ്ട് ഓർമ്മകൾ പങ്കുവെയ്ക്കുന്നത് കൂടുതൽ ഹൃദ്യമായി. ലീല അന്തർജ്ജനത്തിന്റെ മകൾ സ്മിത (ചാർട്ടേഡ് അക്കൗണ്ടന്റ്) യെ ആണ് ഡോ. ഒ.വി വാസുദേവൻ വിവാഹം കഴിച്ചിരിക്കുന്നത്.

ചെർപ്പളശ്ശേരിക്കടുത്ത് വെള്ളിനേഴിയിൽ, നൂറ്റാണ്ടുകൾ പഴക്കമുള്ള, പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന ഒളപ്പമണ്ണ മന കഥകളിയുടെ ഈറ്റില്ലം എന്നറിയപ്പെടുന്നു. ഒരുപാട് കലാകാരന്മാർക്ക് പ്രതിഭ തെളിയിക്കാനുള്ള വേദിയായിരുന്നു ഒളപ്പമണ്ണ. കഥകളിയിലെ പ്രശസ്തമായ കല്ലുവഴിചിട്ട രൂപം കൊണ്ടതും ഇവിടെ വച്ചുതന്നെ. സാഹിത്യാദികലകൾക്ക് ഇത്രയേറെ പ്രോത്സാഹനം നൽകിയ മറ്റൊരില്ലം ഉണ്ടോ എന്നു തന്നെ സംശയമാണ്. മഹാകവി ഒളപ്പമണ്ണക്ക് പുറമെ, ഏവർക്കും പ്രിയപ്പെട്ട ബാലസാഹിത്യകാരി സുമംഗല മുത്തശ്ശിയുടെ ഇല്ലവും ഒളപ്പമണ്ണയാണ്.

കോഴിക്കോട്ടെ ചാലപ്പുറത്തുള്ള ഒളപ്പമണ്ണയിൽ ഞങ്ങളെത്തുമ്പോൾ, വടക്കാഞ്ചേരിയിൽ നിന്ന് സുമംഗല മുത്തശ്ശിയുടെ 84–ാം പിറന്നാളാഘോഷത്തിൽ പങ്കെടുത്ത് എത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ എല്ലാവരും. വളരെ മനോഹരമായി ഡിസൈൻ ചെയ്തിട്ടുള്ള ലിവിങ് റൂമിലിരുന്ന്, യാത്രാക്ഷീണം തെല്ലും ഭാവിക്കാതെ എല്ലാവരും 'ആത്തേമ്മാര്' എന്ന് ബഹുമാനപൂർവ്വം വിളിക്കുന്ന ശ്രീദേവി അന്തർജ്ജനവും മറ്റുള്ളവരും ഓർമ്മകളിലെ ഓണ വിശേഷങ്ങളിൽ വാചാലരായി.

''1975ൽ ഞങ്ങൾ കോഴിക്കോട് സ്ഥിരതാമസം തുടങ്ങി. കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലായിരുന്നു അദ്ദേഹത്തിന് നിയമനം. അന്നു തൊട്ടേ എല്ലാ ഓണത്തിനും വെള്ളിനേഴിയിലേക്ക് പോകുമായിരുന്നു. അച്ഛനുണ്ടായിരുന്ന കാലത്തായിരുന്നു ഓണം കെങ്കേമമായി ആഘോഷിച്ചിരുന്നത്'' ആത്തേമ്മാര് ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു. പണ്ട് കർക്കടകത്തിലെ തിരുവോണം തൊട്ട് തന്നെ ഇല്ലങ്ങളിൽ പൂവിടുമായിരുന്നു. മുറ്റത്ത് തന്നെയുള്ള മന്ദാരം, മുളകു ചെമ്പരത്തി, നന്ദ്യാർവട്ടം തുടങ്ങിയ നാടൻ പൂക്കൾകൊണ്ട് വാല്യക്കാരായ പെണ്ണുങ്ങൾ ഭംഗിയുള്ള പൂക്കളം ഒരുക്കുമായിരുന്നു. അകത്തുള്ള പെൺകിടാങ്ങളോ ആത്തേമ്മാരുകളോ പൂവിടാൻ മുന്നോട്ട് വരാറില്ലായിരുന്നു. അത്തം തൊട്ട് തൃക്കാക്കരപ്പനെ വെക്കും. ഒന്നിൽ തുടങ്ങി നാളുകൾ കഴിയുന്തോറും തൃക്കാക്കരപ്പന്റെ



എണ്ണം കൂടി വരും. തിരുവോണ നാളിൽ 21 തൃക്കാക്കരപ്പനെ വരെ വെക്കും. തിരുവോണത്തിന് ഓലക്കുട ചൂടിച്ച്, പൂണൂലിട്ട മാവേലിയുടെ കൂടെ വില്ല്, മുത്തിയമ്മ തുടങ്ങിയവയും ഉണ്ടാകാറുണ്ട്. ഇല്ലത്തെ മുതിർന്ന ആത്തേമ്മാരാണ് തിരുവോണനാളിൽ അടയും പഴവും നേദിക്കുക. ഓണം കഴിഞ്ഞ് തൃക്കാക്കരപ്പനെ മുറ്റത്തു നിന്ന് എടുക്കണമെങ്കിൽ നല്ല നാളും ദിവസവും നോക്കണം. ആത്തേമ്മാരും ചെറിയമ്മയും പരസ്പരം സംശയങ്ങൾ തീർത്തുകൊണ്ട് തുടർന്നു. ഇതെല്ലാം കൗതുകപൂർവ്വം കേട്ട് സ്മിതയും അമ്മയും അടുത്തിരുന്നു.

ജന്മിത്വം നിലനിന്നിരുന്ന ആ നാളുകളിൽ ഓണക്കാലത്ത് കാഴ്ച സമർപ്പിക്കാനായി കീഴ്ജാതിക്കാർ എത്തുമായിരുന്നു. ഓരോ വിഭാഗക്കാരും അവരവർക്ക് ലഭ്യമായ വസ്തുക്കളാണ് കാഴ്ചയായി സമർപ്പിക്കാറ്. ആശാരിമാർ മരം കൊണ്ടുള്ള ഉപകരണങ്ങളും തട്ടാന്മാർ വെള്ളി മോതിരവും കൃഷി നടത്തിയിരുന്നവർ വാഴക്കുലകളും കാഴ്ച വെച്ചു. കാഴ്ച കൊണ്ടുവരുന്ന അടിയാളന്മാർക്കെല്ലാം സദ്യയും ഓണപ്പുടവയും കൊടുക്കാറുണ്ടായിരുന്നു. വേർതിരിവുകൾ പലതും ഉണ്ടായിരുന്ന കാലത്തും ജന്മികളും അടിയാന്മാരും ഇത്ര ഇണക്കത്തിലാണ് കഴിഞ്ഞിരുന്നതെന്ന വസ്തുത ഏറെ അതിശയിപ്പിക്കുന്നതാണ്.

''ഓണനാളുകളിൽ ഒരു ദിവസം പട്ടന്മാർക്കും സദ്യ കൊടുക്കാറുണ്ടായിരുന്നു. അവർക്ക് മാത്രമായി ഒരു ദിവസം'' ചെറിയമ്മ ഓർമ്മിച്ചു. ഉത്രാടതലേന്ന് വീടുകൾ കയറിയിറങ്ങി പാട്ടുപാടുന്ന പാണദമ്പതികൾ വള്ളുവനാട്ടിലെ മാത്രം പ്രത്യേകത. ഒരു പക്ഷേ ഇപ്പോൾ അന്യം നിന്നുപോയ ഒരു ആചാരം. പടിപ്പുരക്ക് പുറത്ത് നിന്ന് വ്യക്തമല്ലാത്ത ആ പാട്ട് കേട്ടിരുന്ന നാളുകൾ ആത്തേമ്മാർ ഓർമ്മിച്ചെടുത്തു. തൃശൂർ ഭാഗത്ത് ഇതിനുപകരം 'കുമ്മാട്ടി' വരവാണ് ഉള്ളത്. പുറയന്നൂരെ അമ്മ പറഞ്ഞു.

''സദ്യ എല്ലാ ദിവസവും ഉണ്ടാകും. പക്ഷേ പായസം ഒന്നും ഉണ്ടാക്കാറില്ല. കാളനും ഓലനുമായിരുന്നു പ്രധാനവിഭവങ്ങൾ.'' അമ്മമാരുടെ ചർച്ചക്ക് രസം കൂടിക്കൂടി വന്നു. അത്തം തൊട്ട് പ്രാതലിനുള്ള പഴം നുറുക്ക് എന്ന വിഭവം ഒരു സംഭവമായിരുന്നു. ഒരു പക്ഷെ മധ്യകേരളത്തിലെ ഇല്ലങ്ങളിൽ മാത്രം കാണുന്ന ഒരു വിഭവം. ''അന്നൊക്കെ ഓണക്കാലത്ത് മാത്രമേ നേന്ത്രപ്പഴം കിട്ടുമായിരുന്നുള്ളൂ. പഴം ചുവക്കും വരെ വേവിച്ച് പപ്പടവും, വറുത്തപ്പേരിയും കൂട്ടി കഴിക്കാൻ നമ്പൂതിരിമാർ തമ്മിൽ തന്നെ മത്സരമായിരുന്നു. ഋഗ്വേദ പരിഭാഷകനായ ഒ.എം.സിയുടെ കാലത്ത് പഴക്കൊതി മൂത്തകുട്ടികളെ, കലവറക്കാരൻ കൊതി തീർന്നിട്ട് പുറത്തിറങ്ങിയാൽ മതി എന്ന് പറഞ്ഞ് കലവറയിൽ അടച്ചിട്ടതായി അമ്മ പറയാറുണ്ട്'' ചെറിയമ്മ ഓർത്തു. ബാക്കി വരുന്ന പഴം കൊണ്ട് പൂരുരുട്ടാതി നാളിൽ പഴപുളിശ്ശേരി ഉണ്ടാക്കും. പഴം വേവിച്ച് ബാക്കിയുള്ള വെള്ളം കൊണ്ട് കൂട്ടാനും ഉണ്ടാക്കാറുണ്ട്.

ഇപ്പോൾ എല്ലാകാലത്തും പഴം കിട്ടാൻ തുടങ്ങി. പഴനുറുക്കിനോടും ആർക്കും താല്പര്യമില്ലാതായി. ചെറിയമ്മ തെല്ലു ഖേദത്തോടെ പറഞ്ഞു.

ഓണസദ്യ കഴിഞ്ഞാൽ പിന്നെ അകത്തെ കെട്ടിൽ കൈകൊട്ടിക്കളി തുടങ്ങായി. നായന്മാരും വാരസ്യാർമാരും ആത്തേമ്മാരുകളും പെൺകിടാങ്ങളും പങ്കെടുക്കുന്ന കളി ഹരം മൂത്ത് ചിലപ്പോൾ സന്ധ്യ വരെ നീളും. മത്സരത്തിനല്ലാതെ തീർത്തും മാനസികോല്ലാസം നൽകുന്നതായിരുന്നു ഈ കളികൾ. ഇനി ഒരുപക്ഷേ വരുംതലമുറക്ക് കേട്ടുകേൾവി പോലുമുണ്ടാവാൻ സാധ്യതയില്ലാത്ത പതിറ്റാണ്ടുകൾ പഴക്കമുള്ള ഈ കളിയോർമ്മകൾ കൂടല്ലൂർ ഇല്ലത്തുനിന്ന് ഒളപ്പമണ്ണയിൽ വേളിയായി എത്തിയ ആത്തേമ്മാരുടെ മുഖപ്രസാദമായി.

സംസാരം ഇങ്ങനെ നീളുന്നതിനിടയിൽ ആത്തേമ്മാരുടെ രണ്ടാമത്തെ മകൻ ഡോ. ഒ.വി വാസുദേവൻ ഒപി റൂമിൽ നിന്നും കടന്നുവന്നു. അച്ഛന്റെ പാത പിന്തുടർന്ന്, മാനസികരോഗ വിദഗ്ദ്ധനായി സേവനം നടത്തുന്ന അദ്ദേഹത്തിന്, കാരപ്പറമ്പുള്ള ആശുപത്രിയിൽ വിസിറ്റിന് പോകാൻ സമയം വൈകിയിട്ടും ചർച്ചയിൽ പങ്കുചേർന്നത്, മറക്കാനാവാത്ത ആ കുട്ടിക്കാലത്തെ മനസ്സിൽ നിന്നും



*ലീലാ അന്തർജ്ജനം, ഒളപ്പമണ്ണ ശ്രീദേവി അന്തർജ്ജനം, ശ്രീദേവി അന്തർജ്ജനം*



*ഡോ. ഒ.വി. വാസുദേവനും പത്നി സ്മിതയും കുട്ടികളും*

മാറ്റിനിർത്താനാവാത്തതുകൊണ്ടാവാം.

വെള്ളിനേഴിയിലെ ഓണം എന്നു പറയുമ്പോൾ ഓർമ്മയിൽ വരുന്നത് കുട്ടികളെല്ലാവരും കൂടിയുള്ള മാതേവരെ വെക്കലും തലപന്തുകളിയും ഒക്കെ ആണ്. ഇല്ലത്തെ കുട്ടികളും വാല്യക്കാരുടെ കുട്ടികളും എല്ലാവരും കൂടെയാണ് കളിച്ചിരുന്നത്. ഡോക്ടർ ഓർമ്മിച്ചു. ''പക്ഷെ എനിക്ക് അന്നും ഇന്നും ഏറ്റവും നൊസ്റ്റാൾജിക്ക് ആയി ഉള്ളിൽ തങ്ങി നിൽക്കുന്നത് ഓണാവധിക്കാലത്ത് അച്ഛനുമൊന്നിച്ചുള്ള യാത്രകളാണ്. ആ യാത്ര ഞാനിപ്പോഴും തുടരുന്നു.'' ഡോക്ടർ വാചാലനായി.

''ഓണസങ്കല്പങ്ങളൊക്കെ ഇന്ന് മലയാളി മാറ്റിമറിച്ചിരിക്കുന്നു. ഇന്ന് ഓണത്തിന്റെ മാഹാത്മ്യമറിയാൻ ബിവറേജസിന്റെ മുമ്പിലെ ക്യൂ ശ്രദ്ധിച്ചാൽ മതി. ഇന്നത്തെ ഓണം മലയാളിക്ക് ഒരു 'ലഹരി' ആയി മാറിക്കഴിഞ്ഞു. വളരെ പരിതാപകരമാണ് ഈ അവസ്ഥ. ഞാൻ ഓണദിവസവും ഒപി പരിശോധന നടത്തി ഈ വ്യവസ്ഥയോട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്താറാണ് പതിവ്'' ഒരു നാടിന്റെ നന്മകൾ ഇല്ലാതാവുന്നതിന്റെ വ്യാകുലത അദ്ദേഹം മറച്ചുവെച്ചില്ല.


എല്ലായിടത്തേയും പോലെ ഇപ്പോൾ ഒളപ്പമണ്ണയിലും ഓണം ആധുനികമായി കഴിഞ്ഞു. മാർക്കറ്റിൽ വില കൊടുത്തു വാങ്ങുന്ന പൂക്കളം, കാറ്ററിംഗ് ഓണസദ്യയും. ഓണദിവസം കുടുംബാംഗങ്ങളെല്ലാം വന്നെത്തിക്കൊള്ളണമെന്നില്ല. 90% പേരും വിദേശത്താണ് സെറ്റിൽ ചെയ്തിട്ടുള്ളത്. എൺപതിൽ കൂടുതൽ അംഗങ്ങളുള്ള ഒളപ്പമണ്ണയിൽ എല്ലാവരും ഒത്തുകൂടി ഒരു ഓണം ആഘോഷിച്ചിട്ട് കാലങ്ങളായി. ഓർമ്മകൾ ഓളം തള്ളുമ്പോൾ പഴയകാല സ്മരണകൾക്ക് പുതുജീവൻ കൈവന്നതുപോലെ ഡോക്ടർ പറഞ്ഞു: ''അടുത്ത വർഷം മുതൽ എന്തായാലും എല്ലാവരും ഒത്തുകൂടിയുള്ള ഓണം യാഥാർത്ഥ്യമാക്കാൻ താൻ ശ്രമം തുടങ്ങുകയാണ്.'' താനിനിയും ഇതിന് വൈകിയാൽ പുതുതലമുറക്ക് ഓണം അന്യമായിപ്പോവും എന്ന് ഡോക്ടർ പറഞ്ഞപ്പോൾ ഈ ചർച്ച പോലും അദ്ദേഹത്തിന് പ്രചോദനമാവുന്നപോലെ തോന്നി. ഇപ്പോൾ എല്ലാവരും ഒത്തുകൂടുന്നത് 41 ദിവസം തിരുമാന്ധാംകുന്നിലമ്മയുടെ കളംപാട്ടിനുശേഷം, എല്ലാ ഫെബ്രുവരിയിലെയും അവസാന ഞായറാഴ്ച്ചയുള്ള താലപ്പൊലിക്കാണ്. കണ്ടുമറയുന്ന കിനാവുപോലെ എല്ലാം നിമിഷങ്ങൾ മാത്രം. കൂടിച്ചേരലും വേർപിരിയലും. കഴിഞ്ഞ കാല പ്രതാപങ്ങളുടെ യാതൊരു ഭാവങ്ങളുമില്ലാത്ത ആ മുഖങ്ങളിൽ നിറഞ്ഞ സ്നേഹവും ലാളിത്യവും തുടിച്ചു നിന്നു.

ഏക്കറോളം പരന്നു കിടക്കുന്ന എട്ടുകെട്ടും പത്തായപ്പുരകളും കുളവും ഇപ്പോഴും വെള്ളിനേഴിയിൽ സംരക്ഷിച്ചു പോരുന്നു. പരിണയം, ആറാംതമ്പുരാൻ, ആകാശഗംഗ, എന്നു നിന്റെ മൊയ്തീൻ തുടങ്ങിയ സിനിമകളിൽ നമുക്ക് പരിചയമുള്ള നടുമുറ്റം ഒളപ്പമണ്ണയിലേതാണ്. ഇപ്പോഴും അവിടെ സിനിമാ ഷൂട്ടിങ്ങുകൾ നടക്കുന്നു. ഏറ്റവും ഒടുവിൽ ഒടിയന്റെ ഷൂട്ടിങ്ങ് കഴിഞ്ഞതേയുള്ളൂ. സംവിധായകൻ ശ്രീകുമാർ മേനോൻ കാൽതൊട്ട് വന്ദിച്ചപ്പോൾ അവാർഡുകൾ കിട്ടട്ടെ എന്ന് അനുഗ്രഹിച്ചത് ചെറിയമ്മ സന്തോഷത്തോടെ പറഞ്ഞു.

അവിടത്തെ പത്തായപ്പുരയിലാണ് ചെറിയമ്മയും കുടുംബവും താമസിക്കുന്നത്. ആത്തേമ്മാര് മക്കളുടെ കൂടെയും വെള്ളിനേഴിയിലുമായി മാറി മാറി താമസിക്കുന്നു. അവരുടെ മൂത്ത മകന് മുംബൈ ധനലക്ഷ്മി ബാങ്കിലാണ് ജോലി. വെള്ളിനേഴിയിലെ മറ്റൊരു പത്തായപ്പുര ഇപ്പോൾ ഹോം സ്റ്റേക്കായി വിട്ടുകൊടുത്തിരിക്കുന്നു. ഓൺലൈൻ വഴിയും അല്ലാതെയും ആളുകൾ പഴമയുടെ സൗന്ദര്യം ആസ്വദിക്കാൻ ഇവിടെ എത്താറുണ്ട്.

നമ്പൂതിരി സമുദായത്തിനു മാത്രമല്ല, കേരളത്തിനു മുഴുവൻ അഭിമാനമാണ് ഒളപ്പമണ്ണ. വേദസംഹിതകളും കഥകളിയും സംഗീതവും പാരമ്പര്യകലാരൂപങ്ങളും കേരളത്തിന്റെ സാസ്കാരിക പൈതൃകം തന്നെയും ഈ തണലിലാണ് അതിന്റെ അർത്ഥങ്ങൾ കണ്ടെത്തിയത്. പ്രശസ്ത സംഗീതജ്ഞൻ ചെമ്പൈ വൈദ്യനാഥഭാഗവതരുടെ അന്ത്യം ഒറ്റപ്പാലത്തെ ഒളപ്പമണ്ണയിൽ വെച്ചായിരുന്നു എന്ന് കേട്ടിട്ടുണ്ട്. എന്തിനും മാതൃകയായി ചൂണ്ടിക്കാണിക്കാൻ നമുക്കൊരാശ്രയം കൂടിയാണ് ഒളപ്പമണ്ണ മന. അവിടെ പഴയകാലം തിരിച്ചുവരുന്നത് മലയാളത്തിനു മുഴുവൻ ആശ്വാസമാവും. കേരളത്തിന്റെ സാംസ്കാരിക വൈശിഷ്ട്യം രൂപപ്പെട്ടു വന്നിരുന്ന ഒരു കാലത്ത് ഇതുപോലുള്ള മനകളിൽ ഓണം കൊണ്ടാടിയതിന്റെ പെരുമയും വിശേഷതകളുമാവാം ഓണത്തെ ഈ നാടിന്റെ ദേശീയോത്സവമാക്കി മാറ്റിയത്. അതുകൊണ്ട് ഒളപ്പമണ്ണയിലെ ഓണം നമ്മുടെ നാടിന്റെ അനിവാര്യതയാണ്. ആ പഴയകാലം തിരിച്ചുകൊണ്ടുവരാനുള്ള ഒ.വി വാസുദേവന്റെ മോഹത്തിനും പരിശ്രമങ്ങൾക്കും പൊന്നുവിലയുണ്ട്.

❐



കഥ

അനൂപ് ടി.പി.



# ഉള്ളിത്തീയൽ

**എന്റെ ഇഷ്ടങ്ങൾ മനസ്സിലാക്കി ചെയ്ത് തരാൻ ഒരിക്കൽ അമ്മ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ മനസ്സിലാക്കി ചെയ്ത് തരാൻ ഒരാളുണ്ടെനിക്ക്, എന്റെ ഭാര്യ. മുമ്പ് പല തവണയും എനിക്ക് ഇഷ്ടമുള്ള പല ആഹാരങ്ങളും ഉണ്ടാക്കിത്തന്നിട്ടുണ്ടെങ്കിലും ഈ ഉള്ളിത്തീയലിന് സ്വാദ് കൂടുതലായിരുന്നു.**

ഇന്നേക്ക് അമ്മ മരിച്ചിട്ട് പന്ത്രണ്ടാം ദിവസം. എത്ര പെട്ടെന്നാണ് ദിവസങ്ങൾ കടന്ന് പോകുന്നത്. കുറച്ച് നാള് മുമ്പുള്ള ആ ആശുപത്രി നാളുകൾ ഇന്നലെ കഴിഞ്ഞത് പോലെ തോന്നുന്നു. ഓർക്കുമ്പോൾ ഒരു ഞെട്ടലും, ഓർത്തു കഴിയുമ്പോൾ ഒരു തുള്ളി കണ്ണിനീരും.

പൊതുവെ ആൺകുട്ടികൾക്ക് അമ്മയോടും പെൺകുട്ടികൾക്ക് അച്ഛനോടും ആയിരിക്കും മമത കൂടുതൽ എന്ന് കേട്ടിട്ടുണ്ട്. എനിക്കും എന്റെ അമ്മ തന്നെ ആയിരുന്നു എല്ലാം. ആ രണ്ട് അക്ഷരത്തിൽ എനിക്ക് ഒരുപാട് അർത്ഥങ്ങൾ കല്പിക്കാനാകും. വൻ വീഴ്ചകളിൽ മനസ്സ് പതറുമ്പോൾ, എന്നെ വീണ്ടും ശ്രമിക്കാൻ വേണ്ടി പ്രോത്സാഹിപ്പിക്കുന്ന അമ്മ. ഞാൻ ദേഷ്യപ്പെടുമ്പോൾ സ്നേഹത്തോടെയുള്ള സംഭാഷണത്താൽ എന്നെ മയപ്പെടുത്തുന്ന അമ്മ. മഴയും ഇടിമിന്നലും ഉള്ള ദിവസങ്ങളിൽ പുറത്ത് പോയി തിരിച്ച് വരുമ്പോൾ കരഞ്ഞ് കണ്ണുനീർ നനയിച്ച് കാത്തിരിക്കാൻ ആളുണ്ട് എന്ന് പറയാതെ പറയുന്ന അമ്മ. എന്റെ ഇഷ്ടങ്ങൾ കണ്ടറിഞ്ഞ് ചെയ്യുന്ന എന്റെ അമ്മ. അങ്ങനെ നിർവചനങ്ങൾ എത്രയോ. മൂന്ന് മാസം മുമ്പുള്ള വൈകുന്നേരം, ഞാൻ ഓഫീസിൽ നിന്ന് വരുമ്പോൾ ആണ് ഗോപിക അമ്മ ഫോൺ വിളിച്ച കാര്യം പറഞ്ഞത്. അമ്മ പെൻഷനായത് കൊണ്ട് അച്ഛനും അമ്മയും കുറച്ച് നാൾ ഞങ്ങളുടെ ഒപ്പം നിൽക്കുന്നതിനായി വരുന്നു. അമ്മമ്മയും മുത്തശ്ശനും എന്ന് കേട്ടാൽ മനുവിന് പിന്നെ അച്ഛനും അമ്മയും വേണ്ട. മുത്തശ്ശൻ ഓരോ ദിവസവും മേടിച്ച് തരുന്ന കളിപ്പാട്ടങ്ങളും, അമ്മമ്മ രാത്രിയിൽ പറഞ്ഞുതരുന്ന കീർത്തനങ്ങളും കഥകളും മതി. അവർ വരുന്നത് കൊണ്ട് മനുവിനെ പ്ലേ സ്കൂളിൽ ഒരു മാസത്തേക്ക് അയച്ചിരുന്നില്ല. അങ്ങനെ കഥകളും കളിപ്പാട്ടങ്ങളും നിറഞ്ഞ ആ സന്തോഷദിനങ്ങൾ അധികനാൾ നീണ്ടില്ല.അന്ന് മനുവിന്റെ പിറന്നാളിന്റെ തലേദിവസം ഞാനും അച്ഛനും ഗോപികയും സാധനങ്ങൾ മേടിക്കാൻ കടയിൽ പോയദിവസം. അമ്മ മനുവിനെ കുളിപ്പിക്കുകയായിരുന്നു. ഞങ്ങൾ തിരിച്ച് വരുമ്പോൾ കണ്ടത് കുളിമുറിയിൽ കിടക്കുന്ന അമ്മയുടെ അടുത്തിരുന്ന് കരയുന്ന മനുവിനെ ആണ്. ഹോസ്പിറ്റൽ എത്തിയപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു. മേജർ അറ്റാക്ക് ആണെന്ന് ഡോക്ടർ പറഞ്ഞപ്പോഴാണ് മനസ്സിലായത്. സന്തോഷത്തിന്റെ നാളുകൾ എത്ര പെട്ടെന്നാണ് അവസാനിച്ചത്.

ഇത് വരെ 12 ദിവസം കഴിഞ്ഞു. പന്ത്രണ്ടാം ദിവസം ഇടേണ്ട ബലിയും കഴിഞ്ഞു. ഇനി രണ്ട് ദിവസം കഴിഞ്ഞാൽ സാധാരണ ഓഫീസ് ജിവിതത്തിലേക്ക് മടങ്ങി എത്തണം. ജീവിതത്തിൽ എന്തൊക്കെത്തന്നെ സംഭവിച്ചാലും ജീവിതം മുന്നോട്ട് കൊണ്ട് പോയേ പറ്റൂ എന്ന് ആരോ ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

''സിദ്ദുവേട്ടാ, ദേ മനു!...''

ആ പകൽ സ്വപ്നത്തിൽ നിന്ന് പെട്ടെന്നായിരുന്നു ഞാൻ യാഥാർത്ഥ്യത്തിലേക്ക് വന്നത്. ഗോപികയുടെ വിളി ആയിരുന്നു. പെട്ടെന്നാണ് ഞാൻ ശ്രദ്ധിച്ചത് മനു കുളക്കടവിനടുത്താണ്. കുളക്കടവിലിരുന്ന് ഓരോന്ന് ആലോചിച്ച് ശ്രദ്ധ തിരിഞ്ഞുപോയി. ഗോപിക ഓടിവന്ന് കുഞ്ഞിനെ എടുത്തതുകൊണ്ട് ഒരപകടം ഒഴിവായി. കുഞ്ഞിനെ എടുത്ത് തിരിഞ്ഞ് നടക്കുമ്പോൾ എന്റെ നനഞ്ഞ കണ്ണുകൾ കണ്ടത് കൊണ്ടാവാം, അവൾ ഒന്നും പറഞ്ഞില്ല. പകരം എന്റെ കൈ ചേർത്ത് പിടിച്ചിട്ട് പറഞ്ഞു.

''കുറച്ച് ദിവസമായില്ലേ മുടിയൊക്കെ വെട്ടിയിട്ട്, ചെന്ന് വെട്ടിയിട്ട് വരൂ... പിന്നെ പോകുമ്പോൾ മനുവിനെയും കൊണ്ടുപോകാൻ മറക്കണ്ട. അവന്റെയും തലമുടിയും വെട്ടണം'' ശരിയെന്ന് തലയാട്ടി ഞാൻ അവരെയും കൂട്ടി പാടത്തിന് അപ്പുറത്തുള്ള തറവാട്ടിലേക്ക് നടന്നു. തിരിഞ്ഞ് നടക്കുമ്പോൾ മനു അവന്റെ അമ്മയുടെ ഒക്കത്തിരുന്ന്, അവന്റെ അമ്മമ്മയെ അടക്കം ചെയ്ത സ്ഥലത്തേക്ക് വിരൽ ചൂണ്ടുന്നുണ്ടായിരുന്നു. മനുവിനെല്ലാം അറിയാം. പക്ഷെ അർത്ഥം മാത്രം മനസ്സിലായിട്ടില്ല.

സമയം ഉച്ചയായി. ഉച്ച ഭക്ഷണം തയ്യാറായപ്പോൾ ചെറിയച്ഛനും, ഞാനും അച്ഛനും കൂടി കഴിക്കാനിരുന്നു. ഗോപിക, മനുവിന് ആ സമയം ചോറു കൊടുത്തു. ഊണിന് ശേഷം ഉച്ച വിശ്രമത്തിനായി ഓരോരുത്തരും ഓരോ മുറികളിലേക്ക് പോയി. ഉച്ചയുറക്കത്തിന്റെ ആലസ്യം എനിക്കും മനുവിനും ഇല്ലാത്തതിനാൽ ഞങ്ങൾ വരാന്തയിൽ ഇരുന്നു. ആ സമയം നോക്കി ചെറിയമ്മയും ഗോപികയും ഊണ് കഴിക്കാനിരുന്നു

എല്ലാവരുടെയും മാനസികാവസ്ഥ വല്ലാതെ ആയതിനാൽ ആയിരിക്കാം, മനുവിന് പതിവിലും ബോറടി




ഉണ്ടായിരുന്നു. അവന്റെ ബോറടി മാറ്റാൻ എന്ത് ചെയ്യും എന്ന് ആലോചിച്ചിരുന്നപ്പോഴാണ് മുടി വെട്ടേണ്ട കാര്യം ഓർത്തത്. എന്തായാലും പുറത്ത് പോകുകയല്ലേ, വല്ലതും മേടിക്കാനുണ്ടോ എന്ന് അടുക്കളയിൽ തിരക്കിയിട്ട് വരാം എന്ന് വിചാരിച്ച് അടുക്കളയിലേക്ക് മനുവിനെയും കൈയിൽ ഇരുത്തി ഞാൻ നടന്നു.

''ഗോപികേ, ഞാൻ ഒന്ന് പുറത്ത് പോയിട്ട് വരാം, വല്ലതും വാങ്ങാനുണ്ടോ??''''ഉണ്ട്. കുറച്ചധികം സാധനങ്ങളുണ്ട്. ഒരു പേപ്പർ എടുത്ത് ഇരിക്കുകയാണെങ്കിൽ ഞാൻ ലിസ്റ്റ് പറയാം''

മനുവിനെ താഴെ നിർത്തി, ഞാൻ ഒരു പേപ്പറും പേനയുമായി ഊണുമേശയുടെ അടുത്ത് സ്ഥാനമുറപ്പിച്ചു. അപ്പോൾ ചെറിയമ്മയും ഗോപികയും ഊണ് കഴിഞ്ഞ് കൈ കഴുകാനായി എഴുന്നേറ്റു. ആ സമയം കുറച്ച് വിരുന്നുകാർ വന്നപ്പോൾ ഗോപികയും ചെറിയമ്മയും വരാന്തയിലേക്ക് പോയി. അപ്പോൾ അടുക്കളയിൽ ഇല്ലാത്ത സാധനങ്ങളുടെ ലിസ്റ്റ് എടുക്കാൻ ഞാൻ നേരിട്ട് അടുക്കളയിലേക്ക് നടന്നു. അങ്ങനെ നോക്കുന്നതിനിടയിൽ അബദ്ധത്തിൽ കൈതട്ടി ഉള്ളിയിരിക്കുന്ന പാത്രം മറിഞ്ഞു. ഉള്ളി ഓരോന്നായി എടുത്ത് വയ്ക്കുന്നതിനിടയിൽ വീണ്ടും പഴയ ഓർമ്മകളിലേക്ക് ഞാൻ പോയി. വിരുന്നുകാർ പോയതിന് ശേഷം ഗോപിക അടുക്കളയിലേക്ക് വന്നു.ഞാൻ താഴെ വീണുപോയ ഉള്ളി എടുക്കുന്നത് കണ്ട് ഗോപിക ഉള്ളി പെറുക്കിക്കൊണ്ട് ചോദിച്ചു. ''ഏട്ടനിതെന്നതാലോചിക്കുകയാ?''

''ഏയ് ഒന്നുമില്ലാ, പഴയ കാര്യങ്ങൾ ഓർത്ത് പോയതാ. പണ്ട് ഞാൻ സ്കൂളിൽ വെച്ച് ഉച്ചയ്ക്കുള്ള ആഹാരം കഴിച്ച് കഴിഞ്ഞ് പാത്രം കഴുകാതെ കൊണ്ടുവരും. അമ്മയാണ് എപ്പോഴും വൈകുന്നേരം പാത്രം കഴുകുന്നത്. ഒരു പ്രാവശ്യം ഞാൻ കൂട്ടുകാർ കൊണ്ടുവന്ന ഉള്ളിത്തീയൽ കഴിച്ചു. അന്ന് തൊട്ട് ഉള്ളിത്തീയൽ ഭയങ്കര ഇഷ്ടമായി. പിന്നെ രണ്ട് ദിവസം പാത്രം കഴുകാതെ കൊണ്ടുവന്നപ്പോൾ അതിൽ ഉള്ളിത്തീയലിന്റെ അംശം ഇരിക്കുന്നത് കണ്ടിട്ട് അമ്മയ്ക്ക് കാര്യം മനസ്സിലായി. പിറ്റേ ദിവസം ഞാൻ അടുക്കളയിൽ കണ്ടത് അമ്മ ഉള്ളിത്തീയൽ എനിക്ക് വേണ്ടി ഉണ്ടാക്കുന്നതാണ്.'' ആ സംഭവം കേട്ട് കഴിഞ്ഞപ്പോൾ അവൾ ഒന്ന് ചിരിച്ചു.

ഗോപികയുടെ കൈയിൽ നിന്ന് വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റ് മേടിച്ച് ഞാൻ മനുവിനെയും കൂട്ടി മുടിവെട്ടാൻ പോയി. അതു വഴി മാർജിൻ ഫ്രീ മാർക്കറ്റിൽ നിന്ന് ലിസ്റ്റ് പ്രകാരമുള്ള സാധനങ്ങളും മേടിച്ച് തറവാട്ടിലേക്ക് മടങ്ങി. മനുവിന് ഉണ്ടായിരുന്ന ബോറടി അങ്ങനെ മാറിക്കിട്ടി.

തിരിച്ച് തറവാട്ടിൽ എത്തിയപ്പോൾ വൈകുന്നേരമായി. ചായ സമയമായതിനാൽ എല്ലാവരും വരാന്തയിൽ തന്നെ ചായയുമായി ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ എത്തിയതും, മനു നേരെ മുത്തശ്ശന്റെ മടിയിൽ സ്ഥാനമുറപ്പിച്ചു.

കുറച്ച് നേരത്തെ മൗനത്തിനേ ശേഷം അച്ഛൻ ''നിനക്ക് എന്ന് തൊട്ടാണ് ഓഫീസിൽ പോയി തുടങ്ങേണ്ടത്?''

''2 ദിവസം കഴിഞ്ഞ് തിങ്കളാഴ്ച്ച മുതൽ പോയിത്തുടങ്ങാം എന്നാണ് ഞാൻ വിചാരിക്കുന്നത്'' ഞാൻ മറുപടി പറഞ്ഞു.''അപ്പോൾ ഞായറാഴ്ച്ച എറണാകുളത്തേക്ക് പോകണം അല്ലേ?'' ചെറിയച്ഛൻ ചോദിച്ചു.

ഞാൻ : ''അതെ''

അപ്പോൾ അച്ഛൻ ''ഞാൻ ഒന്ന് രണ്ട് ദിവസങ്ങൾ കൂടി കഴിഞ്ഞിട്ട് വരാം. ഇനിയെന്തായാലും ഒറ്റയ്ക്ക് നിൽക്കാൻ പറ്റില്ല. ചെറിയച്ഛനും ചെറിയമ്മയും പോയികഴിഞ്ഞിട്ട് ഞാൻ വരാം. ഇവിടെ പറമ്പിലെ കാര്യങ്ങൾ ഒന്നാരെയെങ്കിലും ഏൽപ്പിക്കണം''

ആ സന്ദർഭത്തിൽ എല്ലാവരുടെയും മൗനമായിരുന്നു അതിനുള്ള മറുപടി. പിന്നെയുണ്ടായിരുന്ന 2 ദിവസങ്ങളിൽ ഞാൻ ഓഫീസിലെ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി. ലാപ്ടോപ്പിലും ഫോണിലുമായി ഞാൻ സമയം തള്ളിനീക്കി. വീട്ടിൽ ദുഃഖം പങ്കുവെയ്ക്കാൻ വരുന്ന വിരുന്നുകാരുടെ കാര്യങ്ങളുമായി ഗോപികയും, ചെറിയമ്മയും അങ്ങിനെ തിരക്കായി. പറമ്പിലെയും പാടത്തെയും കണക്കും കാര്യങ്ങളുമായി അച്ഛന്റെയും ചെറിയച്ഛന്റെയും ഒപ്പം മനുവും കൂടി. എല്ലാവരും സാധാരണ ജീവിതത്തിലേക്കുള്ള തയ്യാറെടുപ്പിലേക്കായിരുന്നു.

ഒടുവിൽ ആ ഞായറാഴ്ച്ച വന്നെത്തി. പിറന്ന മണ്ണിനോടും അമ്മ ഉറങ്ങുന്ന മണ്ണിനോടും താൽക്കാലികമായി



വിടപറയേണ്ട ദിവസം. രാവിലെ മുതൽ തന്നെ എല്ലാവരും മൗനമായിരുന്നു. ഞാൻ ജനിച്ചു വളർന്ന തറവാട് പതുക്കെ ആളൊഴിഞ്ഞ വീടായി മാറാൻ പോകുന്നു.

ഉച്ചയ്ക്ക് ഊണിന് ശേഷം ഞങ്ങൾ തറവാട്ടിൽ നിന്നും ഇറങ്ങി. മനു അന്ന് നല്ല സന്തോഷത്തിലായിരുന്നു. സ്വന്തം അമ്മയുടെ മടിയിലിരുന്ന് 4 മണിക്കൂർ യാത്ര. പാലക്കാട് നിന്നും എറണാകുളം വരെ. അവന് ഏറ്റവും ഇഷ്ടപ്പെട്ട കാര്യം. രാവിലെ തൊട്ടുള്ള മൗനം ഞങ്ങൾ പോകുമ്പോഴും തുടർന്നിരുന്നു. ഉച്ചയ്ക്ക് 2.30ന് തുടങ്ങിയ യാത്ര വൈകിട്ട് 7.30ന് ആണ് അവസാനിച്ചത്. ഫ്ളാറ്റിൽ കയറുന്നതിന് മുമ്പ് അടുത്ത ഒരാഴ്ചത്തേക്കുള്ള പച്ചക്കറിയും മറ്റ് സാധനങ്ങളും മേടിക്കാൻ ഗോപിക, ഫ്ളാറ്റിന് താഴെയുള്ള കടയിൽ പോയി. അന്നത്തെ ദിവസം പുറത്ത് നിന്ന് ആഹാരം കഴിച്ചതിനാൽ ഞങ്ങൾ 3 പേരും നേരത്തെ കിടന്നു.

അടുത്ത ദിവസം രാവിലെ ഗോപിക ഭക്ഷണം ഉണ്ടാക്കുന്ന തിരക്കിലും ഞാൻ മനുവിനെ പ്ലേ സ്കൂളിൽ വിടുന്നതിന് വേണ്ടിയുള്ള തയ്യാറെടുപ്പിലുമായിരുന്നു. രാവിലെത്തന്നെ ഞങ്ങൾക്ക് 2 പേർക്കുള്ള ഉച്ചഭക്ഷണം പതിവുപോലെ തന്നെ ഗോപിക ലഞ്ച് ബോക്സിൽ ആക്കി തന്നു. മനുവിനെ പ്ലേ സ്കൂളിൽ ആക്കിയതിന് ശേഷം ഞാൻ ഓഫീസിൽ ഒരു 9.30ന് എത്തി.

കുറേ നാളുകൾക്ക് ശേഷം കാണുന്നതിനാൽ അഭിരാമും രാഹുലും കുറച്ചുനേരം എന്നോടൊപ്പം ചിലവഴിച്ചു. ഒരു മണിക്കൂർ നീണ്ട കുശലാന്വേഷണത്തിന് ശേഷം ഞങ്ങൾ ഞങ്ങളുടെ ഓഫീസ് കാര്യങ്ങളിൽ വ്യാപൃതരായി. കുറച്ചുദിവസത്തെ ഇടവേളക്ക് ശേഷം ഞാൻ വീണ്ടും എന്റെ പഴയ സ്ഥലത്ത് ഇരുന്ന് ജോലി തുടങ്ങി.കുറെനേരത്തെ ജോലി സമയത്തിന് ശേഷം രാഹുൽ എന്റെ അടുത്ത് വന്നു ചോദിച്ചു ''ഹേയ് സിദ്ധാർത്ഥ്, ലഞ്ച് കഴിക്കണ്ടേ? സമയം 2.30 ആയി''

''ഓ, യെസ്. സമയം ഒരുപാടായി നിങ്ങൾ നടന്നോളൂ ഞാൻ വാഷ്റൂമിൽ പോയിട്ട് ലഞ്ച് റൂമിൽ എത്തിയേക്കാം'' ഞാൻ വാച്ച് നോക്കി രാഹുലിനോട് പറഞ്ഞു.പ്രാഥമികാവശ്യങ്ങൾ എല്ലാം കഴിഞ്ഞ് ലഞ്ച് റൂമിൽ എത്തിയപ്പോൾ രാഹുലും അഭിരാമും ലഞ്ച് ബോക്സ് തുറന്ന് വെച്ച് എനിക്ക് വേണ്ടി കാത്തിരിക്കുകയായിരുന്നു. അവരുടെ കൂടെ ഇരുന്ന് ഞാൻ പതുക്കെ എന്റെ ലഞ്ച് ബോക്സ് തുറന്നു. ചോറ് ഉണ്ടായിരുന്ന പാത്രം തുറന്നതിന് ശേഷം രണ്ടാമത്തെ പാത്രം തുറന്നപ്പോൾ ഞാൻ ഒന്ന് അതിശയിച്ചു.

ഗോപിക, എനിക്ക് വേണ്ടി ചോറിനൊപ്പം അന്ന് കഴിക്കാൻ ഉണ്ടാക്കിയിരിക്കുന്ന കറി ഉള്ളിത്തീയലായിരുന്നു.

മനസ്സ് കുറച്ച് നേരം ശ്യൂനതയിലായിരുന്നു. കഴിച്ച് കൊണ്ടിരിക്കുമ്പോൾ രാഹുലും അഭിരാമും എന്തൊക്കെയോ പറയുന്നുണ്ടായിരുന്നെങ്കിലും, എന്റെ മനസ്സിൽ ഉള്ളിത്തീയലിന്റെ സ്വാദും, അമ്മയുടെ ഓർമ്മയും, ഗോപികയും മാത്രമായിരുന്നു. ഉള്ളിത്തീയലിന്റെ സ്വാദിന്റെ ഒപ്പം, ഒരു പുതിയ സ്നേഹത്തിന്റെ അനുഭവം കൂടിയായി. എന്റെ ഇഷ്ടങ്ങൾ മനസ്സിലാക്കി ചെയ്ത് തരാൻ ഒരിക്കൽ അമ്മ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ മനസ്സിലാക്കി ചെയ്ത് തരാൻ ഒരാളുണ്ടെനിക്ക്, എന്റെ ഭാര്യ. മുമ്പ് പല തവണയും എനിക്ക് ഇഷ്ടമുള്ള പല ആഹാരങ്ങളും ഉണ്ടാക്കിത്തന്നിട്ടുണ്ടെങ്കിലും ഈ ഉള്ളിത്തീയലിന് സ്വാദ് കൂടുതലായിരുന്നു.

വൈകുന്നേരം ഫ്ളാറ്റിലെത്തിയപ്പോൾ, ഗോപിക എന്റെ ലഞ്ച് ബോക്സ് കൈയിൽ പിടിച്ചിട്ട് ചോദിച്ചു ''എങ്ങിനെ ഉണ്ടായിരുന്നു ഉള്ളിത്തീയൽ''

ഞാൻ അല്പനേരം ആലോചിച്ചിട്ട് പറഞ്ഞു ''സ്വാദിനേക്കാളും, നല്ല സ്നേഹമുള്ള ഉള്ളിത്തീയലായിരുന്നു'' ആ മറുപടി ഗോപികയിൽ ഒരു ചിരി ഉണർത്തി.

ഒരു പുരുഷന് ഒരു സ്ത്രീ ഉണ്ടെങ്കിൽ അവർ പല തരത്തിൽ പുരുഷനോടുള്ള സ്നേഹം പ്രകടമാക്കും.

ഒരമ്മയ്ക്ക് മകനോടുള്ള സ്നേഹം

ഭാര്യയ്ക്ക് ഭർത്താവിനോടുള്ള സ്നേഹം

മകൾക്ക് അച്ഛനോടുള്ള സ്നേഹം

സഹോദരിക്ക് സഹോദരനോടുള്ള സ്നേഹം

അങ്ങനെ അനവധി....

പക്ഷെ എല്ലാം ചേർത്ത് വായിക്കുമ്പോൾ എല്ലാം ഒന്ന് തന്നെ 'സ്നേഹം', വ്യക്തികൾ മാറിയാലും സ്നേഹം എന്നും നിലനിൽക്കും.

❐



സനത്കുമാർ
മാത്തൂർ



# ബോട്സ്വാനിയൻ കറുപ്പും ചില വെളുപ്പടയാളങ്ങളും

കറുപ്പിനിടയിൽ തിളങ്ങുന്ന ചില വെള്ളിനക്ഷത്രങ്ങൾ. അകലങ്ങളിലെങ്കിലും വിശ്വാസ്യതയും ധാർമ്മികതയും ഉത്തരവാദിത്തബോധവും കൊണ്ട് കീർത്തിപദങ്ങൾ അലങ്കരിക്കുന്ന ചില മലയാളി നമ്പൂതിരിമാർ. സ്വപ്രയത്നംകൊണ്ട് ഉയരങ്ങൾ കീഴടക്കിയവർ. ബോട്സ്വാനയിൽ Gaborone ലെ മാത്തൂർസ് പ്രോപ്പർട്ടി കൺസൾട്ടന്റ്സിന്റെ ഡയറക്ടറും ഗായകനുമായ സനത് കുമാർ എഴുതുന്നു

ദക്ഷിണാഫ്രിക്കയുടെ തൊട്ടടുത്ത് സാംബിയ, സിംബാബ്‌വേയോട് ചേർന്നു കിടക്കുന്ന ചെറിയ രാജ്യം.. ബോട്സ്വാന

80കളുടെ തുടക്കത്തിൽ ചെമ്പു ഖനികളായിരുന്നു തെക്കേ ആഫ്രിക്കൻ രാജ്യങ്ങളിലെ വ്യവസായം. എന്റെ അമ്മാവൻ പടിഞ്ഞാറേടത്ത് കുഞ്ഞുണ്ണി ഭട്ടതിരിപ്പാട് ജോലി ചെയ്യാൻ തുടങ്ങിയപ്പോഴാണ് ഈ രാജ്യത്തെപ്പറ്റി കേട്ടുതുടങ്ങുന്നത്.

അങ്ങനെ പല ബന്ധുക്കളും ഇവിടെ വരാനിടയായി. വിരമിയ്ക്കുന്ന കാലത്താണ് എനിക്കുള്ള അവസരം അമ്മാവൻ ഒരുക്കിത്തന്നത്. 1998ൽ അങ്ങനെ പലരും എത്തി.

കടമ്പൂർ നാരായണൻ നമ്പൂതിരിപ്പാട് (VMN: ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആദ്യകാല പ്രവർത്തകൻ, എന്റെ പേരശ്ശ്യമ്മയെ വിവാഹം കഴിച്ച ആൾ), സാവിത്രി അന്തർജ്ജനം എന്നിവർ 93 മുതൽ 5 വർഷം ഇവിടെ ഉണ്ടായിരുന്നു. തൃക്കടീരി പേരശ്ശ്യമ്മയുടെ മകൻ ശ്രീകാന്തേട്ടനും കുടുംബവും 95 മുതൽ കുറേക്കാലം ഉണ്ടായി. ഞാൻ എത്തുന്ന കാലത്ത് മലയാളികൾ അംഗത്തിൽ കുറവായിരുന്നു.

കേരളസമാജം വർഷത്തിൽ രണ്ടുതവണ ഒത്തുചേർന്നിരുന്നു. ഓണത്തിനും ക്രിസ്തുമസിനും. 1999 ഓണത്തിന് പാകത്തിന് എന്റെ അനുജൻ കുഞ്ഞുണ്ണിയും (സജിത്കുമാർ), മടങ്ങർളി സജീവ് കുമാറും ജോലിയ്ക്കായി എത്തി. മണ്ണഴി രാജശേഖരേട്ടനും നെല്ലിക്കാട്ട് മാമണ്ണ് വാസുദേവനും 1998ൽ തന്നെ എത്തിയിട്ടുണ്ടാവണം.

ഇന്നാട്ടുകാർ ആഫ്രിക്കക്കാരിലെ ഒരു താരതമ്യത്തിൽ സ്വതവേ സമാധാനപ്രിയരാണ്. പൊതുവെ പുറംലോകം കാണാത്തവരാണ്. അതുകൊണ്ടു തന്നെ നൂതനതയെ അംഗീകരിയ്ക്കാൻ മടിയുമാണ്. ഭക്ഷണത്തിലൊഴികെ ഒന്നിലും സ്വാർത്ഥരല്ല. ബുദ്ധി ഉപയോഗിക്കുന്നതിലും ഈ മടി കണ്ടുവരുന്നു. അതിബുദ്ധിമാന്മാർ ധാരാളം ഉണ്ടുതാനും. കച്ചവടത്തിൽ സെന്റിമെന്റ്സിന് സ്ഥാനമില്ലാത്തതു കൊണ്ടാവും ഇവർ സ്വതവേ വിജയിക്കാത്തത്.

ബോട്സ്വാനയിലും സൗത്ത് ആഫ്രിക്കയിലുമൊക്കെ മൂന്നു മാസത്തിലൊരിയ്ക്കൽ അവധി ദിനങ്ങൾ ശനിയും ഞായറോടും കൂടി ഒരു ലോങ്ങ് വീക്കെന്റ് ആയി വരും. മിക്കവാറും ഈ സമയങ്ങളിൽ അയൽരാജ്യങ്ങളിലോ ബോട്സ്വാനയിലോ തന്നെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലോ പോകാൻ ഞങ്ങൾ ഒത്തുകൂടും.

സസ്യഭുക്കുകൾക്കും സാത്വികഭക്ഷണം മാത്രം കഴിക്കാൻ പറ്റുന്നവർക്കും പല രാജ്യങ്ങളിലും യാത്രയിൽ ബുദ്ധിമുട്ട് തന്നെ. എങ്കിലും ഇരുപത് വർഷത്തോളമായി ഞാനും എന്റെ കുടുംബവും കൂട്ടുകാരായ കുറച്ച് നമ്പൂതിരിമാരും സസ്യഭുക്കുകളായിത്തന്നെ

തുടരുന്നു.

ഇവിടത്തുകാരുടെ പ്രധാനഭക്ഷണം ഉപ്പുമാവുപോലെ ചാമയരികൊണ്ടുള്ള ഒരു പലഹാരവും കുറച്ച് പകുതി വേവുള്ള ബീൻസ് കറിയും മാംസാഹാരവുമൊക്കെയാണ്. പഞ്ചസാര മുഴുക്കെ ഇട്ട കാപ്പിയും ഗോതമ്പുണ്ടയും ഒക്കെ സ്ഥിരമായി അവർ കഴിക്കുന്നു. പാശ്ചാത്യർ സ്വാധീനിച്ച് സ്വാധീനിച്ച് ഇവരുടെ സ്വത്വം എല്ലാ കാര്യത്തിലും നഷ്ടമായിട്ടുണ്ട്.

പൂർവ്വികരെയാണ് ഇവർ പ്രാർത്ഥിച്ചിരുന്നത്. ധാരാളം ഭൂമിയും കുറച്ച് മനുഷ്യരും കുറെ മൃഗങ്ങളും. അങ്ങനെ ഉള്ള സ്ഥലത്ത് ബൈബിൾ കൊണ്ടുവന്നു; പാതിരിമാർ, കണ്ണടച്ചു തുറക്കുമ്പോഴേക്കും ഇവരുടെ കൈകളിൽ ബൈബിളും പാശ്ചാത്യന്റെ കൈയിൽ ഭൂമിയുടെ കൈവശാവകാശവും!!

പക്ഷെ കൊളോണിയലിസം കൊണ്ടുതന്നെയാണ് ആഫ്രിക്കൻ രാജ്യങ്ങൾ വികസിച്ചതും. വെള്ളക്കാരുടെ സാമർത്ഥ്യം പറയാതെ വയ്യ. തൊട്ടടുത്തു കിടക്കുന്ന ദക്ഷിണാഫ്രിക്ക തന്നെ വലിയൊരുദാഹരണം. ജോഹന്നാസ്ബർഗ് നഗരം ന്യൂയോർക്കിനോട് താരതമ്യം ചെയ്യാവുന്നതാണ്. കേപ് ടൗൺ ലാസ് വേഗാസിനോടും. ഇത്രയും മനോഹരങ്ങളായി നഗരങ്ങൾ ഉണ്ടാക്കാൻ പാശ്ചാത്യർക്കേ കഴിയൂ എന്ന് തോന്നും.

വിശ്വാസ്യതയും വിശ്വസ്തതയും ജോലി തരുന്നവരോടുള്ള കൂറും വിധേയത്വവും നമ്മൾ ഇന്ത്യക്കാരുടെ ഏഴയലത്ത് എത്തില്ല. പോരാത്തതിന് അദ്ധ്വാനിച്ച് ഉയരാനുള്ള ക്ഷമയും. ഈ ഗുണങ്ങൾ ഇവിടത്തുകാർക്ക് ഇല്ലാത്തതുകണ്ടാവണം ഇന്ത്യക്കാരെത്തന്നെ ജോലിക്ക് കൊണ്ടുവരുന്നത്. ജോലി സമ്മർദ്ദത്തിൽ പണികൾ കഴിയ്ക്കാനും നമ്മൾ തന്നെ മുന്നിൽ.


ഏഴു സ്വരങ്ങളും...

പേരുകളും അവർ സ്വന്തം രാജ്യത്തേത് പോലെ Rusterburg, Bloomfontein. Harrysmith അങ്ങനെ മാറ്റിയിട്ടുമുണ്ട്.ബോട്സ്വാന എന്ന രാജ്യത്തിന് വലിയ ചരിത്രമൊന്നുംഅവകാശപ്പെടാനില്ലെങ്കിലും സാംബിയ, സിംബാബ്‌വേ എന്നീ അയൽരാജ്യങ്ങൾക്ക് പറയാനുണ്ടാവും. സിംബാബ്‌വേയുടെ തലസ്ഥാനമായ ഹരാരെയിലെ യൂണിവേഴ്സിറ്റിയും വിദ്യാഭ്യാസ ശൈലിയും പണ്ടേ മികച്ചതാണ്.

വന്ന കാലങ്ങളിൽ ആവേശമായിരുന്നു. വളരെ ചെറുപ്പം കഠിനമായ ബ്ലൂ കോളർ ജോലി, അവധി സമയം കുറവ്. സമ്പാദ്യം തീരെയില്ല. സ്വന്തമായി ഉള്ളത് ഒരു പഴയ കാറും. പക്ഷെ ജീവിതം ലളിതമായിരുന്നു.ലോങ്ങ് വീക്ക് എന്റ് കഴിഞ്ഞാൽ അടുത്ത ഒഴിവുസമയത്തെ യാത്രകളെക്കുറിച്ച് ചർച്ചകൾ, പ്ളാനിങ്ങ്, ബുക്കിങ്ങ്.....

യോഗക്ഷേമത്തിനു ഏഴ് മെമ്പർമാർ മതിയല്ലോ. ഇവിടെ ഒരേ സമയം പത്ത് ഇല്ലക്കാർ വരെ ഉണ്ടായിരുന്നുവെന്ന് തോന്നുന്നു. പോർക്കുളത്ത് തെക്കേടത്തെ അനിൽ-സജിത, ഉദിയന്നൂരെ കുഞ്ഞുണ്ണി-സിന്ധു, മടങ്ങത്തെ സജീവ്-സജിത, ആലക്കാട് ശ്രീജിത്ത്-ശ്രീദേവി, പടിഞ്ഞാറേടത്തെ കുട്ടൻ-ദിവ്യ, കണ്ടമംഗലം രമേശ്-അപർണ്ണ.

ഞങ്ങളുടെ ഇവിടത്തെ കാരണവർ മണ്ണഴി രാജേട്ടൻ, പോർക്കുളത്തു തെക്കേടത്തെ അപ്പുവേട്ടൻ (അനിൽ), തൃക്കടീരി ശ്രീകാന്തേട്ടൻ, മടങ്ങത്തെ നാരായണേട്ടൻ, ദീപു, സാജുവേട്ടൻ, ഉദിയന്നൂർ കുഞ്ഞുണ്ണിയേട്ടൻ, കടമ്പൂരെ സുധീരേട്ടൻ, പടിഞ്ഞാറേടത്തെ


ആലക്കാട്ട് ശ്രീജിത്ത്, പത്നി ശ്രീദേവി, സീന, സനത്, സുനീത്, ചെറുവത്തൂർ വാസുദേവൻ, പടിഞ്ഞാറേടത്ത് കുട്ടൻ, ദിവ്യ, മടങ്ങർലി സജിത



കുട്ടൻ, മാത്തൂർ കുഞ്ഞുണ്ണി (സജിത്, എന്റെ അനുജൻ), നെല്ലിക്കാട്ടിൽ മാമണ്ണ് വാസുദേവൻ, പോർക്കളത്ത് വടക്കേടത്തെ അപ്പു (സജിത്), അഷ്ടത്തെ ചിത്രഭാനു, കുട്ടനെല്ലൂർ സുദേവൻ, വൈദികൻ പെരുമ്പടപ്പ് സുധീർ, കണ്ടമംഗലം രമേശ്, കൈതക്കോട് ശാസ്ത്രധർമ്മൻ, പരിയാനമ്പറ്റ നാരായണേട്ടൻ, മുല്ലമംഗലം അനൂപ്, ഒഴുകിൽ റിനോഷ്, പാലശ്ശേരി അരുൺ അങ്ങനെ പോകുന്നു പട്ടിക.

പോർക്കുളത്ത് വടക്കേടത്തെ (അപ്പു) സജിത് – സംഗീത, നെല്ലിക്കാട്ടിൽ മാമണ്ണ് വാസുദേവൻ, മുല്ലമംഗലം അനൂപ് എന്നിവരും ഞങ്ങളും മാത്രം ഇപ്പോൾ ബോട്സ്വാനയിൽ തന്നെ തുടരുന്നു.

അപ്പാർത്തീഡ് കാലത്ത് നമ്മുടെയൊക്കെ പാസ്പോർട്ടിൽ "allowed to all countries except South Africa' എന്ന് എഴുതിയരുന്ന കാലത്ത് എന്റെ അമ്മാവൻ പടിഞ്ഞാറേടത്ത് കുഞ്ഞുണ്ണി ഭട്ടതിരിപ്പാട് ബോട്സ്വാനയിൽ വന്നിരുന്നത് സിംബാബ്‌വേയുടെ തലസ്ഥാനമായ ഹരാരെ വഴിയായിരുന്നു. 1993നു ശേഷമേ നമ്മെപ്പോലെ ഉള്ളവർക്ക് സൗത്ത് ആഫ്രിക്കയുടെ ഭംഗി മനസ്സിലാക്കാൻ പറ്റിയിട്ടുണ്ടാവൂ. ഗാന്ധിജിയെ തള്ളിയിട്ട ട്രെയ്നിലും ഒക്കെ കയറാനും അവരുടെ രാഷ്ട്രപിതാവായ നെൽസൺ മണ്ടേല രാജ്യം ഭരിക്കുന്നത് കാണാനും സാധിച്ചു. എന്റെ അച്ഛനും അമ്മയും ബോട്സ്വാനയിൽ വന്നപ്പോൾ പ്രിട്ടോറിയയിലെ പാർലമെന്റ് കാണാനും സാധിച്ചു. ബ്രിട്ടീഷുകാർ ഉണ്ടാക്കിയ പാർലമെന്റ് മന്ദിരം ദില്ലിയെ ഓർമ്മിപ്പിച്ചു.


കടലും തുറമുഖവും ഒന്നുമില്ലാത്ത രാജ്യമായതുകൊണ്ട് സൗത്ത് ആഫ്രിക്കയെ ആശ്രയിച്ചുവേണം ഉപ്പു തൊട്ട് കർപ്പൂരം വരെ ബോട്സ്വാനയിൽ എത്താൻ. വ്യാജഖനികളും ബീഫ് കയറ്റുമതിയും ഒരിത്തിരി വന്യജീവികളുള്ള പ്രദേശത്തിലെ ടൂറിസവും അല്ലാതെ വേറെ ഒരു ഉൽപ്പാദനവും വ്യവസായങ്ങളും ഇവിടെയില്ല. അതുമൂലം മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി തന്നെ, പശുവിൻ പാൽ വരെ!

ഓണത്തിന് സാധാരണയായി എല്ലാ വർഷവും കേരളസമാജം കമ്മിറ്റി കൂടി അംഗങ്ങളെ തിരഞ്ഞെടുത്ത് തിരുവോണത്തിനുശേഷം പിന്നീട് വരുന്ന വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ കലാപരിപാടികൾ, ഓണസ്സദ്യ എന്നിവ മുടങ്ങാതെ നടത്തിവരുന്നു. ക്രിസ്മസ്സ് പ്രോഗ്രാമും വർഷാന്ത്യത്തിൽ നടക്കുന്നു. കേരളസമാജത്തിന്റെ പേട്രൺ ശ്രീ. രാമചന്ദ്രൻ ഒറ്റപ്പത്ത് അതിനുവേണ്ട എല്ലാ സഹായവും ചെയ്തുതരുന്നു. ഇത്തവണത്തെ കമ്മറ്റിയിൽ ആലക്കാട്ടെ ശ്രീജിത്തും, മടങ്ങത്തെ സജിതയും കണ്ടമംഗലം രമേശനും അടങ്ങുന്ന 15 അംഗ കുടുംബ കമ്മിറ്റിയിൽ ഞാനും എന്റെ സഹധർമ്മിണി സീനയും ഉൾപ്പെട്ടിട്ടുണ്ട്.

സാധാരണക്കാരനായ ഒരു ചാർട്ടേഡ് അക്കൗണ്ടന്റായി ഇവിടെ ജീവിതം തുടങ്ങി ബഹുമുഖ വ്യവസായങ്ങളൊക്കെ വെട്ടിപ്പിടിച്ച് ധനികരിൽ ധനികനായിട്ടും ഇപ്പോഴും വന്നവഴി മറക്കാതെ സാധാരണക്കാരോട് അതേപടി ഇടപഴകിക്കൊണ്ടും കൈയയച്ചു സഹായഹസ്തം നീട്ടിക്കൊണ്ടും ഇവിടെ ജീവിക്കുന്ന ശ്രീ. രാമചന്ദ്രനെപ്പറ്റി പരാമർശിക്കാതെ ബോട്സ്വാനയുടെ കഥ പറയാനേ സാദ്ധ്യമല്ല, ആർക്കും...

ആലയ്ക്കാട്ടെ ശ്രീജിത്തിനും പാലശ്ശേരി അരുണിനും പടിഞ്ഞാറേടത്തെ കുട്ടനുമെല്ലാം സദ്യയ്ക്കു പാചകത്തിൽ പങ്കെടുത്തു പരിചയമുള്ളത് കൊണ്ട് അവരുടെ നേതൃത്വത്തിൽ ആണ് മിക്കപ്പോഴും ഓണസ്സദ്യ പതിവ്. പിന്നീട് മേൽനോട്ടത്തിനായി ചെറുവത്തൂർ വാസുദേവൻ നമ്പൂതിരിയും പഴയിടം മോഹനൻ നമ്പൂതിരിയും ഒക്കെ ഓണസ്സദ്യയ്ക്ക് വേണ്ടി ബോട്സ്വാനയിൽ വന്നിട്ടുണ്ട്. 'യോഗക്ഷേമം ഓണസ്സദ്യ' ഞങ്ങളുടെ ഫ്ളാറ്റുകളിൽ മാറി മാറി ഉണ്ടായിരുന്നു.ഇവിടത്തെ സ്കൂൾ അവധിക്കാലമാണ് ആഗസ്ത്. മിക്കവാറും ഓണപ്പരിപാടികളുടെ തയ്യാറെടുപ്പും ഇതേ സമയം നടക്കുന്നു. കേരളത്തിൽ ഉള്ളതിനേക്കാൾ ഓണാഘോഷവും ഗൃഹാതുരത്വമുണർത്തുന്ന കലാപരിപാടികളും 'പുറമെ' ആണ് കൂടുതൽ എന്ന് തോന്നുന്നു. ടിവി പരിപാടികൾക്ക് പകരം ആണ്ടിലൊരിക്കലെങ്കിലും ഒത്തുകൂടാൻ മറുനാടൻ മലയാളികൾക്കും പ്രവാസികൾക്കുമാണ് താല്പര്യം.

പോലീസ് എന്നാൽ ഒരു പേടിയോടെ നോക്കുന്ന നമ്മൾക്ക് ഇവിടെ



*ശങ്കരൻ നമ്പൂതിരിയുടെ കൂടെ*

വന്നാൽ അത്ഭുതം കൂടും.

വന്ന കാലത്ത് ഒരു വൈകുന്നേരം ആദ്യമായി ശ്രീകാന്തേട്ടന്റെ കാർ കടമെടുത്ത് പോവുകയായിരുന്നു. ജർമ്മൻ കാറായതുകൊണ്ടു ലൈറ്റും ഇൻഡിക്കേറ്ററും വ്യത്യാസം. തിരുപ്പുടിയ്ക്കുന്നതിനിടയിൽ മുൻപിലുള്ള പോലീസ് വാഹനത്തെ ഓവർടേക്ക് ചെയ്യലും. അവർ ലൈറ്റിട്ട് പിന്നാലെ. ഞാൻ വേഗത കൂട്ടി. അവർ അതിലും വേഗതയിൽ എന്റെ വാഹനത്തെ മറികടന്ന് കുറുകെ നിർത്തി. നിലാവുള്ള രാത്രി, ഭീമാകാരന്മാരായ രണ്ട് പോലീസുകാർ, ചിരിച്ചാൽ മാത്രമേ മുഖം കാണൂ. രാത്രി പതിനൊന്നരയാവും. പേടിച്ചു നിൽക്കുന്ന എന്റെ ഡ്രൈവേഴ്സ് ലൈസൻസ് ആവശ്യപ്പെട്ടു. വായിലെ വെള്ളം വറ്റിയ ഞാൻ വിറച്ചു വിറച്ച് രണ്ടു കഷണമായ ഇന്ത്യൻ ലൈസൻസ് അവർക്കു കാണിച്ചു. പേരും വീട്ടുപേരും ഒക്കെ ചേർത്ത് ഒരു പേരഗ്രാഫ് ഉണ്ടെന്നായിരുന്നു ഓഫീസറുടെ അഭിപ്രായം. ലൈറ്റ് കത്തുന്നില്ലെന്നും വേഗത കൂട്ടി എന്നൊക്കെ പറഞ്ഞ് സ്റ്റേഷനിലേക്ക് കാറിൽ കൂടെ വരാൻ ഓർഡർ. തൊണ്ട ഇടറി, വായിലെ വെള്ളം വറ്റി, കാറിൽ കയറി, സ്റ്റാർട്ട് ആവുന്നില്ല! കുറെ നേരം നോക്കി. പോലീസുകാരുടെ ക്ഷമകെട്ടു. ഞാൻ തള്ളുന്നു, ഒരാൾ സ്റ്റാർട്ട് ആക്കാൻ നോക്കുന്നു; ഒരു മണിക്കൂർ പോയി. നിങ്ങളുടെ കാറല്ലേ, നിങ്ങൾ സ്റ്റാർട്ട് ആക്കാൻ നോക്കൂ. അങ്ങനെ ഞാൻ കാറിൽ, രണ്ടു പോലീസുകാരും തള്ളുന്നു. നട്ടപ്പാതിരായ്ക്ക്!! അപ്പോഴേക്കും ശ്വാസം വീണുതുടങ്ങിയിരുന്നു.

ശാന്തസ്വഭാവികളായ ഇവർ ഒന്നിലും വലിയ ഉത്സാഹികളല്ല. കൊള്ളയും കവർച്ചയും ഒക്കെ ഉണ്ടെങ്കിലും അത്ര കഠിനമല്ല എന്നതാണല്ലോ പോലീസിന്റെ ഈ ശാന്തസ്വഭാവങ്ങൾക്കു കാരണം.

പിന്നീടൊരിയ്ക്കൽ പോലീസ് വാൻ പിൻതുടർന്നു വന്നപ്പോഴും ഒത്തിരി പരിഭ്രമിച്ചു. കാറിന്റെ വില എത്രയെന്ന് ചോദിക്കാനായിരുന്നു അവരുടെ തിടുക്കം!

അഞ്ചുകൊല്ലം ജോലി ചെയ്ത് കുറച്ച് സമ്പാദ്യം, പിന്നെ ആ പരിചയം (എക്സ്പോസർ) മുതലാക്കി നാട്ടിൽ ഒരു ജോലി, അങ്ങനെ വന്ന പലരും അടുത്ത കൊല്ലം മതിയാക്കുന്നു എന്നു പറഞ്ഞ് ഞങ്ങളെപ്പോലെ ഇരുപതും ഇരുപത്തിയഞ്ചും വർഷങ്ങൾ തള്ളിനീക്കി മഹാബലിയെപ്പോലെ ആണ്ടിലൊരിക്കൽ കേരളത്തിൽ കാലുകുത്തുന്നു. നാട്ടിലെ വാസം ഇപ്പോഴും ഒരു മരീചിക തന്നെ.

നല്ലൊരു സുഹൃദ് വലയം ഉണ്ടായതുകൊണ്ടാവാം ഗൃഹാതുരത്വം കൊണ്ടു മാനസികപ്രശ്നങ്ങൾ ഉണ്ടാകാതിരുന്നത്. കലാപരിപാടികളും മറ്റു സാംസ്കാരിക സംഘങ്ങളിലും പലപ്പോഴും സജീവമായിരുന്നതുകൊണ്ടു കഠിനവും വിരസവുമായ ജോലികൾ ഉള്ളപ്പോഴും ഇതേ രാജ്യത്തു തന്നെ തുടർന്നു എന്നു വേണം പറയാൻ.

കറുത്ത വർഗ്ഗക്കാരെ പണിയെടുപ്പിക്കലും അവർ ചെയ്യുന്നതിന്റെ മൂന്ന് മടങ്ങ് ജോലി ചെയ്യലുമായിരിക്കും ഏതൊരു ഏഷ്യൻ വംശജരുടെയും പക്കൽ നിന്ന് ജോലിദായകർ പ്രതീക്ഷിക്കുന്നത്. വിശ്വാസ്യതയും ഉത്തരവാദിത്തബോധവും ധാർമ്മികതയും തന്നെയാണ് നമ്മളെപ്പോലെ ഏതൊരിന്ത്യാക്കാരന്റെയും മുടക്കുമുതൽ. അതുകൊണ്ടാണ് ജോലിക്കാരായി ഇപ്പോഴും തുടരുന്നത്. ഇതല്ലാത്ത ഗുണങ്ങൾ കൂടിയുള്ളവർ വിദ്യാഭ്യാസം അത്ര ഇല്ലെങ്കിൽ കൂടി വ്യവസായികളായി വിജയിക്കുന്നു. മലയാളികളിൽ അധികം ബിസിനസ്സുകാരും വിദ്യാഭ്യാസം കൂടി ഉള്ളതുകൊണ്ട് ഉയർന്നതലത്തിലെത്തിയിട്ടുമുണ്ട്. പക്ഷെ ഗുജറാത്തികളും തെലുങ്കരും ആണ് കൂടുതൽ വിജയിച്ചത്. പക്ഷെ വിജയം എന്നത് ആപേക്ഷികവും സന്തോഷം, സംതൃപ്തി എന്നിവ നമ്മൾ മനസ്സിൽ ഉണ്ടാക്കുന്നതും അല്ലെങ്കിൽ ഉണ്ടാകേണ്ടതും ആണല്ലോ. ആ നിലയ്ക്ക് കുടുംബജീവിതം സാദ്ധ്യമായ, ജനവാസം കുറഞ്ഞ, മാലിന്യങ്ങൾ താരതമ്യേന ഇല്ലാത്ത ഇവിടെത്തന്നെയായിരിക്കും സന്തോഷത്തോടെ ജീവിച്ചുപോരുന്നത് എന്നും വ്യാഖ്യാനിക്കാം.

ബ്രാഹ്മണൻ അല്ലെങ്കിൽ നമ്പൂതിരി എന്ന രീതിയിൽ ജീവിക്കുന്നതിന് മുഴുവൻ നീതി പുലർത്തിയോ എന്ന് സംശയമുണ്ടെങ്കിലും സ്വതസിദ്ധമായ പല മൂല്യങ്ങളും നഷ്ടപ്പെടുത്താതെ ജീവിച്ചവരാണ് ഇവിടത്തെ കുടുംബങ്ങൾ. ബ്രാഹ്മണൻ ആയി ജനിച്ചില്ലെങ്കിൽ കൂടി സാത്വികന്മാരും മൂല്യമുള്ളവരും ആയ കുറച്ചു സുഹൃത്തുക്കളെയും അവരുടെ കുടുംബങ്ങളെയും സുഹൃത്തുക്കളായി ഞങ്ങൾക്കു കിട്ടി.

വിദേശജീവിതത്തിന്റെ കുറച്ചു മെച്ചങ്ങളേക്കാൾ കൂടുതൽ കുടുംബമൊത്തുള്ള ജീവിതം എന്നുള്ളതും ജോലിഭാരമൊഴിച്ചാൽ മറ്റു സാമൂഹിക സമ്മർദ്ദങ്ങൾ കുറവാണ് എന്നതുമാവും ആഫ്രിക്കൻ ജീവിതത്തിന്റെ മെച്ചം. വീട്ടുപണിക്ക് കറുത്ത വർഗക്കാർ, ഇസ്തിരി മുതൽ ഷൂ പോളിഷ് വരെ ചെയ്യും. സ്വന്തം വാഹനം, ഭാര്യയ്ക്കും ഭർത്താവിനും വെവ്വേറെ, മക്കളെ സ്കൂളിൽ കൊണ്ടുപോവൽ തൊട്ട് എല്ലാത്തിനും. പബ്ലിക് ട്രാൻസ്പോർട്ട് എല്ലായിടത്തും ഇല്ലതാനും.

അങ്ങനെ അഞ്ഞൂറോളം കുടുംബങ്ങളുള്ള ബോട്സ്വാന എന്ന ഈ ചെറിയ രാജ്യത്ത് ഞങ്ങൾ പത്തോളം നമ്പൂതിരിമാർ ഇപ്പോഴും ജോലികൾ ചെയ്തു താമസിച്ചു പോരുന്നു. ഇംഗ്ലീഷ് മീഡിയം ഇന്റർനാഷണൽ സ്കൂളിലെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിയുന്നതോടെ കുട്ടികൾ ഇന്ത്യയിലോ അമേരിക്കയിലോ ഉപരിപഠനത്തിനായി പോകുന്നു. അവരുടെ ഗതിക്കനുസരിച്ച് നമ്മളും കൂടുമാറിക്കൊണ്ടിരിക്കുന്നു.

❐

*ഗായകൻ പി.ഉണ്ണികൃഷ്ണനോടൊപ്പം*





ഡോ. ടി.ഗീത

# ഓണത്താർനാട് വാഴുന്നോർ

ചന്ദ്രഗിരിപ്പുഴയ്ക്ക് തെക്കിങ്ങോട്ട് വടക്കെ മലബാറിൽ പ്രത്യേകിച്ച് കാഞ്ഞങ്ങാട് മുതൽ നീലേശ്വരം വരെയുള്ള താന്ത്രികരംഗം വാഴുന്ന ശ്രേഷ്ഠ കുടുംബം. അവർക്ക് ഇല്ലപ്പേരു തന്നെ സ്ഥാനപ്പേരും. ഇവിടത്തെ ദേവീദേവന്മാരുടെ പിതൃസ്ഥാനീയരായ ഇവർക്ക് നീലേശ്വരം തമ്പുരാൻ ആദരപൂർവ്വം കല്പിച്ചരുളിയ പേര്... വാഴുന്നോർ. മധുരംകൈ പത്തില്ലങ്ങളിൽ ചെപ്പില്ലത്തായര്, കൊളത്തായര്, കേഗുണ്ടായര്, ഓഗുണ്ടായര്, കാനത്തായര് തുടങ്ങിയ പ്രശസ്തമായ പത്തില്ലങ്ങളിൽ വാഴുന്നോരും ഉൾപ്പെടുന്നു. സമസ്ത പാണ്ഡിത്യവും പ്രതിഭയും ഒരുപോലെ മേളിക്കുന്നു വാഴുന്നോരില്ലത്ത്. അതുകൊണ്ടുതന്നെ ഉത്തരമലബാറിലെ ആഘോഷങ്ങളെയും അനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും കുറിച്ച് ആധികാരികമായി പറയാനും അവർക്കേ കഴിയൂ. ഇന്ന് വടക്കെ മലബാറിന്റെ താന്ത്രികകർമ്മങ്ങൾക്കെല്ലാം നടുനായകത്വം വഹിക്കുന്നത് വ്യതിചലിക്കാത്ത നിഷ്ഠകളോടെ, ഇതിനായി ആത്മസമർപ്പണം ചെയ്ത ആദരണീയനായ മയ്യൽ ദിലീപ് വാഴുന്നോരാണ്.

നീലേശ്വരത്തുള്ള പ്രസിദ്ധമായ മന്ദംപുറത്തു കാവടക്കമുള്ള പ്രസിദ്ധ ക്ഷേത്രങ്ങളിലെ താന്ത്രികസ്ഥാനം നിർവ്വഹിച്ചുവരുന്ന ദിലീപ് വാഴുന്നോർ ഓട്ടോമൊബൈൽ എഞ്ചിനീയർ കൂടിയാണ്. 1970കളിൽ ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി അന്തിച്ചുനിന്ന, ദാരിദ്ര്യത്തിലകപ്പെട്ട നമ്പൂതിരി സമുദായാംഗങ്ങളെ സാങ്കേതിക തൊഴിലുകളിൽ പ്രാവീണ്യം നേടാൻ സഹായിച്ചത് ഇദ്ദേഹത്തിന്റെ അച്ഛനായിരുന്നു. യോഗക്ഷേമ സഭയുടെ സജീവ പ്രവർത്തകനായ ദിലീപ് നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികൂടിയാണ്. ഇപ്പോൾ കുട്ടികളെ നീന്തൽ പരിശീലിപ്പിക്കുന്നതിൽ മുഴുകിയിരിക്കുകയാണ്. സമുദായംഗങ്ങൾക്കായി വ്യക്തിത്വവികസനം, വേദാഭിമുഖ്യം എന്നിവ വളർത്തുന്നതിനായി സഹവാസ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിൽ സീനിയർ മെഡിക്കൽ ഓഫീസറായി പടന്നക്കാട് ഗവ. ആയുർവ്വേദാശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. ഇന്ദു ദിലീപ് ഭാര്യയാണ്. ഔഷധസസ്യവൈവിധ്യങ്ങളെക്കുറിച്ച് അവഗാഹം നേടിയ ഇന്ദു സ്കൂളുകളിലും കോളേജുകളിലും സൗജന്യമായി ക്ലാസുകൾ, ഔഷധത്തോട്ട നിർമ്മാണം എന്നിവയ്ക്ക് നേതൃത്വം നൽകുന്നു.

ഉത്തരമലബാറിലെ ആഘോഷങ്ങളെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം വാചാലനായി. ഉത്തരകേരളത്തിൽ തൃക്കാക്കരയപ്പനും മാതേവരും എന്ന സങ്കല്പത്തിൽ ഒന്നും തന്നെയില്ല. അതുപോലെ ഓണപ്പൂക്കളത്തിനും വ്യത്യാസമുണ്ട്. ഇവിടെ കർക്കടകം പതിനെട്ട്, മഴയുടെ വമ്പ് കഴിഞ്ഞാൽ പിന്നെ ആടിവേടൻ (തെയ്യം) ഓരോ ഗൃഹങ്ങളിലും ചെന്ന് ആധിവ്യാധികളൊക്കെ മാറ്റുന്നു. കർക്കടകം 30നുള്ളിൽ എല്ലാ വീടുകളിലും കയറിച്ചെല്ലുന്നു. ചിങ്ങപ്പുലരിക്ക് വീടുംപരിസരവുമൊക്കെ വൃത്തിയാക്കി ചാണകം മെഴുകി മുറ്റത്തും പടിഞ്ഞാറ്റയിലും പൂവിടുന്നു. പടിഞ്ഞാറ്റയിൽ അഷ്ടമംഗല്യം, മടക്കു പുടവയും കൃഷ്ണപ്പാട്ടും വെയ്ക്കുന്നു. രാവിലെ എഴുന്നേറ്റ് കൃഷ്ണപ്പാട്ട് പാടാറുണ്ട്. കർക്കടകത്തിൽ രാമായണവും ചിങ്ങത്തിൽ കൃഷ്ണപ്പാട്ടും പാടിവരുന്നു.

ഈ ഭാഗങ്ങളിൽ വീടിനുപുറത്ത് പൂവിടുന്ന സമ്പ്രദായമില്ല. വടക്കിനിയിലോ പടിഞ്ഞാറ്റയിലോ അണിഞ്ഞ് പൂവിടുകയാണ് ചെയ്യാറ്. തൃക്കാക്കരപ്പനെ വയ്ക്കുന്ന പതിവും തീരെ ഇല്ല.

കന്നിപിറക്കുന്നതുവരെയും പൂവിടാറുണ്ട്. പടിഞ്ഞാറ്റയിൽ പതിനൊന്ന് മാസവും പൂവയ്ക്കും. ഓണത്തിനു കു

നീലേശ്വരത്തുള്ള പ്രസിദ്ധമായ മന്ദംപുറത്തു കാവടക്കമുള്ള പ്രസിദ്ധ ക്ഷേത്രങ്ങളിലെ താന്ത്രികസ്ഥാനം നിർവ്വഹിച്ചുവരുന്ന ദിലീപ് വാഴുന്നോർ ഓട്ടോമൊബൈൽ എഞ്ചിനീയർ കൂടിയാണ്. 1970കളിൽ ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി അന്തിച്ചുനിന്ന, ദാരിദ്ര്യത്തിലകപ്പെട്ട നമ്പൂതിരി സമുദായാംഗങ്ങളെ സാങ്കേതിക തൊഴിലുകളിൽ പ്രാവീണ്യം നേടാൻ സഹായിച്ചത് ഇദ്ദേഹത്തിന്റെ അച്ഛനായിരുന്നു. യോഗക്ഷേമ സഭയുടെ സജീവ പ്രവർത്തകനായ ദിലീപ് നിരവധി ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളികൂടിയാണ്.



റച്ചുകൂടി വലിയ പൂക്കളമായിരിക്കും എന്നുമാത്രം. ഓണദിവസം രാവിലെ തേവാരത്തിനു അമ്പലത്തിൽ വിശേഷാൽ പൂജയും പാൽപായസവും ഉച്ചയ്ക്ക് ഗംഭീരമായ ഓണസദ്യ; പുളിയിഞ്ചി, നാരങ്ങാക്കറി, കാളൻ, ഓലൻ, കക്കരിക്ക പെരക്ക്, കൂട്ടുകറി, ഉപ്പേരി, ഇഞ്ചിത്തൈര്, അവിയൽ, പ്രഥമൻ, വറുത്തുപ്പേരി, ശർക്കര പഴം നുറുക്ക് തുടങ്ങിയ വിഭവങ്ങൾ ഉണ്ടാകും. പപ്പടം നിർബന്ധമാണ്.

ഉച്ചയ്ക്കുശേഷം കുടുംബാംഗങ്ങൾ തലപ്പന്ത്കളി, കുട്ടിയുംകോലും, ഓണത്തല്ല് തുടങ്ങി വിവിധ കളികളിൽ ഏർപ്പെടുന്നു. ഉത്രാടത്തിന് തേജസ്വിനിപ്പുഴയിൽ വള്ളംകളി മത്സരം നടത്താറുണ്ട്. വിവിധ കരക്കാര് തമ്മിൽ ഘോഷയാത്രയിലും വള്ളം തുഴയലിലും മത്സരം നടത്തുന്നു. അത് ഒരു അരങ്ങാണ്.

മറ്റൊരാഘോഷം മീനമാസത്തിലെ പൂരമാണ്. ഇതിലെ ഏറ്റവും പ്രധാന ചടങ്ങ് കാമനെ വയ്ക്കലാണ്. പ്രത്യേകിച്ച് ബ്രാഹ്മണരുടെ ഇടയിൽ. പെൺകുട്ടികൾക്കുള്ളതാണ് ഈ ചടങ്ങ്. അവരെക്കൊണ്ട് പൂവിടിയ്ക്കൽ. കിഴക്കുഭാഗത്തുള്ള കുളപ്പടവിലാണ് ഇതിന്റെ ആരംഭം. ഓരോ ദിവസവും കാമനെ എഴുന്നള്ളിച്ച് നിശ്ചിത ദൂരം കൊണ്ടുവരുന്നു. അങ്ങനെ ഏഴുദിവസങ്ങൾ കൊണ്ടാണ് ഇല്ലത്തെത്തുന്നത്. ആദ്യമൂന്ന് ദിവസങ്ങളിൽ ചാണകം കൊണ്ടാണ് ഏകദേശം തൃക്കാക്കരപ്പനോട് സാമ്യമുള്ള ഈ രൂപം ഉണ്ടാക്കുക. പിന്നെ നാലിറയത്തേക്കെത്തുമ്പോഴേക്കും രൂപം ഉണ്ടാക്കുന്നത് മണ്ണുകൊണ്ടാവും. ജാതകർമ്മം കഴിഞ്ഞതുമുതൽ വിവാഹം കഴിയാത്ത പെൺകുട്ടികളുള്ള എല്ലാ വീട്ടിലും ഈ ചടങ്ങുണ്ട്. കാമനെ എഴുന്നള്ളിച്ച് ഏഴാം ദിവസം അതായത് മീനമാസത്തിലെ പൂരം നാളിൽ നടുമുറ്റത്തേക്കെത്തുന്നവിധത്തിലാണ് ചടങ്ങ്.

ഓണത്താർ ഓണത്തേവരാണ്. മലയസമുദായത്തിലെ ആൺകുട്ടികളാണ് ഓണത്താർ കെട്ടിയാടുക. ഒരു ചെണ്ടക്കാരൻ കൂടെയുണ്ടാവും. ഓരോ വീടുകളിൽ നിന്നും കിട്ടുന്ന അരിയും നെല്ലും ധാന്യങ്ങളും സംഭരിക്കാൻ ഒരു ചാക്കുമായി മറ്റൊരാളുമുണ്ടാകും.





ഓണത്താർ ഓണത്തേവരാണ്. മലയസമുദായത്തിലെ ആൺകുട്ടികളാണ് ഓണത്താർ കെട്ടിയാടുക. ഒരു ചെണ്ടക്കാരൻ കൂടെയുണ്ടാവും. ഓരോ വീടുകളിൽ നിന്നും കിട്ടുന്ന അരിയും നെല്ലും ധാന്യങ്ങളും സംഭരിക്കാൻ ഒരു ചാക്കുമായി മറ്റൊരാളുമുണ്ടാകും. ചിങ്ങമാസത്തിൽ ഓണത്താർ എല്ലാ വീടുകളിലും കയറിയിറങ്ങും. പല സ്ഥലങ്ങളിലും ഓണത്താർ ഇപ്പോൾ വരാതായിത്തുടങ്ങി. ഇങ്ങനെ നമ്മിൽ നിന്നകന്ന് പോകുന്നത് തിളങ്ങി നിൽക്കുന്ന ഓണസങ്കല്പങ്ങളാണ്. ഐശ്വര്യം കൊണ്ടുവരുന്ന ഈശ്വരസാന്നിധ്യമാണ്. ഓണത്തേവരുടെ ഈ തെയ്യം ചിങ്ങമാസപ്പിറവിയോടുകൂടിത്തന്നെ ഗൃഹസന്ദർശനം തുടങ്ങാറുണ്ടായിരുന്നു. ഇപ്പോഴത് പലയിടത്തും പേരിനുമാത്രം. എന്തായാലും ഉത്തരമലബാറിന്റെ ഓണസങ്കല്പങ്ങളിൽ ഓണത്തേവർ അവിഭാജ്യഘടകമായി എന്നും നിലനിൽക്കുന്നു.

❒

# ഈ ഭട്ടാചാര്യ ബംഗാളിയല്ല അസ്സൽ ഭട്ടതിരിപ്പാട്



കെ.എം.പരമേശ്വരൻ



പേര് എസ്.എൻ. ഭട്ടാചാര്യ. ബംഗാളി അറിയില്ല; ബംഗാളികളും അറിയില്ല. എന്തിന് !ബംഗാളിൽ പോയിട്ടേയില്ല.
അസ്സൽ ഭട്ടതിരിപ്പാടാണ് ഈ ഭട്ടാചാര്യ. അച്ചിപ്രയിലെ അവുഞ്ഞിക്കാട്ടു മനയിലെ പട്ടേരി.

അബദ്ധവശാൽ ഇന്ത്യൻ എയർലൈൻസിന് പറ്റിയ പിശകാണ് ഈ ഭട്ടതിരിപ്പാടിനെ ഭട്ടാചാര്യയാക്കി മാറ്റിയത്.
അത് പുലിവാലായി. ആൾമാറാട്ടം ആവാതിരിക്കാനായി ഗസറ്റ് നോട്ടിഫിക്കേഷൻ വേണ്ടി വന്നു ഭട്ടതിരിപ്പാടിന്. ഒന്നുകിൽ പേരിലെ വാല് ഭട്ടതിരിപ്പാടായി നില നിർത്തുക. അല്ലെങ്കിൽ ഭട്ടാചാര്യയെന്ന അബദ്ധത്തെ സുബദ്ധമാക്കുക. രണ്ടാമത്തെ ഓപ്ഷനാണ് ഭട്ടാചാര്യ സ്വീകരിച്ചത്. അങ്ങനെ നമ്പൂതിരിമാർക്കിടയിലെ ഒരേയൊരു ഭട്ടാചാര്യയായി അവുഞ്ഞിക്കാട്ടു മനയിലെ ശങ്കരനാരായണൻ.

നമ്പൂതിരിമാർക്കിടയിൽ ചോമാതിരിയും അക്കിത്തിരിയും ഒക്കെയുണ്ട്. അത് പക്ഷേ,യാഗം കഴിച്ചാൽ കൈവരുന്ന സ്ഥാനപ്പേരുകളാണ്. ഇത് അങ്ങനെയല്ല. അതാണ് ഇതിന്റെ കൗതുകം.

ശങ്കരനാരായണ ശർമ്മൻ എന്ന് അച്ഛൻ ചിത്രൻ ഭട്ടതിരിപ്പാട് പേരു വിളിച്ചു. വല്യച്ഛൻ ഉപനയിച്ചു. സമാവർത്തനം കഴിഞ്ഞതോടെ ശങ്കരനാരായണൻ ഭട്ടതിരിപ്പാടായി. ആറാം ക്ലാസിൽ സ്കൂൾ വിദ്യാരംഭം എ.എം. ശങ്കരനാരായണ ഭട്ടതിരിപ്പാടായി. അമ്മാത്ത് കുറുമ്പത്തൂർ പാഴിയോട്ട് താമസിച്ചു എസ്.എസ്.എൽ.സി. വരെ സ്കൂൾ പഠനം തിരുന്നാവായ നാവാമുകുന്ദ സ്കൂളിൽ. കോളേജിൽ ചേർന്നു പഠിച്ചത് തൃശൂർ കേരളവർമ്മയിൽ. ബി.കോം ബിരുദം നേടി ഉദ്യോഗപർവ്വം ബോംബെയിൽ. തൃശ്ശൂരിലെ 'രോഹിണി' ലോഡ്ജിൽ ഒപ്പം താമസിച്ചിട്ടുള്ള ഡോ. എം.പി. പരമേശ്വരൻ (മോസ്കോ മടങ്ങർളി) ആണ് ബോംബേക്കു കൂട്ടിക്കൊണ്ടു പോയത്. ഭാഭ അറ്റോമിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞനായിരുന്നു മടങ്ങർളി. ഹോമി ജെ. ഭാഭയും വിക്രം സാരാഭായിയും മടങ്ങർളിയുടെ അടുത്ത സുഹൃത്തുക്കളായിരുന്നുവത്രെ.

മഖാമിയ എന്ന മാർവാഡിയുടെ കമ്പനിയിൽ കേഷ്യർ ആയപ്പോഴും ഭട്ടതിരിപ്പാടിന്റെ പേരിന് കുഴപ്പം സംഭവിച്ചിരുന്നില്ല. ഇന്ത്യൻ എയർലൈൻസിൽ ജോലിക്കു അപേക്ഷിച്ചതും നിയമനം ലഭിച്ചതും എ.എം. ശങ്കരനാരായണ ഭട്ടതിരിപ്പാടായിട്ടു തന്നെയായിരുന്നു. എന്നാൽ പിന്നീട് എപ്പഴോ ഔദ്യോഗിക രജിസ്റ്ററിൽ 'ഭട്ടതിരിപ്പാട്' 'ഭട്ടാചാര്യ'യായി. അത് അറിഞ്ഞത് ഇന്ത്യൻ എയർലൈൻസിൽ നിന്ന് പിരിഞ്ഞ ശേഷം. പിരിയുമ്പോൾ ലഭിക്കുന്ന തുകയും മറ്റും ഒപ്പിട്ടു വാങ്ങാൻ ചെന്നപ്പോൾ ശങ്കരനാരായണ ഭട്ടതിരിപ്പാടിനു പകരം ശങ്കരനാരായണ ഭട്ടാചാര്യ. ഇനിയെന്തു ചെയ്യും. ആകെ പരിഭ്രമമായി. ആ പേരിൽ അലവൻസുകൾ ഒപ്പിട്ടു വാങ്ങി.അവർ ഒരു കാര്യം പറഞ്ഞു. പിന്നീട് എപ്പോഴെങ്കിലും ഇത് ആൾമാറാട്ടം ആണെന്ന തരത്തിൽ പ്രശ്നമുണ്ടായാൽ കുഴങ്ങും. അതിനാൽ ഈ ഭട്ടാചാര്യ ആ ഭട്ടതിരിപ്പാടാണ് എന്ന് ഉറപ്പാക്കാൻ ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തുക.

മൂന്നു വർഷം മാത്രമേ ഇന്ത്യൻ എയർലൈൻസിൽ ജോലി ചെയ്തുള്ളൂ. 1959-62 കാലത്ത്. അതു പക്ഷേ, മൂന്നാം ജന്മത്തിനു വകയായി. സാധാരണ നമ്പൂതിരിമാർ ദ്വിജൻ ആണെങ്കിൽ ഭട്ടാചാര്യ ആയതോടെ ഈ ഭട്ടതിരിപ്പാട് ത്രിജൻ ആയി.

അമ്മാത്ത് ആളില്ലാത്ത സാഹചര്യം വന്നു. മുത്തശ്ശിയെ ശുശ്രൂഷിക്കാനും അവിടെ താമസിച്ചു കുടുംബ ഭരണം നടത്താനും വേണ്ടി ജോലി രാജിവെച്ചു മടങ്ങി. കുറുമ്പത്തൂർ പാഴിയോട്ടുമനയിൽ താമസിച്ചുകൊണ്ടായിരുന്നു വിമാനക്കമ്പനിയിൽ നിന്നുള്ള ആനുകൂല്യങ്ങൾക്കായി കത്തിടപാടുകൾ നടത്തിയത്. പാഴിയോട്ടെ ഒസ്യത്താദി പ്രമാണങ്ങളിലും മറ്റും പേരുമാറ്റം പ്രശ്നമാവാതിരിക്കാൻ ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് നിയമോപദേശം കിട്ടി. 1963 നവംബർ 25 ന് അപേക്ഷ കൊടുത്തു. ആ വർഷം ഡിസംബർ 31 ന് വിജ്ഞാപനം വന്നു.

ഇതാണ് ആ നോട്ടിഫിക്കേഷൻ

Kerala Gazette,
Valume VIIIJ Trivandrum
Tuesday 31st December 1963,
10th Pousha 1885 Saka No. 52

**Notice**

It is hereby notified that I, Mr. A.M. Sankara Narayana Bhattathiripad (P.O. Kurumbatore, Via Edakkolam, District Kozhikode) S.S.L. Certificate No. 47030E Dated. 31.7.1953. B.com Degree Certificate No. 1259/980 dated 18.08.1958 have changed my name as SHANKARA NARAYANA BHATTACHARYA, and I will sign accordingly.

A.M. Sankara Narayana Bhattathiripad
Kurumbatore.
2511.1963

അന്ന് കുറുമ്പത്തൂരും തിരുന്നാവായയും എല്ലാം കോഴിക്കോട് ജില്ലയുടെ ഭാഗം. അപ്പോൾ ഈ ഭട്ടാചാര്യക്ക് എന്തു പ്രായം വരും. ?

അശീതി കഴിഞ്ഞ് ശതാഭിഷേകത്തിലേക്കു നീങ്ങുകയാണ് ഇപ്പോൾ.

യാഗാദികൾ ചെയ്ത് അടിതിരിപ്പാട്, സോമയാജിപ്പാട്, അക്കിത്തിരിപ്പാട് തുടങ്ങിയ പേരുമാറ്റങ്ങൾ പ്രഖ്യാപിക്കപ്പെ

ടാറുണ്ട്. യാഗവേദിയിൽവെച്ചാണ് അതു നടത്തുക. അവരുടെ പത്നിമാരെ 'പത്തിനാടി' എന്ന പേരിലാണ് സംബോധന ചെയ്യുക.

ഗൃഹസ്ഥാശ്രമി, വാനപ്രസ്ഥം, സന്യാസം തുടങ്ങിയ ആശ്രമങ്ങൾ സ്വീകരിക്കുമ്പോഴും പേരുമാറ്റം ഉണ്ടാവാം. ഭാവിയിൽ ഇവർക്കും ഗസറ്റു വിജ്ഞാപനം അത്യാവശ്യമായി വന്നേക്കാം.

ഗസറ്റു വിജ്ഞാപനത്തിലൂടെ ഭട്ടാചാര്യയായി മാറിയിട്ടും ഒരു ദേവസ്വം കേസിൽ എതിർഭാഗം വക്കീൽ തന്നെ ബംഗ്ലാദേശിൽ നിന്നുള്ള നുഴഞ്ഞുകയറ്റക്കാരനാക്കി! ബംഗ്ലാദേശിൽ നിന്ന് ബംഗാളിലെത്തിയ അന്യരാജ്യക്കാരൻ. ഇപ്പോൾ നമ്മുടെ നാട്ടിൽ കാണുന്ന ബംഗാളികളെപ്പോലെ ഒരാൾ. എന്നൊക്കെയായിരുന്നു വാദം. ഭാഗ്യത്തിന് വേണ്ടതിലധികം രേഖകളും പ്രമാണങ്ങളും ഉണ്ടായിരുന്നതിനാൽ അതിനെതിരെ കോടതിയിൽ കൗണ്ടർ കേസ് കൊടുക്കാനായി.

ഭട്ടാചാര്യ ആയതിന്റെ പ്രശ്നങ്ങൾ വേറെയുമുണ്ടായി. ബോംബെയിൽ ഉദ്യോഗത്തിലിരുന്ന കാലത്ത് പ്രശസ്തരായ ചില ഭട്ടാചാര്യമാരുമായുള്ള ചാർച്ചവേഴ്ച്ചകൾ ചോദിച്ചവർ ഏറെയാണ്. ''വീട്ടിൽ ബംഗാളിയാണല്ലോ സംസാരിക്കുന്നത്?'' എന്നു ചോദിച്ചവരും ഇല്ലാതില്ല. ബംഗാളിൽ പോകാതെ, ബംഗാളി ഭാഷ പറയാനറിയാതെ 'സർനെയിം' കൊണ്ട് ബംഗാളിയായ മലയാളി കുറുമ്പത്തൂർ പാഴിയോട്ടുമനയിലെ ശങ്കരനാരായണ ഭട്ടാചാര്യ മാത്രമായിരിക്കും!

സ്വസ്തി ത്രൈമാസികയുടെ ഏറ്റവും പുതിയ വരിക്കാരനായപ്പോൾ ഇതുവരെ ഇറങ്ങിയ ആറു ലക്കം ചോദിച്ചു വാങ്ങി.

ഉപ്പിലാപ്പറ്റ മകൾ ശാന്ത അന്തർജ്ജനമാണ് ധർമ്മപത്നി. രാജീവ്, ഗൗരി, ജയൻ, ശ്രീജ എന്നിവർ മക്കൾ. സീമ മണ്ണുമേലേടം, കൃഷ്ണൻ കുട്ടമശ്ശേരി, ആര്യപെരിഞ്ഞേരി, സതീശൻ എരണ്ടപ്പുറത്തുകാട് എന്നിവർ മരുമക്കൾ. എല്ലാവർക്കും ഈ രണ്ടുവീതം എട്ട് പേരക്കിടാങ്ങളും ഭട്ടാചാര്യക്കുണ്ട്.

9446648792 വിളിക്കാം ഈ നമ്പറിൽ. ഒട്ടും സംശയിക്കേണ്ട. അങ്ങേത്തലക്കൽ നിന്ന് നല്ല ശുദ്ധ നമ്പൂരിബ്ഭാഷ തന്നെ കേൾക്കാം. കൂടുതൽ വിശേഷങ്ങൾ ചോദിക്കുകയും ചെയ്യാം. ❐

**ഓണത്തിനൊരു വേറിട്ട വിഭവം**

# മണികൊഴുക്കട്ട പ്രഥമൻ



**പത്മിനി അന്തർജ്ജനം**

### ചേരുവകൾ

| | | |
|---|---|---|
| പച്ചരി കുതിർത്തുപൊടിച്ചത് | - | 250 ഗ്രാം പൊന്നിയരി |
| ശർക്കര | - | 800 ഗ്രാം |
| തേങ്ങ ചിരകിയത് | - | 3 എണ്ണം |
| ഏലക്കാപൊടി | - | 3 സ്പൂൺ |
| സാബൂനരി പൊടിച്ചത് | - | 4 സ്പൂൺ |
| സാബുനരി കുതിർത്ത് വേവിച്ചത് | - | 1 കപ്പ് |
| നെയ്യ് | - | 4 സ്പൂൺ |
| അണ്ടിപ്പരിപ്പ് | - | 20 എണ്ണം |
| ജീരകം 1 സ്പൂൺ നെയ്യിൽ വറുത്തത് | - | 2 സ്പൂൺ |
| ചുക്ക്പൊടി | - | 1 സ്പൂൺ |
| വാഴയില | - | 1 എണ്ണം |

### പാകം ചെയ്യുന്നവിധം

പച്ചരി കുതിർത്ത് മിനുസമായി പൊടിച്ച് വെക്കുക. 3 കപ്പ് വെള്ളം തിളപ്പിക്കുക. ഇതിലേക്ക് പൊന്നിയരി പച്ചരി പൊടിയിട്ട് തിളപ്പിച്ച് കുറുക്കി തൊട്ടാൽ പറ്റാത്ത പാകത്തിൽ ഒരു തട്ടിലേക്ക് കോരിമാറ്റുക. ഉള്ളംകൈയിൽ വെളിച്ചെണ്ണ തൊട്ട് പുരട്ടി ചെറുകടലമണി വലിപ്പത്തിൽ ഉരുട്ടിയെടുക്കുക. അപ്പചെമ്പിൽ വെള്ളം തിളപ്പിച്ച് ഈ ചെറുകൊഴുക്കട്ട മണികൾ 20 മിനുട്ട് സമയം വേവിക്കുക. ഉരുളിയിൽ ശർക്കര ഉരുക്കി കല്ല് മാറ്റിയെടുത്ത് തിളപ്പിക്കുക. തേങ്ങ ചിരകിയത് മിക്സിയിൽ ചതച്ചെടുത്ത് പിഴിഞ്ഞ് ഒന്നാം പാൽ, രണ്ടാം പാൽ, മൂന്നാംപാൽ എന്നിവ എടുക്കുക. ഉരുക്കിയശർക്കരയും മൂന്നാം പാലും തിളപ്പിക്കുക. ഇതിലേക്ക് കൊഴുക്കട്ട മണികൾ ചേർത്ത് നന്നായി വരട്ടുക. വീണ്ടും രണ്ടാം പാൽചേർക്കുക നന്നായി തിളച്ചാൽ സാബൂനരി പൊടിച്ചതും ചേർത്ത് കട്ട കെട്ടാതെ തിളപ്പിച്ച് ഒന്നാം പാൽ ചേർക്കുക. അണ്ടിപ്പരിപ്പ് നെയ്യിൽ വറുത്ത് വിതറുക. ചുക്ക് പൊടിയും ജീരകം നെയ്യിൽ വറുത്തതും ചേർത്ത് വെന്ത സാബൂനരിയും ചേർത്ത് നന്നായി തിളച്ചാൽ വാഴയില എടുത്ത് ഉരുളി അടച്ച് വെക്കുക. ❐



വി.കെ.രഘുനാരായണൻ

# ഷാർജയിലെ ആന എഴുന്നള്ളത്ത്



ഓണത്തിന്റെ വരവറിയാൻ ഷാർജയിലെ സൂപ്പർമാർക്കറ്റിൽ നോക്കിയാൽ മതി. അവിടമെല്ലാം നിറയും, ഒരുങ്ങും! മലയാളി ഹോട്ടലുകളിൽ മാത്രമല്ല ഏത് സൂപ്പർമാർക്കറ്റിലും കിട്ടും നല്ല പൊളപ്പൻ ഓണസദ്യ. അവർക്ക് അതും ഒരു ബിസിനസ്സ്.

ഞങ്ങൾ പതിനഞ്ച് വർഷത്തിലേറെയായി ഷാർജയിൽ. ഞാൻ ഷാർജയിൽ പെട്രോഫാക് ഇന്റർനാഷണൽ എന്ന സ്ഥാപനത്തിൽ മാനേജർ (ഇൻസ്ട്രുമെന്റേഷൻ ആന്റ് കൺട്രോൾ) ആണ്. അരീക്കോട് ഉണ്ണിമുറ വെള്ളിലാപറമ്പത്ത് കരിപ്പ ആണ് എന്റെ ഇല്ലം. പത്നി ശ്രീലതയുടെ ഇല്ലം തൃശൂരിലെ മുല്ലനേഴിയാണ്. എന്റെ മകൻ രാഹുൽ നാരായണൻ ബാംഗ്ലൂരിൽ മ്യൂസിഗ്മയിൽ ടീം ലീഡറായി ജോലിചെയ്യുന്നു. മകൾ ശ്വേതാ നാരായണൻ ബിറ്റ്സ് ദുബായ് കാമ്പസിൽ വിദ്യാർത്ഥിനിയാണ്.

പലപ്പോഴും ഓണം അവധി ദിവസമായ വെള്ളിയാഴ്ച്ച കൃത്യമായി വന്നിട്ടുണ്ട്. പിന്നെ മറ്റൊന്നും നോക്കാറില്ല... വീട്ടിൽ അടിപൊളി ആഘോഷം തന്നെ. ഫ്ളാറ്റിലാണെങ്കിലും അത് തകർക്കും. മറ്റ് ഫ്ളാറ്റുകളിലുള്ള സുഹൃത്തുക്കളും ബന്ധുക്കളും ഒക്കെ വരും. മലയാളികൾ ഒത്തുചേരുന്ന ഈ സുഖം മറ്റെവിടെയുണ്ടാവും?!. കേരളത്തിന്റെ പല ഭാഗത്തുനിന്നും ഒരു നിയോഗം പോലെ വന്നുചേർന്നവർ... എല്ലാം മറന്ന് കൊണ്ടാടാൻ അവർക്കെല്ലാം ഒരു തിരുവോണം മാത്രം. പ്രവൃത്തിദിവസങ്ങളിലാണ് തിരുവോണമെങ്കിലും ഒന്നിനും ഒരു കുറവും വരുത്താറില്ല. മലയാളികൾ എല്ലാവരും കൂടി ഓണസ്സദ്യ സ്പോൺസർ ചെയ്യും; അടുത്തുള്ള റസ്റ്റോറന്റിൽ നിന്ന് വരുത്തിക്കും. ഓഫീസുകളിൽ പൂക്കളമിടും. മലയാളി മങ്കമാർ കോടിയുടുക്കും. വിദേശികൾക്കും അറബികൾക്കും 27 വിഭവങ്ങളുള്ള സദ്യ വിളമ്പും. അതും വാഴയില ഇട്ട് നിലത്തിരുന്ന് കൈകൊണ്ട് കഴിക്കും എല്ലാവരും.. മലയാളികൾക്കൊപ്പം മറ്റു രാജ്യക്കാരും ഈ ആഘോഷത്തെ ആദരിക്കുന്നു.. ഓണസ്സദ്യയുടെ തനിമയും സ്വാദും ആസ്വദിക്കുന്നു. ഒരുപക്ഷെ നമ്മളേക്കാൾ കൂടുതൽ. ചില വർഷങ്ങളിൽ പാചകരാജൻ പഴയിടം മോഹനൻ നമ്പൂതിരിയുടെ പായസമേളയും ഉണ്ടാവും. ആ പായസത്തിന്റെ സ്വാദും മധുരവും നുകരുമ്പോൾ എല്ലാവരുംകൂടി ഇല്ലത്തിരുന്ന് സദ്യ കഴിക്കുകയാണെന്ന് തോന്നിപ്പോവും.

തിരുവോണം കഴിഞ്ഞാലും ഷാർജയിൽ ഓണം അവസാനിക്കില്ല. നാട്ടിലേക്കാളും സംഘടനകളുണ്ട് ഷാർജയിൽ... യുഎഇ കലാസാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ, കോളേജ് അലുമിനി, നാട്ടിലെ ഓരോ പ്രദേശത്തെയും ഗൾഫ് കൂട്ടായ്മകൾ ഇവയെല്ലാം കൂടി ഏഴായിരത്തോളം വരും സംഘടനകൾ. ഇവയുടെ ഓണാഘോഷം ഡിസംബർ വരെ തുടരും. ഓണം കഴിഞ്ഞാലും വർഷാവസാനം വരെ ആഘോഷം തന്നെ. എല്ലാ വെള്ളിയാഴ്ച്ചകളിലും പരിപാടികളുണ്ടാവും. കേരളത്തിലെ ഉത്സവാഘോഷങ്ങളെയും കടത്തിവെട്ടുന്ന മേളങ്ങൾ. താലപ്പൊലി, പഞ്ചവാദ്യം, കുട്ടികൊമ്പനാന എഴുന്നള്ളത്ത് പൊടിപാറുന്ന ആഘോഷം. എഴുന്നള്ളിക്കാനുള്ള കുട്ടിക്കൊമ്പനാനയെ ഓണക്കാലത്തു മാത്രമേ ഗോഡൗണിൽ നിന്ന് പുറത്തിറക്കൂ. ഈ ആനക്കൊമ്പൻ നാലുചക്രങ്ങളിൽ നഗരം ചുറ്റും. ഏറ്റവും ഡിമാന്റ് മാവേലിക്കാണ്. ഒരു വേഷവും കെട്ടാതെ തന്നെ നമ്മുടെ മാവേലി സങ്കല്പത്തിലുള്ള മാവേലിയുടെ അതേപോലുള്ള ശരീരമുള്ള നിരവധി പേരുണ്ട് ഗൾഫിൽ. കൊമ്പൻ മീശയും കുടവയറുമുള്ള അവർക്ക് മാവേലിയാവുന്നത് ഒരു ഹരമാണ്. ഇത്രയും നിലയും വിലയുമുള്ള മറ്റൊരു ദിവസം അവരുടെ ജീവിതത്തിലുണ്ടാവില്ല. ആ സന്തോഷം ഒന്നുമതി അവർക്ക് സ്വന്തം നാട്ടിൽനിന്ന് പറിച്ചു നട്ട ആത്മദുഃഖം മറക്കാൻ.. കാണേണ്ട കാഴ്ച തന്നെയാണ് വാദ്യമേളങ്ങളും കുട്ടിക്കൊമ്പനും മാവേലി വേഷങ്ങളും ഒപ്പം ഗൾഫ് മലയാളികൾ വിവിധ കലാരൂപങ്ങളിൽ അണിനിരക്കുന്ന അതിശയ കാഴ്ച്ച.. അറേബ്യയിലെ ഏറ്റവും വർണ്ണാഭമായ എഴുന്നള്ളത്ത്. ഈ അറേബ്യൻ എഴുന്നള്ളത്ത് ഗൾഫ് മലയാളി ഐക്യത്തിന്റെ വിളംബരം കൂടിയാണ്. ജാതിയും മതവും വർഗ്ഗവും മറന്ന് മലയാളി എന്ന ഒറ്റ മതത്തിനു കീഴിൽ അണിനിരക്കുന്ന ഓണക്കാഴ്ച്ച. ഇത് കേരളത്തിന്റെ മാത്രമല്ല ഗൾഫ് നാടുകളുടെയും ദേശീയ ആഘോഷം എന്ന രീതിയിലാണ് സ്വദേശി-വിദേശി ഭേദമില്ലാതെ ഇവിടെ ഓണം കൊണ്ടാടുന്നത്. യുഎഇ ഭരണകൂടം ഇതിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നത് കൊണ്ട് ഹൃദയം തുറന്ന് സ്വന്തം നാടിന്റെ സ്പിരിട്ടോടെത്തന്നെ ഓരോ നിമിഷവും ആഘോഷിക്കാൻ കഴിയുന്നു.

കുട്ടിക്കാലത്ത് അത്തം മുതൽ തിരുവോണം വരെ പൂക്കളമിടുന്നത് പതിവായിരുന്നു നാട്ടിൽ. കൂട്ടുകാരോടൊപ്പം കുന്നും മലയും കയറിയിറങ്ങി പൂവേ പൊലി പാടി പൂവിറുത്തു നടന്ന ആ കാലം... തിരുവോണനാളിൽ അച്ഛന്റെ കൈയ്യിൽ നിന്നുംഓണപ്പുടവ കിട്ടാൻ അടുത്ത പ്രദേശത്തുള്ള കുട്ടികളും ഇല്ലത്ത് പൂവിടാൻ വന്നു... എന്നും വരാത്തവർക്ക് ഓണപ്പുടവയ്ക്കർഹതയില്ലെന്ന് അച്ഛനോട് വാശിയോടെ ബോധിപ്പിച്ച കുസൃതിക്കാലം.. എന്നിട്ടും തിരുവോണദിവസം എന്നെ നോക്കി പുഞ്ചിരിച്ച് എല്ലാവർക്കും ഓണപ്പുടവ കൊടുത്ത അച്ഛൻ... ഇന്ന് ഈ ഓർമ്മകൾ നിലനിർത്താൻ ഫ്ളാറ്റിലാണെങ്കിലും കളിമണ്ണ് കൊണ്ട് തൃക്കാക്കരപ്പനെ ഉണ്ടാക്കി അരിമാവണിഞ്ഞ് പൂക്കളമിട്ട് ഓണം കൊണ്ടാടുന്നു. വരും തലമുറയ്ക്ക് ഈ പൈതൃകവും ഓണത്തിന്റെ സാംസ്കാരിക തനിമയും നഷ്ടമാവാതിരിക്കാൻ... ഗൾഫിൽ ജോലി ചെയ്യുന്ന ഓരോ അച്ഛനും അമ്മയും അക്ഷരാർത്ഥത്തിൽ ഓണത്തിന്റെ അർത്ഥവും അനുഭവവും പകർന്നു നൽകുകയാണ് ഓരോ വർഷം ഓണം വരുമ്പോഴും. ഓണമെന്നാൽ സ്നേഹമാണെന്ന്.. ഓണമെന്നാൽ ഒരുമയാണെന്ന്.. അതവരും പഠിക്കട്ടെ, പിന്തുടരട്ടെ.

❐


പഴമയുടെ രുചിപ്പെരുമ
പുതുമ പകരും തനിമയോടെ...
നമ്പൂതിരീസ്
വെജിറ്റേറിയൻ കാറ്ററിംഗ് സെൻ്റർ
കല്ലമ്പാറ– ഫറോക്ക്,
ബ്രാഞ്ച്: മഞ്ചേരി
ഫോൺ: 9447678052, 7034527019


Prasanna Vishnu Namboodiri
Vazhampatta Mana
Manassery P.O.
Kozhikode- 673602
Mob: 8943871834
FOR
BRIDAL
MAKEUP
8943871834





# വിശ്വാസം അതല്ലേ എല്ലാം

**ടീം സ്വസ്തി**



കോഴിക്കോടുകാരൻ ഒരു ക്രിസ്ത്യാനിയായ ഡോക്ടർ. അദ്ദേഹം വിവാഹം കഴിച്ചത് ചൈനക്കാരിയെ. ചൈനക്കാരിയായ ഭാര്യാ മാതാവിന് കാരണമെന്തെന്നു മനസിലാവാത്ത ചില വയ്യായ്കകൾ, അതിൽ നിന്നുണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങൾ. പല ഡോക്ടർമാരെയും കാണിച്ചു. പല ചികിത്സകളും ചെയ്തു. അങ്ങനെയിരിക്കുമ്പോഴാണ് ഡോക്ടർ, ജയരാജൻ നമ്പൂതിരിയെ സമീപിച്ചത്. ജപിച്ച ചരടും നെയ്യും ചൈനയിലേക്ക് കൊടുത്തയച്ചു. വിശ്വാസത്തോടെ അവർ ചരട് ധരിക്കുകയും നെയ്യ് സേവിക്കുകയും ചെയ്തു. അധികം താമസിയാതെതന്നെ അവർക്കതിന്റെ ഗുണഫലം കാണുകയും ചെയ്തു.

ജപിച്ച നെയ്യിനും പൂജിച്ച ചരടിനും വേണ്ടി വിദേശങ്ങളിൽ നിന്ന് ആളുകൾ കോഴിക്കോട് മുക്കത്തിനടുത്തുള്ള ഒരില്ലത്തേക്ക്...

ചൈനയിൽ നിന്ന്, ഗൾഫ് നാടുകളിൽ നിന്ന് അങ്ങനെ അങ്ങനെ.... ഇവിടുത്തെ മന്ത്രവാദ പെരുമകേട്ട് ഡോക്ടർമാർ തങ്ങളുടെ രോഗികളെ ഇവിടുത്തെ പൂജാവിധികൾക്കും ചികിത്സക്കും വേണ്ടി 'റഫർ' ചെയ്യുന്നു. പൂർണ്ണമായും ആധുനിക മെഡിക്കൽ എത്തിക്സിന് എതിരായ മന്ത്രവാദ കളങ്ങളുടെ ലോകത്തേക്ക് തങ്ങളുടെ രോഗികളെ വിടാൻ ഡോക്ടർമാർ തയ്യാറാകുന്നു എന്നത് അല്പം അതിശയോക്തി കലർന്നതാണോ അതോ സിനിമാ കഥയാണോ എന്ന് സംശയിക്കുന്നവർക്ക് കൊറ്റിവട്ടത്തില്ലത്ത് ചെന്നാൽ അതിന്റെ സത്യമായ അവസ്ഥ മനസ്സിലാകും. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ നിരവധി ആളുകൾ ജാതിമതവർഗ്ഗ വർണ്ണഭേദമന്യേ തങ്ങളുടെ വിഷമങ്ങൾക്കുള്ള പരിഹാരത്തിനായി ജയരാജൻ നമ്പൂതിരിയെ കാണാൻ ക്ഷമയോടെ കാത്തു നിൽക്കുന്ന സ്ഥിരമായ കാഴ്ച. മന്ത്രവാദക്രിയകൾക്കു ഈ ആധുനിക ലോകത്തും ലഭിക്കുന്ന സ്വീകാര്യതയുടെ കാഴ്ച, അംഗീകാരത്തിന്റെ കാഴ്ച.

കേരളത്തിൽ മന്ത്രവാദകഥകളുടെ ചരിത്രമുറങ്ങുന്ന അനവധി ഇല്ലങ്ങളുടെ കഥകൾ കേട്ട് പരിചയിച്ചവരാണ് നമ്മൾ. മന്ത്രവാദം എന്ന് കേൾക്കുമ്പോൾ തന്നെ നമ്മൾ കാട്ടുമാടത്തിനെയും കല്ലൂരിനെയും കാളക്കാ

ടിനേയും ഒക്കെയായിരിക്കും ആദ്യം ഓർക്കുക. പക്ഷെ ഇവരല്ലാതെ നിരവധി ഇല്ലങ്ങൾ വളരെ പണ്ടുമുതൽ തന്നെ മന്ത്രവാദം സാമൂഹികനന്മക്കായി പ്രയോഗിക്കുന്നുണ്ട്. അതിൽപ്പെട്ട ഒരില്ലമാണ് കൊറ്റിവട്ടം. കോഴിക്കോട് ജില്ലയിലെ മുക്കത്തിനടുത്തു മുത്താലത്തുള്ള ഈ ഇല്ലത്തിന്റെ വിശേഷങ്ങളിലൂടെ ഒരു യാത്രയാകാം ഇത്തവണത്തെ ഇല്ലപ്പെരുമയിൽ. മന്ത്രവാദ കഥകൾക്കുപുറമെ കലാസാംസ്കാരിക രാഷ്ട്രീയ പ്രതിഭകളുടെ വിശേഷങ്ങൾ കൂടി പറയാനുണ്ട് ഈ ഇല്ലത്തിന്.

‘ചരടും ഏലസ്സും ജപിച്ചു കെട്ടിയാൽ ഇത്രയേറെ ഫലമോ?’ വിശ്വാസം അല്പം കുറവുള്ളവർക്കിടയിൽ നിന്നും പുരോഗമനചിന്താഗതിക്കാർക്കിടയിൽ നിന്നുമായൊക്കെ അവിശ്വസനീയവും മനസുകൊണ്ട് സമ്മതിച്ചുതരാൻ അല്പം മടിയുണ്ടാകുന്നതരത്തിലുള്ളതുമായ ചോദ്യങ്ങൾ വരാം. പക്ഷെ കൊറ്റിവട്ടത്തില്ലത്ത് വന്നുപോയവർക്ക് പറയാനുള്ളത് തങ്ങളുടെയും തങ്ങൾക്കൊപ്പം അവിടെ ഉണ്ടായിരുന്നവരുടെയും ഫലപ്രാപ്തിയുടെയും കഥകൾ മാത്രമാണ്.

‘‘അന്ധവിശ്വാസങ്ങളും ദുർമന്ത്രവാദങ്ങളും ഏറെ ഉണ്ടെങ്കിലും അവയെ മാറ്റിനിർത്തിയാൽ സാത്വിക മന്ത്രവാദങ്ങൾ സത്യത്തിൽ ഒരു സൈക്കോളജിക്കൽ അപ്രോച്ചാണ്. നമ്പൂതിരിമാർ സാധാരണ അനുവർത്തിച്ചു വരുന്നതു സാത്വികമന്ത്രവാദങ്ങൾ ആണ്. രോഗിയുടെ അല്ലെങ്കിൽ വിഷമം അനുഭവിക്കുന്ന വ്യക്തിയുടെ മനസ്സറിയാനും അയാൾക്ക് വേണ്ട ആശ്വാസം നൽകുവാനും തീർച്ചയായും മന്ത്രവാദത്തിലെ ചില ക്രിയകളിലൂടെ കഴിയുമെന്നാണ് എന്റെ അനുഭവങ്ങൾ എന്നെ പഠിപ്പിച്ചത്’’ ഇന്ന് കൊറ്റിവട്ടത്തില്ലത്തിന്റെ പൈതൃകചുമതലകൾ ഏറ്റെടുത്തു നടത്തുന്ന ജയരാജൻ നമ്പൂതിരിയുടെ വാക്കുകളാണിത്.


*ജയരാജൻ നമ്പൂതിരി, പത്നി സുജ, മക്കൾ അനുവിന്ദ്, അനഞ്ജയ്*

ജയരാജൻ നമ്പൂതിരി ഐ. ടി .ഐ വിദ്യാഭ്യാസം കഴിഞ്ഞ് അല്പം മാർക്സിസ്റ്റ് അനുഭാവം മനസ്സിൽ കൊണ്ട് നടന്നിരുന്ന കാലം. ഇല്ലത്തെ തേവാരത്തിലും മന്ത്രവാദത്തിലും അത്ര ശ്രദ്ധയും പ്രാധാന്യവും ഒന്നും കൊടുക്കാതിരുന്ന ഒരു കാലം. ജോലി അന്വേഷിച്ചു കുറെ അലഞ്ഞു. അവസാനം ഒരു കമ്പനിയിൽ സെലക്ഷൻ ആയി. നല്ലൊരു കാര്യത്തിന് പോകുമ്പോൾ അതിന്റെ ഭാവിയും നിലനിൽപ്പും എന്താവും എന്നറിയാൻ ഇല്ലത്തുള്ളവരുടെ ആകാംക്ഷയും നിർബന്ധവും ഇദ്ദേഹത്തെ അരീകുളങ്ങര സോമൻ പണിക്കരുടെ അടുത്ത് രാശി നോക്കാൻ വേണ്ടി എത്തിച്ചു. രാശി വച്ച് ഒറ്റനോട്ടത്തിൽ തന്നെ പണിക്കർക്കു വ്യക്തമായി. ജയരാജൻ നമ്പൂതിരി പോകേണ്ടത് കമ്പനിയിലെ ജോലിക്കല്ല ഇല്ലത്തെ പൈതൃകം കാത്തുസൂക്ഷിക്കേണ്ടതിലേക്കാണെന്ന്. ഇങ്ങനെ ഒരില്ലത്തു ജനിച്ചത് ഭാഗ്യമായിക്കണ്ട് അവിടെ ഏറ്റെടുത്തു നടത്തേണ്ടുന്ന ഉത്തരവാദിത്തങ്ങൾ ചെയ്യുകയാണ് വേണ്ടതെന്നു പണിക്കർ ഉപദേശിച്ചു. അവിടെ വലിയൊരു മാറ്റം സംഭവിക്കുകയാ





യിരുന്നു ജയരാജൻ നമ്പൂതിരിയുടെ ജീവിതത്തിൽ. ഇല്ലത്തെ കാര്യങ്ങൾ ഏറ്റെടുക്കാൻ അദ്ദേഹം മാനസികമായി തയ്യാറായി. അഫൻ മാധവൻ നമ്പൂതിരിക്ക് പ്രായാധിക്യം കാരണം കാര്യങ്ങൾ മുന്നോട്ടു കൊണ്ട് പോകാനും വിഷമമായിത്തീർന്നിരുന്നു അന്ന്. ഇന്നത്തെ കാരണവരായ നാരായണൻ നമ്പൂതിരി മാഷിന് ജോലിയുടെ തിരക്ക് കാരണം കാര്യങ്ങൾ ഏറ്റെടുക്കാനും പ്രയാസമായിരുന്നു. കൂടാതെ അല്പം ഇടതുപക്ഷ ചിന്താഗതിക്കാരനുമാണ് ഇദ്ദേഹം. എന്നുവച്ച് മന്ത്രവാദത്തേയും പൂജയേയും എതിർക്കുന്നില്ല. അനിയന് വേണ്ട സഹകരണങ്ങളെല്ലാം അദ്ദേഹം ചെയ്തുകൊടുത്തു. അപ്ഫൻ ജയരാജൻ നമ്പൂതിരിയോട് മുത്താലം ദുർഗ്ഗാഭഗവതി ക്ഷേത്രത്തിലെ ശാന്തി ഏറ്റെടുത്തു നടത്തുവാൻ ആദ്യം നിർദേശിച്ചു. ഇല്ലത്തെ ഉപാസനാമൂർത്തിയാണ് മുത്താലം ക്ഷേത്രത്തിലെ ദുർഗ്ഗാഭഗവതി.

തലമുറകൾക്ക് മുമ്പ് കോഴിക്കോട് ജില്ലയിൽത്തന്നെ ചാത്തമംഗലത്തിനടുത്ത് പിലാശ്ശേരി കൊറ്റിവട്ടത്തു നിന്ന് വേർപിരിഞ്ഞ് ഇപ്പോഴുള്ളവരുടെ പൂർവ്വിക താവഴി മൂത്താലത്ത് വന്ന് താമസിക്കുകയും അങ്ങനെ മുത്താലത്ത് കൊറ്റിവട്ടം എന്ന ഇല്ലം ഉണ്ടാവുകയും ആണ് ചെയ്തത്. തലമുറകൾ വളരെ അകന്നെങ്കിലും പിലാശ്ശേരി കൊറ്റിവട്ടവും മുത്താലത്ത് കൊറ്റിവട്ടവും തമ്മിലുള്ള അടുപ്പത്തിൽ ഇന്നും ഒരു അകൽച്ചയും സംഭവിച്ചിട്ടില്ല.

ക്ഷേത്രത്തിലെ നിത്യനിദാന പൂജകൾ മുടങ്ങാതിരിക്കാനായിട്ടു കൂടിയാണ് അന്ന് പൂർവ്വികർ പിലാശ്ശേരിയിൽ നിന്ന് മുത്താലത്തേക്ക് താമസം മാറ്റിയത്. അവിടുത്തെ സ്വത്തുക്കൾ സംരക്ഷിക്കുക എന്ന ആവശ്യവും ഉണ്ടായിരുന്നു. ഇന്നും ക്ഷേത്രത്തിലെ പൂജകൾ നിവർത്തിക്കുന്നത് കൊറ്റിവട്ടം ഇല്ലക്കാരാണ്. ഭഗവതിയുടെ അനുഗ്രഹം എന്നും ഈ ഇല്ലക്കാരോടൊപ്പം ഉണ്ടെന്ന് അവർ പൂർണ്ണമായും വിശ്വസിക്കുന്നു. ഈ അമ്പലത്തിന്റെ ഊരായ്മക്കാരായ ഇല്ലങ്ങളിൽപ്പെട്ട ഒരില്ലം കൂടിയാണ് കൊറ്റിവട്ടം.


കൊറ്റിവട്ടം ഇല്ലത്തെ മന്ത്രവാദ ക്രിയകളുടെ പെരുമയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മുതുമുത്തശ്ശന്മാർ ചെയ്തുവന്ന ക്രിയകളുടെ പൂർണ്ണതയ്ക്ക് ഇന്നും ഒരു കുറവും സംഭവിച്ചി



ട്ടില്ല. ഇവിടെ നിന്നും ജപിച്ചു നൽകുന്ന ചരടിനും പൂജിച്ചു നൽകുന്ന തകിടിനും വിശേഷമായ ഫലമുണ്ടെന്നു അനുഭവജ്ഞർ പറയുന്നു. സ്ഥലമോ കാലമോ അവസ്ഥയോ ഒന്നും ഇവിടെയുള്ളവർക്ക് ചരടു ജപിച്ചു നൽകുന്നതിന് തടസ്സമല്ലത്രെ. പൊതുവഴിയിൽ വച്ചാണോ ആശുപത്രിയിൽ വച്ചാണോ കൊറ്റിവട്ടത്തെ നമ്പൂതിരിമാർ ചരട് ജപിച്ചുകൊടുക്കുന്നത് എന്നത് ഒരു പ്രശ്നമേയല്ല. ഫലം നിശ്ചയമാണ്.



◄
*നാരായണൻ നമ്പൂതിരി, പത്നി സാവിത്രിക്കുട്ടി, മക്കൾ നവീൻ, ആനന്ദ്, മരുമകൾ ആതിര, പൗത്രൻ നിവേദ് നാരായണൻ*



കൊറ്റിവട്ടം മാധവൻ നമ്പൂതിരി





ജയരാജൻ നമ്പൂതിരിയുടെ അച്ഛൻ നാരായണൻ നമ്പൂതിരിയും അമ്മ സാവിത്രി അന്തർജ്ജനവും



ദേവകി അന്തർജനം. നാരായണൻ നമ്പൂതിരിയുടെ അമ്മ

കുളിച്ച് ജപിച്ച് കൊടുക്കണം എന്ന് ഒരു നിർബന്ധം പോലുമില്ല. പൈതൃകമായി ഇവിടുത്തെ നമ്പൂതിരിമാർക്കു കൈവന്ന ഈശ്വരാനുഗ്രഹം.

ചെറുപ്പത്തിലേ സാമൂഹിക പ്രവർത്തനങ്ങളിലേക്ക് കൂടുതൽ താൽപ്പര്യം കാണിച്ചിരുന്ന നാരായണൻ നമ്പൂതിരി മാഷിന് ഇല്ലത്തെ മന്ത്രവാദ വിഷയങ്ങളിലേക്ക് ശ്രദ്ധ നൽകാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസത്തിനു ശേഷം അദ്ധ്യാപകവൃത്തി സ്വീകരിക്കുകയും ചെയ്തു. ജോലിയിലിരിക്കുമ്പോൾ അദ്ദേഹം അദ്ധ്യാപക യൂണിയൻ പ്രവർത്തനത്തിൽ സജീവമായിരുന്നു. സംഘടനയുടെ വിവിധ ഭാരവാഹിത്വങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. റിട്ടയർമെന്റിനുശേഷവും അദ്ദേഹം പൊതുപ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമാണ്. പയ്യന്നൂരിനടുത്ത് രയരമംഗലത്തുനിന്നാണ് ഇദ്ദേഹം വിവാഹം കഴിച്ചത്.

മുത്താലത്തെ പൊതുജന വായനശാലയുടെ മുഖ്യസാരഥിയാണ് മാഷ്. വിശാലമായ ഒരു വായനയുടെ ലോകം അദ്ദേഹത്തിനൊപ്പമുണ്ട്. ഇല്ലത്ത് മൂല്യമേറിയ നിരവധി ഗ്രന്ഥങ്ങൾ ഉൾപ്പെടുന്ന വലിയൊരു പുസ്തകശേഖരം തന്നെ അദ്ദേഹത്തിനുണ്ട്. തന്റെ പുസ്തകങ്ങളിൽ വലിയൊരു ശതമാനം അദ്ദേഹം പൊതുജന വായനശാലക്കായി സംഭാവന ചെയ്തിട്ടുമുണ്ട്. വായനശാലയുടെ കീഴിൽ രണ്ടേക്കറോളം സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ആളാണ് നാരായണൻ നമ്പൂതിരി മാഷ്. ഈ കാര്യത്തിൽ കൃഷിമന്ത്രി സുനിൽ കുമാറിന്റെ പ്രത്യേക അഭിനന്ദനത്തിന് പാത്രമായിട്ടുണ്ട് മാഷ്.

ഇന്ന് ജീവിച്ചിരിക്കുന്നവരുടെ ഓർമ്മയിലുള്ള ഇവിടുത്തെ പ്രഗത്ഭനായ ഒരു മന്ത്രവാദിയായിരുന്നു നാരായണൻ നമ്പൂതിരിമാഷിന്റെയും ജയരാജൻ നമ്പൂതിരിയുടെയും മുത്തശ്ശനായ നാരായണൻ നമ്പൂതിരി. വാഹനസൗകര്യവും സന്ദേശങ്ങൾ കൈമാറാനുള്ള സൗകര്യവും ഒക്കെ കുറഞ്ഞ അന്നത്തെ കാലത്തും മന്ത്രവാദ ആവശ്യങ്ങൾക്കായി ഈ ഇല്ലത്തിനെ സമീപിച്ചിരുന്നവർ നിരവധിയാണ്. നാരായണൻ നമ്പൂതിരിയുടെ ജപഃശക്തിയുടെയും അദ്ദേഹം നൽകുന്ന മന്ത്രവാദചികിത്സാവിധികളുടെയും ഗുണകരമായ ഫലപ്രാപ്തി ലഭിച്ച ആളുകൾ അന്ന് നിരവധി. മന്ത്രവാദത്തിനുപുറമെ ജ്യോതിഷത്തിലും അദ്ദേഹത്തിന് നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു. കൂടാതെ അദ്ദേഹം ഒരു കവിയും ആയിരുന്നു. അദ്ദേഹം വേളി കഴിച്ചത് കോഴിക്കോട് ജില്ലയിൽ തന്നെയുള്ള മാനിപുരത്തു മക്കാട്ടു ഉമാദേവി അന്തർജ്ജനത്തെ ആയിരുന്നു. അദ്ദേഹത്തിന് മൂന്ന് ആൺമക്കളാണ് ഉണ്ടായിരുന്നത്. ഉണ്ണികൃഷ്ണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, മാധവൻ നമ്പൂതിരി. നാരായണൻ നമ്പൂതിരിയുടെ കാലശേഷം ഇല്ലത്തെ മന്ത്രവാദകാര്യങ്ങൾ ഏറ്റെടുത്തത് ചെറിയ മകനായ മാധവൻ നമ്പൂതിരിയായിരുന്നു. എഴുപതു വർഷക്കാലം അദ്ദേഹം ഇല്ലത്തെ മന്ത്രവാദവിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നു. മന്ത്രവാദചികിത്സയിൽ അദ്ദേഹത്തിന്റെ കഴിവ് അച്ഛന്റെ കഴിവിനൊപ്പം മികച്ചുനിന്നു. അദ്ദേഹം വിവാഹം കഴിച്ചിരുന്നില്ല മൂത്തമകനായ ഉണ്ണികൃഷ്ണൻ നമ്പൂതിരി ഇല്ലത്തെ മറ്റുകാര്യങ്ങൾ നടത്തുകയാണുണ്ടായത്. അദ്ദേഹം വിവാഹം കഴിച്ചത് കിണ

## ജാതമതഭേദമില്ലാത്ത മാതൃകാ സ്ഥാനം



പ്രൊഫ. ഡോ. സുരേഷ്ബാബു വി.കെ. MBBS MD, മുക്കം, കോഴിക്കോട്

ഒരു രോഗിയെ സംബന്ധിച്ച് അസുഖം ഭേദമാവാൻ ആദ്യം വേണ്ടത് മാനസികമായ ശക്തിയും ആർജ്ജവവുമാണ്. ഗുരുതരമായ ശാരീരികാവസ്ഥയിൽ തളരുന്ന രോഗി മതിയായ മാനസിക ബലം നേടുമ്പോൾ ജീവിതത്തിലേയ്ക്ക് തിരിച്ചു വരാൻ സാധ്യത ഏറെയാണ്. ഇങ്ങനെ ആശ്രയമറ്റവർക്ക് ആശ്വാസമാവുന്നവരാണ് ഞങ്ങളെപ്പോലെയുള്ള ഡോക്ടർമാർ. അതിനുള്ള അറിവ് ഞങ്ങൾക്ക് കൈവരുന്നത് വൈദ്യശാസ്ത്രത്തിലുള്ള സമർപ്പണമൊന്നു കൊണ്ടാണ്.

എന്നാൽ നൂറ്റാണ്ടുകളായുള്ള ഭഗവത് ഉപാസനയും അതിന്റെ ദിവ്യശക്തിയും കൊണ്ട് കാരുണ്യം തേടിയെത്തുന്നവരെ ദുരിത മുഖങ്ങളിൽ നിന്ന് രക്ഷിച്ച് സന്തോഷം നിറഞ്ഞ കുടുംബ ജീവിതത്തിലേയക്ക് മടക്കിക്കൊണ്ടുവരുന്ന മുത്താലം കൊറ്റിവട്ടം ജയരാജൻ നമ്പൂതിരി സമാനതകളില്ലാത്ത ഒരു മഹദ് വ്യക്തിത്വത്തിന് ഉടമയാണ്.

പലർക്കും പൂജാഹോമാദികൾകൊണ്ട് രോഗശാന്തി കിട്ടിയിട്ടുണ്ട്. കൊറ്റിവട്ടം ഇത്തരം കർമ്മനിർവ്വഹണത്തിൽ വേറിട്ടുനിൽക്കുന്നത് ജനകീയത കൊണ്ടാണെന്ന് പറയാതെ വയ്യ. ഇവിടെ ജാതിയില്ല, മതമില്ല.. സർവ്വരും വന്നെത്തുന്ന മാതൃകാ സ്ഥാനം തന്നെയാണ് ഇത്. എത്രയോ ദൂരെ നിന്നും കേട്ടറിഞ്ഞ് നിരവധി പേർ എത്തുന്നു. എല്ലാവരും ദുരിതമോചനം നേടി മന:ശാന്തിയോടെ തിരിച്ചു പോകുന്നു. കാലങ്ങളായി ഇവിടെ നടക്കുന്ന പ്രക്രിയയാണ് ഇത്. എനിക്ക് നേരിട്ടറിവുള്ള വസ്തുത...

ദൈവനിയോഗം തന്നെയാണ് കൊറ്റിവട്ടത്തെ ഇളം തലമുറക്കാരനായ ശ്രീ.ജയരാജൻ നമ്പൂതിരി സ്വദേശികൾക്കും പരദേശികൾക്കും കൺകണ്ട ദൈവമായി മാറാൻ കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു.

ആയുരാരോഗ്യ സൗഖ്യങ്ങളോടെ ഈ പുണ്യകർമ്മങ്ങൾ തുടരാൻ അദ്ദേഹത്തിന് ഈശ്വരാനുഗ്രഹമുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു

## ഫലസിദ്ധി ലഭിച്ചവർ നിരവധി



*കൽപ്പള്ളി വാസുദേവൻ നമ്പൂതിരി (ജ്യോതിഷ പണ്ഡിതൻ)*

വിഘ്ന പരിഹാരത്തിലും ദോഷ നിവാരണത്തിലും വൈദിക മാന്ത്രിക താന്ത്രിക ഹോമപൂ ജാദികളിലൂടെ ഫലസിദ്ധികൾ ഉണ്ട്. എന്റെ പ്രവർത്തന മണ്ഡലവുമായി ബന്ധപ്പെട്ട് എനിക്കിത് വളരെയധികം അനുഭവപ്പെട്ടിട്ടുള്ള കാര്യമാണ്. കഴിഞ്ഞ പത്തുവർഷത്തിലധികമായി കൊറ്റിവട്ടത്തിനെ എനിക്ക് അറിയാം. ഞാൻ ജ്യോതിഷത്തിലും ഇദ്ദേഹം മാന്ത്രിക താന്ത്രികഹോമ പൂജാദികളിലും പ്രവർത്തിച്ചു വരുന്നതു കൊണ്ട് വളരെ ഗാഢമായ ഒരു സൗഹൃദം ഞങ്ങൾക്കിടയിൽ ഉണ്ട്. ഭേദഭാവന ഇല്ലാതെയും ഉൾകാഴ്ചയോടുകൂടിയുമുള്ള അദ്ദേഹത്തിന്റെ കർമ്മനിർവ്വഹണം സ്തുത്യർഹമാണ്. ഇദ്ദേഹത്തിന്റെ പരിഹാര ക്രിയകളാൽ ഫലസിദ്ധി ലഭിച്ചവർ നിരവധിയാണ്. ഈ ബ്രാഹ്മണ ശ്രേഷ്ഠന് ഇനിയും വളരേകാലം തന്റെ കർമ്മപന്ഥാവിൽ തുടരാൻ ഇടവരട്ടേ എന്നു ആശംസിക്കുന്നു.

റ്റാമിറ്റത്തു ദേവകി അന്തർജ്ജനത്തെ ആയിരുന്നു. ഇന്നത്തെ കാരണവരായ നാരായണൻ നമ്പൂതിരി മാഷ് ഇവരുടെ മകനാണ്. ആറു സഹോദരിമാരും മാഷിന് ഉണ്ട്. രണ്ടാമത്തെ മകനായ നാരായണൻ നമ്പൂതിരി അമ്മാത്തായ മക്കാട്ടും ഇല്ലത്തുമായി മാറി മാറിയാണ് താമസിച്ചത്. അമ്മാമനായ മക്കാടിന്റെ ആകസ്മികമായ മരണം കാരണം അവിടുത്തെ കാര്യങ്ങൾ നോക്കാൻ ആളില്ലാതായപ്പോൾ അമ്മായി നാരായണൻ നമ്പൂതിരിയെ മക്കാട്ടേക്കു കാര്യങ്ങൾ നോക്കി നടത്തുവാനായി ക്ഷണിക്കുകയാണ് ഉണ്ടായത്. ഇദ്ദേഹം വാഴാമ്പറ്റ സാവിത്രി അന്തർജ്ജനത്തിനെയാണ് വിവാഹം ചെയ്തത്.

ഇദ്ദേഹത്തിന്റെ മകനാണ് ജയരാജൻ നമ്പൂതിരി. ഒരു സഹോദരിയും ഉണ്ട്.

ദുരിതമോചന ക്രിയ, അപസ്മാരഗുരുതി, രക്ഷസ്സ്പൂജ, ചരട്, തകിട് എന്നിവയുടെയെല്ലാം പൂർണ്ണ ഫലപ്രാപ്തിക്ക് ജാതിമത വർഗ്ഗ വർണ്ണ ഭേദമില്ലാതെ ആളുകൾ പണ്ടുകാലം മുതലേ കൊറ്റിവട്ടം ഇല്ലത്തിനെ സമീപിക്കുന്നു. ഒരു ദിവസം നൂറിലധികം ചരടുകൾ തന്നെ ഇവിടുന്ന് ജപിച്ചു നൽകുന്നുണ്ട്. തകിടുകൾക്കും മറ്റ് പൂജകൾക്കും വരുന്നവർ വേറെ. ഒരു മാസം ആയിരത്തിലധികം തകിടുകളും ആവശ്യക്കാർക്ക് ഇവിടുന്ന് എഴുതിനൽകുന്നു. വിദേശത്തേയ്ക്ക് പോലും ആളുകൾ തകിടുകളും ചരടുകളും വാങ്ങിച്ചു പോകുന്നു എന്നത് വസ്തുതയാണ്. അത്രയധികം വിശ്വാസികളാണ് കൊറ്റിവട്ടത്തില്ലത്ത് എത്തിച്ചേരുന്നത്.

കോഴിക്കോടുകാരനായ ഒരു ക്രിസ്ത്യാനി ഡോക്ടർ. അദ്ദേഹം വിവാഹം കഴിച്ചത് ചൈനക്കാരിയെ. ചൈനക്കാരിയായ ഭാര്യാ മാതാവിന് കാരണമെന്തെന്നു മനസിലാവാത്ത ചില വയ്യായ്കകൾ, അതിൽ നിന്നുണ്ടാകുന്ന ടെൻഷൻസ്. പല ഡോക്ടർമാരെയും കാണിച്ചു. പല ചികിത്സകളും ചെയ്തു. അങ്ങനെയിരിക്കുമ്പോഴാണ് ഡോക്ടർ ജയരാജൻ നമ്പൂതിരിയെ സമീപിച്ചത്. മുൻപരിചയവും ഉണ്ടായിരുന്നു. ജപിച്ച ചരടും നെയ്യും ചൈനയിലേക്ക് കൊടുത്തയച്ചു. അവർക്കു വളരെയധികം ആശ്വാസം ലഭിക്കുകയും ജയരാജൻ നമ്പൂതിരിയെ കാണാനായി ഇന്ത്യയിലെത്തുകയും ചെയ്തു. ഇന്നും നല്ല ബന്ധമാണ് ഇരു കുടുംബവും തമ്മിൽ.

മറ്റു മത വിഭാഗങ്ങളിൽപ്പെട്ടവർ അനവധി ഇവിടെ എത്തുന്നത് അവരുടെ മതപണ്ഡിതന്മാരുടെ നിർദേശ പ്രകാരവും ഉണ്ടെന്നത് ശ്രദ്ധേയമാണ്. രക്ഷസ്സിനുള്ള പൂജ, തകിട്, ചരട് എന്നിവക്കാണ് കൂടുതലായും ഇവർ ഇല്ലത്തെത്തുന്നത്. ഗൾഫ് നാടുകളിലും മറ്റും താമസിക്കുന്ന ആളുകൾക്ക് വേണ്ടിയും ഇവിടെനിന്നു തകിട്, ചരട്, നെയ്യ് എന്നിവ ജപിച്ചു കൊടുത്തയക്കുന്നു.

അപസ്മാരശമനത്തിനു വേണ്ട ചികിത്സകൾ ഇവിടുന്ന് നൽകുന്നുണ്ട്. നൽകുന്ന തകിടുകൾ അധികവും ഇരുമ്പിന്റെ കൂടുകളിലാണ് നൽകുന്നത്. അപസ്മാര ശമനത്തിനുവേണ്ടി ചെയ്യുന്ന ഒരു ക്രിയയാണ് 'അപസ്മാര ഗുരുതി'. പത്മമിട്ടു സവിശേഷമായി നടത്തുന്ന ഗുരുതിയാണിത്. ഈ ഗുരുതിക്ക് കൊറ്റിവട്ടത്തുള്ളവർക്ക് മാത്രം അറിയുന്ന ചില രഹസ്യ സ്വഭാവങ്ങൾ കൂടിയതാണ്. ധാരാളം വിശ്വാസികളാണ് ഈ ക്രിയക്കു വേണ്ടി ഇവിടെ എത്തുന്നത്. ഗുരുതിക്ക് പുറമെ തകിടും ചരടും ജപിച്ച നെയ്യും നൽകുന്നു. ഇവിടെ തകിടുകൾ ഇരുമ്പുകൂടിലാക്കാനുള്ള കാരണവും ഒരുപക്ഷെ അപസ്മാരത്തെ ചെറുക്കുന്നതിൽ ഇരുമ്പിനുള്ള സവിശേഷമായ ശക്തികാരണമാകാം.

പൂർവ്വികമായി തന്നെ നടത്തി വരുന്ന മറ്റൊരു ക്രിയയാണ് ദുരിത മോചന ക്രിയ. ശൈവ വൈഷ്ണവ ശാക്തേയ രൂപേണ പൂജിച്ച് അത് ഗുരുതിയിലേക്ക് ആവാഹിച്ച് ഉച്ചാടനം ചെയ്യുന്നു. ഇതുവഴി സകല ദുരിതങ്ങൾക്കും മോചനം ലഭിക്കുന്നു എന്നാണ് വിശ്വാസം.

മരുന്നും മന്ത്രവും വിശ്വാസവും എല്ലാം ചേർന്ന് തങ്ങളുടെ വേദനകൾക്കും വിഷമങ്ങൾക്കും പൂർണമായ പരിഹാരം കണ്ടു കൊറ്റിവട്ടത്തുനിന്നു മടങ്ങുന്നവർക്കു ഒന്നേ പറയാനുള്ളു 'ഞങ്ങൾക്കവർ ദൈവത്തെ പോലെയാണ്

ജയരാജൻ നമ്പൂതിരി ഏറ്റെടുക്കുന്നതിന് മുൻപ്, അപ്ഫൻ മാധവൻ നമ്പൂതിരിക്കു പ്രായമേറുകയും ചെയ്തതോടു കൂടി ഇല്ലത്തെ മന്ത്രവാദ



*ദേവകി അന്തർജ്ജനം താഴക്കാട്, പാർവ്വതി അന്തർജ്ജനം ഒറോമ്പ്രം, ഉമാദേവി അന്തർജ്ജനം ചാത്തങ്ങോട്, നങ്ങയ്യ അന്തർജ്ജനം പുതുശ്ശേരി, സുഭദ്ര അന്തർജ്ജനം വാഴാമ്പറ്റ*

# മന്ത്രസാധനയിലൂടെ നേടിയെടുത്ത വൈശിഷ്ട്യം

എന്റെ പ്രിയസുഹൃത്തും ഞാൻ എന്നും വള രെയധികം ബഹുമാനിക്കുകയും ചെയ്യുന്ന അമൂല്യ വ്യക്തിത്വത്തിന്റെ ഉടമയുമാണ് കൊറ്റിവട്ടം ജയരാജൻ നമ്പൂതിരി. മാന്ത്രിക പാരമ്പര്യത്തിന്റെ 'ഈറ്റില്ലം' എന്നു വിശേഷിപ്പിക്കാവുന്ന കൊറ്റിവട്ടത്തില്ലം ജാതിമത ഭേ ദമെന്യേ എല്ലാവരുടെയും അഭയകേന്ദ്രമാണ്. എത്ര എഴുതിയാലും തീരാത്തത്ര അനുഭവങ്ങൾ ഈ ഇല്ല ത്തെക്കുറിച്ച് വിവരിക്കുവാനുണ്ട്. സ്ഥലപരിമിതിമൂലം ഞാനവിടേക്ക് കടക്കുന്നില്ല. ഒരിക്കൽ അദ്ദേഹത്തെ തേ ടി പോയവർ വീണ്ടും, വീണ്ടും അവിടേക്ക് പോകുന്ന കാഴ്ച പലപ്പോഴും കാണാറുണ്ട്. ഞാൻ പറഞ്ഞയച്ച പല വ്യക്തികളും അവരുടെ ആഗ്രഹം സഫലീകരിച്ച് സന്തോഷത്തോടുകൂടി തിരികെ വന്നിട്ടുമുണ്ട്. മൺ മറഞ്ഞ പിതൃപിതാമഹന്മാർ മന്ത്രസാധനയിലൂടെ നേടിയെടുത്ത വൈശിഷ്ട്യവും മുത്താലത്തെ ഭഗവ തി കനിഞ്ഞനുഗ്രഹിച്ചതുമാണ് കൊറ്റിവട്ടത്തെ ഇന്നു കാണുന്ന അത്ഭുത ഫലസിദ്ധിയുടെ രഹസ്യം.

സഹസ്രാബ്ദങ്ങൾക്ക് മുമ്പ് മൂകാംബികയിൽ ഒരു കാരണവർ ഭജനമിരുന്നിരുന്നു. അദ്ദേഹത്തിന് മുൻപിൽ അമ്മ പ്രത്യക്ഷപ്പെടുകയും, ഈ ഇല്ലത്തെ പടിഞ്ഞാ റ്റയിൽ മൂന്നു താലങ്ങളിലായി സത്വം, രജസ്സ്, തമസ്സ് എന്നീ ക്രമത്തിൽ ത്രിഗുണാത്മികയായ പരാശക്തി കുടിയിരുന്നതായും, മൂന്നു താലങ്ങളിൽ വന്നിരുന്ന തുകൊണ്ട് 'മുത്താലം' എന്ന പേരിൽ പിൽക്കാലത്ത് പ്രസിദ്ധിയാർജ്ജിക്കാൻ ഇടവന്നതായും പിന്നീട് മു ത്താലം ഭഗവതി ക്ഷേത്രമായി മാറിയതായും പറയ പ്പെടുന്നു. ദർശനം ലഭിച്ച ഉടനെ പൂജിച്ചതുകൊണ്ടോ, അല്ലെങ്കിൽ പൈതൃകമായി കിട്ടുന്ന രഹസ്യോപദേ ശ മന്ത്രങ്ങൾ വേണ്ടതിനാലോ ആവാം ഇവിടുത്തെ പാരമ്പര്യ ശാന്തിക്കാരായി കൊറ്റിവട്ടത്തുള്ളവരെ പരി ഗണിച്ചുകാണുന്നു. ഏതായാലും ഈ അമ്മയുടെ വരദാനമാണ് ഇല്ലത്തിന്റെ പേരിനും പ്രശസ്തിക്കും കാരണം എന്നതിന് തർക്കമില്ല. ഇന്നുള്ളവർ പരസ്യ ത്തിന്റെയോ പ്രശസ്തിയുടെയോ പിന്നാലെ പോവാൻ താല്പര്യമില്ലാത്തവരായതുകൊണ്ടാണ് ഇത്രതന്നെ പ്രാ ധാന്യമില്ലാത്ത പല പേരുകളും മാധ്യമങ്ങളിൽക്കൂടി ജനശ്രദ്ധയാകർഷിക്കപ്പെട്ടിട്ടും കൊറ്റിവട്ടത്തിന്റെ മഹ ത്വം മാധ്യമങ്ങളിൽ കൂടിയും മറ്റും ശ്രദ്ധിക്കപ്പെടുവാൻ സാധിക്കാതെപോയത് എന്ന് എനിക്ക് തോന്നുന്നു.

ഇന്നത്തെ മാന്ത്രിക പാരമ്പര്യം ജയരാജൻ നമ്പൂ തിരിയിൽ നിക്ഷിപ്തമാണ്. സ്കൂൾ വിദ്യാഭ്യാസത്തോ ടൊപ്പം തന്നെ പൂജാവിധികളും, മാന്ത്രിക താന്ത്രിക കാര്യങ്ങളും അതോടൊപ്പം ഉപാസനയും, നിലനിർ ത്തിപ്പോന്ന ജയരാജൻ ഒരു നിയോഗമെന്നോണമാണ് ഈ സ്ഥാനത്തേക്ക് വന്നെത്തുന്നത്. ഏതു പ്രതിസന്ധി ഘട്ടത്തിലും അവിടെ ചെന്നാൽ ആശ്വാസം കിട്ടുമെന്ന് പറയുന്ന ഒട്ടേറെ അനുഭവസ്ഥരെ എനിക്ക് നേരിട്ടറിയാം. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നൂറിൽപരം ചെറിയ കാവുകളിൽ താന്ത്രികാധികാരവും കൂടിയുള്ള ഈ ഇല്ല ത്ത് അപസ്മാരം, ഓർമ്മക്കുറവ്, വി ദ്യാതടസ്സം, മറവി, വിവാഹതടസ്സം, സന്താനദുഃഖം, കർമ്മവൈകല്യം, മഹാവ്യാധികൾ, ദാമ്പത്യദുരിതം, പരീക്ഷകളിൽ ഉന്നതവിജയം, ക ലാമേളകളിൽ തിളക്കം തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾക്കും, കൂടാതെ സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശ പത്രിക സമർപ്പണത്തിനു മുൻപ് അ നുഗ്രഹം വാങ്ങുന്നതിനും വിജയിച്ച സന്തോഷം അറിയിക്കുന്നതിനും, വളരെ കാലം കാത്തിരുന്ന് ഇവിടെ വന്ന് പൂജകളും ഹോമങ്ങളും നടത്തിയശേഷം ലഭിച്ച കൈക്കുഞ്ഞുമായി പാരിതോഷികം സമർപ്പിക്കുവാൻ കാത്തുനിൽക്കുന്നവരുടെ നീണ്ട നിരയും ഈ തിരു മുറ്റത്തെ പതിവ് ദൃശ്യങ്ങളാണ്.



*മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി (ജ്യോതിഷ പണ്ഡിതൻ, കവി)*

രാഷ്ട്രീയ രംഗത്തെ പല പ്രഗത്ഭരും കലാസാം സ്കാരിക രംഗത്തെയും, ചലച്ചിത്ര മേഖലയിലെയും അറിയപ്പെടുന്ന പലരേയും നമുക്ക് ആ കൂട്ടത്തിൽ കാണാം. നിരവധി വിദഗ്ധ ഡോക്ടർമാർ പരസ്പരം ചർച്ച ചെയ്തിട്ടും രോഗനിർണ്ണയം അസാദ്ധ്യമായിവന്ന പല സന്ദർഭങ്ങളിലും കൊറ്റിവട്ടത്തുനിന്നും നൽകി യ ചരടുകൊണ്ട് രോഗം എളുപ്പം നിർണ്ണയിക്കുവാൻ സാധിച്ച നിരവധി അനുഭവങ്ങളെക്കുറിച്ചും അറിയാൻ കഴിഞ്ഞു. ജയരാജൻ നമ്പൂതിരിയെ പരിചയപ്പെടാൻ സാധിച്ചത് എന്റെ ഭാഗ്യമായി കരുതുന്നു എന്ന് എ ന്റെ സതീർത്ഥ്യനും സുഹൃത്തും ആയ ഒരു പ്രഗത്ഭ ഡോക്ടർ പറഞ്ഞ വിവരം ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്.

കാരണവന്മാരിൽ കൂടി ഇല്ലത്തിന് സിദ്ധിച്ച ദി വ്യതേജസ്സ് അണയാതെ കാത്തുസൂക്ഷിച്ചുവരുന്നതിൽ അതീവജാഗ്രതയാണ് ജയരാജൻ പുലർത്തിപ്പോരുന്നത്. അതുതന്നെയാണ് അദ്ദേഹത്തിന്റെ മഹത്വവും. സാമ്പ ത്തിക നേട്ടം നോക്കാതെ ആത്മാർത്ഥമായി ശ്രദ്ധയോ ടുകൂടി കർമ്മങ്ങൾ ചെയ്യുന്നു എന്നത് ജനവിശ്വാസം വർദ്ധിക്കുവാനും കാരണമാവുന്നു.

പാരമ്പര്യത്തിന്റെ മേമ്പൊടി ചേർത്തു നൽകുന്ന പ്രസാദവും ലാളിത്യത്തോടെ സദാ പുഞ്ചിരി തൂകി ക്കൊണ്ടുള്ള സമീപനവും, ആരെയും ആകർഷിക്ക ത്തക്കവിധത്തിലുള്ള പെരുമാറ്റവും ജയരാജന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. പതിവായി തിരുമേനിയെ കണ്ട് സങ്ക ടമുണർത്തിക്കുവാൻ പ്രഭാതം മുതൽ കാവലിരിക്കുന്ന നീണ്ട നിരക്ക് കാരണവും ഈ പെരുമാറ്റമാണ്. വി വിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരു ടെ കൂടെ നിൽക്കുന്നവർ മുതൽ വ്യവഹാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും, പിഞ്ചുകുഞ്ഞുങ്ങളുമായി നിൽക്കുന്ന നിരവധി അമ്മമാരെയും നമുക്കവിടെ കാ ണാം. കാത്തിരിപ്പിനുശേഷം അവിടെനിന്നു കിട്ടുന്ന ജപിച്ച മന്ത്രച്ചരടുമായി സമാധാനത്തോടുകൂടി അവർ

പടിയിറങ്ങി പോകുന്നു. കുട്ടികളിലും മറ്റും കണ്ടുവരുന്ന അപസ്മാരത്തെ ക്ഷണം തുടച്ചുമാറ്റാൻ കഴിയുന്നു എന്നതും ഇവിടുത്തെ പ്രത്യേകതയാണ്.

ജയരാജൻ നമ്പൂതിരിയുടെ മുത്തച്ഛൻ നാരായണൻ നമ്പൂതിരി നല്ല മാന്ത്രികനും, മന്ത്രോപാസകനും, സരസ കവിയും കൂടി ആയിരുന്നു. അദ്ദേഹം എഴുതിവെച്ച പല കവിതകളും ഇന്നും വെളിച്ചം കാണാതെ കിടപ്പുണ്ട്. അദ്ദേഹത്തിൽ നിന്നും പാരമ്പര്യത്തിന്റെ തിരിനാളം ലഭിച്ചത് മാധവൻ നമ്പൂതിരിക്കാണ് (ജയരാജന്റെ അപ്ഫൻ). നല്ല മന്ത്രശാസ്ത്ര പണ്ഡിതനും ഉപാസകനും, ബ്രഹ്മചാരിയുമായിരുന്ന ഇദ്ദേഹത്തിന്റെ അപൂർവ്വ സിദ്ധികൾ നാട്ടുകാർ ഇന്നും പറഞ്ഞു നടക്കുന്നു. ഇദ്ദേഹത്തിന്റെ അടുത്ത് ഏതാണ്ട് ഇരുപത് വർഷങ്ങൾക്ക് മുമ്പ് എന്റെ സ്വന്തം ആവശ്യാർത്ഥം പോയി കാര്യം സാധിച്ച് മടങ്ങിയത് ഇന്നലെ കഴിഞ്ഞതുപോലെ ഞാൻ ഓർക്കുന്നു.

ഇദ്ദേഹത്തിന്റെ കാലശേഷം കുറച്ചുകാലം ഒരു വിടവ് ഇവിടെ അനുഭവപ്പെട്ടു. തുടർന്ന് ജയരാജൻ കാര്യങ്ങൾ ഏറ്റെടുത്തശേഷം വീണ്ടും ഇല്ലത്തെ പൂമുഖവും തിരുമുറ്റവും സജീവമായി. അണഞ്ഞുകിടന്നിരുന്ന ഹോമകുണ്ഡം ജ്വലിക്കാൻ തുടങ്ങി.

മന്ത്രധ്വനികൾ വീണ്ടും അന്തരീക്ഷത്തിലുയർന്നു. ചരടുകൾക്കും, ഏലസ്സുകൾക്കും വേണ്ടി കാത്തുനിൽക്കുന്നവരുടെ നീണ്ട നിര വീണ്ടും കാണാൻ തുടങ്ങി.... ഏതായാലും ഞാൻ സഹോദരനെ പോലെ കാണുന്ന ജയരാജന് ഇനിയും ദീർഘകാലം സമാജസേവനം നടത്തുവാൻ സാധിക്കട്ടെ എന്നും അതിനുള്ള ഭാഗ്യവും, ആയുരാരോഗ്യ സൗഖ്യവും ജഗദീശ്വരൻ നൽകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ചികിത്സകൾ കുറഞ്ഞ ഒരു സന്ദർഭം ഉണ്ടായി. നിരവധി കാവുകളിൽ നിലനിന്നിരുന്ന പൂജകളുടെ ഉത്തരവാദിത്തങ്ങളിൽ നിന്ന് പിൻമാറേണ്ടി വന്നു. മുന്നൂറോളം കാവുകളുടെ ഉത്തരവാദിത്തം ഉണ്ടായിരുന്നുവത്രെ. അവയെല്ലാം പൂർണ്ണമായും നഷ്ടപ്പെട്ടു. പിന്നീട് ജയരാജൻ നമ്പൂതിരി കാര്യങ്ങൾ ഏറ്റെടുത്ത ശേഷം അറുപതോളം കാവുകൾ വീണ്ടെടുത്തു.

സന്താനലബ്ധിക്കായി പ്രത്യേക പ്രാർത്ഥനയും മന്ത്രവാദ വിധികളും കൊറ്റിവട്ടത്തുനിന്ന് നൽകുന്നുണ്ട്. ഒരിക്കൽ ഒരു യാത്രയിൽ മലപ്പുറത്ത് വച്ച് കാറിന് പെട്രോൾ അടിക്കാൻ പമ്പിൽ കയറിയ ജയരാജൻ നമ്പൂതിരിക്കും കുടുംബത്തിനും വൈകാരികമായ ഒരനുഭവം നേരിടേണ്ടി വന്നു. വയസ്സായ ഒരു മുസ്‌ലിം സ്ത്രീ ഓടിവന്ന് തന്റെ മൂന്നു പെൺമക്കളുടെയും സന്താനഭാഗ്യത്തെ കുറിച്ച് സന്തോഷം നിറഞ്ഞ കണ്ണീരോടെ പറയുകയുണ്ടായി. ജയരാജൻ നമ്പൂതിരിക്ക് ആദ്യം ആളെ മനസ്സിലായില്ലെങ്കിലും പിന്നീട് ഓർമ്മ വന്നു. അവരുടെ മൂന്ന് പെൺമക്കൾക്കും കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. സന്താനഭാഗ്യത്തിനായി പ്രാർത്ഥനയോടെ കൊറ്റിവട്ടത്തു വന്നുവത്രെ. ഇവിടുത്തെ മന്ത്രവാദത്തിനും പൂജാവിധികൾക്കും ശേഷമാണ് മക്കൾക്ക് കുഞ്ഞുങ്ങൾ ഉണ്ടായത് എന്ന് ആ ഉമ്മ ശക്തമായി വിശ്വസിക്കുന്നതിന് തെളിവായി ആ പൊതുസ്ഥലത്ത് വച്ച് അവർ കാണിച്ച സന്തോഷപ്രകടനം.

നരിക്കുനിയിലുള്ള ദമ്പതിമാരായ സുനിലിനും ബിന്ദുവിനും പറയാനുള്ളത് അവരുടെ ജീവിതസാഫല്യത്തിന്റെ കഥയാണ്. ഇരുപത്തിരണ്ടു വർഷക്കാലം അവർ നടത്താത്ത ചികിത്സകളോ നേരാത്ത വഴിപാടുകളോ ഇല്ല. ഒരു കുഞ്ഞിനായുള്ള ആശ ഏതാണ്ടവർ ഉപേക്ഷിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് അവരുടെ ബന്ധുവിൽ നിന്ന് കൊറ്റിവട്ടത്തെ കുറിച്ച് അറിയുന്നത്. അവിടെ പോയി ഒരു ശ്രമം കൂടി നടത്താം എന്ന് സുനിലും ബിന്ദുവും തീരുമാനിച്ചു. ആറു മാസത്തെ ചിട്ടയായ പൂജാവിധികൾക്കും നെയ്സേവിക്കുന്നതിനുമിടയിൽ തന്നെ ബിന്ദുവിന്റെ ഫലം 'പോസിറ്റീവ്' ആയി. സുനിലിന് വയസു നാല്പത്തിയൊൻപത്, ബിന്ദുവിന് നാല്പത്തിയഞ്ച്. മകൾക്കിപ്പോൾ വയസ്സ് ഒന്നര. സുനിൽ പറയുന്നു ''ജയരാജൻ നമ്പൂതിരി ഞങ്ങൾക്കു ദൈവത്തെ പോലെയാണ്. ജീവിതത്തിൽ ഒരിക്കലും മറക്കാനോ മാറ്റാനോ കഴിയാത്ത ബന്ധമായി അദ്ദേഹത്തിനോട്.''

ഇവിടുത്തെ മന്ത്രവാദ ചികിത്സകളുടെ ഫലം മനസ്സിലാക്കിയ പല

## ഇപ്പോഴും തുടരുന്ന പൂർവ്വിക സൗഹൃദം



*അരീക്കുളങ്ങര സുരേഷ് പണിക്കർ (ജ്യോതിഷ പണ്ഡിതൻ)*

കോഴിക്കോട് ജില്ലയിൽ പുഴവായ ദേശത്ത് മന്ത്രവാദ പാരമ്പര്യമുള്ള ഇല്ലങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഇല്ലമാണ് മുത്താലത്ത് കൊറ്റിവട്ടം. ഞങ്ങളുടെ തറവാടും കൊറ്റിവട്ടം ഇല്ലവുമായി പൂർവ്വികമായി ഉള്ള സൗഹൃദം ഇപ്പോഴും സൂക്ഷിച്ചു വരുന്നു. എന്റെ അച്ഛൻ അരീക്കുളങ്ങര സോമൻ പണിക്കരുടെ കാലത്തും ഇരു കുടുംബങ്ങളുമായുള്ള ബന്ധം വളരെ ശക്തമായിരുന്നു. കൊറ്റിവട്ടത്തു നിന്ന് ജപിച്ചു നൽകുന്ന ഭസ്മവും ചരടും ധരിക്കുമ്പോൾ തന്നെ രോഗികൾക്ക് ആശ്വാസമാകുന്ന പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇത് ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. ഞങ്ങളുടെ നിർദേശപ്രകാരം അവിടെ പോയി സിദ്ധിച്ച ഗുണകരമായ അനുഭവം പലരും ഞങ്ങളോട് പങ്കുവച്ചിട്ടുണ്ട്. ജാതിമത ഭേദമന്യേ എല്ലാ വിഭാഗക്കാരും ഒഴുകി എത്തുന്നു. അശരണർക്ക് അഭയകേന്ദ്രമാണ് ഈ ഇല്ലം. ഈ പാരമ്പര്യം ഇന്നും നിലനിർത്തി പോരുന്ന ആചാര്യനായ ജയരാജൻ നമ്പൂതിരിയെ തേടി നാടിന്റെ നാനാഭാഗത്തു നിന്നും വിദേശത്തു നിന്നും ഇല്ലത്തിന്റെ പടിപ്പുര കയറി വരുന്നവർക്ക് ഒരു പരിധി വരെ ആശ്വാസം നൽകുവാൻ അദ്ദേഹത്തിന്റെ സൗമ്യമായ പെരുമാറ്റത്തിനു തന്നെ കഴിയുമെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. പൂജാദി കാര്യങ്ങൾക്ക് ഭാരിച്ച ചെലവുകൾ ഉള്ള ഇന്നത്തെക്കാലത്ത് ഇദ്ദേഹം വളരെ ചുരുക്കിയ ചെലവിൽ പരിഹാര കർമ്മങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. അത് ഇദ്ദേഹത്തിന്റെ കാരുണ്യ പ്രവർത്തനത്തിന്റെ ഒരു ഭാഗമാണ് എന്ന് പറയാതിരിക്കാൻ വയ്യ. കൊറ്റിവട്ടം കുടുംബാംഗങ്ങൾക്കും ജയരാജൻ തിരുമേനിക്കും ജഗദീശ്വരിയുടെ എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു

# സകല കലാവൈഭവം



നവീൻ, ആനന്ദ്

കലയോടുള്ള സ്നേഹം അൽപ്പം അധികമായിത്തന്നെ മനസ്സിൽ കൊണ്ടുനടക്കുന്നവരാണ് കൊറ്റിവട്ടത്ത് ഇല്ലക്കാർ. ഫീച്ചർ തയ്യാറാക്കുന്നതിന്റെ ഭാഗമായി നാരായണൻ നമ്പൂതിരി മാസ്റ്ററുടെ ഇല്ലത്ത് കയറിച്ചെന്നപ്പോൾ കണ്ടത് അദ്ദേഹത്തിന്റെ പൗത്രൻ രണ്ടര വയസ്സുകാരൻ നിവേദ് തന്റെ കളിച്ചെണ്ടയിൽ നടത്തുന്ന പ്രകടനമാണ്. നല്ല താളബോധത്തോടെയുള്ള കൊട്ട്. കൗതുകത്തോടെ കേട്ടുനിൽക്കുകയല്ലാതെ മറ്റൊന്നും അൽപ്പനേരം ശ്രദ്ധിക്കാൻ തോന്നിയില്ല. പൈതൃകമായി ലഭിച്ച കലാമൂല്യം. നിവേദിന്റെ അച്ഛൻ നവീനും അപ്ഫൻ ആനന്ദും 'കൊറ്റിവട്ടം സഹോദരന്മാർ' എന്നാണ് അറിയപ്പെടുന്നത്. നിരവധി തായമ്പകകൾ ഇവർ രണ്ടുപേരും ചെയ്തിട്ടുണ്ട്. ചെണ്ടവാദനത്തിൽ മിടുക്കരായ ഇവർ ഉള്ളേ്യരി ശങ്കരൻ മാരാരുടെയും മട്ടന്നൂരിന്റെയും ശിഷ്യരാണ്. അച്ഛൻ നാരായണൻ നമ്പൂതിരിയുടെയും അമ്മ സാവിത്രിക്കുട്ടിയുടെയും പൂർണ്ണമായ പ്രോത്സാഹനം ഇവരുടെ കലാഹൃദയത്തോടൊപ്പമുണ്ട്. റിട്ടയേർഡ് അദ്ധ്യാപകനായ നാരായണൻ നമ്പൂതിരി മാഷും റിട്ടയേർഡ് കനറാ ബാങ്ക് ഉദ്യോഗസ്ഥയായ സാവിത്രിക്കുട്ടിയും അവരുടെ തിരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിനിടയിലും മക്കളിലെ കലാവാസനയ്ക്ക് വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ വിവിധ സ്റ്റേജുകളിലായി നിരവധി സമ്മാനങ്ങൾ വാങ്ങിയിട്ടുണ്ട് നവീനും ആനന്ദും. സംസ്ഥാന തല മത്സരങ്ങളിലും വിജയികളായിരുന്നു ഇവർ. നവീൻ വാദ്യകലാരംഗത്തെ നിറസാന്നിദ്ധ്യമാണ് ഇന്ന്. ആനന്ദൻ തന്റെ ജോലിയോടൊപ്പം കലയും നിലനിർത്തുന്നു. രണ്ടുപേരും മൃദംഗം, ഇടയ്ക്ക, ഡ്രംസ്, തബല എന്നിവയിലും പ്രാവീണ്യം നേടിയിട്ടുണ്ട്. നിരവധി പ്രശസ്തരുടെ കച്ചേരിക്ക് മൃദംഗം വായിക്കാറുണ്ട് ആനന്ദ്. നവീൻ ആകാശവാണി ആർട്ടിസ്റ്റ് കൂടിയാണ്.

കലയുടെ കാര്യത്തിൽ കൊറ്റിവട്ടത്ത് ഇല്ലത്തേക്ക് എത്തിച്ചേർന്ന സ്ത്രീകളും ഒട്ടും പിറകിലല്ല. ജയരാജൻ നമ്പൂതിരിയുടെ സഹധർമ്മിണി സുജ തന്റെ അദ്ധ്യാപന ജീവിതത്തോടൊപ്പം കലയെയും മുന്നോട്ടുകൊണ്ടുപോകുന്നു. ഭരതനാട്യം, മോഹിനിയാട്ടം, കഥകളി എന്നിവ നിരവധി സ്റ്റേജുകളിൽ അവതരിപ്പിച്ചിട്ടുണ്ട് സുജ. കഥകളി ഇപ്പോഴും അഭ്യസിക്കുന്നു. തിരൂരിനടുത്ത തെക്കുമ്പാട്ട് മനയാണ് സുജയുടെ ഇല്ലം. മാനിപുരം സ്കൂളിലെ അദ്ധ്യാപികയാണ് സുജ. 97 മുതൽ ഇവിടുത്തെ കുട്ടികളെ കൈകൊട്ടിക്കളി പഠിപ്പിക്കുകയും ജില്ലാ- സംസ്ഥാന തലം വരെ എത്തിക്കുകയും ചെയ്തിട്ടുണ്ട്. സുജയുടെ ഹൈസ്കൂൾ കാലഘട്ടത്തിൽ മൂന്നു വർഷവും സംസ്ഥാന യുവജനോത്സവത്തിൽ പങ്കെടുത്ത് മെഡലുകൾ നേടിയിട്ടുണ്ട്. യൂണിവേഴ്സിറ്റി തലത്തിലും നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ഈ സമ്മാനങ്ങൾ സുജ ►



ആനന്ദ്



*സുജ*

നിധിപോലെ ഇല്ലത്തെ അലമാര നിറയെ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. കലാമണ്ഡലം അംബിക ടീച്ചറുടെ ശിഷ്യയാണ് സുജ. കലാമണ്ഡലം മുൻ പ്രിൻസിപ്പലായ വാസു പിഷാരടിയുടെ ശിക്ഷണത്തിലാണ് കഥകളി അഭ്യസിച്ചത്. ഇന്ന് ആറ്റുപുറത്ത് കമല ടീച്ചറുടെ കൈകൊട്ടിക്കളി സംഘത്തിൽ അംഗമാണ് സുജ.

നവീനിന്റെ പത്നി ആതിര ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി എന്നിവ ഇപ്പോഴും അഭ്യസിക്കുകയും അരങ്ങത്ത് അവതരിപ്പിക്കുകയും ചെയ്യുന്നു. കോട്ടയം രാമപുരത്തെ ചങ്ങഴശ്ശേരിയാണ് ആതിരയുടെ ഇല്ലം. എം.വി.ആർ. കാൻസർ സെന്ററിൽ ലാബ് ടെക്നീഷ്യനായി ജോലി ചെയ്യുന്നുണ്ട് ആതിര.

ജയരാജൻ നമ്പൂതിരിക്കും സുജയ്ക്കും രണ്ടു മക്കളാണ്. അനുവിന്ദ്, അനുഞ്ജയ്. അനുവിന്ദ് എം.ബി.ബി.എസ്. മൂന്നാം വർഷ വിദ്യാർത്ഥിയാണ്. മാംഗ്ലൂരിലെ കെ.എസ്. ഹെഗ്ഡെ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലാണ് പഠിക്കുന്നത്. ഇദ്ദേഹം മോണോ ആക്ട്, മിമിക്രി, നാടകം എന്നിവയിൽ സ്കൂൾ തലത്തിലും കോളേജ് തലത്തിലും മികച്ച വിജയം കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ ചെണ്ടവാദനത്തിലും ഒട്ടും പിറകിലല്ല അനുവിന്ദ്. യൂണിവേഴ്സിറ്റി തലത്തിൽ ഷോർട്ട് ഫിലിമിൽ കഴിഞ്ഞ രണ്ടു വർഷവും ഒന്നാം സ്ഥാനം നേടുകയുണ്ടായി. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക അഭിനന്ദനത്തിന് അർഹനാകുകയും ചെയ്തു. ഈ ഷോർട്ട് ഫിലിമുകളുടെ സംവിധാനം നിർവ്വഹിച്ചത് അനുവിന്ദാണ്. കൂടാതെ ഇവയിൽ അഭിനേതാവുമാണ് അനുനന്ദ്. അനുഞ്ജയ് പത്താം ക്ലാസ്സിലാണ് ഇപ്പോൾ.

ഈ കുടുംബത്തിന്റെ എല്ലാ ഉയർച്ചകൾക്കും കാരണം ഈശ്വരന്മാരുടെയും കാരണവന്മാരുടെയും



*ആതിര*

അനുഗ്രഹമാണെന്ന് എല്ലാവരും വിശ്വസിക്കുന്നു. പൈതൃകത്തിൽ അവർ അഭിമാനം കൊള്ളുന്നു. ഇല്ലത്ത് ഓരോ വ്യക്തിയുടെയും ഉയർച്ചയുടെ പിന്നിൽ തറവാട്ടിലെ കാരണവന്മാരായ നാരായണൻ നമ്പൂതിരി മാഷിന്റെയും സാവിത്രിക്കുട്ടിയുടെയും ശാന്തവും പക്വതയോടുകൂടിയുമായ പൂർണ്ണ പിന്തുണയുള്ളത് എല്ലാ കാര്യത്തിലും നമുക്ക് കാണാം.

ഡോക്ടർമാരും അവരുടെ എത്തിക്സിന് എതിരാണെങ്കിൽക്കൂടി തങ്ങളുടെ വിഷമങ്ങൾക്ക് ആശ്വാസം തേടാനായി ഇവിടെ എത്താറുണ്ട്. അവരുടെ ചില രോഗികളോട് ജയരാജൻ നമ്പൂതിരിയെ കാണാനും നിർദ്ദേശിക്കാറുണ്ടത്രേ. മന്ത്രവാദത്തെ ചികിത്സയുടെ ഒരു ഭാഗമായി അവർ കാണുന്നു എന്നതിന് തെളിവാണിത്.

ജയരാജൻ നമ്പൂതിരിയുടെ മകൻ അനുവിന്ദ് മെഡിസിനാണ് പഠിക്കുന്നത്. പഠനത്തിന്റെ ഭാഗമായി ഒരു രോഗിയുടെ കാര്യം ചർച്ച ചെയ്യുമ്പോൾ അനുവിന്ദ് തമാശ രൂപേണ പറഞ്ഞു

'എന്റെ അച്ഛൻ ഇതിലേറെ കോംപ്ലിക്കേറ്റഡ് ആയ വിഷയം വളരെ ഈസി ആയി കൈകാര്യം ചെയ്യാറുണ്ട്'

ഇത് കേട്ട ഡോക്ടറിന് കൊറ്റിവട്ടത്തു വരണമെന്നും ജയരാജൻ നമ്പൂതിരിയുമായി സംസാരിക്കണമെന്നും നിർബന്ധമായി..അദ്ദേഹം ജയരാജൻ നമ്പൂതിരിയുമായി സംസാരിക്കുകയും ഇവിടുത്തെ രീതികൾ കാണുകയും അതിനെ പറ്റി പഠിക്കുകയും ചെയ്തു. ഇവിടെ ചെയ്യുന്ന കാര്യങ്ങൾ രോഗിയുടെ മനസ്സിൽ നിന്ന് തന്നെ രോഗത്തെ കളയുന്ന ഒരു രീതിയാണ് എന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. അതിന്റെ അടിസ്ഥാനത്തിൽ ചില രോഗികളെ അദ്ദേഹം ഇവിടത്തെ ചികിത്സക്കു വേണ്ടി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടത്രേ. നിർദേശിക്കപ്പെട്ട രോഗികൾ അവർക്കു ആശ്വാസം കിട്ടിയ കാര്യം ഡോക്ടറുമായി പങ്കുവെക്കുകയും ചെയ്തു. പിന്നീടും അദ്ദേഹം രോഗികളെ കൊറ്റിവട്ടത്തേക്കു അയച്ചിട്ടുണ്ട് .

ഒരു സന്ധ്യക്ക് നാൽപ്പതു വയസ്സിൽ കൂടുതലുള്ള ദമ്പതിമാർ കൊറ്റിവട്ടത്തെത്തി. വല്ലാതെ കരഞ്ഞു വിഷമത്തോട് കൂടിയാണ് അവർ അവിടെ എത്തിയത്. കുറച്ചു മാസങ്ങൾക്കു മുൻപ് സോമൻപണിക്കരുടെ നിർദേശത്തിൽ സന്താനവിഷയത്തിലെ ചികിത്സയ്ക്കും പരിഹാരങ്ങൾക്കുമായി അവിടെ വന്നവരായിരുന്നു അവർ. നിരവധി ചികിത്സകൾ നടത്തിയിട്ടും ഒരു ഫലവും അവർക്കു ലഭിച്ചിട്ടുണ്ടായിരുന്നില്ല. പക്ഷെ ഇവിടെ പ്രതിവിധികൾ തുടങ്ങി അൽപ നാളുകൾക്കു ശേഷം ഫലം കണ്ടു. പിന്നീട് നെയ് സേവിക്കാൻ നിർദേശിച്ചു. നെയ്യുമായി അവർ പോയെങ്കിലും ഭാര്യക്ക് നെയ്സേവിക്കാൻ വിഷമം. അതിന്റെ ആവശ്യം ഉണ്ടോ ഇനി എന്നായി അവർ. പിന്നീട് ചെയ്യേണ്ട കാര്യങ്ങൾക്കു അവർ വന്നതുമില്ല. പിന്നീട് ഒരു സന്ധ്യക്കാണ് അവർ എത്തുന്നത്. മുറ്റത്തു നിരവധി ആളുകൾ വേറെയും ഉണ്ട്. അവരുടെ കരച്ചിൽ കണ്ടു എല്ലാവരും അമ്പരന്നു. കുട്ടി എവിടെ എന്ന് ജയരാജൻ നമ്പൂതിരി അന്വേഷിച്ചു. അന്ന് ആ നെയ് സേവിച്ചിരുന്നെങ്കിൽ ഞങ്ങൾക്ക് കുട്ടിയെ നഷ്ടപ്പെടില്ലായിരുന്നു എന്നായിരുന്നു അവരുടെ മറുപടി. തന്റെ മന്ത്രവാദജീവിതത്തിൽ വളരെയധികം വിഷമം ഉണ്ടാക്കിയ ഒരു സംഭവമായിരുന്നു അത് എന്ന് ജയരാജൻ നമ്പൂതിരി പറയുന്നു.

ആളുകളുടെ വിശ്വാസം അല്പം അന്ധമായിപ്പോയ അനുഭവവും നിർഭാഗ്യവശാൽ ഉണ്ടായിട്ടുണ്ടെന്ന് ജയരാജൻ നമ്പൂതിരി പറയുന്നു. ആളുകൾ മന്ത്രവാദത്തിനു വേണ്ടി വരുമ്പോൾ നാണയവും നാളികേരവും ചേർത്തുഴിഞ്ഞ് കൊണ്ടുവരാൻ ആവശ്യപ്പെടാറു

ണ്ട്. ഇങ്ങനെ കൊണ്ടുവന്ന നാളികേരം ഇല്ലത്തിനരികിൽ കൂട്ടിയിടുകയാണ് പതിവ്. ഒരിക്കൽ ഒരു പണിക്കാരനോട് നാളികേരം ചാക്കിലാക്കാൻ പറഞ്ഞു. അയാൾ ജോലി തുടങ്ങി. അല്പം കഴിഞ്ഞപ്പോൾ ആളെ കാണാനില്ല. അയാൾ നേരെ നാരായണൻ നമ്പൂതിരി മാഷിന്റെ ഇല്ലത്ത് പോയി തനിക്ക് ഒരു നാളികേരം തൊട്ടിട്ട് ദേഹാസ്വാസ്ഥ്യം ഉണ്ടായി എന്നും അതുകൊണ്ട് പോവുകയാണ് എന്നും പറഞ്ഞ് സ്ഥലം വിട്ടു. ജയരാജൻ നമ്പൂതിരിയുടെ ചെറിയ മകൻ അനുഞ്ജയ്ക്കു രസകരമായ ഒരു കഥ പറയാനുണ്ടായിരുന്നു. അച്ഛനെ കാണാൻ സിറ്റി കമ്മീഷണർ വന്ന കഥയായിരുന്നു അത്. ''ഒരു വൈകുന്നേരമായിരുന്നു അത്. കമ്മീഷണറുടെ കാറും വേറെ രണ്ടു പോലീസ് ജീപ്പും മുറ്റത്തു എത്തിയപ്പോ ഞാനും അമ്മയും ശരിക്കും പേടിച്ചു. ഇല്ലത്തേക്കു പോലീസ് ജീപ്പ് വരുന്നത് കണ്ടു ഇവിടെ എന്തോ കുഴപ്പമുണ്ടെന്നു കരുതി നാട്ടുകാർ കുറെ പേര് മുറ്റത്തു എത്തി. പക്ഷെ അച്ഛന് അറിയാമായിരുന്നു. അച്ഛൻ ഞങ്ങളോട് പറയാതെ സസ്പെൻസ് ആയി വച്ചു. അദ്ദേഹത്തിന്റെ മകന്റെ ആവശ്യത്തിനായി അച്ഛനെ കാണാൻ എത്തിയതായിരുന്നു കമ്മിഷണർ.''

ഇങ്ങനെ നിരവധി അനുഭവങ്ങൾ പറയാനുണ്ട് കൊറ്റിവട്ടത്ത് ഇല്ലക്കാർക്കും അനുഭവജ്ഞർക്കും.

സാധാരണ, ഇല്ലങ്ങളിൽ പ്രത്യേകിച്ചും മന്ത്രവാദവും പൂജകളും ഉള്ള ഒരില്ലത്ത് ചെന്നാൽ കാണുന്ന ഒരു കാഴ്ചയല്ല കൊറ്റിവട്ടത്ത് കാണാൻ സാധിക്കുക. അകത്ത് തേവാരവും പൂജയും മന്ത്രവാദവും പക്ഷേ പുറമേ ആധുനികതയുടെ ഒരു കാഴ്ച.. മനോഹരമായി അലങ്കരിച്ച ഗാർഡനും ഗാർഡൻ ലൈറ്റും ലോണും ആമ്പൽ കുളവും അതിനിടയിൽ സിമന്റിൽ തീർത്ത കഥകളിരൂപവും, ദിനോസർ രൂപവും. കാണാൻ വരുന്നവർക്ക് ഇരിക്കാൻ അനുയോജ്യമായി തയ്യാറാക്കിയ ഇരിപ്പിടം. കുടിക്കാൻ ശുദ്ധ ജലം ലഭിക്കുവാനുള്ള സംവിധാനം. വാഹനത്തിലല്ലാതെ വരുന്നവർക്ക് തിരിച്ചുപോകാൻ ഓട്ടോയുടെ നമ്പറുകൾ എഴുതിയ ബോർഡ്. അങ്ങനെ വളരെ പ്ലാനിങ്ങോടുകൂടി മാതൃകാപരമായി തയ്യാറാക്കിയ സംവിധാനങ്ങൾ. പൂജാമുറിക്കുമുന്നിൽ മുറ്റത്തു സിമന്റിൽ തന്നെ തീർത്ത പൊന്നിൻ നിറത്തിലുള്ള കൃഷ്ണ വിഗ്രഹം ഈ പരിസരത്തിന്റെ ഐശ്വര്യത്തിന് മാറ്റു കൂട്ടുന്നു.

ഞായർ അവധി എന്നൊരു ബോർഡ് തന്നെയുണ്ട് ഇല്ലത്ത്. കാരണം ജയരാജൻ നമ്പൂതിരിയുടെ ഞായറാഴ്ചകൾ കുടുംബത്തിനുവേണ്ടിയുള്ളതാണ്.

''കുട്ടികളിൽ ഒരാൾ മെഡിസിന് പഠിക്കുന്നു, രണ്ടാമത്തെയാളും പഠിത്തത്തിൽ മിടുക്കൻ. ഏട്ടന്റെ കുട്ടികളും വ്യത്യസ്തമേഖലകളിൽ സജീവം. അപ്പോൾ പാരമ്പര്യം നിലനിർത്താൻ ?'' ഈ ചോദ്യത്തിന് പെട്ടെന്നു തന്നെ മറുപടി വന്നു.

''ഞാൻ ഒരു നിയോഗം പോലെയല്ലേ കാര്യങ്ങൾ ഏറ്റെടുത്തത്. ഇനിയും അങ്ങനെ തന്നെ സംഭവിക്കും.''

ചെറിയ മകൻ അനുഞ്ജയ് അച്ഛനെ സഹായിക്കുന്ന കാര്യത്തിൽ വളരെ മിടുക്കനാണെന്നുള്ള കാര്യം ജയരാജൻ നമ്പൂതിരി പ്രത്യേകം എടുത്തു പറയുകയും ചെയ്തു ആ വേളയിൽ.

ആ നിയോഗം ഏറ്റെടുക്കാൻ ഒരാൾ ഉണ്ടാവാതെ തരമില്ലല്ലോ. കാർത്ത്യായനിയുടെ നിശ്ചയം എന്താണോ അത് സംഭവിക്കട്ടെ.

❑



*പാർവ്വതി തെഞ്ചേരി, ഉമാദേവി മംഗലശ്ശേരി, ബേബി കണ്ടമംഗലം, അമ്മിണി കുറുവ, ശുഭ രായരുമംഗലം, ശൈലജ പാലക്കുന്നം (എല്ലാവരും നാരായണൻ നമ്പൂതിരിയുടെ സഹോദരിമാർ), ഇന്ദിര അമ്പാഴപ്പുറം (ജയരാജൻ നമ്പൂതിരിയുടെ സഹോദരി)*

# കാർത്ത്യായനീ കൃപാകരീ



പാർത്താലം തന്നിൽ കീർത്തിയുള്ളോരു മുത്താലത്തു വിളങ്ങീടും
കാർത്ത്യായനി ഞാൻ കൂപ്പുന്നേൻ നിന്റെ കാൽതളിരെനിക്കാശ്രയം
ആർത്തികൾക്കൊരു പാത്രമാമെന്നെ കാത്തുകൊള്ളുക സന്തതം
മൂർത്തിമൂവ്വരും നിൻ കൃപാലേശ പ്രാപ്തികൊണ്ടു കൊണ്ടാടുന്നു
ആശ്രിത പരിപാലന ധർമ്മമാശ്രയിച്ചവളല്ലോ നീ
ആർക്കറിയാവൂ നിൻ ചരിതമിതൊക്കെയും തവ വൈഭവം
നിൻ കരുണയുണ്ടാകിലേവനും കെങ്കേമമായി വന്നീടും
ആധിയും പല വ്യാധിയും മൃത്യുഭീതിയും ദീനഭാവവും
ദൂരത്തമ്മാറുനീക്കീട്ടു സുഖം നേരോടെ തരികെപ്പോഴും
മായേ ലോകൈക തായെ ശോഭന തായേ ഞാനിതാ കൂപ്പുന്നേൻ

**മുത്തശ്ശൻ നാരായണൻ നമ്പൂതിരി എഴുതിയ കവിത**

# Texas: a great place to live





**Siji Jayanthan**

Texas is the second large state in the United States by both area and population. Geographically located south central region of the country.

Texas is a great place to live, work and raise a family. The United States is obviously very large with many different and unique metropolitan areas, so it is difficult to differentiate it from the USA as a whole. Texas also has 4 major metro areas such as Houston san Antonio Dallas and Austin. Those are all different each other.Austin is the capital of Texas.

Dallas is one of the fastest-growing cities in the United States. The cost of living is comparatively low when comparative to eastcost side of the US And job opportunities' also really great here.From 2010 to 2016, Dallas recorded the highest net domestic migration in the country. A lot of immigrants constantly moved to Dallas for jobs. Many Asians especially Indians are moving to Dallas for IT Jobs and health care sectors.

The Indian food is very popular in America all over the country especially in Texas. We  can see lot of amazing Indian restaurants here and Americans are  love to eat Indian food and they respect our culture.

There are some main festivals in Dallas are Christmas, Halloween and thanks giving day.

**Christmas Day in Dallas:** Christmas and the holiday season is  full swing in Dallas. Many people in the united states celebrates Christmas day on December 25th.

People celebrate Christmas Day in many ways. In the days or even weeks before Christmas Day, many people decorate their homes and gardens with lights, Christmas trees and much more. It is common to organize a special meal, often consisting of turkey and a lot of other festive foods, for family or friends and exchange gifts with them. Children, in particular, often receive a lot of gifts from their parents and other relatives and the mythical figure Santa Claus. This has led to Christmas Day becoming an increasingly commercialized holiday, with a lot of families spending a large part of their income on gifts and food.

**Halloween:** Halloween is usually celebrated amongst family, friends and, sometimes, co-workers. However, some areas hold large community events. Parties and other events may be planned on October 31 or in the weekends before and after this date. Adults may celebrate by watching horror films, holding costume parties or creating haunted houses or graveyards.

Many children dress up in fancy costumes and visit other homes in the neighborhood. At each house, they demand sweets, snacks or a small gift. If they do not get this, they threaten to do some harm to the inhabitants of the house. This is known as playing 'trick-or-treat' and is supposed to happen in a friendly spirit, with no nasty or mean tricks being carried out. However, if your children take part, it is important to accompany them and to check their 'treats' to make sure they are safe to eat or play with.

**Thanksgiving day:** Thanksgiving Day is traditionally a day for families and friends to get together for a special meal. The meal often includes a turkey, stuffing, potatoes, cranberry sauce, gravy, pumpkin pie, and vegetables. Thanksgiving Day is a time for many people to give thanks for what they have.

Thanksgiving Day parades are held in some cities and towns on or around Thanksgiving Day. Some parades or festivities also mark the opening of the Christmas shopping season. Some people have a four-day weekend so it is a popular time for trips and to visit family and friends.

**Black Friday:** Black Friday is a shopping day for a combination of reasons. As the first day after the last major holiday before Christmas, it marks the unofficial beginning of the Christmas shopping season. Additionally, many employers give their employees the day off as part of the Thanksgiving holiday weekend.

There are some other festivals are Texas state fair, North Texas Irish Festival,Dallas international film festival.

The life is too fast here and there is no comparison to India. There are many difference we can see here. So Indians live in joint families, lived is a better word for its changing. Indian parents pay for their kids till the kid gets a job. They pay for everything. But here when the kids turn 18, they are on their own. They leave the house and are on their own. This is one difference we have to know for a common man in India takes it on himself to get his child through the graduation and it's him and his responsibility alone. In there the parent is as responsible but the college is not what most kids opt for. Indians know this to be the only way to live; the west seems to have found many other options. ❐



അത്തിപ്പറ്റ രവി



# പൂവിളി പൂവിളി...

കള്ളത്തിന്നും ചതിയ്ക്കും കപടതയുടെകൈ-
യ്യാങ്കളിയ്ക്കും വചസ്സിൻ-
പൊള്ളപ്പൂച്ചോടെ നാട്ടിൽക്കൊലവിളി തുടരും
കക്ഷിരാഷ്ട്രീയതയ്ക്കും
വെള്ളക്കുപ്പായമിട്ടുൾക്കരിനിറമനിശം
മൂടുവോർക്കും വിഷപ്പൂ-
ങ്ക,ള്ളേറ്റം വാറ്റുവോർക്കും വിളവരുളുമൊരീ
നാട്ടിലെ,ന്തോണശുദ്ധി?!

എന്നാലും ലോകമെങ്ങും പരശുധരധരാ
ജാതരിങ്ങോണവില്ലാർ-
ന്നൊന്നായ് മാവേലിമന്നന്നുടയ വരവിനായ്
താളമിട്ടാടിടുന്നൂ മന്നാകെത്തൻ
യശസ്സാലുരുധവളിമ ചേർ-
ത്തങ്ങു പാതാളലോകം
വെ,ന്നാമോദം ചൊരിഞ്ഞീടിന നൃപവരനെ
സ്വാഗതം ചെയ്തിടാം നാം

സാനന്ദം കൈരളിപ്പെണ്മണി നിജപതിയെ
സ്വീകരിച്ചാനയിയ്ക്കാ-
നാനമ്രാസ്യത്തൊടെപ്പൊന്മലരണിവസനം
ചുറ്റി സുസ്മേരയായി
തേനഞ്ചും പൂപ്പൊലിപ്പാട്ടുകളൊടു രുചിരം
പൂക്കളം തീർക്കവേ,യ-
ന്യൂനശ്രീ തുമ്പിതുള്ളും മതിയൊടഖിലരും
പൂവിളിയ്ക്കേണമൊന്നായ്

❒



# ഒരുമച്ചിത്രങ്ങളുടെ ഓസ്ട്രേലിയൻ കൊളാഷ്

**ശബ്ന രാജീവ് കൃഷ്ണൻ**

മണ്ണുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ കാലാവസ്ഥയുമായും ബന്ധപ്പെട്ടതാണല്ലോ. ആ കണക്കിൽ ഓസ്ട്രേലിയയിൽ കർക്കിടകവും മഴക്കാലവും ഇല്ല. ഓണത്തിന് മുൻപെയായി അങ്ങനെയൊരു പഞ്ഞമാസം ഇല്ല എന്നുള്ളതും പ്രധാനമാണ്.

മാനവ വികസന സൂചിക പ്രകാരം ലോകത്തെ ഏറ്റവും മികച്ച ജീവിതസാഹചര്യമുള്ള രാജ്യമാണ് ഓസ്ട്രേലിയ (നേരിയ വ്യത്യാസത്തിൽ നോർവേയുടെ താഴെ രണ്ടാം സ്ഥാനത്ത്) ഇപ്പോഴത്തെ ഓസ്ട്രേലിയയുടെ ഏറ്റവും വലിയ പ്രത്യേകത ഇവിടുത്തെ സാംസ്കാരിക വൈവിധ്യം (Multiculturalism) ആണ്. ചുരുക്കി പറഞ്ഞാൽ ഇവിടെ വരുന്ന എല്ലാവർക്കും അവരുടെ സാംസ്കാരിക മൂല്യങ്ങൾ ഒട്ടുതന്നെ ചോർന്നു പോവാതെ മൂന്നോട്ടു പോവാം. ഒരു മലയാളിക്കു അസ്തിത്വപരമായി ഒട്ടും മാറേണ്ട കാര്യമില്ല. എല്ലാ തരത്തിലും മലയാളിയായി തന്നെ ജീവിക്കാം എന്നർത്ഥം. എന്നാൽ ഇവിടെ സാമ്പത്തികമായി നിക്ഷേപിക്കാനും കേരളത്തെ, ഇന്ത്യയെ അപേക്ഷിച്ച് അവനവന്റെ ജോലി സംബന്ധമായി ബഹുമുഖമായ മേഖലകൾ പരീക്ഷിക്കാനുള്ള അവസരങ്ങൾ ഒരുപാടുണ്ട്. ഓസ്ട്രേലിയയിലെ മലയാളി ഡയസ്പോറ വളരെ ശക്തമായ ഒരു സാന്നിദ്ധ്യം ആയിക്കൊണ്ടിരിക്കുകയാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായിട്ട്. ഓസ്ട്രേലിയയുടെ സാമ്പത്തിക വ്യവസ്ഥ മറ്റേതൊരു രാജ്യത്തെക്കാളും അതത് മേഖലകളിൽ പ്രാവീണ്യമുള്ള ആളുകളുടെ ഇവിടേക്കുള്ള കുടിയേറ്റവും തുടർന്നുള്ള സംഭാവനകളെയും ആശ്രയിച്ചാണ് (മൈഗ്രന്റ് ഡീപെൻഡന്റ് ഇക്കോണമി). ദൈനംദിന കാര്യങ്ങളെടുക്കുകയാണെങ്കിൽ ശരാശരി 8 മണിക്കൂർ ആണ് ജോലി. അധിക സമയ ജോലി അല്ലെങ്കിൽ അവധി ദിവസങ്ങളിലെ ജോലിക്ക് കൂടുതൽ ശമ്പളം ലഭിക്കും. ശനിയും ഞായറും ഒഴിവാണ്. വ്യാഴാഴ്ച ഒഴികെ മറ്റു ദിവസങ്ങളിൽ കടകൾ 5 മണിയോടെ അടക്കും. ഭക്ഷണശാലകൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവ ലഭിക്കാനുള്ള സൗകര്യം ഉണ്ടാകും. കൂടുതൽ സ്വയം പര്യാപ്തത ആവശ്യപ്പെടുന്ന ഒരു ജീവിതശൈലി ആണ് ഇവിടെ.

ആഘോഷങ്ങൾ എപ്പോഴും ഒരുതലത്തിൽ മനുഷ്യന് സ്വത്വത്തിന്റെ വിലയിരുത്തലുകളും അവനവ



ന്റെ ചുറ്റുപാടിനോടുള്ള സ്വകാര്യമായ എന്നാൽ ഒരു തുടർച്ച എന്ന പോലത്തെ ഒരു സംവേദനവും ആണെന്ന് തോന്നുന്നു. ഒരുപക്ഷെ ഔദ്യോഗിക ജീവിതം കേരളത്തിന് പുറത്ത് ചെലവഴിക്കുന്ന മലയാളിക്ക് അല്ലെങ്കിൽ ബാല്യകാലത്തെങ്കിലും ഒന്നോ രണ്ടോ ഓണം കേരളത്തിൽ ആഘോഷിച്ച മലയാളിക്ക് ഓണാഘോഷം ഒരു സ്വാഭാവികതയും അനിവാര്യതയും ആണെന്ന് തോന്നുന്നു. ഉപബോധ തലങ്ങളിൽ കെട്ടുപിണഞ്ഞുകിടക്കുന്ന അസ്തിത്വ ബോധങ്ങളുടെ ഓർമപ്പെടുത്തലുകൾ, ഓണം ഇവിടെ വിളവെടുപ്പുത്സവം എന്ന മാനത്തിൽ നിന്നും മാറി സമാന സാംസ്കാരിക ചുറ്റുപാടുകളിൽ നിന്നു വന്നുചേർന്നവരുടെ ഒരു കൂട്ടായ്മ ആയി മാറുന്നു.

മണ്ണുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ കാലാവസ്ഥയുമായും ബന്ധപ്പെട്ടതാണല്ലോ... ആ കണക്കിൽ ഇവിടെ കർക്കിടകവും മഴക്കാലവും ഇല്ല. ഓണത്തിന് മുൻപെയായി അങ്ങനെയൊരു പഞ്ഞമാസം ഇല്ല എന്നുള്ളതും പ്രധാനമാണ്.. (കേരളത്തിലും ഇന്ന് പഞ്ഞമാസം ഏറെക്കുറെ പഴയ കഥ തന്നെ! എങ്കിലും)

ഇവിടെ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ ശിശിരകാലമാണ്. ഓസ്ട്രേലിയയിലെ ശിശിരകാലം യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളി



ലെപോലെ അത്ര കഠിനമല്ല എങ്കിലും ഒരു മലയാളിക്ക് തണുത്തുവിറക്കാൻ മാത്രമൊക്കെയുണ്ട്. ഓസ്ട്രേലിയയുടെ ഭൂമിശാസ്ത്രപരമായ കിടപ്പുകാരണം ലോകത്തിലെ മറ്റു സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമാണ് ഇവിടുത്തെ ഋതുഭേദങ്ങൾ. സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങൾ വസന്തകാലമാണ്. ഓണം സാധാരണ ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ആണല്ലോ. ഓണം പ്രമാണിച്ചു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റ് ഓഫീസുകൾക്കും പ്രത്യേകിച്ച് ഒഴിവു ഒന്നും ഇല്ലാത്തത് കാരണം കൂട്ടായ്മകൾ ഏറിയ പങ്കും ശനി, ഞായർ ദിവസങ്ങളിൽ ആണ് നടക്കാറുള്ളത്. ഇവിടെ വിവിധ മലയാളി സംഘടനകൾ ഓണാഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട്. കലാ സാംസ്കാരിക പരിപാടികൾ, പൂക്കളമിടൽ, ഓണസദ്യ, കേരളീയ വേഷവിധാനങ്ങൾ ഒക്കെയാണ് ഇങ്ങനെയുള്ള കൂട്ടായ്മകളിൽ സാധാരണയായി ഉണ്ടാവാറുള്ളത്. ചിലപ്പോൾ കേരളത്തിൽ നിന്നും കലാ സാംസ്കാരിക രംഗങ്ങളിൽ പ്രശസ്തരായവരെ കൊണ്ടുവരുകയും അവരെ ഓണാഘോഷത്തിന്റെ ഭാഗമാക്കാറും ഉണ്ട്. ഇങ്ങനെ സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന കൂട്ടായ്മകളിൽ അതാത് തലങ്ങളിലെ സംസ്ഥാന, കേന്ദ്രതല പ്രതിനിധികൾ, മന്ത്രിമാർ, ലോകസഭാംഗങ്ങൾ, മറ്റു സാമൂഹിക സാംസ്കാരിക പ്രമുഖർ എന്നിവരെയും പങ്കെടുപ്പിക്കാറുണ്ട്.

ഓസ്ട്രേലിയയിലെ സിഡ്നിയിൽ ആണ് ഞാൻ കഴിഞ്ഞ 12 വർഷമായി കുടുംബസമേതം താമസിച്ചുവരുന്നത്. ഞാൻ ജനിച്ചുവളർന്നത് കേരളത്തിൽ കോഴിക്കോട് ജില്ലയിലാണ് (വേങ്ങേരി ഇല്ലം, മുക്കം/ചേളന്നൂർ) വേളി കഴിഞ്ഞു പുതുക്കുളി മഠ (മായന്നൂർ, തൃശൂർ)ത്തിലെ അംഗമായി. എന്റെ ഭർത്താവ് സിഡ്നിയിൽ ജോലി സംബന്ധമായി ജീവിക്കുന്നതു കാരണം ആണ് ഞാൻ ഇവിടേക്ക് വരാൻ ഇടയായത്. ഇവിടെ അദ്ദേഹത്തിന്റെ കുടുംബവും ഉണ്ട്. (ഏട്ടനും അനിയത്തിയും) വ്യക്തിപരമായി ഓസ്ട്രേലിയ എന്റെ വളർത്തുനാടാണ്. ഒരുപക്ഷെ ഇവിടെ എല്ലാ ബന്ധുജനങ്ങളോടും കൂടി താമസിക്കുന്നത് കൊണ്ടും അനുഭവങ്ങളിലൂടെയുള്ള ഒരുപാടു സ്വയംപരിശോധനകൾ ഓസ്ട്രേലിയൻ ജീവിതത്തിന്റെ ഭാഗമായത് കൊണ്ടും കൂടി ആവാം.



ഞങ്ങൾ ഓണം ഏറ്റവും കുറഞ്ഞത് ഒരു രണ്ടു തവണയെങ്കിലും ആഘോഷിക്കുക പതിവുണ്ട്. ഒന്ന് കുടുംബവും കൂടുംബസുഹൃത്തുക്കളും കൂടി. ഇതുതന്നെ ഏതാണ്ട് 50ൽ പരം പേർ വരും. ഒരു കമ്മ്യൂണിറ്റി ഹാൾ വാടകക്കെടുക്കും. ഓരോ കുടുംബവും ഓരോ വിഭവങ്ങൾ വീതം ഉണ്ടാക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കും. ചിലപ്പോൾ നറുക്കെടുപ്പ് വരെ നടക്കാറുണ്ട്. ഗംഭീരമായ ഒരു ഓണസദ്യ ആണ് ഏറ്റവും പ്രധാന ആകർഷണം. അന്നത്തെ ദിവസം എല്ലാവരും നിർബന്ധമായും കേരളീയ വേഷവിധാനങ്ങളാണ്.

കുട്ടികൾ പാരമ്പര്യവസ്ത്രങ്ങൾ ധരിച്ചുകാണാൻ അപൂർവ്വം അവസരങ്ങളെ ഇവിടെ കിട്ടാറുള്ളൂ. അതുകൊണ്ട് തന്നെ കാമറ കണ്ണുകൾ മിന്നിക്കൊണ്ടേയിരിക്കും. കുട്ടികൾ എല്ലാവരും ചേർന്ന് മുതിർന്നവരുടെ നേതൃത്വത്തിൽ മനോഹരമായ ഒരു പൂക്കളം ഒരുക്കും. സദ്യ കഴിക്കാൻ പേപ്പർ വാഴയില ആണ് ഉപയോഗിക്കുന്നത്. കുട്ടികൾക്ക് ആദ്യം ഇല വെക്കും. അവർ കഴിച്ച ശേഷം മറ്റുള്ളവർ സദ്യക്കിരിക്കുന്നതാണ് പതിവ്. സദ്യയ്ക്കുശേഷം ബാക്കി വന്ന സദ്യവട്ടങ്ങൾ ടേക് എവേയ് ബോക്സുകളിൽ സ്ഥാനം പിടിക്കുന്നു. പിന്നെ നാടൻ ഭാഷയിൽ പറഞ്ഞാൽ ഒരു വെടിവട്ടം തന്നെയുണ്ട്. മിക്കപ്പോഴും മലയാളികൾ അല്ലാത്ത ഒരു കുടുംബത്തെ അതിഥിയായി ക്ഷണിക്കാറുണ്ട്.

പിന്നൊന്ന് ഓണദിവസം കുടുംബത്തിലെ ആഘോഷം ആണ്. നമ്മൾ മൂന്നു വീടുകളിലായാണ് മൂന്നു കുടുംബങ്ങൾ താമസിക്കുന്നത്. (ഏട്ടൻ കുടുംബം, അനിയൻ കുടുംബം പിന്നെ ഞങ്ങളും) ഓണദിവസം ജോലി ഉള്ള ദിവസം ആണെങ്കിലും (അങ്ങനെ എങ്കിൽ സദ്യ ഉട്ടയ്ക്കു പകരം വൈകുന്നേരം ആവും) അന്ന് നമ്മൾ ഏട്ടന്റെ മഠത്തിൽ കൂടും. 3-4 വിഭവങ്ങൾ വെച്ചു മൂന്നു വീടുകളിൽ നിന്നും കൂടുമ്പോൾ ഓണസദ്യ തയ്യാർ !

ഇവിടെ വന്നതിനു ശേഷമുള്ള ഒരു വ്യാഴവട്ടകാലത്തെ ജീവിതം മുകളിൽ പറഞ്ഞ എല്ലാ ചിത്രങ്ങളും ചേർത്ത് വെച്ച ഒരു കൊളാഷ് ആണ്. കൂട്ടായ്മയും സമൃദ്ധിയും ആണ് ഇവിടത്തെ ആഘോഷങ്ങളിൽ നിറഞ്ഞു നിൽക്കുന്നതായി തോന്നിയിട്ടുള്ളത്. ഏതാഘോഷത്തിന്റെയും ആത്യന്തികമായ ഉദ്ദേശം അതുതന്നെയെന്ന് വിശ്വസിക്കുന്നു.

❐



# പത്രമോഫീസിലെ ഭിക്ഷ



പാനാട് പദ്മനാഭൻ നമ്പൂതിരി

'ഓണമാണല്ലോ വന്നു, വല്ലതും തന്നീടണം
ബോണസ്സ് കിട്ടിക്കാണുകില്ലയോ
സാറിന്നിപ്പോൾ
വേറിട്ടൊരോണ സ്കൂപ്പും തേടി
ഞാനിറങ്ങുമ്പോൾ
ആരു നീ? കൈക്കുമ്പിളും
നീട്ടിനിൽക്കുന്നു മുന്നിൽ!

'ധർമ്മമോ? കാശായിട്ട് നൽകുമാറില്ലാ,
പത്ര-
ധർമ്മമാണീയോഫീസിൻ
നീതിദേവതാസൂക്തം
ആർത്തരക്ഷക്കായൊറ്റ മന്ത്രമേ
സ്വ.ലേ യ്ക്കുള്ളൂ
വാർത്ത! വാർത്തയായ് മാത്രം
കൊള്ളലും കൊടുക്കലും.
അത്രയ്ക്ക് കഷ്ടപ്പാടും
കണ്ണീരുമുണ്ടെന്നാകിൽ
പത്രത്തിലൊന്നാം പേജിൽ
ബോക്സിലായ് കൊടുത്തിടാം
പട്ടികജാതി ക്ഷേമമന്ത്രിയും
ശ്രദ്ധിച്ചീടും
കിട്ടിടും സഹായവും,
ന്യൂസിന്റെയിമ്പാക്ടിനാൽ.
ദുരിതാശ്വാസത്തിന്നു നിധിയുണ്ടതിൽ നിന്ന്
വറുതിയകറ്റാനായ് തുകയും ലഭിച്ചിടും.
കെട്ടിമേഞ്ഞീടാൻ, പുര നിറഞ്ഞു
നിൽക്കുന്നോളെ
കെട്ടിച്ചയച്ചീടാനും ഫണ്ടുണ്ട്,
കഷ്ടപ്പാട് മിക്കതും മാറും,
പിന്നെ പെൻഷനും ലഭിച്ചീടും
ഒക്കുകിൽ നിനക്കെന്നുമോണമായ്
കഴിഞ്ഞീടാം.
എങ്കിലീപ്പിച്ചപ്പാളക്കുമ്പിളുമുപേക്ഷിക്കാം
സങ്കടമെല്ലാമേ നീ
ചൊല്ലീടുകിപ്പോൾത്തന്നെ.

'കോരനെന്നാണെൻ പേര്,
കയറിക്കിടക്കുവാൻ
കൂരയോ കീറത്തഴപ്പായയോ
ഇല്ലാത്തവൻ.
വീടൊന്നു വയ്ക്കാനെന്റെ
ലക്ഷ്മിയെക്കെട്ടിക്കുവാൻ
വീടർ തൻ ചികിത്സയ്ക്കും
വഴിയുണ്ടാക്കാനായി
നാട്ടിലെക്കൂട്ടം ചേർന്ന്
കമ്മറ്റിയുണ്ടാക്കീയെൻ
വീട്ടിന്റെ കാര്യം ചൊല്ലിപ്പിരിച്ചു
കോരൻ ഫണ്ടും.
ഒത്തിരിക്കഷ്ടപ്പാടാണിപ്പോഴും,
കൈക്കുമ്പിളിൽ
ഇത്തിരിക്കഞ്ഞിയ്ക്കരി കിട്ടുവാൻ
തെണ്ടീടുന്നൂ

'കോരനാണെന്നോ നീ!
ഞാനോർക്കുന്നൂ നന്നായ് നിന്റെ
സ്റ്റോറിയുമായിട്ടന്നു വന്നവർ
പ്രസ്താവിച്ചു:
കോരന്റെ കുടുംബത്തിൻ
ക്ഷേമകാര്യങ്ങൾക്കായിട്ടാരുമില്ലാഞ്ഞിട്ടല്ലീ,
കമ്മിറ്റിയാക്കീ ഞങ്ങൾ,
നല്ല പോലൊരു വാർത്ത നൽകിയാൽ
അവർ ചൊല്ലീ
വല്ലതും കിടയ്ക്കുമാക്കുടുംബം
രക്ഷപ്പെടും.
ഫോട്ടോയും കണ്ണീരിന്റെ കഥയും
ചേർത്തിട്ടന്ന്
നാട്ടുവർത്തമാനത്തിൽ ഫീച്ചറായ്
നൽകീ ഞാനും.
വായനക്കാരിൽ നിന്നും
പിരിഞ്ഞിട്ടുണ്ടാമല്ലോ
നീയാകെ രക്ഷപ്പെട്ടുവെന്നല്ലീ
നിനച്ചു ഞാൻ.

കമ്മിറ്റിയുണ്ടാക്കിയോരെന്നെയും
വിറ്റു, കാശു കമ്മിയാണെന്നും ചൊല്ലി,
ഫണ്ടുമായവർ മുങ്ങി.
കാലവർഷത്തിൽ വീണ കൂരയോ,
ചിതൽ തിന്നൂ
കാലിനോ നീരും വന്നു, താമസം
ബസ് സ്റ്റോപ്പിലായ്.
കമ്മിറ്റിയുണ്ടാക്കാനായെത്തുന്നൂ
മൂവന്തിക്ക്
പമ്മിയും പതുങ്ങിയുമിപ്പോഴും
വേറെച്ചിലർ.
ലക്ഷ്മിക്കുമായീ പ്രായം, ചക്കിക്കോ
വയസ്സായി
രക്ഷയില്ലെന്നും രാവിൽ
ഉറങ്ങാതിരിപ്പൂ ഞാൻ.
ലക്ഷ്മിക്കു കല്യാണത്തിൻ
കമ്മിറ്റിയുണ്ടാക്കീടും
ലക്ഷങ്ങൾ പിരിക്കുവാനെത്തിടാമവർ
വീണ്ടും.
ആർത്തരെ പിഴിഞ്ഞോണമുണ്ണുവാൻ
സഹായങ്ങൾ
വാർത്തയായ് നൽകീടേണ്ടാ
ഓർത്തിരിക്കേണം സാറേ.
നാട്ടിലെ മാന്യന്മാരിക്കോരന്റെ
പേരിൽപ്പോലും
പാട്ടയും രശീതുമായ് പിരിച്ചു
കൊഴുക്കുമ്പോൾ
സാറിനെപ്പോലുള്ളോരെൻ വിശപ്പും
തട്ടിപ്പെന്ന്
നേരാണേ വിചാരിക്കുമെങ്കിലും
കൈക്കുമ്പിളിൽ
പറ്റുമെന്നാകിൽ ഇറ്റു കഞ്ഞി തന്നാലേ
പുണ്യം
മറ്റെന്തു ചൊല്ലാൻ? കാശു
ചോദിച്ചതില്ലീക്കോരൻ

പഞ്ചുള്ള വാക്കാൽ നല്ല ഭിക്ഷ നീ
തിരിച്ചേകീ
നെഞ്ചകക്കുമ്പിൾ സ്കൂപ്പു
ചോർന്നപോൽ നിശ്ശൂന്യമായ്,
ആരു നീ മഹാഭിക്ഷോ? കോരനോ!
മാവേലിയോ !!
തിരുത്തും വിധാതാവോ ! വാമനൻ നീ
താനെന്നോ !!

❐



# ചൗളം വേണം പെണ്ണായാലും

**വയപ്പുറം നാരായണൻ നമ്പൂതിരി**

പ്രപഞ്ചത്തിലെ പ്രകൃതി പുരുഷ സങ്കല്പം പോലെതന്നെയാണ് സമാജത്തിലെ സ്ത്രീ പുരുഷ സങ്കല്പവും. പ്രപഞ്ചത്തിന്റെ ദൃശ്യഭാവം പ്രകൃതിയാണ്. അതുപോലെത്തന്നെ സമാജത്തിന്റെ നിലനില്പ്പിനും ഭദ്രതയ്ക്കും അടിസ്ഥാനം സ്ത്രീയാണ്. സംസ്കാര സമ്പന്നമായ കുടുംബവ്യവസ്ഥയാണ് ഭാരതീയ സംസ്കാരത്തിന്റെ അടിത്തറ. കുടുംബം എന്ന സങ്കല്പം തുടങ്ങുന്നത് തന്നെ സ്ത്രീയിൽ നിന്നാണ്. വേദ, ഇതിഹാസ, പുരണാദികളെല്ലാം തന്നെ ഈ സമഗ്രമായ കാഴ്ച്ചപ്പാടിൽ നിന്നും രൂപം കൊണ്ടതാണ്. അതിനാൽ എക്കാലത്തും ഭാരതത്തിൽ സ്ത്രീകൾക്ക് ഉന്നതമായ സ്ഥാനം ഉണ്ടായിരുന്നതായി കാണാം. രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും ഇതിവൃത്തം പതിവ്രതകളായ രണ്ട് സ്ത്രീ രത്നങ്ങളെ അടിസ്ഥാനമാക്കിയാണ്. സീതയും ദ്രൗപദിയും.

സ്ത്രീകളുടെ സംസ്കാരസമ്പന്നതയുടെ പ്രതീകങ്ങളായിരുന്നു പുരാതന കഥാപാത്രമായ ധ്രുവമാതാവ് സുനീതിയും ചരിത്രപുരുഷനായ ശിവാജിയുടെ മാതാവ് ജീജാഭായിയും മറ്റും. ഉത്തമ സന്താനങ്ങളെ സമൂഹത്തിന് സംഭാവന ചെയ്യാൻ സ്ത്രീകൾ സംസ്കാരസമ്പന്നരായേ പറ്റൂ. അതിനുള്ള പോംവഴി സ്ത്രീകളെ സമസ്ത മണ്ഡലങ്ങളിലും ഭാഗമാക്കുകയും അവർക്ക് വേണ്ട വിദ്യാഭ്യാസവും സാംസ്കാരിക പരിജ്ഞാനവും നൽകുക എന്നതാണ്.

വൈദിക സംസ്കാരത്തിലധിഷ്ഠിതമായി ജീവിക്കുന്ന ബ്രാഹ്മണർക്ക് അവരുടെ എല്ലാ വൈദിക ക്രിയകളിലും സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യമുണ്ട്. ഗൃഹസ്ഥാശ്രമത്തിലെ എല്ലാ കർമ്മങ്ങൾക്കും വലത് ഭാഗത്ത് പത്നി ഉണർന്നിരുന്നേ മതിയാകൂ. ഗൃഹസ്ഥാശ്രമത്തിലെ കർമ്മങ്ങൾ ആരും ഇന്ന് അനുഷ്ഠിക്കാത്തതിനാൽ എല്ലാവരും ഇതിൽ ഇന്ന് ഏറെക്കുറെ അജ്ഞരാണ്. വിവാഹമെന്ന പവിത്രമായ കൂടിച്ചേരലിൽനിന്നാണല്ലോ ഗൃഹസ്ഥാശ്രമത്തിന്റെ തുടക്കം. ധർമ്മത്തെ അടിസ്ഥാനമാക്കി ഒരു ജീവന്റെ ഗർഭാധാനം മുതൽ അന്ത്യേഷ്ടി വരെയുള്ള ജീവിത ഘട്ടങ്ങൾക്ക് വൈദികമായ ഒരു ഘടന



(ഒരു കർമ്മ പദ്ധതി) പൂർവ്വീകരായ ഋഷീശ്വരന്മാർ നമുക്ക് വേണ്ടി വിഭാവനം ചെയ്ത് തന്നിട്ടുണ്ട്. ഷോഡശസംസ്കാരം എന്ന പേരിൽ അറിയപ്പെടുന്ന ഈ ക്രിയ ജനിച്ചുവരുന്ന ഓരോ പ്രജയെയും ഈ പ്രകൃതിയുമായും പ്രകൃതിക്കധിഷ്ഠാനമായ ഈശ്വരചൈതന്യവുമായും സംയോജിപ്പിക്കുക എന്ന ലക്ഷ്യത്തിനാണ്. പ്രകൃതിദത്തമായ, ശാരീരികമായ ചില വ്യവസ്ഥകൾക്കനുസരിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കും ഈ ക്രിയകളിൽ അല്പസ്വല്പം ഏറ്റക്കുറച്ചിലുകൾ ആചാര്യന്മാർ അനുവദിച്ചു കൊടുത്തിട്ടുണ്ട്.

ഗർഭാധാനം മുതൽ പുംസവനം, സീമന്തം, ജാതകർമ്മം, നാമകരണം, ഉപനിഷ്ക്രമണം, ചോറൂൺ, ചൗളം, ഉപനയനം, 4 വ്രതങ്ങൾ, സമാവർത്തനം, വിവാഹം, അഗ്ന്യാധാനം എന്നിങ്ങനെ 16 പൂർവഷോഡശ ക്രിയകളും, മരണം കഴിഞ്ഞാൽ സംസ്കാരം മുതൽ സപിണ്ഡി വരെയുള്ള അപരഷോഡശക്രിയകളും ഓരോരുത്തരും അനുഷ്ഠിക്കേണ്ടതാണ്. ഇതിൽ സ്ത്രീകളുടെ പ്രത്യേക സാഹചര്യത്തിൽ ഗർഭാധാനം മുതൽ ചൗളം വരെയുള്ള ക്രിയകളാണ് അവർക്ക് നിർബന്ധമായും നിശ്ചയിച്ചിട്ടുള്ളത്. വിവാഹം മുതൽ രണ്ടുപേരും ഒരുമിച്ചുള്ള കർമ്മവ്യവസ്ഥയാണ് ഉള്ളത്. ഇതിൽ വിവാഹത്തിന് മുമ്പ് ചെയ്യേണ്ടതായ ചൗളം എന്ന ക്രിയ നമ്മുടെ ഇടയിൽ നിന്നും തീരെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

സംസ്കാര സമ്പന്നമായ കുടുംബത്തെയും, സമാജത്തെയും വാർത്തെടുക്കുന്നതിൽ നിസ്തുലമായ പങ്ക് സ്ത്രീകൾക്കായതിനാലും, സ്ത്രീകളുടെ ആചാരാനുഷ്ഠാനങ്ങളിൽ ഇന്ന് വലിയ അപചയം സംഭവിച്ചതിനാലും സ്ത്രീകൾക്കുള്ള അനുഷ്ഠാന ക്രിയകളെ പ്രത്യേകം ഒന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. അതിൽതന്നെ ആദ്യം ചൗളം എന്ന ക്രിയയാണ് വിശദീകരിക്കുന്നത്. അതിന് കാരണം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സംസ്കാര ക്രിയയെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടി രണ്ടു മൂന്ന് വർഷമായി വൈദിക വിജ്ഞാനകേന്ദ്രം സംഘടിപ്പിക്കാറു ള്ള സമൂഹകന്യാ ചൗളം ഇക്കഴിഞ്ഞ ജൂൺ 3ന് ആയിരുന്നതുകൊണ്ട് ഇതിനെപ്പറ്റി പറയാനുള്ള ഒരു സന്ദർഭം എന്ന നിലയ്ക്കാണ്. പങ്കെടുക്കുന്ന ആൾക്കാർ എണ്ണത്തിൽ കുറവാണെങ്കിലും ഈ സന്ദേശം സമാജത്തിൽ പ്രചരിക്കുന്നുവെന്നത് സന്തോഷകരമാണ്. ഇത്തരം ഘട്ടങ്ങളിൽ കൂടി നമ്മുടെ കുട്ടികൾക്ക് നമ്മുടെ സംസ്കാരത്തിന്റെ സവിശേഷതയെക്കുറിച്ച് അറിവ് നൽകാനും അവരെ സംസ്കാര സമ്പന്നരാക്കി വളർത്തിയെടുക്കാനും കഴിഞ്ഞാൽ മാത്രമേ ഇന്ന് കാണുന്ന

പലതരത്തിലുള്ള പ്രശ്നങ്ങൾക്കും പരിഹാരമാവുകയുള്ളൂ.

ഈ അനുഷ്ഠാനങ്ങളിലെ സങ്കല്പവും, അർത്ഥവും മനസ്സിലാക്കാതെയുള്ള യാന്ത്രികമായ അനുഷ്ഠാനവും, കഴിഞ്ഞ നൂറ്റാണ്ടിലുണ്ടായ ഒരു നിഷേധാത്മക സമീപനവുമാണ് ഈ ചടങ്ങുകൾ എല്ലാം ക്ഷയിക്കാൻ കാരണമായത്. അതിനാൽ ഇതിനെല്ലാം ഒരു ശാസ്ത്രീയ വീക്ഷണം ആവശ്യമാണ്.

## ചൗളത്തിന്റെ ക്രിയയും സങ്കല്പവും

ഇതിന്റെ ശരിയായ പേര് ''ചൂഡാകർമ്മം'' എന്നാണ്. ഇതിന്റെ അടിസ്ഥാനതത്വം ഗർഭത്തിൽ വെച്ച് മുളച്ച മുടി ഒഴിവാക്കലാണ്. മൂന്ന് വയസ്സ് തികഞ്ഞാൽ ചെയ്യേണ്ടതാണ് ഇത്. ചെറിയ കുട്ടികളിൽ നിഷ്കളങ്കതയും ഇശ്വരീയ ഭാവവും കൂടുതലായിരിക്കും. പ്രായം കൂടുന്തോറും ഈശ്വരീയഭാവം കുറയുകയും മാനസികഭാവം കൂടിവരികയും ചെയ്യുന്നു. താൻ ഈ പ്രപഞ്ചത്തിന്റെ ഭാഗമാണെന്ന് കുട്ടി ക്രമേണ മനസ്സിലാക്കി തുടങ്ങുന്നു. നമ്മുടെ ബോധമണ്ഡലവും (ഓർമ്മ 3 വയസ്സിന് ശേഷമേ പ്രവർത്തിച്ചു തുടങ്ങുന്നുള്ളൂ. മൂന്ന് വയസ്സിനു മുമ്പുള്ള കാര്യങ്ങൾ ആർക്കും ഓർമ്മയുണ്ടാവാൻ ഇടയില്ല. അതിനാൽ ഈ മൂന്ന് വയസ്സിന് ശേഷമാണ് എഴുത്തിനിരുത്തുന്നതും മറ്റും) ചൗളം എന്ന ക്രിയയോടുകൂടി ഈ പ്രപഞ്ചത്തിലെ എല്ലാ നിയമങ്ങൾക്കും അനുസൃതമായി ജീവിക്കാനുള്ള ഒരു വ്യക്തിത്വം കുട്ടിക്ക് കൈവരുന്നതായിട്ടാണ് സങ്കല്പം. ആദ്യമായി ദേവന്മാരെയും പിതൃക്കളെയും സന്തോഷിപ്പിക്കുവാനും, അനുഗ്രഹം വാങ്ങുവാനുമായി നാന്ദീമുഖം പുണ്യാഹമാണ് ഇതിലെ ആദ്യത്തെ ചടങ്ങ്. ഈ പുണ്യാഹത്തിൽ ഓരോ സംസ്കാര ക്രിയകൾക്കും ഓരോ ദേവന്മാരെ സ്മരിക്കുന്നുണ്ട്. കേശിന പ്രിയന്താം എന്നാണ്. അതായത് ശരീരത്തിലെ ഓരോ അംഗങ്ങൾക്കും ഓരോ ദേവതമാരുള്ളതിൽ മുടിയുടെ ദേവത 'കേശി' എന്ന ദേവതയാണ്. ഈ ദേവതയെ ഇവിടെ സ്മരിക്കുന്നു. അനന്തരം പുണ്യാഹം കഴിഞ്ഞ് മുറ്റത്ത് അരിമാവ്കൊണ്ടണിഞ്ഞ് അരിയും നെല്ലും നിറച്ച് വെച്ച് അതിന്റെ മുമ്പിൽ കുട്ടിയെ ഇരുത്തി ഗണപതി നിവേദിച്ച് മുടി മുറിച്ചെടുക്കുന്നു. പ്രതീകമായി ഒരു മുടി മുറിക്കുകയേ ഇപ്പോൾ പതിവുള്ളൂ. ഏതായാലും ഇദം നമമഃ എന്ന തത്വം ഉൾക്കൊണ്ട് ഈ മുടിപോലും എന്റേതല്ല എന്ന ഉദാത്തമനോഭാവം അവിടെ സ്മരിക്കപ്പെടുന്നു. ഈ ക്രിയയോടു കൂടി കുട്ടിക്ക് ശുഭാശുഭങ്ങളെല്ലാം ബാധകമാവുന്നു. മാത്രമല്ല ചെറിയ ഒരു മന്ത്രാധികാരം കൂടി കുട്ടിക്ക് ഇതോടു കൂടി ലഭിക്കുന്നു. ചൗളം കഴിഞ്ഞാൽ ഇല്ലത്തെ തേവാരം പെൺകുട്ടികൾക്ക് ചെയ്യാമെന്നാണ് നിയമം. സമൂഹത്തിലുള്ള തന്റെ വ്യക്തിത്വം ആ കുട്ടി തിരിച്ചറിയാൻ തുടങ്ങുന്നു.

മാറ്റത്തിലേക്കുള്ള ഒരു കാൽവയ്പാണ് ചൂഡാകർമ്മം വിഭാവനം ചെയ്യുന്നത്. ഇല്ലത്തും സമൂഹത്തിൽത്തന്നെയും നിയതമായ ഒരു വ്യക്തിത്വവും ചില ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള ആധികാരികമായ അനുവാദം കൂടിയാണ് ചൗളം. അതുകൊണ്ടുതന്നെ ഇത് ഓരോ പെൺകുട്ടിക്കും ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത അനുഷ്ഠാനമാകുന്നു. ❐

# അദ്വൈതം 2018...



കേരളത്തിന്റെ സാമൂഹിക, സാംസ്ക്കാരിക, ആദ്ധ്യാത്മിക രംഗങ്ങളിൽ ഒരു നൂറ്റാണ്ടിലേറെയായി ഈടുറ്റ സംഭാവനകൾ നൽകി വരുന്ന യോഗക്ഷേമസഭയുടെ സംസ്ഥാന സമ്മേളനം അദ്വൈതം 2018 സെപ്റ്റംബർ 21,22,23 തിയ്യതികളിൽ ആലപ്പുഴയിൽ എസ്.ഡി.വി സ്കൂൾ സമുച്ചയത്തിൽ വച്ച് നടക്കുന്നു. കേരളത്തിലെ ബ്രാഹ്മണരുടെ അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെടുന്ന ഒരവസ്ഥയിലൂടെ കടന്നുപോകുമ്പോൾ 2018 ലെ സംസ്ഥാന സമ്മേളനത്തിന് അതീവ പ്രാധാന്യമുണ്ട്.

സാമ്പത്തിക സംവരണം നടപ്പിൽ വരുത്തണമെന്ന സഭയുടെ അടിസ്ഥാന മുദ്രാവാക്യം സംസ്ഥാന സമ്മേളനത്തിൽ കൂടുതൽ ശക്തമായി ഉയർത്തേണ്ടതുണ്ട്. ദേവസ്വം ബോർഡ്, മുന്നോക്ക സമുദായ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ ബ്രാഹ്മണർക്ക് അർഹമായ പ്രാതിനിധ്യം വേണമെന്നതും നമ്മുടെ വർഷങ്ങളായുള്ള ആവശ്യമാണ്. ബ്രാഹ്മണരുടെ സാത്വികത ഒരു ദൗർബല്യമായി കാണരുതെന്ന് അധികാരവർഗ്ഗത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. സിൻഹു കമ്മീഷൻ ഓൾ ഇന്ത്യാ തലത്തിൽ നടപ്പിൽ വരുത്തേണ്ടതുണ്ട്.

വോട്ടു ബാങ്കല്ലാത്തതു കൊണ്ട് ബ്രാഹ്മണസമൂഹം നേരിടുന്ന സാമൂഹിക പാർശ്വവൽക്കരണം കൈയ്യും കെട്ടി നോക്കി നിൽക്കാൻ സഭക്കാവില്ലെന്ന് നമ്മൾ തെളിയിക്കേണ്ടിയിരിക്കുന്നു. അതിനു കൂടി ഉള്ളതാവണം അദ്വൈതം 2018. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ സമുദായാംഗങ്ങളുടെയും ഒരു മഹാസമ്മേളനം തന്നെ ആകട്ടെ അദ്വൈതം 2018...

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഈടുറ്റ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു. സ്മരണികയിൽ പ്രസിദ്ധീകരിക്കാനുള്ള വ്യക്തികളുടെ / സ്ഥാപനങ്ങളുടെ പരമാവധി പരസ്യങ്ങൾ നൽകി സഹകരിക്കുക. സൃഷ്ടികളും പരസ്യങ്ങളും 2018 ആഗസ്റ്റ് 15നകം സംഘാടക സമിതിക്ക് അയക്കുക.



ഡോ. യമുന സജിത്

# ഓണപ്പുടവ

ഉണ്ണീ... രഘൂ.. ഇപ്രാവശ്യമെങ്കിലും ഉണ്ണീടെകൂടെ ഉണ്ണാൻ തരാവില്ലേ നിക്ക്? മിഴുക്കുപുരട്ടീം കാളനും ഓലനും പായസോം ഒക്കെ വേണം ട്ടോ.. പ്രഥമനാവനിഷ്ടം. ഒക്കെ ണ്ടാക്കിവെക്കണം... നിക്ക് വയ്യാഞ്ഞിട്ടാ.. ല്ലെങ്കില്...

രാധികേ... കോടി വാങ്ങീല്ല്യേ... ഇപ്രാവശ്യം ചൊവ്വാഴ്ച്ചയാ തിരോണം.. വെള്ളം കൊടഞ്ഞിട്ട് ഉടുത്താമതിട്ടോ... ഉണ്ണി വരില്ല്യേ...?''

''വരും അമ്മേ...'' അമ്മയെ സമാധാനിപ്പിച്ച് വീണ്ടും കിടത്തി. ഇന്നിത് എത്രാമത്തെ തവണയാ... രാത്രി ഒരു പോള കണ്ണടയ്ക്കാൻ വിട്ടിട്ടില്ല. ഓരോ പഴങ്കഥകളും പറഞ്ഞ് അങ്ങിനെ കഴിച്ചുകൂട്ടി. വെളിച്ചാവാൻ കാലത്താ ഒന്ന് മയങ്ങിയത്.

എല്ലാവരും ഉത്രാടപ്പാച്ചലിലാ... രഘേട്ടൻ ഇപ്രാവശ്യം എന്തായാലും വരുംന്നാ പറഞ്ഞത്. ഒരു നൂറുകൂട്ടം ഒരുക്കണം, അമ്മയുടെ വയ്യായ്മയും ഒന്നിനും ഒരാളുമില്ല സഹായത്തിന്. ഓണോം വേണ്ട, വിഷുും വേണ്ട എന്ന് തോന്നും ചിലപ്പോ. പിന്നെ കുട്ടികളെ ആലോചിച്ചിട്ട് മാത്രാ..

''അമ്മേ, അച്ഛൻ വന്നില്ലേ?'' കുട്ടികൾ കളിക്കുന്നതിനിടയിൽ ഒരു ചോദ്യമെറിഞ്ഞോടിപ്പോവും. ഇന്നവർ നേരത്തെ എണീറ്റു, പൂ പറിക്കലും പൂക്കളമൊരുക്കലും അവരുടെ കളികളും... തൊക്കെ കാണുമ്പോ മാത്രാ ഒരു സന്തോഷം.

ഏറെക്കാലത്തെ കാത്തിരിപ്പിനൊടുവിൽ ഓണത്തിന് നാട്ടിൽ പോവുകയാണ്. പെട്ടിയും സാധനവുമെല്ലാം നേരത്തെ തന്നെ എടുത്തു വച്ചിരുന്നു. അന്ന്, ലീവ് ചോദിക്കാൻ സാറിന്റെ മുമ്പിലേക്ക് കയറിച്ചെല്ലുമ്പോൾ വട്ടക്കണ്ണടയ്ക്ക് മുകളിലൂടെ സാറെന്നെ ഒന്നുഴിഞ്ഞു നോക്കി, ഞാൻ തെല്ലു പരിഭ്രമത്തോടെ ലീവ് ലെറ്റർ നീട്ടി. സാർ അത് സസൂക്ഷ്മം വായിച്ചു.. ''നിർബന്ധമാണോ രഘൂ?'' എന്നൊരു ചോദ്യം. '' അതെ സാർ, അമ്മ വയ്യാതിരിക്കുകയാണ്....'' ഒടുവിൽ സർ അതിന്നടിയിൽ അപ്രൂവ്ഡ് എന്നെഴുതി നീട്ടിവലിച്ച് ഒരൊപ്പും ഇട്ട് തന്നപ്പോഴാണ് ശ്വാസം നേരെ വീണത്.

''നമ്മുടെ പ്രൊജക്ട് നവംബറിന് മുമ്പെ തീർക്കണം'' കാബിൻ വിടുന്നതിന് മുമ്പ് സാർ ഓർമ്മിപ്പിച്ചു. നെഞ്ചിൽ മേളപ്പെരുക്കങ്ങളോടെ ഞാൻ പറഞ്ഞൊപ്പിച്ചു ''വന്നിട്ടുടനെ ചെയ്യാം സാർ''...

ഇവിടെ ജോലിയിൽ കയറിയിട്ട് 6 വർഷത്തിനിടയ്ക്ക് ഒരു തവണയേ നാട്ടിൽ പോയിട്ടുള്ളൂ. അച്ഛൻ പോയതിന് ശേഷം അമ്മ മാനസികമായി തകർന്നു. പറമ്പും കൃഷിയും അവിടത്തെ മണ്ണും വിട്ട് എങ്ങോട്ടും പറിച്ച് നടപ്പെടാൻ അമ്മയ്ക്ക് ആഗ്രഹമില്ല. അതുകൊണ്ട് രാധികയും കുട്ടികളും അമ്മയ്ക്ക് കൂട്ടായി അവിടെത്തന്നെ നിന്നു. എല്ലാ ഓണത്തിനും വിളിക്കും, കാത്തിരിക്കും, പക്ഷെ പോകാൻ ഒത്തിട്ടില്ല. ഇപ്പൊഴിതാ എനിക്കും ഒരു സുദിനം വന്നുചേർന്നിരിക്കുന്നു...!!!

ഡ്യൂട്ടിസമയം കഴിഞ്ഞ് ഓടിവന്ന് സാധനങ്ങളെല്ലാം ആവേശത്തോടെ കെട്ടിപ്പെറുക്കി വെച്ചു. എല്ലാവർക്കും ഓണക്കോടിയും വാങ്ങിവെച്ചു. എന്നിട്ട് ദിവസങ്ങളെണ്ണി കാത്തിരിക്കുകയായിരുന്നു.

നാട്ടിലിപ്പോൾ നല്ല മഴയാണ്, കുടയെടുക്കണമെന്ന് രാധിക പ്രത്യേകം പറഞ്ഞിരുന്നത് കൊണ്ട് ഒരു കുടയും വാങ്ങി ബാഗിൽ തിരുകി. പുറപ്പെട്ട ശേഷം ഓരോ നിമിഷവും അമ്മയുടെയും കുട്ടികളുടെയും അടുത്ത് ഓടിയെത്താനുള്ള വെമ്പലായിരുന്നു.

ഉമ്മറത്ത് ഇടവഴിയിലേക്കു നോക്കി ഇരിക്കുന്ന അമ്മ, ഇല അനങ്ങുന്ന ശബ്ദം കേട്ടാൽ മുറ്റത്തേക്കിറങ്ങി വന്ന് നോക്കും ''എന്റെ രഘു വരുന്നുണ്ടോ?''

ട്രെയ്നിറങ്ങി നാട്ടിലേക്കുള്ള ബസിൽ കയറി സീറ്റിന്റെ അരിക് ചേർന്നിരുന്നു. അവിടെയുത്തുമ്പോൾ വൈകിട്ട് 5 മണി കഴിയുമെന്ന് കണ്ടക്ടർ പറഞ്ഞു. ടിക്കറ്റ് വാങ്ങി പോക്കറ്റിലിട്ടു.

പകുതി ദൂരം പിന്നിട്ടപ്പോഴേക്ക് തന്നെ മഴക്കാറ് ഉരുണ്ടുകൂടാൻ തുടങ്ങി. എന്റെ സീറ്റിൽ വേറാരും ഇല്ലാതിരുന്നത് കൊണ്ട് ഞാൻ ഷട്ടർ താഴ്ത്തിയില്ല. നല്ല തണുത്ത കാറ്റ് ഒരു സുഖമായി തോന്നി. എവിടെയോ മഴ പെയ്യുന്നുണ്ടാവണം. ചാറ്റൽ മഴ തട്ടിയാൽ പൂത്തുലയുന്ന മുറ്റത്തെ മരമുല്ലപ്പൂക്കളുടെ ഗന്ധം എവിടെനിന്നോ മനസ്സിൽ ഒഴുകിയെത്തി. ഒപ്പം ഓർമ്മകളിലെ ഓണക്കാലവും...

ഓണക്കാലമായാൽ ഞങ്ങൾ കുട്ടികൾക്ക് ഉത്സവകാലമാണ്. മുറ്റത്ത് മരമുല്ലപ്പൂക്കൾ കൊണ്ട് പ്രകൃതി ഒരുക്കുന്ന വലിയ പൂക്കളം. ഉമ്മറത്ത് ഞങ്ങൾ ഒരുക്കുന്ന കുട്ടിപ്പൂക്കളം വേറെയും. വൈകുന്നേരങ്ങളിൽ മണ്ണുരുട്ടിക്കുഴച്ച് തൃക്കാക്കരയപ്പനെ ഉണ്ടാക്കും. രാവിലെ കുളികഴിഞ്ഞ് അണിഞ്ഞ് പടിപ്പുര വരെ വരിവരിയായി വെക്കും. അച്ഛൻ ഉമ്മറത്ത് അരിമാവ് കൊണ്ട് ഭംഗിയായി ചിത്രം വരയ്ക്കും. അച്ഛന്റെ കൈവിരലുകളുടെ ഒഴുക്ക് നോക്കി ഞങ്ങൾ കൗതുകം പൂണ്ടിരിക്കും. അതിനുചുറ്റും ഇലകളും പൂക്കളും കൊണ്ട് ഞങ്ങളുടെ അലങ്കാരപ്പണികളും. ചിലപ്പോൾ സങ്കല്പങ്ങൾ തമ്മിലിടയുമ്പോൾ രണ്ടും മൂന്നും പൂക്കളങ്ങൾ പിറവി കൊള്ളും. മുത്തച്ഛൻ ചിരിച്ചുകൊണ്ട് തലയാട്ടി ''ഭേഷ്, ഭേഷ്'' എന്ന് കൈകൊണ്ട് ആംഗ്യം കാണിക്കും. ''മാവേലിക്കിഷ്ടാവും, കുറെ പൂക്കളങ്ങൾ ഉണ്ടായിക്കോട്ടെ'' അമ്മ പ്രോത്സാഹിപ്പിക്കും. നടുമുറ്റത്ത് മുത്തശ്ശി തൃക്കാക്കരയപ്പനെ കോടിയുടുപ്പിച്ച് നേദിയ്ക്കും. അതുകഴിഞ്ഞാൽ കിട്ടുന്ന 'അട'യ്ക്കായി ഞങ്ങൾ മത്സരിക്കും. ഉന്തും തള്ളും പിടിവലിയുമായാൽ 'അട'യ്ക്ക് മുമ്പേ കിട്ടുന്നത് 'അടി'യായിരിക്കും.

ഓണം എന്നോർക്കുമ്പോഴേ എല്ലാത്തിനും ഒരു പുത്തൻ മണമാ



ണ്. ഓണപ്പൂവിന്, ഓണക്കോടിയ്ക്ക്, ഓണച്ചാറ്റലിൽ നനഞ്ഞ മണ്ണിന്, ഇളം കാറ്റിന്....

ഇപ്പൊ കുട്ടികളോടൊപ്പം ഒരു ആഘോഷത്തിനും കൂടാൻ പറ്റാറില്ല. അതിന്റെ പരിഭവമാണെപ്പോഴും. അമ്മയ്ക്ക് വയ്യായ്മകളുണ്ട്, രഘേട്ടനെ എപ്പോഴും ചോദിക്കും. ഇപ്രാവശ്യം എന്തായാലും വരണമെന്ന് രാധിക പറഞ്ഞപ്പോൾ പിന്നെ കൂടുതലൊന്നും ആലോചിച്ചില്ല.ഓരോ മനോരാജ്യത്തിൽപ്പെട്ട് വഴികൾ പിന്നിട്ടത് അറിഞ്ഞില്ല. കണ്ടക്ടർ വന്ന് തട്ടിയപ്പോഴാണ് സ്ഥലമറിഞ്ഞത്. ബസ് ബെല്ലടിച്ച് നിർത്തി. ബാഗും പെട്ടിയുമെടുത്ത് ഇറങ്ങി. മഴ ചാറുന്നുണ്ട്. അടുത്തു കണ്ട ബസ് സ്റ്റോപ്പിൽ കയറി നിന്നു. ഓട്ടോ വന്നാൽ ബാഗും തൂക്കി നടക്കേണ്ടല്ലോ.

അര മണിക്കൂർ നിന്നിട്ടും ഒരു വാഹനവും ആ വഴി വന്നില്ല. ബാഗും പെട്ടിയും രണ്ട് കൈകളിലും തൂക്കിപ്പിടിച്ച് നടന്ന് തഴമ്പിച്ച നാട്ടുവഴികളിലൂടെ ഒരിക്കൽ കൂടി നടക്കാൻ തന്നെ തീരുമാനിച്ചു.

മലയുടെ താഴ്വാരത്തിലൂടെ നടന്ന് ഇറക്കം ഇറങ്ങിയാൽ പാടമായി. വരമ്പിലൂടെ നേരെ നടന്നാൽ ഇടവഴിയിലെത്താം. അവിടന്ന് ഇടത്തോട്ട് തിരിഞ്ഞാൽ വീടിന്റെ മുറ്റം കാണാം.

മലയിറങ്ങിയപ്പോഴേക്കും മഴ കനത്തു. മഴത്തുള്ളികൾക്ക് ഭാരമുള്ളതായി തോന്നി. ദേഹത്ത് വന്ന് വീണപ്പോൾ വേദനിച്ചു. എങ്കിലും അതാസ്വദിച്ചു. കുട നിവർത്തിയില്ല. മഴ നനഞ്ഞുതന്നെ നടന്നു. മേയാൻ വിട്ട പശുക്കൾ മഴകൊണ്ട് തലകുനിച്ച് നിൽക്കുന്നു. മലയുടെ താഴ്വാരത്തിലൂടെ മഴവെള്ളം ശക്തിയായി ഒഴുകിവരുന്നു. വെള്ളാരം കല്ലുകൾക്ക് മീതെ ഒഴുകിവരുന്ന തെളിനീർ ജലം. വെള്ളത്തിലൂടെ തന്നെ നടന്നു. നല്ല തണുപ്പുണ്ട്. പാടവരമ്പ് തുടങ്ങുന്നിടത്ത് ഒരു നിമിഷം നിന്നു, ചുറ്റുപാടും ഒന്ന് കണ്ണോടിച്ചു. ഇളംപച്ച നിറത്തിൽ കണ്ണെത്താദൂരത്തോളം വയൽ. വയൽവരമ്പിനരികെ ഓണത്തപ്പനെ വരവേൽക്കാൻ വയലറ്റും മഞ്ഞയും ഓറഞ്ചും പൂക്കൾ, തുമ്പയും ധാരാളമുണ്ട്. കിരീടപ്പൂവും കിങ്ങിണിപ്പൂവും അവിടവിടെയായി കാണുന്നുണ്ട്. ഒരു മാറ്റവുമില്ല...

വയലിനു കുറുകെ നേരിയ നൂൽവരമ്പുകൾ, കഷ്ടിച്ച് ഒരാൾക്ക് നടക്കാം. പാടത്ത് വെള്ളമുണ്ട്. ദൂരെ മലനിരകൾ കാണാം. പച്ചക്കുന്നുകൾക്ക് മീതെ മഴ പെയ്യുന്നത് കണ്ടാൽ മഞ്ഞാണെന്നേ തോന്നൂ. വയലിനക്കരെ തെങ്ങിൻതോപ്പു കാണാം. ഇടയ്ക്കിടയ്ക്ക് വീടുകളോട് ചേർന്ന് മാവും പ്ലാവും. വരമ്പിന് വഴുക്കലുണ്ടെന്ന് തോന്നുന്നു. ബാഗ് തോളിലേയ്ക്കിട്ട് ചെരിപ്പൂരി ഒരു കയ്യിൽ പിടിച്ചു. നനഞ്ഞ പാന്റ് കുറച്ച് മടക്കിക്കയറ്റി വെച്ചു. സാവധാനം വരമ്പിലേയ്ക്കിറങ്ങി.

പണ്ട് അമ്മ കൈ പിടിച്ചാണ് ഇതിലൂടെ നടത്തുക. രഘു മെല്ലെ, മെല്ലെ, എന്നിടയ്ക്കിടെ പറഞ്ഞുകൊണ്ടിരിക്കും. ആരും എതിരെ വരരുതേയെന്ന് പ്രാർത്ഥിച്ചു. വരമ്പിന് അത്രയേ വീതിയുള്ളൂ. ഒരു വിധത്തിൽ പാടം കഴിഞ്ഞ് നാട്ടുവഴിയായി. വീണ്ടും ചെരിപ്പിട്ടു. ബാഗ് നേരെപിടിച്ചു ഇടവഴിയിലേക്ക് കയറി. മഴയുടെ ശക്തി കുറഞ്ഞിട്ടുണ്ട്. വെള്ളമൊഴുകി ഇടവഴിയിൽ വലിയ ചാലുകൾ രൂപപ്പെട്ടിട്ടുണ്ട്. നോക്കി നടന്നില്ലെങ്കിൽ കാലൊടിയും.

ഇടവഴി അവസാനിക്കാറായി. ഇടത്തോട്ട് തിരിഞ്ഞു. വീട് കാണാം. സന്ധ്യയായിരിക്കുന്നു. ഉമ്മറത്ത് നിലവിളക്ക് കൊളുത്തിവെച്ചിരിക്കുന്നു. എന്റെ നെഞ്ചിടിപ്പ് കൂടി വന്നു. നടത്തം അറിയാതെ വേഗത്തിലായി. നാട്ടുമാവിന്റെ ചോട്ടിലൂടെ, കുറ്റിമുല്ലകൾക്കിടയിലൂടെ ഞാൻ ഓടുകയായിരുന്നു. കിതച്ചുകൊണ്ട് പടികൾ കയറി. ഉമ്മറത്ത് കുട്ടികൾ താഴേക്കും നോക്കി, മിണ്ടാതെ, അനങ്ങാതെ ഇരിക്കുന്നു. രാധിക വഴക്കു പറഞ്ഞിട്ടുണ്ടാവും...

'അച്ഛൻ വന്നു' മാളൂട്ടി ഓടി വന്ന് എന്നെ വട്ടംപിടിച്ച് കരയാൻ തുടങ്ങി. ഉണ്ണിക്കുട്ടൻ ഓടി അകത്തേയ്ക്ക് പോയി. ''എന്തുപറ്റി? അച്ഛൻ നേരം വൈകിപ്പോയോ? നോക്കൂ, അച്ഛൻ എല്ലാർക്കും ഒന്നാന്തരം ഓണപ്പുടവ വാങ്ങീട്ട്ണ്ട്, തുറന്നു നോക്കൂ'' രാധിക പുറത്തേക്ക് വന്നു. ''വരൂ...'' എന്തുപറ്റി എല്ലാർക്കും, ഒരു സന്തോഷവും ഇല്ലല്ലോ... രാധിക ബാഗും പെട്ടിയും വാങ്ങി മേശപ്പുറത്ത് വെച്ചിട്ട് അമ്മയുടെ മുറിയിലേക്ക് നടന്നു. ഞാനും അനുഗമിച്ചു. അമ്മ ഉറങ്ങുകയാണോ? ''അമ്മേ.. രഘു വന്നു...'' അടുത്തിരുന്ന് കൈ മടിയിലേക്ക് എടുത്തുവച്ചിട്ട് ഒന്നുകൂടി ശബ്ദം താഴ്ത്തി വിളിച്ചു. മറുപടിയില്ല!!!ദേഹമാസകലം വല്ലാത്തൊരു വിറയൽ അനുഭവപ്പെട്ടു. ശബ്ദം തൊണ്ടയിൽക്കുടുങ്ങി ശ്വാസംമുട്ടി. കുട്ടികൾ അകത്തേയ്ക്ക് വന്നു. അമ്മയുടെ വലത്തെ കയ്യിൽ മുറുക്കിപ്പിടിച്ചിരിക്കുന്ന ഒരു പൊതി അപ്പോഴാണ് ശ്രദ്ധിച്ചത്. വിരലുകൾ സാവധാനം അടർത്തി പൊതിയഴിച്ചു. ഓണപ്പുടവ!!!

അമ്മ എനിക്കായി കരുതിയ പൊന്നോണപ്പുടവ!!!

രണ്ടിറ്റ് കണ്ണീർ വീണ് കോടിയിൽ നനവുപടർന്നു.

❐

# ബീറ്റിൽസിന്റെ നാട്ടിൽ





**നിഷ ദിലീപ്**

ഇത്തവണയും ബീറ്റിൽസിന്റെ ജന്മനാട്ടിൽ, ഇംഗ്ലണ്ടിന്റെ സാംസ്കാരിക നഗരമെന്നറിയപ്പെടുന്ന ലിവർപൂളിൽ എന്റെ ഓണം തീർച്ചയായും നാട്ടിലെ ഓണത്തിൽ നിന്നും ഏറെ വ്യത്യസ്തമാവും. ഇല്ലത്തെ ഓണനാളുകളുടെ മനോഹാരിത ഗൃഹാതുരത്വത്തിന്റെ ഉച്ചസ്ഥായിയിൽ എന്നെ വലക്കുമ്പോഴും ഓണമെന്ന മനോഹര സങ്കല്പത്തെ അന്യനാട്ടിലും ജ്വലിപ്പിച്ചു നിർത്താനുള്ള ഒരു ശ്രമമാവും അത്.

ജീവിതത്തിലെ അപ്രതീക്ഷിതമായ ഒരു വഴിത്തിരിവാണ് എനിക്ക് പ്രവാസം. ഇംഗ്ലണ്ടിലെ ലിവർപൂളിൽ ഈ വരുന്നത് എന്റെ മൂന്നാമത്തെ ഓണമാണ്.

വടക്കുപടിഞ്ഞാറൻ ഇംഗ്ലണ്ടിൽ മേഴ്സി നദിക്ക് കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന നഗരമാണ് ലിവർപൂൾ. ഇത് ബീറ്റിൽസിന്റെ നഗരം എന്നറിയപ്പെടുന്നു. 1960-ൽ ജന്മമെടുത്ത ബീറ്റിൽസ് നാടിനെ മുഴുവൻ ആകർഷിച്ച റോക്ക് ബാൻഡായിരുന്നു. ജനജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ സംഗീതജ്ഞരുടെയും പാട്ടെഴുത്തുകാരുടെയും പാട്ടുകാരുടെയും കൂട്ടായ്മയായിരുന്നു. ഒരുപാട് ആൽബങ്ങളിലൂടെ ലോകമെങ്ങും ഇംഗ്ലണ്ടിന്റെ പ്രസിദ്ധിയെത്തിച്ച ബീറ്റിൽസ്. 1964 ഓടെ ബീറ്റിൽമാനിയ ബ്രിട്ടനിൽ മാത്രമല്ല, ലോകമെങ്ങും പടർന്നുപിടിച്ചു. ഇതോടെ അവർ ഇന്റർനാഷണൽ സ്റ്റാറുകളായി മാറി. ഫാബ് ഫോർ എന്നറിയപ്പെട്ടിരുന്ന ബീറ്റിൽസിന്റെ സ്മരണക്കായി, അവസാന ആൽബം അവതരിപ്പിച്ച ലിവർപൂളിലെ എംപയർ തിയേറ്ററിനു മുമ്പിൽ അതിന്റെ അൻപതാം വർഷത്തിൽ അവരുടെ പ്രതിമകൾ സ്ഥാപിച്ചിരിക്കുന്നു. തികച്ചും ലൈവ് ആയ ക്രിയേഷൻ. ലോകം മുഴുവനും ആരാധിച്ച ഈ സംഗീത പാരമ്പര്യത്തിന്റെ സ്വന്തം നാട്ടിൽ എത്തിയതിൽ ഇപ്പോൾ ഞാനും അഭിമാനിക്കുന്നു.

ലിവർപൂളുകാരെ ലിവർ പുഡ്ലിയൻസ് എന്നാണ് വിളിക്കുന്നത്. ജനങ്ങൾ സംഭാഷണപ്രിയരും സരസരും പൊതുവേ സൗന്ദര്യബോധമുള്ളവരുമാണ്. ജോലിയും ബിസിനസ്സും തന്നെയാണ് പ്രധാന ജീവിതമാർഗ്ഗങ്ങൾ. മറ്റുള്ളവരെപ്പറ്റി ആലോചിക്കാനോ തലനാരിഴകീറി വിമർശിക്കാനോ ഇവർക്ക് സമയമില്ല. ഇതിനു പകരം പരസ്പര ബഹുമാനം കാത്തുസൂക്ഷിക്കുന്നു. സ്നേഹത്തോടെ സംസാരിക്കുന്നു. ഇടപെടുന്നു. ഒഴിവുസമയങ്ങളിൽ സംഗീതവും നൃത്തവും കൊണ്ട് ജീവിതം അർത്ഥപൂർണ്ണമാക്കുന്നു. ആഘോഷങ്ങളിൽ പങ്കെടുക്കാനും നടത്താനും താൽപ്പര്യമുള്ളവരാണ് ഇവിടത്തെ ആളുകൾ.

ഫുട്ബാൾ കളിയിലും ഭക്ഷണത്തിന്റെ കാര്യത്തിലും കോഴിക്കോട് പോലെയാണ് ലിവർപൂൾ. ലിവർപൂൾ ഫുട്ബാൾ ക്ലബ്ബ് വിശ്വപ്രസിദ്ധമാണല്ലോ. ഭക്ഷണ വൈവിധ്യങ്ങൾ ആസ്വദിക്കാൻ ഏറെ താൽപ്പര്യമുള്ളവരാണ് സ്കൗസേഴ്സ് എന്നുകൂടി വിളിപ്പേരുള്ള ലിവർപൂളുകാർ. പുതിയ പുതിയ വിഭവങ്ങളുണ്ടാക്കാനും ആസ്വദിച്ചു കഴിക്കാനും പ്രിയപ്പെട്ടവർക്ക് ഭക്ഷണം നൽകുവാ





നും ഇഷ്ടമുള്ളവരാണിവർ. അതുകൊണ്ടുതന്നെ ആഘോഷങ്ങളേതായാലും ഇവർക്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്, മലയാളിയെപ്പോലെ.

മറ്റേത് ആഘോഷത്തേക്കാളും മലയാളി നെഞ്ചേറ്റുന്നത് ഓണത്തെത്തന്നെ. ലോകത്തെവിടെയാണെങ്കിലും തിരുവോണ നാൾ മലയാളി സദ്യയുണ്ടിരിക്കും. പ്രവാസിയുടെ ജീവിതത്തിലേക്ക് ഓണം ഗൃഹാതുരതയുടെ കടുത്ത നിറങ്ങളുമായി കടന്നുവരുന്നു.

ഓണക്കാലത്ത് ഏറ്റവും സന്തോഷം അപ്ഫനും കുടുംബവും വരുന്നതായിരുന്നു. അവരുടെ മകൾ സമപ്രായക്കാരിയായതിനാൽ ആ വരവ് കാത്തിരിക്കും. അവർ രണ്ടോ മൂന്നോ ദിവസം കഷ്ടിച്ചുണ്ടാകും. ഉടുപ്പുകൾ പരസ്പരം മാറിയിട്ടും തൊടിയിൽ ഓടിക്കളിച്ചും കുളത്തിൽ ചാടി മറിഞ്ഞും ആഘോഷമാക്കിത്തീർക്കും ആ ദിവസങ്ങൾ.

വിവാഹം കഴിഞ്ഞതോടെ ഓണത്തിന് ചെറിയൊരു സങ്കടത്തിന്റെ മേലങ്കി കൂടിയുണ്ട്. വലിയൊരു തറവാട്ടിൽ രണ്ടുമൂന്നു പേർ മാത്രം ഇലയിട്ട് ഓണമുണ്ണുകയാവും എന്ന സങ്കടം. എത്ര പേർക്ക് വിളമ്പിക്കൊടുത്ത കൈകളാണത്. അവർക്ക് സന്തോഷത്തോടെ വിളമ്പിക്കൊടുക്കാൻ ആരാണ്? ഏട്ടത്തിയും കുട്ടികളുമുണ്ടാവും എന്ന ആശ്വാസം മാത്രം. അച്ഛനുമമ്മയും പറയുന്നത് നിങ്ങൾ കുട്ടികളെല്ലാവരും വരുമ്പോഴാണ് ഞങ്ങൾക്ക് ഓണം.

മഹളേർ മാത്രമുള്ള അച്ഛനമ്മമാരുടെ ഓണത്തെക്കുറിച്ച് എത്രപേർ ചിന്തിച്ചിട്ടുണ്ടാവും? തറവാട്ടിൽ തന്നെ എല്ലാ ആഘോഷങ്ങളും വേണമെന്ന അലിഖിത നിയമങ്ങൾ പാലിക്കപ്പെടുമ്പോൾ ചില അച്ഛനമ്മമാരുടെ ഓണത്തിന് ഇത്തിരി തിളക്കം കുറവാകുമെന്ന് എത്രപേർക്ക് ഓർമ്മയുണ്ടാവും? കാലാനുസൃതമായി പല മാറ്റങ്ങളും ഉണ്ടെന്നവകാശപ്പെടുമ്പോഴും സമുദായത്തിൽ ഇത്തരം കാര്യങ്ങൾ ഇന്നും നടക്കുന്നു എന്നതാണ് സത്യം. തറവാട്ടിലെ ഓണം പോലെത്തന്നെ ഇല്ലത്തെ ഓണവും നിറമേറിയതും ആഹ്ലാദഭരിതമായതും ആയിരുന്നെങ്കിൽ എന്ന് ചിന്തിക്കാറുണ്ട്.

നാട്ടിലെപ്പോലെ സദ്യ ഒരുക്കും എന്നതിൽ കവിഞ്ഞ് ഓണത്തെ സ്മരിപ്പിക്കുന്ന ഒന്നും ഇല്ലാത്ത ദിനങ്ങൾ. ഇവിടെ അവധി ദിനമല്ലെങ്കിൽ എല്ലാവരും ഒരുമിച്ച് ഊണുകഴിക്കാൻ പോലും ആവാത്ത തിരുവോണം! എന്നാലും മനസ്സിലെ മലയാളിക്ക് ഓണത്തിന് സദ്യ വേണം. വൈകുന്നേരം കുട്ടികൾ സ്കൂളിൽ നിന്ന് വന്നതിന് ശേഷം സദ്യയുണ്ണും

നാക്കിലയൊന്നും കിട്ടില്ല. പ്ലേറ്റിൽ തന്നെ വിഭവസമൃദ്ധമായ സദ്യ കഴിക്കും. കാണം വിറ്റും ഓണമുണ്ണണമെന്നാണല്ലോ പഴമൊഴി! അപ്പോൾ ഓണത്തിന് സമൃദ്ധമായ സദ്യയില്ലാതെങ്ങിനെ?എന്നാൽ സദ്യയിലും ഓണക്കോടിയിലൊന്നുമല്ല ഓണം എന്നാണ് ഇപ്പോൾ തോന്നുന്നത്. എത്ര നല്ല വസ്ത്രമിട്ടാലും ഗംഭീരസദ്യ ഒരുക്കിയാലും ഒറ്റയ്ക്കുള്ള ഈ ഓണത്തിന് നിറപ്പകിട്ടില്ല. എല്ലാവരും ഒത്തുകൂടുമ്പോൾ ഉള്ളിൽ നിറഞ്ഞു വരുന്ന സന്തോഷമാണ് ശരിക്കും ഓണത്തിന്റെ സത്തയെന്ന് എനിക്ക് തോന്നുന്നുണ്ട്. അപ്പോൾ മനസ്സ് വീണ്ടും പഴയ കാലത്തേക്ക് പറക്കും...

പക്ഷെ നാട്ടിലും ഇപ്പോൾ മിക്കയിടത്തും ഓണം അവനവന്റെ ചെറിയ വൃത്തങ്ങളിലേക്ക് ഒതുങ്ങിയെന്നറിയാം. ഒത്തുകൂടലിന്റെ സന്തോഷവും ബഹളമൊന്നുമില്ലാതെ ടിവിയുടെ മുന്നിൽ പാഴായി പോകുന്ന ഉത്സവനാളുകൾ. ഉപ്പേരിവറുക്കാനും സദ്യയൊരുക്കാനും കൈകൊട്ടി കളിക്കാനും ആളുകളില്ലാതെ നെടുവീർപ്പിടുന്ന തറവാടിന്നകത്തളങ്ങൾ ഇവിടെയിരുന്നു എനിക്ക് കാണാം...

ഇത്തവണയും ബീറ്റിൽസിന്റെ ജന്മനാട്ടിൽ, ഇംഗ്ലണ്ടിന്റെ സാംസ്കാരിക നഗരമെന്നറിയപ്പെടുന്ന ലിവർപൂളിൽ എന്റെ ഓണം തീർച്ചയായും നാട്ടിലെ ഓണത്തിൽ നിന്നും ഏറെ വ്യത്യസ്തമാവും. ഇല്ലത്തെ ഓണനാളുകളുടെ മനോഹാരിത ഗൃഹാതുരത്വത്തിന്റെ ഉച്ചസ്ഥായിയിൽ എന്നെ വലക്കുമ്പോഴും ഓണമെന്ന മനോഹര സങ്കല്പത്തെ അന്യനാട്ടിലും ജ്വലിപ്പിച്ചു നിർത്താനുള്ള ഒരു ശ്രമമാവും അത്. ഓണക്കോടിയും സദ്യയൊന്നുമല്ലാതെ മറ്റെന്തൊക്കെയോ ആണ് ഓണത്തിന്റെ അനുഭൂതിയെന്നറിയുന്ന ഞാൻ വേറെ എന്തുചെയ്യാൻ!!

എന്നാലും ഇത്തവണ ഓണം ഞാനിത്തിരി നേരത്തെ ആഘോഷിക്കും. ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം അച്ഛനുമമ്മയും വരുന്നുണ്ട്. തിരുവോണത്തിനു മുമ്പ് തന്നെ അവർ തിരിച്ചുപോകും. എന്നാലും ഞാനവർക്ക് ഇവിടെയൊരു ഓണസദ്യയൊരുക്കും. അവരുടെ ഒപ്പമിരുന്നുണ്ണും. ഇനിയൊരോണത്തിന് അവരോടൊപ്പം ചേരുന്നത് വരെ എനിക്കോർമ്മിക്കാൻ സ്നേഹത്തിന്റെയും ബാല്യത്തിന്റെയും വാത്സല്യത്തിന്റെയും നിറം തുളുമ്പുന്ന ഓരോണ സദ്യ – ഓണമെത്തുന്നതിന് മുമ്പ് തന്നെ ! അച്ഛനുമമ്മയും പറയുന്നപോലെ എല്ലാവരും ഒത്തുചേരുമ്പോഴാണ് ഓണമെന്ന്! ❐

# ഊത്താലേ ഊക്കുണ്ടാവൂ



മുകുന്ദൻ മാങ്ങോട്ട്രി



ഹൃദാകാശേ ചിദാദിത്യഃ
സദാഭാതി നിരന്തരം
ഉദയാസ്തമയൗ നസ്തഃ
കഥം സന്ധ്യാമുപാസ്മഹേ.

സദാ (ജ്ഞാന) സൂര്യൻ ഉദയാസ്തമയങ്ങളില്ലാതെ ഉള്ളിൽ ജ്വലിച്ചു നിൽക്കെ, സന്ധ്യകൾ ഉണ്ടാകുന്നില്ല. അപ്പോൾ എങ്ങനെ വന്ദിക്കും? എന്നാണ്.

അത്രയൊന്നുമില്ലെങ്കിൽ സന്ധ്യാവന്ദനം ചെയ്യുക അല്ലേ പാകം?

പകലിനേയോ രാത്രിയേയോ അല്ല വന്ദിക്കുന്നത്. സന്ധ്യയെയാണ്. സന്ധിക്കുന്നതാണത്. രാപ്പകലുകളുടെ ചേർച്ച. അങ്ങനെ യോജിപ്പിനേയാണ് അഥവാ യോജിക്കാൻ വേണ്ടിയാണ് വന്ദനം എന്നു കരുതിക്കൂടേ?

അതുചെയ്യാഞ്ഞിട്ടാണ് ചേർച്ച ഉണ്ടാവാത്തത് എന്നുമാവാം. രണ്ടാളുകൂടിയാൽ മൂന്നഭിപ്രായമായാലോ?

നമ്മുടെ ചില മീറ്റിംഗുകളെങ്കിലും സന്ധ്യയ്ക്കാണ്. ഫണ്ടു പിരിവിനു പോവലുമതെ. കാരണം തിരക്കൊഴിയുന്നതപ്പോഴാണല്ലോ! തീനും കുടിയുമായാൽ തികഞ്ഞു!

ആഘോഷങ്ങളെല്ലാം സന്ധ്യയ്ക്കാവുന്നതെന്തേ?

ഏതായാലും തിരക്കുകളിൽ സന്ധ്യാവന്ദനം പെടുന്നില്ല!

സന്ധ്യാവന്ദനം കഴിഞ്ഞുവോ?എന്ന് പണ്ടേപ്പോലെ ആരും ചോദിച്ചെന്നു വരില്ല. അതിനാൽ അത് ചെയ്യാതിരിക്കയാണോ വേണ്ടത്? ചിലതിലെങ്കിലും ഒരു വാശിവേണ്ടതല്ലേ? അത് നിഷേധിക്കുന്നതിൽ മാത്രമല്ല, അനുവദിക്കുന്നതിലുമാവാം.

സദുദ്ദേശത്തോടെയാവും കർമ്മങ്ങൾ നിശ്ചയിച്ചിട്ടുണ്ടാവുക. അവ ആചരിച്ചുനിലനിർത്തേണ്ടതാണ്. ഉപസ്ഥാനം ചെയ്യുമ്പോൾ പത്തു ഗായത്രി കൂടി ജപിക്കാനുള്ള അവസരമാണ് ലഭിക്കുന്നത്. ജപിക്കുമ്പോൾ അധരവ്യായാമം മാത്രമല്ല, അക്ഷരസ്ഫുടതയും പ്രത്യേക ഊർജ്ജ സംഭരണവും ഉണ്ട്. മന്ത്രസിദ്ധിയും ഫലവുമെല്ലാം വേറേയും

'സഹസ്രാവർത്തി'ക്കാരെ കണ്ടാലറിയാം എന്നുണ്ട്. നമസ്കാര തഴമ്പുള്ളവരേയും അറിയണം. തഴമ്പിച്ചവരെ തടുക്കാനാവില്ല എന്നു പറഞ്ഞിട്ടുണ്ട്.

'നിത്യകർമ്മം' നമ്മെ ചിട്ടയുള്ളവരാക്കുന്നു. സ്വാഭാവികമായിട്ട് അതു ചെയ്യുകയാണ് വേണ്ടത്.

അതൊരു ഭാരമായിക്കൂടാ. എത്ര കൃത്യമായാണ് സൂര്യചന്ദ്രന്മാരും രാപ്പകലുകളും ഭവിക്കുന്നത്?

തിയ്യറ്ററുകളിലും ഷോപ്പിങ്ങ് മാളുകളിലും ഒരു വിഭാഗക്കാർക്ക് പ്രത്യേകം നമസ്കാരത്തിന്നും പ്രാർത്ഥനയ്ക്കും ഇടമുണ്ട്. ബാക്കിയുള്ളവർക്ക് ഗോപിയും തൊട്ട് നിരത്തിലൂടെ നടന്നാൽ മതിയോ? മററുള്ളവർ എത്ര കൃത്യമായാണ് സന്ധ്യാവന്ദനം ചെയ്യുന്നത് എന്ന് കണ്ടറിയുക.

ഓരോരുത്തർക്കും അവരവരുടേതായ മുദ്ര ഉണ്ട്. അതു നമ്മൾ ചാർത്തിയേ മതിയാവൂ!

വണ്ടിയിലോ, ഹോട്ടലിലോ, ആശുപത്രിയിലോ ആണെങ്കിലും ഒരുനിഷ്ഠ ഉണ്ടാവുന്നതാണ് നല്ലത്.

ആരംഭവും അവസാനവുമാണ് സന്ധ്യ. സന്ധ്യാലോപം അരുത്. ഒരു അതിരാണ് സന്ധ്യ. എന്തിനും ഒരതിര് വേണ്ടതല്ലേ?

മന്ത്രാർത്ഥങ്ങളും ആചാരമര്യാദകളും അറിയാൻ എത്രയോ പുസ്തകങ്ങളും ലേഖനങ്ങളും ഉണ്ട്ല്ലോ. കാണിപ്പ..മറ്റും ചെയ്യുന്നസേവനങ്ങൾ മറന്നുകൂടാ.

വേണ്ടതുപറയലും ആവശ്യപ്പെടലുമാണ് മന്ത്രങ്ങളുടെ താല്പര്യമെന്ന തോന്നുന്നു. ഉപാസനയും അർപണവും അതോടുചേരണം. ആസ്വാദ്യതയും സൗന്ദര്യാനുഭൂതിയുമുണ്ട്.

അന്തിമുടിച്ച് തൊഴുതുചൊല്ലി തിരിയുമ്പോൾ ശരീരത്തിന്റേയും മനസ്സിന്റേയും ബാലൻസ് നിലനിർത്താം. അനുഭവമാണ്. വൺ, ടു, ത്രി, ഫോർ എന്ന് വട്ടപ്പാലം മഞ്ഞപ്പാലം തിരിയുകയല്ല. പലലോകത്തൂടെ തിരിഞ്ഞുവന്ന് ധ്രുവാസി എന്ന ആശ്രയത്തിലേക്ക് ആശ്വാസത്തിലേക്ക് എത്തുന്നു.

പ്രാണായാമവും നമസ്കാരവുമെല്ലാം നിത്യകർമ്മമായി ചെയ്യാതെ വേറെ 'യോഗ'ക്കാരേയും ഫിറ്റ്നസ്സുകാരേയും സമീപിക്കുന്നത് മൗഢ്യമല്ലേ? സ്വന്തം അമ്മയെ മറന്ന് മറ്റമ്മമാരുടെ കൂടെ പോയാലോ? നമ്മെ ഇവിടെ വിട്ടുപോയവരെ തർപ്പിക്കുമ്പോൾ ഓർക്കാം. ഒപ്പം ദേവകളേയും ഋഷികളേയും പിതൃക്കളേയും ആ സ്മരണയിൽ ഓരോ കുടന്ന വെള്ളമെങ്കിലും!

പ്രതിവിധിചെയ്യലോ കടം വീട്ടലോ ആയ ജീവിതം!



സന്ധ്യാവന്ദനത്തോടൊപ്പം സന്ധ്യാനമസ്കാരവും (അന്ത്യാസ്കാരം) ഉണ്ട്. നമസ്കരിക്കും തോറുമാണ് മെയ് വഴ്ക്കവും വിനയം തുടങ്ങിയ മനപ്പാകവും ലഭിക്കുന്നത്. 'നമസ്കാരം' എന്ന ചെറുലേഖനം 'നിസ്സാരത്തിലെ സാരം' എന്ന പുസ്തകത്തിലുണ്ട്.

ഊരവേദന വന്നിട്ട് ബോൺ സ്പെഷലിസ്റ്റ് (പണ്ടത്തെ സിനിമയിലെ വില്ലനും സി.ഐ.ഡി യും തോക്കേന്തി പറയുന്നപോലെ) 'അനങ്ങിപ്പോവരുത്' എന്നാണ് പറഞ്ഞത്.

ഭക്ഷണം നിയന്ത്രിച്ചും നമസ്കരിച്ചും ഏത്തമിട്ടും വെള്ളം കുടിച്ചും രക്ഷപ്പെട്ടത് വീരവാദമല്ല. ചെറിയരൊനുഭവം. അങ്ങനെ 'നട്ടെല്ല്' എന്ന ലേഖനത്തിലേക്ക് പോയി. എന്തായാലും ഡോക്ടർമാരും ആശുപത്രികളും അത്യാവശ്യം. ചില അസുഖങ്ങൾ മാറ്റാനാവുന്നില്ല.

ഒരു തമാശ കൂടി വളമ്പിയാലോ?

സന്ധ്യാവന്ദനത്തിൽ 'ഊയ്ക്ക്' കഴിക്കലുണ്ടല്ലോ. 'അർഘ്യ'മെന്ന് കനപ്പിക്കാം കനം കുറച്ചു നിരീച്ചാൽ, ഊത്തില്ലെങ്കിൽ ഊക്കുണ്ടാവില്ല എന്ന് മനസ്സിലാക്കാം.

'ഊക്ക് കഴിച്ചോ' ? എന്നാണ് പഴയ കാരണവരുടെ ചോദ്യം.

നമുക്ക് പുകവലിക്കാനും പെഗ്ഗടിക്കാനും നോൺ കഴിക്കാനുമെല്ലാം നേരമുണ്ട്. ഊത്ത് അന്തിമുടിക്കാൻ നേരമില്ല!

നമുക്ക് ഊക്ക് കുറവാണ്. ഇല്ല എന്നുതന്നെ പറയാം. ഗായത്രി ചൊല്ലിയാണ്ല്ലോ ഊക്കാറ്. അതിന്റെ ബലം അനുഭവിച്ചറിയുക. അതിന് ഫണ്ടു പിരിവും മീറ്റിങ്ങും പ്രസംഗവും ജാഥയുമൊന്നുംവേണ്ട. അതെല്ലാമുണ്ടെങ്കിലേ ആളെ കിട്ടൂ എന്നത് വേറെ കാര്യം. കുഴപ്പവും അതാണ്. ഊക്കാഞ്ഞിട്ടാണ് ഊക്കുണ്ടാവാത്തത്. ഊത്താലേ ഊക്കുണ്ടാവൂ! മുദ്രപതിപ്പിക്കുന്നതിനെപ്പറ്റി മുമ്പ് പറഞ്ഞു.

സ്വയം ഉണർന്ന്, ആസ്വദിച്ച്, ആചരിക്കുക, അപ്പോഴറിയാം: പ്രിയ നടൻ കുതിരവട്ടം പപ്പു പറഞ്ഞതുപോലെ- 'താനാരാണെന്ന്!' ❐


ആശംസകളോടെ....



**കക്കാട് പരമേശ്വരൻ നമ്പൂതിരി**

**ത്രിവേണി എഞ്ചിനീയേഴ്സ്, കോർട്ട് റോഡ്, മഞ്ചേരി**

**സ്വ**സ്തി മാസിക കെട്ടിലും മട്ടിലും മികച്ച നിലവാരം പുലർത്തി. യോഗക്ഷേമസഭയുടെ ബ്രാഹ്മണ്യം മാസികയാണ് ഞാൻ കണ്ടിട്ടുള്ളത്.വിവാഹ അന്വേഷണത്തിന്റെ ആവശ്യം വരുമ്പോഴാണ് അധികപേരും വരുത്തുന്നത്.

എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ് സ്വസ്തി. വായിക്കുവാൻ ധാരാളമുണ്ട്. ഓരോ ലക്കവും മികച്ച നിലവാരം പുലർത്തുന്നുണ്ട്(കൂടുതൽ നന്നായി വരുന്നു).

'അന്തർജ്ജനങ്ങളും പെൺകിടാങ്ങളും എങ്ങനെ ചിന്തിക്കുന്നു' അഭിപ്രായ സർവ്വെ വളരെ നന്നായിട്ടുണ്ട്.

'സോഷ്യൽമീഡിയയിലെ ആത്തേമാരുകൾ' ഫീച്ചർ ആ മേഖലയിൽ ഉള്ളവരെ കുറിച്ചു കൂടുതൽ അറിയാൻ സാധിച്ചു.

എല്ലാ ലേഖനങ്ങളും വളരെ നല്ല മികവു പുലർത്തിയിട്ടുണ്ട്.

മാസികയുടെ കവർ ഫോട്ടൊ, പേപ്പറിന്റെ ഗുണനിലവാരം മികച്ചതാണ്.

വ്യക്തിപരമായ ഒരഭിപ്രായവുമുണ്ട്.ഇല്ലങ്ങളിൽ പ്രായമായവരും നമ്പൂതിരി ചരിത്രമറിയുന്നവരും ഉണ്ടായിരിക്കുമല്ലൊ.അവരിൽ നിന്ന് ശേഖരിച്ച് ഖണ്ഡശ: പ്രസിദ്ധീകരിച്ചാൽ ചരിത്രകുതുകികൾക്ക് വളരെ ഉപകാരമായിരിക്കും.

**നാരായണൻ ഭട്ടതിരിപ്പാട്**
അവഞ്ഞിക്കാട്ട് മന
ഒറ്റപ്പാലം

**സ്വ**സ്തിയുടെ സ്ഥിരം വരിക്കാരിയാണ്. ഓരോ ലക്കവും വ്യത്യസ്തതയോടെ വായനക്കാർക്ക് ഹൃദ്യമാകുന്നു. എന്റെ ഉപസഭയായ കൊയിലാണ്ടിയിൽ സ്വസ്തി വരിക്കാർ കുറെയുണ്ട്.. എല്ലാവരിൽ നിന്നും വളരെ നല്ല അഭിപ്രായമാണ് മാഗസിനെപറ്റി വരുന്നത്. ഇനിയും പുതുമയാർന്ന ഉള്ളടക്കവുമായി സ്വസ്തിയെ കാത്തിരിക്കുന്നു.

**പ്രഭ എടവല്ല്യം**

**എ**ന്റെ ബന്ധുഗൃഹത്തിൽ നിന്നാണ് സ്വസ്തി കണ്ടത്. കണ്ടപ്പോൾ തന്നെ എടുത്തു വായിക്കാൻ തോന്നി. നല്ല നിലവാരം പുലർത്തുന്ന

# സ്വസ്തി ഗംഭീരമാകുന്നുണ്ട് മുഴുവൻ വായിച്ചു

**ആ**രതി അന്തർജനം എന്ന മകളുടെ പേരിൽ അഭിമാനിക്കുന്ന അച്ഛൻ, സാറന്മാർ ഒരിക്കലും കുട്ടികളെ ശപിക്കാറില്ലെന്നു പറഞ്ഞ മണി സാർ.. പിതൃത്വവും ഗുരുത്വവും പൂർണാർത്ഥത്തിൽ പറഞ്ഞു തന്ന ഫീച്ചറുകൾ ആയി. ഒരു വിമർശനം / നിർദ്ദേശം: അഭിപ്രായ സർവേയും ഫലങ്ങളും കൃത്യമായ ( അല്പം ഞെട്ടിക്കുന്ന) കണക്കുകൾ തന്നു.. നന്ദി, ഇത്തരമൊരു വൻപരിശ്രമത്തിന്.

പക്ഷേ സർവേയും ഫലങ്ങളും അപ്പടി നൽകുമ്പോൾ സ്വസ്തി പോലൊരു പ്രസിദ്ധീകരണം അതിന്റെ അനന്തരഫലങ്ങളെ കുറിച്ച് ആലോചിക്കണം.. പ്രത്യേകിച്ചും ഈ ലക്കം ഇല്ലങ്ങളിലെ പെൺകുട്ടികളെ ഉദ്ദേശിച്ച ഒന്ന് കൂടി ആയതിനാൽ അവരതു വായിക്കും ... അല്ലെങ്കിൽ മുതിർന്നവർ അവരെക്കൊണ്ട് വായിപ്പിക്കും..

നമ്പൂതിരിമാർ അവരുടെ ഇല്ലത്തെ പെൺകിടാങ്ങളും ക്ഷേത്രങ്ങളുമായി ബന്ധ പ്പെട്ട് പ്രവർത്തിക്കുന്നവരാകുമ്പോൾ ചില നിയന്ത്രണങ്ങളും നിയമങ്ങളും അനുസരിച്ചേ തീരൂ.. അതു നിയമമാണ്.. ഒരു സംവിധാനത്തിൽ വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളും കഷ്ടപ്പാടുകളും പ്രസക്തമല്ല.. അതെല്ലാം അനുസരിക്കാമെന്നു പറഞ്ഞാണ് ആ പ്രവൃത്തിയിൽ എത്തുന്നത്.. .ഒരു ഫലം നോക്കുക.....പുല. വാലായ്മ... ഇല്ലത്തെ ശുദ്ധങ്ങൾ...etc. 58 % ആളുകൾക്ക് വേണ്ട.. എന്നാൽ 88% ക്ഷേത്ര വിശ്വാസികളും.. ചിത്രം വരക്കണം, ചുമർ പററില്ല താനും.. ന്യൂജൻ പെൺകുട്ടികളുടെ ഇത്തരം അഭിപ്രായങ്ങളെ സ്വാധീനിക്കുന്നത് ചില തെറ്റായ വിവരങ്ങളാണ്.. / ആവാം... ഈ ഉത്തരവും അങ്ങിനെ ഉണ്ടായ ചിന്തകളുടെ ഫലമാണ്.. അപ്പോൾ അതും കൂടി സ്വസ്തി കാണേണ്ടതാണ്.. ബ്രാഹ്മണ്യം ജന്മം കൊണ്ട് നേടിയതും കർമം കൊണ്ട് പ്രോജ്വലിപ്പിക്കേണ്ടതുമായ സംസ്കാരമാണ്... അതിനെത്തന്നെ നിഷേധിക്കാൻ / സംശയിക്കാൻ സഹായിക്കുന്ന ചോദ്യോത്തരങ്ങൾ തെറ്റായി ഉൾക്കൊള്ളാൻ സാധ്യതകൾ ഏറെയാണ്.. അത് Strict Sense ൽ നിയമവിരുദ്ധവുമാണ് (ഉദാഹരണമായി ഇന്ത്യയിലെ ഏതെങ്കിലും സർവേയിൽ ഭാരതീയനായതിൽ നിങ്ങൾ അഭിമാനിക്കുന്നോ എന്ന ചോദ്യത്തിന് ഒരു ഉത്തരം മാത്രമേ സ്വീകാര്യമാകൂ. അപ്പോൾ ചോദ്യവ്യായാമം വെറുതെയാവും ) പിന്നെ സ്വസ്തിക്ക് ചെയ്യാവുന്നത് അവയുടെ കൂടെ ,നമ്പൂരിച്ചിട്ടകളുമായി ജീവിതം നയിക്കുന്ന ഒരു സെലിബ്രിറ്റിയുടെ ഫീച്ചർ കൂടി നൽകുക... അത് നമ്മുടെ വഴി തെറ്റുന്ന / തെറ്റിക്കുന്ന പാതയിൽ ഒരു വഴികാട്ടി ആകുമായിരുന്നു... തങ്ങളുടെ കഷ്ടപ്പാടുകൾ ഒരു വലിയ ലക്ഷ്യത്തിന്റെ പരിശുദ്ധിക്കാണെന്നു വരുമ്പോൾ നമ്പൂരിക്കുട്ടിയായി ജീവിക്കുന്നത് ഒരു പാഷൻ ആയി തന്നെ അവരുടെ മനസ്സിലേക്ക് വരും...

സ്വസ്തിക്ക് എല്ലാ ഭാവുകങ്ങളും..

**കീഴേടത്ത് വാസുദേവൻ നമ്പൂതിരി**
കീഴേടത്തു മന, പടിഞ്ഞാറെ നട, കീഴ്ശാന്തി, ഗുരുവായൂർ ക്ഷേത്രം

പേജുകൾ, ഉള്ളടക്കം, ഡിസൈനിംഗ്. വരിക്കാരിയാകാൻ ആഗ്രഹിക്കുന്നു.

**ഷൈലജ, താമരക്കുളം**

**സ്വ**സ്തി സ്ഥിരമായി വായിക്കുന്നുണ്ട്.. ഓരോ ലക്കവും നന്നാവുന്നുണ്ട്.. എങ്കിലും എല്ലാ പ്രായക്കാർക്കും വായിക്കാൻ പറ്റുന്ന ഉള്ളടക്കങ്ങൾ ഉണ്ടാകാൻ കുറച്ചു കൂടി ശ്രദ്ധിക്കണം. ഉദാഹരണം പറഞ്ഞാൽ എന്റെ മകന്റെ കുട്ടികൾക്ക് സ്വസ്തി വായിക്കണം എന്ന തോന്നൽ ഇല്ല. അപ്പോ ആ പ്രായക്കാരെയും മനസ്സിൽ കണ്ടു കൊണ്ടുള്ള ഒരു ഉള്ളടക്കം നന്നാകും..എല്ലാവർക്കും വായിക്കാൻ പറ്റുന്ന രീതിയിലുള്ള മാഗസിൻ ആയാൽ നല്ലതാണ്.

**കേശവൻ നമ്പൂതിരി , പാലക്കൽ**

**സ്വ**സ്തി എല്ലാ ഇല്ലങ്ങളിലും പടരട്ടെ

**രാജു, പാലക്കൽ**

# അനുമോദനം



ഋഷികേശ്,
S/o ദിലീപ് & അഞ്ജലി,
വൈദ്യമഠം, കോഴിക്കോട്
(SSLC)



ഗോപിക സി.എം., D/o
ഗോവിന്ദൻ & ഗൗരി, ചെ
റുക്കാട്ട് മഠം, ഫറോക്ക്
(SSLC)



ഭദ്ര, D/o സുരേഷ്, പുല്ല
ങ്ങോട്, ഫറോക്ക്
(SSLC)



ദേവനാരായണൻ, S/o കേശവൻ
നമ്പൂതിരി & സ്വപ്ന, കിഴക്കേ
പുതുവാരിടം, ചാത്തമംഗലം
(SSLC)



ആദിത്യകേശവ്, S/o കേ
ശവൻ നമ്പൂതിരി & സുധ,
അകപ്പുറം, കൊയിലാണ്ടി.
(SSLC)



അരുൺ ഗോവിന്ദ്, S/o ശ്രീധ
രൻ നമ്പൂതിരി & സാവിത്രി, അ
നലക്കാട്ട് ഇല്ലം, കൊയിലാണ്ടി
(SSLC)



രോഹിത് ശർമ്മ, S/o പുരുഷോ
ത്തമ ശർമ്മ & ശ്രീജ,
എടവല്യത്ത് ഇല്ലം, കൊയിലാണ്ടി
(SSLC)



മാളവിക, D/o സുഭാഷ് നമ്പൂ
തിരി & രേഖ, എടക്കുന്നത്ത്
മന, ബാലുശ്ശേരി
(SSLC)



ഗോപിക, D/o നാരാ
യണൻ നമ്പൂതിരി &
ദേവകി, പേരൂർ
(SSLC)



ദുർഗ, D/o മനോജ്,
തലേത്തൊടി ഇല്ലം,
അരീക്കോട്
(SSLC)



അപർണ, D/o നീലകണ്ഠൻ നമ്പൂ
തിരി, മുണ്ടക്കാശ്ശേരി,
പുല്ലൂർമണ്ണ, അരീക്കോട്
(SSLC)



സ്വാതിലക്ഷ്മി, D/o രമേശൻ
നമ്പൂതിരി, ആയേടം ഇല്ലം,
അരീക്കോട്
(SSLC)



ആര്യ, D/o നാരായണൻ &
ശ്രീജ, കാരങ്ങാട്ടുമന, ഫറോ
ക്ക് (10th CBSE)



അനിരുദ്ധ്, S/o പരമേശ്വ
രൻ & ലത, വീട്ടിക്കാട്,
കണ്ണിപറമ്പ് (Plus 2)



അപർണ, D/o രാമചന്ദ്രൻ,
നടുവിലേടം,
കണ്ണിപറമ്പ് (Plus 2)



നമിത, D/o രഘുനാഥ് & രശ്മി,
കുറ്റിക്കാട്ട് ഇല്ലം,
അരീക്കോട് (Plus 2)



ശ്രീഹരി, S/o ശശീന്ദ്രൻ നമ്പൂതിരി & സതി അന്തർജ്ജനം, ആയമഠത്തില്ലം, കൊയിലാണ്ടി (Plus 2)



ഗായത്രി, D/o സുഗുണൻ & കാന്തി, പുതുമന ഇല്ലം, കണ്ണിപറമ്പ് (Plus 2)



പാർവ്വതി, D/o വാസുദേവൻ നമ്പൂതിരി, കോയില്യം, പെരുമണ്ണ (Plus 2)



അതുല്യാദേവി D/o ഹരിഗോവിന്ദൻ നമ്പൂതിരി & ഗീത, പാട്ടം ഇല്ലം, രാമല്ലൂർ (USS)



ശ്രീമയി, D/o കൃഷ്ണകുമാർ നടുവത്തേടത്ത് ഇല്ലം, അരീക്കോട് (LSS)



വരദ സരസ്വതി D/o നീലകണ്ഠൻ നമ്പൂതിരി, മുണ്ടക്കാശ്ശേരി, പുല്ലൂർമണ്ണ, അരീക്കോട് (USS)



ശ്രേയാ ദേവ് D/o ദേവൻ നമ്പൂതിരി തിരുവാലൂർ, അരീക്കോട് (USS)



സിദ്ധാർത്ഥ്, ഇൻഡ്യൻ നേവിയിൽ സബ് ലഫ്റ്റനന്റ് ആയി കമ്മീഷൻ ചെയ്തു. കോരമ്പറ്റ ശങ്കരൻ നമ്പൂതിരിയുടെയും പ്രീതയുടെയും മകനാണ്.

**സംസ്ഥാന ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പ്**




മനോജ് മംഗലം മനു പാലനാട്

യോഗക്ഷേമസഭ തൃശ്ശൂർ ജില്ലാ യുവജനസഭ നടത്തിയ സംസ്ഥാന ബാഡ്മിന്റൺ ടൂർണമെന്റ് ഡബിൾസ്സിൽ മനു പാലനാട്, മനോജ് മംഗലം (മലപ്പുറം ജില്ല) എന്നിവർ വിജയം നേടി. സിംഗിൾസിൽ മലപ്പുറം ജില്ലയിലെ മനു പലനാട് ചാമ്പ്യനായി.



കേരള സ്റ്റേറ്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഇന്റർ സ്കൂൾ കരാട്ടെ ബ്ലാക്ക് ബെൽറ്റ് ഗ്രേഡിംഗ് ടെസ്റ്റ് ഫസ്റ്റ് ഡാൻ ബ്ലാക്ക് ബെൽറ്റ് നേടിയ പുറവണ്ണൂർ എടയ്ക്കാട്ട് ഇല്ലത്ത് അശ്വിൻദേവ്. S/o വാസുദേവൻ നമ്പൂതിരി & സ്മിത

**വിരമിച്ചു**



**32 വർഷത്തെ ഔദ്യോഗിക സേവനത്തിനുശേഷം കോഴിക്കോട് ശ്രീരാമകൃഷ്ണ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വിരമിച്ച ഒഴലൂർ പാടേരി വാസുദേവൻ നമ്പൂതിരിപ്പാട്. അദ്ദേഹത്തിന്റെ വിശ്രമജീവിതം സന്തോഷവും സമാധാനവും നിറഞ്ഞതാവട്ടെ. ആയുരാരോഗ്യസൗഖ്യം നേരുന്നു.**

കഥ

# സൃഷ്ടിയൊന്നും നിഷ്ഫലമല്ല



**വിഷ്ണുപ്രിയ കെ.**

പണ്ട് പണ്ട് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ലോകത്തുള്ള എല്ലാ വസ്തുക്കളും സൂക്ഷിച്ചു നോക്കുകയും അതിന്റെ ഉപയോഗം എന്തെന്നു ചിന്തിക്കുകയും ചെയ്യുക പതിവായിരുന്നു. എല്ലാ വസ്തുക്കൾക്കും ചില ഗുണങ്ങളും പ്രയോജനവും ഉണ്ട് എന്നു കണ്ടു. കൊതുക്, ചിലന്തി എന്നീ രണ്ടു ജീവികളിൽ യാതൊരു ഗുണവും കാണാൻ കഴിഞ്ഞില്ല. ദോഷം കാണുകയും ചെയ്തു. അതുകൊണ്ട് അവയെ കണ്ടാൽ ഉടനെ കൊല്ലുക പതിവാക്കി.

കാലം കുറേ കഴിഞ്ഞു. അദ്ദേഹത്തിന്റെ രാജ്യത്തിൽ ശത്രുക്കളുടെ ആക്രമണം ഉണ്ടായി. രാജാവു തോറ്റു. നാടുവിട്ടോടി. കാട്ടിൽ പോയി ഒളിച്ചു.

ശത്രഭടന്മാർ അദ്ദേഹത്തെ പിൻതുടരുന്നുണ്ടായിരുന്നു. ഒരു ദിവസം രാജാവ് കാട്ടിലെ ഒരു മരച്ചുവട്ടിൽ ഉറങ്ങിക്കിടക്കുകയായിരുന്നു. ഒരു ശത്രുഭടൻ ഇതുകണ്ടു. അവൻ വാളുയർത്തി പതുങ്ങി പതുങ്ങി രാജാവിന്റെ അടുത്തേക്ക് നീങ്ങി. ഈ അവസരത്തിൽ ഒരു കൊതുക് രാജാവിന്റെ ചുണ്ടിൽ തന്നെ ഒരു കടി കൊടുത്തു. രാജാവ് ഞെട്ടിയുണർന്നു നോക്കിയപ്പോൾ ശത്രുഭടനെ കണ്ടു. അദ്ദേഹം ഓടി രക്ഷപ്പെട്ടു. കാട്ടിനുള്ളിൽ ഇരുളടഞ്ഞ ഒരു ഗുഹയിൽ കയറി ഒളിച്ചു. രാത്രി അവിടെ കഴിച്ചുകൂട്ടി. ഇതിനിടയിൽ ഒരു ചിലന്തി ഗുഹയുടെ വാതിൽക്കൽ വലകെട്ടി. അതു രാജാവ് അറിഞ്ഞില്ല.

പിറ്റേദിവസം ഗുഹയുടെ പുറത്ത് രണ്ടുപേർ തമ്മിൽ സംസാരിക്കുന്നതു രാജാവ് കേട്ടു. ഒരാൾ പറഞ്ഞു.''ഈ ഗുഹയിൽ ഒന്നു കയറി നോക്കാം''. മറ്റേയാൾ പറഞ്ഞു ''വേണ്ട, അതിന്റെ വാതിൽക്കൽ ചിലന്തിവല കെട്ടിയിരിക്കുന്നത് കണ്ടോ? ആൾ അകത്തു കയറിയിരുന്നുവെങ്കിൽ വല പൊട്ടുമായിരുന്നു. വല നില്ക്കുന്നതു കണ്ട് ആൾ അകത്തില്ലെന്നു മനസിലാക്കാം.

ഇരുട്ട് പിടിച്ച ഗുഹയിൽ കയറണ്ട'' അങ്ങനെ പറഞ്ഞുകൊണ്ട് അവർ നടന്നുപോയി. അവർ രാജാവിനെ അന്വേഷിച്ചുവന്ന ശത്രുഭടന്മാരായിരുന്നു. രാജാവ് ചിന്തിച്ചു, ഇന്നലെ ജീവൻ രക്ഷിച്ചത് കൊതുക്, ഇന്നു ചിലന്തി. ലോകത്ത് യാതൊന്നും നിഷ്പ്രയോജനമായിട്ടില്ല.

അങ്ങനെ രക്ഷപ്പെട്ട രാജാവ് രഹസ്യമായി പട്ടാളത്തെ സംഘടിപ്പിച്ച് തന്റെ രാജ്യം വീണ്ടെടുക്കുകയും, സുഖമായി ജീവിക്കുകയും ചെയ്തു.

കവിത

# ഓർമ്മകൾ




**ഹരിശങ്കർ കെ.ടി.**

കഴിഞ്ഞു പോയ് ആ കലാലയ ജീവിതം
മധുരമാം നൊമ്പരമാത്മരാഗം
അവിടെ പൂത്തുലഞ്ഞ പ്രണയവും
അവിടെ തളിർത്ത സൗഹൃദവും
അതിനിടയിലെ തെല്ലു പിണക്കവുമിണക്കവും
ഒന്നിനും ഒരു വീണ്ടെടുപ്പില്ലെന്നാലും
വീണ്ടെടുക്കണമാ സ്വർഗജീവിതം

കൊടി പിടിച്ചുച്ചത്തിൽ നീതി തൂക്കിടുമ്പോൾ
അനീതിയെ വെട്ടാൻ പഠിപ്പിച്ച യൗവ്വനം
അതിനുള്ളിൽ നിന്നും എൻ കടമയെ
കാണിച്ചുന്നതി കാട്ടിയോരദ്ധ്യാപകർ
അതിനിടക്കെപ്പോഴോ നടന്നൊഴിഞ്ഞു
പ്രണയാർദ്രമായ, ആ സൗഹൃദങ്ങൾ
ഇടക്കെപ്പഴോ പിണങ്ങിയും
തെല്ലു നേരം കൊണ്ടിണങ്ങിയും
കാരണങ്ങളില്ലാതെ തല്ലുകൂടിയും
കാരണമുണ്ടാക്കി തല്ലിത്തീർത്തതും
ഓർമ്മകൾ ഈ കലാലയ ഓർമ്മകൾ

ഓർത്തിടാൻ മാത്രമായ് ഒന്നുമില്ലെങ്കിലും
മറന്നിടാൻ ഒന്നുമില്ലെന്നതു വാസ്തവം





**ശരൺദേവ്**
5th Std.
പൂലൂർ ഇല്ലം



**വൈഗ**
3rd Std.
ചുഴലിപ്പുറത്ത് ഇല്ലം







**വിഷ്ണു**
6th Std.
മുല്ലപ്പള്ളി ഇല്ലം



**ശ്രുതകീർത്തി**
8വേ ടറേ.
പൂലൂർ ഇല്ലം



## ആശംസകളോടെ...





**ഈശാനി സുദർശ്**
ഏഴിക്കോട്
ഗായത്രിയിൽ
അഞ്ജനയുടെയും
സുദർശിന്റെയും
മകൾ

**ആദിത്യൻ, ആരതി**
നടുവിലേടം
ശ്രീജുവിന്റെയും
സജിതയുടെയും
മക്കൾ



**ജിഷ്ണു പി.**
പന്നിയംവള്ളി ഇല്ലത്തെ
കേശവൻ ഭട്ടതിരിപ്പാടിന്റെയും ശ്രീവിദ്യയുടെയും
മകൻ



**വിദ്യുദ്, വൈഗ, വേദ**
കോയില്യം ഇല്ലത്ത്
ഹരിശങ്കരന്റെയും
ദീപാ ഹരിയുടെയും
മക്കൾ

## With best compliments



**അർജ്ജുൻ**

**S/o രാജേന്ദ്രൻ എമ്പ്രാന്തിരി, രമണി**
**പുതുമന ഇല്ലം, സായികൃപ,**
**കണ്ണിപറമ്പ്, മാവൂർ**

**സാരിക**

**D/o ശംഭു എമ്പ്രാന്തിരി & രാജേശ്വരി,**
**പാലക്കുളം ഇല്ലം,ശ്രീശൈലം,**
**കഞ്ചിക്കോട്, പാലക്കാട്**

**ആശംസകളോടെ: സുദർശൻ, ഐശ്വര്യ സുദർശൻ, ആര്യ, ശിവാനി, സൂര്യ**



**അമ്പാടി വിഷ്ണു**

**S/o നന്ദൻ നമ്പൂതിരി & സിന്ധു**
**മംഗലത്തില്ലം, വടക്കുന്തറ,**
**പാലക്കാട്**

**ആര്യ**

**D/o രാജേന്ദ്രൻ എമ്പ്രാന്തിരി, രമണി**
**പുതുമന ഇല്ലം, സായികൃപ,**
**കണ്ണിപറമ്പ്, മാവൂർ**

**ആശംസകളോടെ: സുദർശൻ, ഐശ്വര്യ സുദർശൻ, അർജ്ജുൻ , സാരിക ശിവാനി, സൂര്യ**






കുറഞ്ഞ ചിലവിൽ
വിശ്വസ്വതതയോടുകൂടി
ചെയ്തുകൊടുക്കുന്നു.

Arjun Namboothiri
Photography & Videography
Mob: 9048143573

*With best compliments*

**ജിഷ്ണു**
S/o ബാലഗോപാലൻ നമ്പി
& ബീന
ചെമ്പക്കോട്ടില്ലം,
രാമല്ലൂർ

**അപർണ്ണ**
D/o ബാബു നമ്പൂതിരി & ഉമാദേവി
അന്തർജ്ജനം
മാനമ്പള്ളി മന,
തൃശൂർ



# ജില്ലാ ആസ്ഥാന മന്ദിരം

ഈ സ്വപ്നം താൽക്കാലികമായെങ്കിലും പൂർത്തീകരിക്കപ്പെട്ടിരിക്കന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് റൂട്ടിൽ കോവൂർ വിഷ്ണു ക്ഷേത്രത്തിനടുത്തുള്ള സഭയുടെ സ്വന്തം ഭൂമിയിലാണ് ഈ താലക്കാലിക കെട്ടിടം പണിതിരിക്കുന്നത് .നമ്മുടെ ജില്ലാ ആസ്ഥാനമന്ദിരത്തിന്റെ പ്രധാന കെട്ടിടം നിർമ്മിക്കുന്നതിന്റെ മുന്നോടിയായി നിർമ്മിക്കപ്പെട്ട ഈ മന്ദിരത്തിന്റെ ഉത്ഘാടനം കഴിഞ്ഞ ജൂലായ് 10 ന് ബഹുമാനപ്പെട്ട ജില്ലാ പ്രസിഡന്റ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി വിളക്കു കൊളുത്തി നിർവ്വഹിച്ചു. മഹാമനസ്ക്കരായ കുറച്ച് സംഭാംഗങ്ങളുടെ കൂട്ടായ പ്രവർത്തനവും സഹായ സഹകരണങ്ങളുമാണ് ഈ കെട്ടിടം ഇവിടെ ഉയരാൻ കാരണം എന്ന് എടുത്തു പറയാതിരിക്കാൻ പറ്റില്ല. അവരോടുള്ള ജില്ലാ കമ്മിറ്റയുടെ അകൈതവമായ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. പാറക്കോട് ശങ്കരൻ നമ്പൂതിരി(ചെയർമാൻ), ബാലകൃഷ്ണൻ മൂസത്(സെക്രട്ടറി), തിരുമംഗലം കൃഷ്ണൻ നമ്പൂതിരി (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റിക്കാണ് ഇപ്പോൾ ബിൽഡിംഗ് നിർമ്മാണത്തിന്റെ ചുമതല. ഇപ്പോൾ ഉയർന്നിരിക്കുന്ന കെട്ടിടത്തിനു മുന്നിൽ നമ്മുടെ പ്രധാന കെട്ടിടം ഉയർന്നു വരാൻ ജില്ലയിലെ എല്ലാ ഭാഗത്തു നിന്നുമുള്ള സംഭാംഗങ്ങളുടെ നിസ്സീമമായ സഹകരണം അത്യാവശ്യമാണ്. അക്കാര്യം എല്ലാ സഭാംഗങ്ങളും സുമനസ്സോടെ നിർവ്വഹിക്കുമെന്ന പ്രതീക്ഷ തന്നെയാണ് ജില്ലാ കമ്മറ്റിക്കും ബിൽഡിംഗ് കമ്മിറ്റക്കും ഉള്ളത്. നമ്മുടെ ആസ്ഥാനമന്ദിരവും മുഖപത്രമായ 'സ്വസ്തി'യും കോഴിക്കോട് ജില്ലയുടെ സഭാപ്രവർത്തനത്തിന് മാറ്റു കൂട്ടുമെന്ന കാര്യത്തിൽ സംശയമില്ല.



*ജില്ല ആസ്ഥാന മന്ദിരത്തിൽ വച്ചു നടന്ന ആദ്യയോഗം*

## മറ്റു പ്രവർത്തനങ്ങളിലേക്ക്

ജില്ലാ സംയുക്ത കൗൺസിൽ യോഗം ജയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ഉത്തരമേഖല ശങ്കരായനം പരിപാടിക്ക് കോഴിക്കോട് ആതിഥ്യം നലകി 5 ജില്ലകളിൽ നിന്നായി 40 ൽ അധികം പേർ പങ്കെടുത്തു. ജില്ലയിലെ വിവിധ ഉപസഭകളിലായി പൂജാ പഠനം, ശ്രീരുദ്രം ഓതിക്കൽ ,മറ്റ് വാർഷികാഘോഷങ്ങൾ തുടങ്ങിയവ നടന്നത് ചാരിതാർഥ്യജനകമാണ്.

ഓണക്കാലത്ത് എല്ലാവർക്കും കുടുംബ സംഗമങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുമാറാകട്ടെ എന്നാശംസിക്കുന്നു. കൂടാതെ എല്ലാ സ്വസ്തി വായനക്കാർക്കും ഓണാശംസകൾ നേരുന്നു..

സസ്നേഹം
ജില്ലാ സെക്രട്ടറി
**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**

**നോവലിലെ വിവാദപരാമർശം: സ്ത്രീകളെയും ബ്രാഹ്മണ സമുദായത്തെയും പരസ്യമായി അപമാനിച്ചത് പ്രതിഷേധാർഹം യോഗക്ഷേമസഭ**

കോഴിക്കോട്: മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'മീശ' എന്ന നോവലിൽ സ്ത്രീത്വത്തെയും പൂജാരിമാരായ ബ്രാഹ്മണരെയും നിന്ദ്യമായ ഭാഷയിൽ ചിത്രീകരിച്ചത് പ്രതിഷേധാർഹമാണെന്ന് കോഴിക്കോട് ജില്ലാ സഭ അഭിപ്രായപ്പെട്ടു. തെറ്റ് മനസ്സിലാക്കി പരസ്യമായി മാപ്പ് പറയുവാൻ തയ്യാറാകാത്ത പക്ഷം മാതൃഭൂമി പ്രസിദ്ധീകരണങ്ങൾ ബഹിഷ്കരിക്കുന്നതടക്കമുള്ള പ്രതിഷേധ പരിപാടികളുമായി യോഗക്ഷേമസഭ മുന്നറിയിപ്പ് നൽകുകയാണെന്നും ഇത് സംബസിച്ച് ജില്ലാ യോഗക്ഷേമസഭ, മാതൃഭൂമി പത്രാധിപർക്ക് നൽകിയ പരാതിയിൽ പറയുന്നു.
ജില്ലാ കമ്മിറ്റിക്കു വേണ്ടി പ്രസിഡന്റ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി & സെക്രട്ടറി കോരമ്പറ്റ ശങ്കരൻ നമ്പൂതിരി

# പൂജാ പഠനക്യാമ്പ് 2018



കൊയിലാണ്ടി യോഗക്ഷേമ ഉപസഭ ഏതാനും വർഷങ്ങളായി നടത്തി വരുന്ന പരിപാടിയാണ് ഇത്.

കൊയിലാണ്ടി എടവലൃം ഇല്ലത്ത് വച്ച് 5/6/18 മുതൽ 14/6/18 വരെ ആയിരുന്നു ക്യാമ്പ് നടന്നത്.ഈ വർഷം 15 ഉണ്ണികൾ ക്യാമ്പിൽ പങ്കെടുത്തു. നിത്യ കർമ്മങ്ങൾ അ വ യുടെ പ്രധാന്യ ബോധത്തോടെ അവർ ഉൾക്കാള്ളുന്നു. പൂജയും പ്രധാന സൂക്തങ്ങളും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു. കാലത്ത് 5 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് രാത്രി 10 മണി വരെ തുടരുന്നു. ഇതിനിടയിൽ കായിക വിനോദം, ശുചികരണം, റിക്രിയേഷൻ, ഡയറി എഴുതി അവതരിപ്പിക്കൽ, ക്യാമ്പ് ദിനവലോകനം എന്നിവയും നടക്കുന്നു. വിദഗ്ദ്ധരായ വ്യക്തികളുടെ പ്രത്യക ക്ലാസ്സുകളും ഇതിനു പുറമേ നടക്കുക ഉണ്ടായി. കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരി, കൊയ്ത്തൊടി പരമേശ്വരൻ നമ്പൂതിരി, അകപ്പൂറം കേശവൻ നമ്പൂതിരി എന്നിവരെല്ലാം പ്രത്യക ക്ലാസ്സുകൾ നല്കുക ഉണ്ടായി. ഉപസഭ അംഗങ്ങളുടെ പ്രത്യേകിച്ച് വനിതാ സഭയുടെ നേതൃത്വത്തിലാണ് ഭക്ഷണം തയ്യാറാക്കുന്നത്. ഇതു തന്നെ ഒരു ഉപസഭ പ്രവർത്തനമായാണ് അവർ ഏറ്റെടുക്കുന്നത്. സ്വന്തം ഗൃഹത്തിൽ നിന്ന് വിട്ടുനിന്നുകൊണ്ട് ചിട്ടയായ പ്രവർത്തനത്തിലൂടെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും പൊതുവേദിയിൽ സംസാരി ക്കുവാനും എല്ലാ ക്യാമ്പ് അംഗങ്ങൾക്കും അവസരം കിട്ടുന്നു. പഠനത്തോടൊപ്പം പഠിപ്പിക്കുവാനും ക്യാമ്പിൽ അവസരമുണ്ട്. യോഗക്ഷേമസഭയുടെ ഭാവി പ്രവർത്തകരാവാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. 10ാം ദിവസം സമാപനം പൊതുചടങ്ങായാണ് നടത്തുന്നത്.

ഉപസഭ എക്സിക്യൂട്ടിവ് കമ്മറ്റിക്കു പുറമേ മറ്റംഗങ്ങൾ, രക്ഷിതാക്കൾ എന്നിവരെല്ലാം ഇതിനായി എത്തിച്ചേർന്നിരുന്നു. കുട്ടികളുടെ തുടർപഠനത്തിന് രക്ഷിതാക്കളുടെ മാർ ഗ നിർദ്ദേശങ്ങൾ അത്യാവശമാണെന്ന് തദവസരത്തിൽ ഉദ്ഘാടകൻ ശ്രീ മോഹനൻ നമ്പൂതിരി ഊന്നിപ്പറയുകയുണ്ടായി. പഠിതാക്കൾ അവരുടെ ക്യാമ്പ് അനുഭവങ്ങൾ പങ്കുവയ്ക്കുകയും അവരുടെ ഒരു whats app ഗ്രൂപ്പ് രൂപികരിക്കുകയും ചെയ്തു ക്യാമ്പിലെ ക്ലാസ്സുകൾ കൈകാര്യം ചെയ്ത ശ്രീ പുരുഷോത്തമ ശർമ്മ, നാരായണ ശർമ്മ എന്നിവർക്ക് അഭിവാദ്യം നല്കിക്കൊണ്ടാണ് ക്യാമ്പ് അവസാനിച്ചത്.

# മുക്കം ഉപസഭാ റിപ്പോർട്ട്

അംഗത്വം പുതുക്കലും ഉപസഭാ പ്രവർത്തന നിധി ശേഖരണവും ഭംഗിയായി നടന്നു. 141 പേർ അംഗങ്ങളായുണ്ട്.

വാർഷിക ജനറൽബോഡി 25.04.2018 പ്രസാദത്തിൽ നടന്നു. നമ്മളെ വിട്ടുപിരിഞ്ഞ സഭാംഗങ്ങളായ ഓമന അന്തർജനം (പ്രഥമ യോഗക്ഷേമസഭ വനിതാസംഘം), ഭാഗവതാചാര്യൻ പാലഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി, ഒഴലൂർ പാതിരിശ്ശേരി ശ്രീകുമാരൻ നമ്പൂതിരിപ്പാട് (ഹെഡ്മാസ്റ്റർ) എന്നിവർക്ക് അനുശോചനം രേഖപ്പെടുത്തി. ജില്ലാ പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. കൊടിക്കീഴിലൂടെ കുടക്കീഴിൽ അണിനിരക്കുക എന്ന സന്ദേശം അദ്ദേഹം സഭാംഗങ്ങൾക്ക് നൽകി. മുക്കം ഉപസഭാംഗമായ വിജയ രാജീവിന്റെ കവിത ‘ആനന്ദം കൊണ്ട് മുറിവേറ്റവൾ’ മലയാളം സർവ്വകലാശാല വകുപ്പ് മേധാവി ഡോ. സുനിത ടി.വി. സ്വസ്തി ചീഫ് എഡിറ്റർ പരമേശ്വരൻ നമ്പൂതിരിക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

പ്രസിഡന്റ് ടി.വി.ദിവാകരൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി കൃഷ്ണൻ നമ്പൂതിരി റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ദാമോദരൻ നമ്പൂതിരി വരവ്ചെലവ് കണക്ക് അവതരിപ്പിച്ചു. താമരക്കുളം ദാമോദരൻ നമ്പൂതിരി സ്വാഗതവും ജോ. സെക്രട്ടറി ശൈലജ അന്തർജനം നന്ദിയും രേഖപ്പെടുത്തി.

**കൃഷ്ണൻ നമ്പൂതിരി**
മുക്കം ഉപസഭാ സെക്രട്ടറി

# ഫറോക്ക് ഉപസഭാ വാർഷിക ജനറൽ ബോഡി

ഫറോക്ക് ഉപസഭയുടെ വാർഷിക ജനറൽ ബോഡി 27.5.18 ന് നല്ലൂർ തെഞ്ചേരി ഇല്ലത്തുവെച്ച് നടന്നു യോഗത്തിൽ ഉപസഭാ പ്രസിഡന്റ് ശ്രീ. പാലക്കുന്നം പരമേശ്വരൻ അദ്ധ്യക്ഷത വഹിച്ചു. സിക്രട്ടറി കീഴൂർ വിനോദ് കുമാർ വാർഷിക റിപ്പോർട്ടവതരിപ്പിച്ചു

റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ: ഉപസഭ ഓണാഘോഷവും കുടുബസംഗമവും നടത്തി. 15.8.17ന്ന് രാമായണ മാസം ആഘോഷിച്ചു. പ്രശ്നോത്തരിയും ഉണ്ടായിരുന്നു. 3.11.17 ന് വനിതാ സഭയുടെ നേതൃത്വത്തിൽ തിരുവാതിര ആഘോഷിച്ചു. തിരുവാതിരക്കളിയും ഉണ്ടായിരുന്നു. 2017-18 കാലത്ത് ഉപസഭയിൽ അന്തരിച്ച 3 ഇല്ലങ്ങളിൽ ഓരോ ചാക്ക് അരി നൽകി. സ്വസ്തി എല്ലാ വരിക്കാർക്കും നേരിട്ടു നൽകി. എല്ലാ മാസവും അവസാന ഞായറാഴ്ച ഉപസഭാ നിർവാഹക സമിതി മീറ്റിങ്ങ് നടത്തി. മെമ്പർഷിപ്പ് പ്രവർത്തനം മാർച്ച് മാസത്തോടെ പൂർത്തിയാക്കി. യോഗത്തിൽ ട്രഷറർ തെഞ്ചിരി നാരായണൻ കണക്കവതരിപ്പിച്ചു. സാങ്കേതിക കാരണങ്ങളാൽ സിക്രട്ടറി സ്ഥാനം ഒഴിഞ്ഞ കീഴൂർ വിനോദ് കുമാറിന്നു പകരം തളിയിൽ ബാലസുബ്രഹ്മണ്യനെ സിക്രട്ടറിയായി തിരഞ്ഞെടുത്തു.

# അരീക്കോട് ഉപസഭാ കുടുംബ സംഗമം

അരീക്കോട് ഉപസഭാ കുടുംബ സംഗമം ഇന്ന് നടന്നു. കൊഴക്കോട്ടൂർ എ.യു.പി സ്കൂളിൽ 10 മണി മുതൽ 4 മണി വരെ വിവിധ പരിപാടികളോടെ നടന്നു. രാജു കരിപ്പം സ്വാഗതം പറഞ്ഞു. രാമചന്ദ്രൻ മാസ്റ്റർ അധ്യക്ഷനായി. പാലക്കൽ കേശവേട്ടൻ ഭദ്രദീപം കൊളുത്തി ഉൽഘാടനം ചെയതു.

അനുസ്മരണ പ്രമേയം അവതരിപ്പിച്ചു. ദാമോദരൻ പുല്ലൂർമണ്ണ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രിജു കരുപ്പം വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു.

സാമ്പത്തിക സംവരണം വേണമെന്നും ജാതി സംവരണം ഒഴിവാക്കണമെന്നുള്ള പ്രമേയം കൃഷ്ണകുമാർ അവതരിപ്പിച്ചു. പ്രതിഭകളെ ആദരിച്ചു. ദേവൻ നമ്പൂതിരി ക്ലാസ് അവതരിപ്പിച്ചു. പുതിയ പാനൽ അവതരിപ്പിച്ചു. പ്രസിഡന്റ് ദേവൻ തിരുവാലൂർ, സെക്രട്ടറി ഉഷ കരിപ്പം, ട്രഷറർ കൃഷ്ണൻ പാന്നാട്ട് എന്നിവരെ തിരഞ്ഞെടുത്തു.

ഉച്ചഭക്ഷണത്തിന് ശേഷം വിവിധ കലാപരിപാടികൾ നടന്നു. 4 മണിയോടെ പരിപാടി അവസാനിച്ചു. 120 ഓളം ഉപസഭാംഗങ്ങൾ പരിപാടികളിൽ പങ്കെടുത്തു



## ആദരിച്ചു

60ാം പിറന്നാൾ ആഘോഷിച്ച കരിപ്പാല ഇല്ലത്ത് പരേതനായ അച്യുതൻ നമ്പൂതിരിയുടെ പത്നി ശ്രീദേവി അന്തർജ്ജനത്തിനെ യോഗക്ഷേമ സഭ കണ്ണിപറമ്പ് ഉപസഭ പൊന്നാട അണിയിച്ച് ആദരിച്ചു.

കണ്ണിപറമ്പ് ഉപസഭ വനിതാസഭ പ്രസിഡന്റ് ശ്രീദേവി ടീച്ചർ പൊന്നാട അണിയിച്ചു. യോഗക്ഷേമ സഭ ജില്ല സെക്രട്ടറി കോരമ്പറ്റ ശങ്കരൻ നമ്പൂതിരി ആശംസ പറഞ്ഞു. ജില്ല ട്രഷറർ ഗംഗാധരൻ നമ്പൂതിരി അദ്ധ്യക്ഷനായി പേരൂർ ഹരിനാരായണൻ നമ്പൂതിരി സ്വാഗതം ചെയ്തു.

പുതിയ കണ്ണിപറമ്പ് ഉപസഭ ഭാരവാഹികളായി നരിയങ്ങൽ തലപ്പണ പരമേശ്വരൻ നമ്പൂതിരി (പ്രസിഡന്റ്) പേരൂർ ഹരിനാരായണൻ നമ്പൂതിരി (സെക്രട്ടറി) എന്നിവരെ ജനറൽബോഡി യോഗത്തിൽ തിരഞ്ഞെടുത്തു



താമരശ്ശേരി ഉപസഭയുടെ നേതൃത്വത്തിൽ വിനോദയാത്ര ഊട്ടിയിലേക്ക് നടത്തി. 38 സഭാംഗങ്ങൾ പങ്കെടുത്ത യാത്ര വളരെ ഹൃദ്യമായി. സഭാംഗങ്ങൾ തമ്മിലുള്ള അടുപ്പവും സ്നേഹവും ഊട്ടിയുറപ്പിക്കാൻ ഊട്ടി യാത്ര സഹായകരമായി.

# പാണിഗ്രഹണം

പേര് : സതീഷ് തായാട്ട്, ജനനത്തീയതി : 28.06.1982 (1157 മിഥുനം 14 ചന്ദ്രവാരം പകൽ 1.20), നക്ഷത്രം : അത്തം, ഉയരം : 168 സെ.മീ., യോഗ്യത : മ്യൂറൽ പെയിന്റിംഗിൽ അഞ്ചു വർഷത്തെ നാഷണൽ ഡിപ്ലോമ (ഗുരുവായൂർ ദേവസ്വം), ജോലി : എയ്ഡഡ് സ്കൂൾ ചിത്രകലാ അധ്യാപകൻ (ആനന്ദപുരം, തൃശൂർ ജില്ല). അച്ഛൻ : പരേതനായ വാസുദേവൻ നമ്പൂതിരി, അമ്മ : സാവിത്രി അന്തർജനം, സഹോദരൻ : കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ക്ലാർക്ക് (വിവാഹിതൻ), സഹോദരി: ഒരാൾ (വിവാഹിത). അഡ്രസ്: ടി.സന്തോഷ്, തായാട്ട് ഇല്ലം, ചേവരമ്പലം, കോഴിക്കോട്- 673017, ഫോൺ: 0495 2374007, മൊബൈൽ: 9495857502, 7293751990, സിന്ധു രാമൻ നമ്പൂതിരി, പടിഞ്ഞേറേ

| | | | |
|---|---|---|---|
| | | ബു ശു | ര സ |
| | ഗ്രഹസ്ഥിതി | | |
| | | | |
| ശി | | ഗു മാ | ല.ച കു.മ |

| | | | |
|---|---|---|---|
| ശു | സ | ച.മാ | കു |
| | അംശകം | | ബു.മ |
| ര | | | ല |
| ഗു | | ശി | |

ശിഷ്ടദശ : ചന്ദ്രദശ 7-4-20

നകർണി മന, കല്ലേറ്റുംകര (പി.ഒ.), വള്ളക്കുന്ന്, തൃശൂർ ജില്ല, ഫോൺ: 0480 - 2880398

# ആദരാഞ്ജലികളോടെ...



ദേവകി അന്തർജനം
കോയ്മഠം, വടകര



നാരായണൻ നമ്പൂതിരി
മുടുവമ്പ്രം ഇല്ലം, രാമല്ലൂർ



സരസ്വതി അന്തർജനം
മുല്ലപ്പള്ളി ഇല്ലം, കണ്ണി പറമ്പ്



സാവിത്രി അന്തർജനം
എറാഞ്ചേരി ഇല്ലം, വടകര



ശ്രീധരൻ നമ്പൂതിരി, ചോണാട്
(പൂക്കോട്ടില്ലം), നരിക്കുനി



ശ്രീദേവി അന്തർജ്ജനം,
പറമ്പിടി, കക്കോടി



ഉമാദേവി അന്തർജ്ജനം
വൈത്തല ഇല്ലം, കണ്ണിപറമ്പ്



വാസുദേവൻ നമ്പൂതിരി
കുളങ്കര ഇല്ലം, ഉള്ളിയേരി



കൃഷ്ണൻ നമ്പൂതിരി
അഞ്ചൂറ്റിമംഗലത്ത്, ബാലുശ്ശേരി



പാർവ്വതി അന്തർജ്ജനം
കുളങ്കര ഇല്ലം, ഉള്ളിയേരി



വാസുദേവൻ നമ്പൂതിരി
പേരൂർ ഇല്ലം, കണ്ണിപറമ്പ്



സുബ്രഹ്മണ്യൻ നമ്പൂതിരി
തയ്യില്ലം, വടകര

വേർപാടിന്റെ ഒരു വർഷം



**സുഭദ്ര മനയമ്മ**

പാറപ്പുറത്തില്ലം
രാമല്ലൂർ ഉപസഭ

വേർപാടിന്റെ ഒരു വർഷം



**കേശവൻ നമ്പൂതിരി**

തെഞ്ചേരി ഇല്ലം
രാമല്ലൂർ ഉപസഭ

വേർപാടിന്റെ ഒരു വർഷം



**രാധാകൃഷ്ണ നമ്പി**

പാറപ്പുറത്തില്ലം
രാമല്ലൂർ ഉപസഭ

## കവിഭാവനയുണ്ടോ, കഥയുണ്ടോ?

സ്വസ്തി നിങ്ങൾക്കായി ചെറുകഥാ മത്സരവും കവിതാ മത്സരവും സംഘടിപ്പിക്കുന്നു.

- ജൂനിയർ (15 വയസിന് താഴെ)
- സീനിയർ (15 വയസ്സു മുതൽ 30 വയസ്സ് വരെ)
- സൂപ്പർ സീനിയർ (30 വയസ്സിന് മുകളിൽ)

- കവിത 40 വരികളിൽ കവിയരുത്
- ചെറുകഥ DTP ചെയ്തത് 3 പേജിൽ (1200 വാക്കുകൾ) കവിയരുത്

നിങ്ങളുടെ സൃഷ്ടികൾ DTP ചെയ്ത ശേഷം താഴെ പറയുന്ന വിലാസത്തിൽ 2018 ആഗസ്റ്റ് 30 ന് മുൻപായി അയക്കുക.

email: swasthitrimonthly@gmail.com

മൂന്നു വിഭാഗത്തിലെയും മൽസരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവ സ്വസ്തിയിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ചീഫ് എഡിറ്റർ
സ്വസ്തി ത്രൈമാസിക

# ഷഷ്ട്യബ്ദപൂർത്തി ആശംസകൾ



**ഗുരുവായൂർ ഉപസഭാംഗവും സംസ്ഥാന സമിതി അംഗവുമായ**
**ഞങ്ങളുടെ കുട്ടേട്ടന് ഷഷ്ഠിപൂർത്തി ആശംസകൾ**
**കൊല്ലോറ്റ ഇല്ലം**

## സ്വസ്തി വായനക്കാരാകൂ...
## വരിക്കാരാകൂ...



**ഉപസഭകളിലെ എല്ലാ ഇല്ലങ്ങളിലും സ്വസ്തി എത്തട്ടെ.....**
**സ്വസ്തി ലക്കങ്ങൾക്ക് വേണ്ടി ഉപസഭാ സെക്രട്ടറിമാരെ ബന്ധപ്പെട്ട് കോപ്പി ഉറപ്പ് വരുത്തുക**


കൂടുതൽ വിവരങ്ങൾക്ക്:
**കെ.എം. പരമേശ്വരൻ (8089441634)**
**ഉമശ്രീ (9496164912)**
**ദിവാകരൻ നമ്പൂതിരി (9447337337)**

നിങ്ങളുടെ സൃഷ്ടികൾ അയക്കേണ്ട വിലാസം:
K.M. Parameswaran,
`Aryasree', Arakkinar P.O, Kozhikode -673028
Mob: 8089441634

Email: swasthitrimonthly@gmail.com



Kottakkal
ayurveda
Healing
the world
with Ayurveda
NABH accredited Hospital at Kottakkal
Hospitals at Delhi, Kochi and Himachal Pradesh
Charitable Hospital at Kottakkal
Panchakarma and Kerala Special Therapies
Three GMP accredited factories manufacturing over 500 formulations
29 Branch Clinics, 1650 exclusive authorised dealers
Herb gardens
Centre for Medicinal Plants Research-A centre of Excellence in Research
Germ Plasm Bank
AYUSH and DSIR approved QC Laboratory
Major Research Programmes in collaboration with AYUSH, ICMR, DST, MAHE, BHU, IIT and DAE
Publication Department
Vaidyaratnam P.S. Varier Museum
Support to VPSV Ayurveda College at Kottakkal
PSV Natyasangham for nurturing Kathakali
AYURVEDA - THE AUTHENTIC WAY
Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
ESTD 1902
KOTTAKKAL-676 503, KERALA
Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com
www.aryavaidyasala.com
Our Branch Clinics and Hospitals across the country
BRANCHES: Adoor - 04734 220440, Ahmedabad- 079 27489450, Aluva - 0484 2623549, Bangalore - 080 26572956, Chennai - 044 28251246, 47, Coimbatore - 0422 2491594, Ernakulam - 0484, 2375674, Indore - 0731 2513335, Jamshedpur - 0657 6544432, Kannur - 0497 2761164, Kolkata - 033 24630661, Kottakkal - 0483 2743380, Kottayam - 0481-2304817/2562399, Kozhikode(Kallai Road) - 0495 2302666, Kozhikode(Mananchira) - 0495 2720664, 2723450, Madurai - 0452 2623123, Mangalore - 0824 2443140, Mumbai, Sion (E) - 022 24016879, Mumbai, Vashi - 022-27814542, Mysore - 0821-2331062, New Delhi - 011 24621790, Palakkad(Vadakanthara) - 0491 2502404, Palakkad(Town) - 0491 2527084, Secunderabad - 040 27722226, Thiruvananthapuram - 0471 2463439, Thiruvananthapuram (Kazhakkoottam) - 0471 2413439,Thrissur - 0487-2380950, Tirur - 0494 2422231, Vijayawada - 0866 - 2578664/65 AYURVEDIC HOSPITAL & RESEARCH CENTRES: Kottakkal - 0483 2808000, Delhi - 011 22106500, Kochi - 0484 2554000, Ayurveda Hospital, Baddi, Himachal Pradesh - 1795667166
MORE THAN A CENTURY OF SERVICE TO HUMANITY


ജനിതക രോഗങ്ങളില്ലാത്ത
കുഞ്ഞുങ്ങളുടെ ജനനം ഉറപ്പാക്കാം
മെഡിക്കൽ ജനറ്റിക്സും
IVF-ഉം
സംയോജിപ്പിച്ചുള്ള ചികിത്സയിലൂടെ...
Call: 95444 59000
0480 2808808, 2800200
Argenomics
A unit of:
CRAFT Fertility Centre
Caring Couples
CRAFT Fertility Centre
CRAFT Hospital & Research Centre,
Kodungallur - 680 664, Kerala, India.
www.argenomics.org
www.craftivf.com
Kannur | Muvattupuzha | Coimbatore
Dubai | Doha | Muscat